www.malankaralibrary.com

നിർമ്മലാനന്ദ്



# പുണ്യങ്ങൾ പൂക്കുന്ന കാലം

www.malankaralibrary.com

www.malankaralibrary.com

# പുണ്യങ്ങൾ പൂക്കുന്ന കാലം

www.malankaralibrary.com

BETHANY PUBLICATIONS
www.malankaralibrary.com

# പുണ്യങ്ങൾ പൂക്കുന്ന കാലം

നിർമ്മലാനന്ദ്

BP No. 194

ബഥനി പബ്ലിക്കേഷൻസ്
കോട്ടയം 686 010
2022

www.malankaralibrary.com

Punyangal Pookkunna Kaalam
(Malayalam)

| | | |
|---|---|---|
| | : | Nirmalanand |
| Ist Edition | : | 2022 |
| Published & Distributed by | : | Bethany Publications<br>Kottayam - 6860 10<br>Phone: 0481 - 2578494<br>Website: www.bethanyashram.net<br>E-mail: bethanyashramgeneralate@gmail.com |
| Printed at | : | Bethany Press, Kottayam |
| Cover Design | : | Shyam Shaji |
| Price | : | Rs. 150/- |


All right reserved. No part of this book may be printed or duplicated in any manner without the written permission of the publisher.

www.malankaralibrary.com

**സമർപ്പണം**

നോമ്പിന്റെ പുണ്യങ്ങൾ
ജീവിതംകൊണ്ട് കാണിച്ചുതന്ന
എന്റെ പ്രിയ സുഹൃത്തിന് സ്നേഹപൂർവ്വം...

 www.malankaralibrary.com

# ആശംസ

വളരെ യാദൃശ്ചികമായിട്ടാണ് ബഥനി ആശ്രമത്തിലെ നിർമ്മലാനന്ദിനെ പരിചയപ്പെടുന്നത്. ആകർഷകമായ ആ വ്യക്തിത്വത്തിൽ എനിക്ക് അത്യധികം അടുപ്പം തോന്നി. നിർമ്മലാനന്ദിന്റെ 'പുണ്യങ്ങൾ പൂക്കുന്ന കാലം' തുടങ്ങി 'നിന്റെ രാജ്യം വരേണമേ' എന്നുവരെയുള്ള രചനകൾ മനസ്സിരുത്തി വായിച്ചു തുടങ്ങിയപ്പോൾ എന്റെ രണ്ടാം ഹിമാലയ യാത്രയിലെ ഗംഗോത്രിവാസത്തിലെ ദിനങ്ങൾ ഓർമ്മ വന്നു. ഒരു ധ്യാനസാധകന്റെ നിശബ്ദസഞ്ചാരം എനിക്കീവരികളിൽ ദർശിക്കാൻ കഴിഞ്ഞു. ബൈബിളിലെ ക്രിസ്തു വചനത്തെ അസാധാരണമായ കരവിരുതോടെ എഴുതിയിരിക്കുന്നു. വ്യത്യസ്ഥമായ വീക്ഷണവും ലളിതമധുരമായ ശൈലിയും ഈ ചെറുകൃതിക്ക് സാഹിത്യശോഭ വർദ്ധിപ്പിക്കും. ഭക്തിയെന്ന കുറിപ്പിൽ മത്തായിയുടെ (7.13) തിളക്കമാർന്ന വചനത്തെ ഭാവപ്രദീപ്തമായി അവതരിപ്പിച്ചിരിക്കുന്നു. ഇടുങ്ങിയതും വിശാലവുമായ രണ്ടു വഴികളുടെ വാതിൽ കാണാം. ഇടുങ്ങിയ വഴി ഹൃദയത്തിന്റെ വഴിയാണ്. ഹൃദയത്തിലൂടെയേ പ്രവേശിക്കാനാവൂ. എങ്കിലേ ഹൃദയേശ്വരനായ പിതാവിലെത്തിച്ചേരൂ. വിശാല വഴിയെന്നത് ഇന്ദ്രിയത്തിന്റെ വാതിലുകളാണ്. ഇന്ദ്രിയങ്ങൾ വലിയ ആർത്തിക്കാരാണ്. ഇന്ദ്രിയങ്ങളുടെ വഴി നമ്മെ പുറത്തേക്ക് നയിക്കുന്നതാണ്. ഈ ആശയത്തെ നിർമ്മലാനന്ദ് അനുഭവസാന്ദ്രതയുടെ ആഴംകൊണ്ട് മാറ്റുകൂട്ടിയതുപോലെ തോന്നി. കൂടുതൽ സമയവും നിർമ്മലാനന്ദ് മത്തായിക്കൊപ്പമാണ്. ക്രിസ്തുവിന്റെ ഭവനത്തിലേക്ക് പ്രവേശിക്കുവാൻ യേശുക്രിസ്തുവിന്റെ നേർശിഷ്യന്റെ ചെറുവിരൽത്തുമ്പിൽ പിടിച്ച് നിൽക്കയുണ്ടായി. ആമോദത്തോടെ നിർമ്മലാനന്ദ് നടന്നുപോകുമ്പോൾ കൂടെ നടക്കാൻ തോന്നുന്ന ഒരു പ്രേരണ ഈ കുഞ്ഞ് കുറിപ്പുകളിൽ ഉള്ളടങ്ങിയിരിക്കുന്നു. ആർഷഭാരതസംസ്കാരത്തിന്റെ അടിത്തറപാകിയ ഋഷി ചേതനയെ ഇടയ്ക്കിടെ കൂടെ കൂട്ടിക്കൊണ്ടുപോകുമ്പോൾ ഈ യാത്ര വിരസമാകുന്നില്ല. ഇടുങ്ങിയ വഴിയുടെ അസാധാരണ സൗന്ദര്യം, കാലത്തെ അതിജീവിക്കുന്നവനായ യേശുക്രിസ്തുവിലേക്കാണ് നിന്നെയും നമ്മെയും കൊണ്ടെത്തിക്കുന്നത്. ഹിമാലയത്തിന്റെ കൊടുമുടിയിൽ നിന്ന് ഉത്ഭവിച്ച് സമതലങ്ങളെ സ്വേച്ഛനം ചെയ്തുകൊണ്ടൊഴുകുന്ന ഗംഗപോലെ ഈ കൃതി ഭക്തഹൃദയങ്ങളെ നനയ്ക്കട്ടെ.

ആലുവ
11-03-2022

സ്വാമി ശിവസ്വരൂപാനന്ദ
സെക്രട്ടറി, അദ്വൈതാശ്രമം

www.malankaralibrary.com

# ആമുഖം

കാലിത്തൊഴുത്തിൽ പിറന്നുവീണ ക്രിസ്തുവിന് കാഴ്ചയായി ലഭിച്ച കുന്തിരിക്കം, കുരിശുമരണത്തോളമെത്തുന്ന ദൗത്യത്തിന്റെ നേർക്കാഴ്ചയായിരുന്നു. ലോകത്തിനു മുഴുവനും സൗരഭ്യം പകരുമ്പോൾ കുന്തിരിക്കം, അഗ്നിയിൽ എരിയുകയായിരുന്നു എന്ന സത്യം മറക്കാതിരിക്കാം. ലോകത്തിന്റെ സുഗന്ധകൂട്ടായ ക്രിസ്തു അവസാന നിമിഷം വരെയും സൗരഭ്യമായത് സമർപ്പണത്തിന്റെ കനലിൽ എരിഞ്ഞതുകൊണ്ടാണ്. കുരിശിലെ ആളിക്കത്തലിൽ സമ്പൂർണ്ണദഹനം എന്നിട്ടും പിതാവിന്റെ കരങ്ങളിലേക്ക് ആത്മാവിനെ സമർപ്പിക്കുന്ന സ്വർഗ്ഗത്തിന്റെ പരിമളം. ഇത് ക്രിസ്തുവാണ്. അവന്റെ പുറകേ ഇറങ്ങിത്തിരിക്കുന്നവരും സമർപ്പണത്തിന്റെ കൊടുമുടി കയറേണ്ടതുണ്ട്, കനലിൽ എരിഞ്ഞു തീരേണ്ടതുണ്ട്, സൗരഭ്യമായി ലോകത്തിന് നിറക്കൂട്ട് ആകേണ്ടതുണ്ട്.

സമർപ്പണത്തിന്റെ കനലിൽ എരിയുന്നവരുടെ വഴിയാണ് പുണ്യങ്ങൾ പൂക്കുന്ന ക്രിസ്തുവിന്റെ രാജ്യം. മലകളിലും താഴ്വാരങ്ങളിലും പുണ്യങ്ങളുടെ പൂവിതളുകൾ ചിതറിക്കിടക്കുന്നതു കണ്ടിട്ടുണ്ട്. അവരാണ് ഈ യാത്രയിൽ എനിക്ക് കൂട്ടായി വന്നത്; കൈപിടിച്ചു നടത്തി എനിക്കുമുമ്പേ നടന്നുപോയ കുരിശുമല ആശ്രമത്തിന്റെ സ്ഥാപകൻ ഫ്രാൻസിസ് ആചാര്യ, സ്വാമി നിർമ്മലാനന്ദഗിരി മഹരാജ്, എന്റെ പിതാവും മാതാവും, മനസ്സിൽ മായാതെ നിൽക്കുന്ന മുഖങ്ങളാണിത്.

പുസ്തകമാക്കുവാൻ അനുവാദം തന്ന ജനറാളച്ചനും കൗൺസിലേഴ്സും, ബഥനിയിലെ എന്റെ ഗുരുക്കന്മാരും സതീർത്ഥ്യരും അക്ഷരരൂപത്തിലാക്കുവാൻ സഹായിച്ച രഞ്ജിനി, ഷാനി രൂപേഷ്, ബ്രദർ ഗ്രേഷ്യസ്, ബ്രദർ ജോബിൻ, ബ്രദർ ജെസിൻ, സി.ഫൗസ്റ്റീന, സാലിറ്റ് ഇവരെ ആദരവോടെ സ്മരിക്കുന്നു. സഹോദരങ്ങളും സുഹൃത്തുക്കളും പുണ്യങ്ങളുടെ വഴിയിൽ എന്നും കരുത്തു പകർന്നവരാണ്.

പുസ്തകത്തിന്റെ അച്ചടി ഭംഗിയായി നിർവ്വഹിച്ച ബഥനി *പബ്ലിക്കേഷൻസിനെയും ഡയറക്ടർ ജോബിൻ കുര്യാക്കോസ്* അച്ചനെയും സ്നേഹപൂർവ്വം ഓർക്കുന്നു.

ആദരവോടെ
നിർമ്മലാനന്ദ്
ബഥനി ആശ്രമം

ആലുവ
11-03-2022

www.malankaralibrary.com

www.malankaralibrary.com

# ഉള്ളടക്കം


| | | |
|---|---|---|
| 1. | പുണ്യങ്ങൾ പൂക്കുന്ന കാലം | 11 |
| 2. | അഴിച്ചു മാറ്റപ്പെട്ട ചെരുപ്പുകൾ | 19 |
| 3. | കർമ്മഫലത്യാഗം | 24 |
| 4. | ഭക്തി | 29 |
| 5. | വഴി | 35 |
| 6. | വാക്ക് | 41 |
| 7. | കരിങ്കല്ലിൽ നുരയുന്ന വീഞ്ഞ് | 48 |
| 8. | സിംഹാസനത്തിന്റെ കാവല്ക്കാർ | 52 |
| 9. | അത്ഭുതങ്ങളുടെ താക്കോൽ | 57 |
| 10. | വിശുദ്ധിയുടെ സുവിശേഷം | 62 |
| 11. | സമാധാനത്തിന്റെ ദൂതൻ | 67 |
| 12. | മൗനത്തിന്റെ ലാവണ്യം | 71 |
| 13. | എന്റെ പിതാവിന്റെ ഭവനത്തിലേയ്ക്കുള്ള ദൂരം | 78 |
| 14. | ചെമ്പുനാണയത്തിന്റെ തിളക്കം | 85 |
| 15. | തൗനായുടെ പരിമളം | 90 |
| 16. | സ്വർഗ്ഗത്തിന്റെ അവകാശികൾ | 96 |
| 17. | ലോകത്തിന്റെ പ്രകാശം | 102 |
| 18. | നിന്റെ രാജ്യം വരേണമേ | 110 |
| | ഉപസംഹാരം | 119 |

www.malankaralibrary.com

www.malankaralibrary.com

# 1. പുണ്യങ്ങൾ പൂക്കുന്ന കാലം

*ഒന്നിനേയും കൊല്ലാതിരിക്കുക, ജീവിതത്തോടും സഹജീവികളോടും, പ്രകൃതിയോടും, ദൈവത്തോടും വിശ്വസ്തരായിരിക്കുക, സത്യം മാത്രം സംസാരിക്കുക, ആരോഗ്യ ജീവിതം നയിക്കുക, ഇന്ദ്രിയനിഗ്രഹം മനസ്സിലും ശരീരത്തിലും പാലിക്കുക അത് നോമ്പാണ്.*

പാപപുണ്യങ്ങൾ ഇഴതിരിച്ചറിയാനാവാത്തവിധം മിഴിക്കോണുകളിൽ നിറച്ചാർത്താകുന്ന കാലത്തിൽ, നോമ്പെന്ന പുണ്യം വർണ്ണച്ചിറകുകൾ വിടർത്തുകയാണ്. എന്റെ ജീവിതത്തിന്റെ മിഴിപൂട്ടി ജീവനെന്ന താക്കോൽ തമ്പുരാന്റെ കൈയിൽ തിരികെ കൊടുക്കുന്ന അവസാന ശ്വാസം വരെ, ചേർത്തു പിടിക്കേണ്ട നോമ്പെന്ന പുണ്യം. കാലചക്രത്തിന്റെ കറക്കത്തിൽ വലിയ നോമ്പ് വീണ്ടും നമ്മുടെ വഴിത്താരയിൽ വിരുന്നാകുന്നു. ഇവിടെ വീണ്ടും പുണ്യങ്ങൾ ഇതൾ വിടർത്തുകയാണ്. ചെറിയ ഒരിടവേളയിൽ എത്തുന്ന വിരുന്നല്ല നോമ്പിന്റെ പുണ്യം. എന്റെ ജീവിതക്രമമായി എന്റെ നെഞ്ചിന്റെ താളമായി, പ്രകൃതിയുടെ താളമായി, തമ്പുരാന്റെ ആത്മാവോടെ ചേർന്നു നില്ക്കുന്ന ജീവിതതാളമായി മാറുന്ന നോമ്പിന്റെ പുണ്യം.

നോമ്പെന്ന പുണ്യം മിഴികളിൽ നിറയണം എങ്കിൽ പാപപുണ്യങ്ങൾ വേർതിരിച്ചറിയണം. മനസാ, വാചാ, കർമ്മണാ ശുദ്ധനാകാൻ ഉറച്ചവൻ പുണ്യത്തിന്റെ പടിവാതിൽക്കൽ സാഷ്ടാംഗ പ്രണാമം ചെയ്യുന്നവനാകണം. പാപത്തിന്റെ പടിയിറങ്ങി പുണ്യത്തിന്റെ വാതിലിനകത്തു

www.malankaralibrary.com





കടക്കണമെങ്കിൽ പാപത്തേക്കുറിച്ചും, പുണ്യത്തെക്കുറിച്ചും വ്യക്തത വേണം. "പാപം ചെയ്യുന്നവൻ നിയമം ലംഘിക്കുന്നു. പാപം നിയമ ലംഘനമാണ്" (യോഹ. 3:4). യോഹന്നാൻ ശ്ലീഹാ പാപത്തിന് ഒരു നിർവ്വചനം നല്കുവാൻ ശ്രമിക്കുകയാണ്. നിയമ ലംഘനം എല്ലാം പാപത്തിന്റെ പട്ടികയിൽവരും. വലിപ്പ ചെറുപ്പ വ്യത്യാസങ്ങൾ ഇല്ല. ചെറിയ നിയമ ലംഘനവും പാപത്തിന്റെ വഴിത്താരയായി മാറാം. സാംസൺ ചെറിയ നിയമ ലംഘനത്തിൽ തുടങ്ങി മരണത്തിൽ അവസാനിപ്പിക്കുന്നുണ്ട് ജീവിതം. തന്റെ ഗുരുവിനെ വധിക്കാൻ കൂട്ടുനിന്നതിന് ധർമ്മപുത്രർക്ക് പാതാളത്തിൽ പോകേണ്ടതായി വന്ന കഥയും കൂട്ടിനുണ്ട്. അശ്വദ്ധാത്മ എന്ന് ആനയ്ക്ക് പേരിട്ടു അതിനെ കൊന്നു, ശേഷം ഗുരുവിന്റെ അടുത്തുപറഞ്ഞു അശ്വദ്ധാത്മ മരിച്ചു ശബ്ദം കുറച്ചു പറഞ്ഞു ആനയാണ്. അസത്യം സത്യത്തിന്റെ രൂപത്തിൽ പറഞ്ഞതു പോലും പാപത്തിന്റെ ഗണത്തിൽ പുരാണങ്ങൾ ചേർത്തുവയ്ക്കുന്നു.

നിയമ ലംഘനം പാപമാകുമ്പോൾ മൂന്നുവിധ നിയമ ലംഘനങ്ങൾ വായിച്ചെടുക്കുവാൻ സാധിക്കും. മനുഷ്യനോടുള്ള നിയമ ലംഘനം, പ്രകൃതിയോടുള്ള നിയമ ലംഘനം, ദൈവത്തോടുള്ള നിയമ

www.malankaralibrary.com


ലംഘനം. ഇതിനു മൂന്നിനും പരിഹാരം ചെയ്യുമ്പോൾ നോമ്പെന്ന പുണ്യം ജീവിതത്തിന്റെ പൂക്കാലം ആകും.

**1. മനുഷ്യരോടുള്ള നിയമ ലംഘനം**

വേദത്തിന്റെ അന്തസത്ത സഹജീവികൾക്ക് സമാധാന പൂർണ്ണമായ ജീവിതം പ്രദാനം ചെയ്യുന്നതിനുള്ള പാത നിരപ്പാക്കുക യാണ്; അത് കൃത്യമായി പാലിക്കുമ്പോൾ നോമ്പിന്റെ വഴിത്താരയി ലൂടെ യാത്ര ആരംഭിക്കുകയായി. കോരിന്തോസുകാർക്ക് എഴുതു മ്പോൾ നിയമലംഘനത്തിന്റെ ഒരു പട്ടിക പൗലോസ് ശ്ലീഹാ നിരത്തി വയ്ക്കുന്നുണ്ട്. "അനീതി പ്രവർത്തിക്കുന്നവർ ദൈവരാജ്യം അവകാശ മാക്കുകയില്ല എന്നു നിങ്ങൾ അറിയുന്നില്ലേ? നിങ്ങൾ വഞ്ചിതരാക രുത്. അസൻമാർഗികളും, വിഗ്രഹാരാധകരും, വ്യഭിചാരികളും, സ്വവർഗഭോഗികളും, കള്ളന്മാരും, അത്യാഗ്രഹികളും, മദ്യപന്മാരും, പരദൂഷകരും, കവർച്ചക്കാരും ദൈവരാജ്യം അവകാശമാക്കുകയില്ല" (1 കോരി 6:9,10). ഇത് മനുഷ്യരോട് പാലിക്കേണ്ട നിയമം, ഇതിന്റെ ലംഘനം ദൈവരാജ്യത്തിന് പുറത്തേക്കുള്ള വാതിൽ തുറക്കും. ഞാൻ ദൈവരാജ്യത്തിന് അകത്തേക്കാണോ, പുറത്തേക്കാണോ?

നിയമങ്ങൾ ഇഴകീറി പരിശോധിച്ചാൽ ഞാൻ എവിടെയാണെന്ന് ഉറപ്പിക്കാം; കോരിന്തോസ്സുകാരോടുള്ള ഉപദേശം നമ്മുടെ ജീവിത ത്തിൽ ചേർത്തു വച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുന്നത് എന്റെ യാത്രയെ ബലപ്പെടുത്തും.

**അസന്മാർഗികൾ:-** സത്മാതൃക വിട്ടു നടക്കുന്ന ആരും ഇതിൽ പ്രതിയാകും: ഈ ചെറിയവരിൽ ഒരുവന് ഇടർച്ച വരുത്തുന്നവന്റെ കഴുത്തിൽ തിരികല്ലുകെട്ടി കടലിന്റെ ആഴത്തിലേക്ക് എറിയണം എന്നൊക്കെയുള്ള ക്രിസ്തുവചനം ഇവർക്കുള്ളതാണ്. എന്റെ മാർഗ്ഗങ്ങൾക്ക് നോമ്പിൽ കൃത്യത വരുത്തണം.

**വിഗ്രഹാരാധകർ:-** ഞാൻ ഏതു വിഗ്രഹത്തിന്റെ ആരാധക നാണെന്ന് തീർച്ചപ്പെടുത്തണം; സൗന്ദര്യം, ഏതെങ്കിലും വ്യക്തികൾ, പണം, വസ്തുക്കൾ അത് എന്തുമാകാം; മാറ്റി നിർത്താതെ നോമ്പിന്റെ പുണ്യത്തിലേക്ക് മിഴിചേർക്കാനാവില്ല.

**വ്യഭിചാരികൾ:-** വിശ്വാസഭംഗം ചെയ്യുന്ന എന്തും, വിശ്വാസ ത്തിന് ഭംഗം വരുത്തി ചെയ്യുന്ന ഏതു പ്രവൃത്തിയും എന്നെ ദൈവരാജ്യത്തിന്റെ പടിക്കു പുറത്താക്കും.

www.malankaralibrary.com



**കള്ളന്മാർ:-** പണം മാത്രമല്ല മറ്റുള്ളവരുടെ സമയം, ആരോഗ്യം, നല്ല പേര്, അവർക്കു കിട്ടേണ്ട സ്ഥാനങ്ങൾ. ജോലിക്കാരുടെ കൂലി കൃത്യമായി കൊടുക്കാതിരിക്കുന്നതും എന്നെ കള്ളന്റെ പട്ടികയിൽ ചേർക്കും എന്ന് യാക്കോബു ശ്ലീഹാ ഓർമ്മപ്പെടുത്തുന്നു. "നിങ്ങളുടെ നിലങ്ങളിൽ നിന്ന് വിളവു ശേഖരിച്ച വേലക്കാർക്കു കൊടുക്കാതെ പിടിച്ചുവച്ച കൂലി ഇതാ നിലവിളിക്കുന്നു" (യാക്കോബ് 5:4).

**അത്യാഗ്രഹികൾ:-** എനിക്ക് അർഹതപ്പെട്ടതിനേക്കാൾ കൂടുതൽ എന്തായാലും, ആഹാരം, വസ്ത്രം, ഭവനം, പ്രശംസ, അധികാരങ്ങൾ എന്തും എന്നെ നോമ്പിന്റെ പുണ്യത്തിൽ നിന്നും അകലത്താക്കും.

**പരദൂഷകർ:-** മറ്റുള്ളവരുടെ കുറ്റം മാത്രം കണ്ടെത്തുന്നവർ ഏതിലും തിന്മമാത്രം കാണുന്നവർ ഇവരോടാണ് യാക്കോബുശ്ലീഹാ പറയുന്നത് നിയമ ദാതാവും ന്യായാധിപനുമായി ഒരുവനേയുള്ളു.... എന്നാൽ അയൽക്കാരനെ വിധിക്കാൻ നീ ആരാണ്? (യാക്കോബ് 4:12)

**കവർച്ചക്കാർ:-** അഭിമാനം മുതൽ സുസ്ഥിതിക്ക് കോട്ടം വരുത്തുന്ന എന്തും കവരുന്നവൻ കവർച്ചക്കാരന്റെ കൂട്ടത്തിൽ എണ്ണപ്പെടുന്നവനാണ്.

**2. പ്രകൃതിയോടുള്ള നിയമലംഘനം**

**അദ്ധ്വാനിക്കാത്തവൻ ഭക്ഷിക്കാതിരിക്കട്ടെ:-** തെസലോനിക്കക്കാർക്ക് എഴുതുമ്പോൾ പ്രകൃതിയെ സ്നേഹപൂർവ്വം പരിചരിക്കാത്തവൻ അതിന്റെ ഫലം അനുഭവിക്കുന്നത് പാപമായി ഓർമ്മപ്പെടുത്തും (2 തെസലോനി 3:10).

**ജീവനെ നശിപ്പിക്കുന്നത്:-** ജീവനെ സംരക്ഷിക്കുവാനും അതിനെ പരിപാലിക്കുവാനും ഉത്തരവാദിത്വപ്പെട്ടവൻ എങ്ങനെ കൊന്നു തിന്നും. ജീവനുള്ളതിനെല്ലാം ആഹാരമായി ഹരിത സസ്യം ദൈവം നല്കി (ഉല്പത്തി 1:30) പിന്നെ ആരാണ് കൊന്നുതിന്നാൻ പഠിപ്പിച്ചത്. ത്രിസന്ധ്യയിൽ ആറുപ്രാണയാമം മനുസ്മൃതി വിധിച്ചിരിക്കുന്നത്, അറിയാതെ കാലിനടിയിൽ പെട്ടുപോയ ചെറുജീവികളുടെ പ്രാണന്റെ പ്രായശ്ചിത്തമായിട്ടാണ്. മരണത്തിന്റെ സംസ്കാരത്തിൽ നിന്നും ജീവന്റെ സംസ്കാരത്തിലേക്ക് നടക്കുമ്പോൾ നോമ്പിന്റെ വെള്ളി വെളിച്ചം മനസ്സിൽ ഉദിക്കും.

www.malankaralibrary.com



**ഭൂമിയെ നശിപ്പിക്കുന്നത്:–** മണ്ണിൽ ഇറങ്ങി നടക്കാത്തതു മുതൽ മണ്ണിനു നാശം വരുത്തുന്ന വിഷപ്രയോഗം വരെ പ്രകൃതിയോടുള്ള നിയമ ലംഘനം ആകും. ഭൂമിയെ നശിപ്പിക്കുന്നവരെ ഉന്മൂലനം ചെയ്യും എന്ന് വെളിപാടുകാരൻ പറയുന്നത് ഇതിനോടു ചേർത്തു വായിക്കാം (വെളിപാട് 11:18) അനാവശ്യമായി മരങ്ങൾ മുറിക്കുന്നതും, ജലസ്രോതസുകൾ അടയ്ക്കുന്നതും, വയലുകൾ നികത്തുന്നതും, മലകൾ ഇടിച്ചു നിരത്തുന്നതും, വനങ്ങൾ നശിപ്പിക്കുന്നതും പാപത്തിന്റെ പട്ടികയിലേക്ക് ചേർക്കപ്പെടും. ആർഷഭാരതത്തിന്റെ വൃക്ഷപൂജകൾ ഇതിന്റെ വെളിച്ചത്തിൽ വായിച്ചെടുക്കണം.

**3. ദൈവത്തോടുള്ള നിയമലംഘനം**

ആത്യന്തികമായി എല്ലാ നിയമലംഘനങ്ങളും ദൈവത്തോടുള്ള നിയമലംഘനമാണ്. പരിശുദ്ധാത്മാവിനെതിരായി ദൂഷണം പറയുന്നവന് ഒരു കാലത്തും പാപത്തിൽ നിന്ന് മോചനമില്ലാ എന്ന് മർക്കോസ് സുവിശേഷകനിലൂടെ പറയുമ്പോൾ (മർക്കോസ് 3:28,29) ദൈവത്തോടുള്ള നിയമലംഘനത്തിന്റെ ഗൗരവം നമ്മെ ഓർമ്മിപ്പിക്കുകയാണ്. എല്ലാ നിയമങ്ങളും ദൈവത്തിൽ നിന്നാണ് അത് ലംഘിക്കുന്നത് പാപത്തിന്റെ അടിമത്വത്തിലേക്ക് നയിക്കും.

ആർഷഭാരതം മുകളിൽ പറഞ്ഞതിനെയെല്ലാം ചേർത്ത് പറയും ധർമ്മം നിലനിർത്തണമെങ്കിൽ നാലുകാര്യങ്ങൾ ചെയ്യണം.

“അഹിംസാ സത്യമസ്തേയം
ശൗചം ഇന്ദ്രിയനിഗ്രഹഃ”

ഒന്നിനേയും കൊല്ലാതിരിക്കുക, ജീവിതത്തോടും സഹജീവികളോടും, പ്രകൃതിയോടും, ദൈവത്തോടും വിശ്വസ്തരായിരിക്കുക, സത്യം മാത്രം സംസാരിക്കുക, ആരോഗ്യ ജീവിതം നയിക്കുക, ഇന്ദ്രിയനിഗ്രഹം മനസ്സിലും ശരീരത്തിലും പാലിക്കുക അത് നോമ്പാണ്.

രാഗദ്വേഷങ്ങളെ പൂർത്തീകരിക്കാനായി ഒരുവൻ കർമ്മം ചെയ്യുമ്പോൾ അത് പാപമാകും. സകാമ എന്നും നിഷ്കാമ എന്നും പ്രവൃത്തികളെ രണ്ടായി തിരിച്ചിട്ടുണ്ട്. സ്വാർത്ഥതയ്ക്കു വേണ്ടി സ്വന്ത ആഗ്രഹനിവർത്തിക്കായി ക്രിയ ചെയ്യുമ്പോൾ അത് പാപത്തിൽ എത്തുന്നു. നിഷ്കാമ, നിസ്വാർത്ഥ സേവനമാണ്, അത് പുണ്യമാണ്.

www.malankaralibrary.com



പരോപകാരമേ പുണ്യം, പാപമേ പരപീഡനം എന്നു കവി പാടിയത് ഋഷിപ്രോക്തമായ പാപപുണ്യങ്ങളുടെ വേർതിരിവാണ്.

മനസ്സാ വാചാ കർമ്മണാ ശുദ്ധിയുള്ളവനാകുക എന്ന് ഋഷിമാർ പറഞ്ഞു പഠിപ്പിച്ചത് നോമ്പിന്റെ പുണ്യം ആവാഹിച്ചെടുത്ത് മോക്ഷത്തിലേക്ക് കടക്കുവാനാണ്.

**മാനസികപുണ്യം:-** ജീവന്റെ അന്തർലീനമായ പ്രവണതകളുടെ (വാസന) സ്വാധീനംകൊണ്ട് ഉണ്ടാകുന്നതാണ് ചിന്ത. ഈശ്വരനെക്കുറിച്ചോ, ശാസ്ത്രത്തെക്കുറിച്ചോ, സഹജീവകളെക്കുറിച്ചോ, അവരുടെ വസ്തുവകകളെക്കുറിച്ചോ തെറ്റായി ചിന്തിക്കുമ്പോൾ അത് മനസ്സുകൊണ്ടുള്ള പാപമായി ആർഷഭാരതം പഠിപ്പിക്കും. ഇതിന്റെ വിപരീതദിശയിൽ നടക്കുമ്പോൾ പുണ്യം ആയി. ഈശ്വരനാമസ്മരണ പോലും പുണ്യം ആണെന്ന് പറയുന്നത് അതുകൊണ്ടാണ്. ഒരു പ്രവർത്തി ചെയ്യുന്നതിന് മുൻപ് അത് ചിന്തയിൽ രൂപപ്പെട്ടിരിക്കും. പാപവും പുണ്യവും മനസ്സിൽ ചെയ്യാതെ പ്രവർത്തിയിൽ ആക്കുവാൻ സാധിക്കില്ല. ആസക്തിയോടെ സ്ത്രീയെ നോക്കുന്നവൻ ഹൃദയത്തിൽ അവളുമായി വ്യഭിചാരം ചെയ്തു കഴിഞ്ഞു (മത്തായി 5:28) എന്നൊക്കെ ക്രിസ്തു പഠിപ്പിച്ചത് മനസ്സിന്റെ പാപപുണ്യങ്ങളുടെ ചുരുൾ അഴിക്കുന്നതിനാണ്. മർക്കോസ് സുവിശേഷകനിലൂടെ കുറെക്കൂടെ വ്യക്തത വരുത്തുന്നുണ്ട് ക്രിസ്തു. ഒരുവന്റെ ഉള്ളിൽ നിന്നു വരുന്ന കാര്യങ്ങളാണ് അവനെ അശുദ്ധനാക്കുന്നത്, എന്തെന്നാൽ ഉള്ളിൽ നിന്നാണ്, മനുഷ്യന്റെ ഹൃദയത്തിൽ നിന്നാണ് ദുശ്ചിന്ത, പരസംഗം, മോഷണം, കൊലപാതകം... എന്നിവ പുറപ്പെടുന്നത് (മർക്കോസ് 5:20-23) മാനസികമായ പുണ്യത്തിലേക്ക് വെളിച്ചം കിട്ടുവാൻ എന്തുചെയ്യണം എന്ന് റോമക്കാർക്ക് എഴുതുമ്പോൾ പൗലോസ് ശ്ലീഹാ വിവരിക്കുന്നുണ്ട് "നിങ്ങൾ ഈ ലോകത്തിന് അനുരൂപരാകരുത്; പ്രത്യുത നിങ്ങളുടെ മനസ്സിന്റെ നവീകരണം വഴി രൂപാന്തരപ്പെടുവിൻ, ദൈവഹിതം എന്തെന്നും, നല്ലതും പ്രീതിജനകവും പരിപൂർണവുമായത് എന്തെന്നും വിവേചിച്ചറിയാൻ അപ്പോൾ നിങ്ങൾക്ക് സാധിക്കും" (റോമർ 12:2). രാമന്റെ അയനം വരച്ചിട്ട രാമായണത്തിൽ ശരഭംഗ മഹർഷിയുടെ ആശ്രമം കടന്നുപോകുന്ന ശ്രീരാമന്റെ കഥ പറയുന്നുണ്ട്. ശരഭംഗ ആശ്രമം കടക്കാത്തവന് മോക്ഷം അസാദ്ധ്യമാണ്. ശരഭഗം എന്നത് കാമദേവന്റെ ശരം ഒടിച്ചവൻ എന്നാണ് (ഇന്ദ്രിയ നിഗ്രഹം) ഇന്ദ്രിയ നിഗ്രഹം പ്രാപിക്കാത്തവന്

www.malankaralibrary.com



എങ്ങനെ തമ്പുരാനെ ദർശിക്കുവാൻ സാധിക്കും. മനസ്സിന്റെ നവീ കരണം എന്നൊക്കെ പൗലോസ്ശ്ലീഹാ പറഞ്ഞുവച്ചത് ഇതാണ്. മാനസിക പുണ്യം എന്നത് ദൈവഹിതം അറിഞ്ഞ് പരിപൂർണമായതി ലേക്ക് നടക്കുകയാണ്. അത് മോക്ഷമാണ്, അതാണ് സ്വർഗരാജ്യം.

**വാചികപുണ്യം:-** സനാതനധർമ്മ ശാസ്ത്രത്തിൽ കള്ളം പറയുന്നതും, മോശമായ വാക്കുപയോഗിക്കുന്നതും, തെറ്റിദ്ധാരണയു ണ്ടാക്കുന്ന വാക്കുപയോഗിക്കുന്നതും, ഗോസിപ്പുകൾ പറഞ്ഞു പരത്തുന്നതും, സമയവും, സന്ദർഭവും നോക്കാതെ വെറുതേ സംസാരി ക്കുന്നതും വാചിക പാപത്തിന്റെ ഗണത്തിലാണ് ഉൾപ്പെടുത്തിയിരിക്കു ന്നത്. മറ്റുള്ളവരെ മുറിപ്പെടുത്താതെ സത്യം മാത്രം സംസാരിക്കു ന്നതും, ഈശ്വരനാമ സങ്കീർത്തനവും വാചികപുണ്യമായി ധർമ്മ ശാസ്ത്രം വിലയിരുത്തുന്നു. ധർമ്മശാസ്ത്രത്തിന്റെ അതേ അർത്ഥ ങ്ങൾ സങ്കീർത്തനത്തിൽ കാണുവാൻ സാധിക്കും. "അവരുടെ നാവു നിമിത്തം അവിടുന്ന് അവർക്ക് വിനാശം വരുത്തും" (സങ്കീർത്തനം 64:8). സങ്കീർത്തകൻ ആവർത്തിച്ച് പറയുന്നത് ഇതാണ് "തിന്മയിൽ നിന്ന് നാവിനേയും വ്യാജഭാഷണത്തിൽ നിന്ന് അധരങ്ങളെയും സൂക്ഷിച്ചുകൊള്ളുവിൻ" (സങ്കീർത്തനം 34:13) പാപികളുടെ നേർചിത്രം സങ്കീർത്തനം 5.9-ൽ വരച്ചിട്ടിരിക്കുന്നു "അവ രുടെ അധരങ്ങളിൽ സത്യമില്ല, അവരുടെ ഹൃദയം നാശകൂപമാണ്. അവരുടെ തൊണ്ട തുറന്ന ശവക്കുഴിയാണ്; അവരുടെ നാവിൽ മുഖസ്തുതി മുറ്റി നില്ക്കുന്നു." നാവിനെ നിയന്ത്രിക്കാത്തവന്റെ ഭക്തി വ്യർഥമാണെന്ന് യാക്കോബ് ശ്ലീഹായും പഠിപ്പിക്കുന്നു (യാക്കോബ് 1:26). നാവിന്റെ പുണ്യം നോമ്പിന്റെ പുണ്യത്തിലേക്ക് എന്നെ കൈപിടിച്ചുയർത്തും.

നാവിനെക്കുറിച്ച് വേദത്തിൽ തുടരെ പരാമർശങ്ങളുണ്ട് കാരണം അത്രമാത്രം അപകടം പതിയിരിക്കുന്ന അവയവം ആണ് നാവും അതിന്റെ വാക്കും. വനം കത്തിക്കുന്ന അഗ്നിക്ക് തുല്യമാണ് വാക്ക് എന്നൊക്കെ പറഞ്ഞുവെയ്ക്കുമ്പോൾ അതിന്റെ സംഹാരശക്തി പ്രവചനാതീതമാണ്. ധർമ്മാ അധർമ്മ യുദ്ധമായ കുരുക്ഷേത്രയുദ്ധം പോലും വാക്കിന്റെ ദുരുപയോഗത്തിലാണ് തുടക്കം. കാലുകുത്താൻ സ്ഥലം തരില്ല എന്ന കൗരവരുടെ ഭീഷണി. വാക്കുകളിൽ നിയന്ത്രണം പാലിക്കുന്നവൻ തന്റെ ജീവൻ സുരക്ഷിതമാക്കുന്നു എന്ന് സുഭാഷിത ങ്ങൾ ഓർമ്മിപ്പിക്കുന്നു. ഈ നാവ് പ്രകൃതി ചക്രത്തെ ചുട്ടുപഴുപ്പിക്കും എന്ന് യാക്കോബ് ശ്ലീഹാ പറയുന്നു (യാക്കോബ് 3:6). കുറെക്കൂടെ കടുപ്പിക്കുന്നുണ്ട് യാക്കോബ് 3:8 ലേക്ക് വരുമ്പോൾ അനിയന്ത്രിതമായ

www.malankaralibrary.com



തിന്മയും മാരകമായ വിഷവുമാണ് എന്ന്. ഇവിടെയാണ് നോമ്പിന്റെ പ്രസക്തി മൗനത്തിന്റേയും, തപസിന്റെയും, ധ്യാനത്തിന്റെയും ആഴത്തിൽ നാവെന്ന മാരക വിഷത്തെ നമ്മുടെ സ്വാധീനത്തിലാക്കുന്നു വാചിക പുണ്യം.

**കാർമ്മിക പുണ്യം:-** പഞ്ചഭൂതങ്ങൾ കൊണ്ട് നിർമിക്കപ്പെട്ട ശരീരം കൊണ്ട് ചെയ്യപ്പെടുന്ന കർമ്മങ്ങളുടെ ഫലമാണ് കാർമ്മിക പുണ്യം. ഓരോരുത്തരുടെയും വർണ്ണാശ്രമത്തിനകത്തുനിന്ന് ധർമ്മത്തിനനുസരിച്ച് ക്രിയ ചെയ്യുമ്പോൾ അത് സത്കർമ്മ എന്ന് സനാതന ധർമ്മശാസ്ത്രം, അത് പുണ്യകർമ്മമായി എണ്ണപ്പെടും. ധർമ്മത്തിനു വിരുദ്ധമായി ചെയ്യുന്നത് ദുഷ്കർമ്മ; പാപമായി പരിഗണിക്കും, കോരിന്തോസുകാർക്ക് എഴുതുമ്പോൾ പൗലോസ് ശ്ലീഹാ സത്കർമ്മത്തെക്കുറിച്ചും ദുഷ്കർമ്മത്തെക്കുറിച്ചും ഓർമ്മപ്പെടുത്തുന്നു. “എന്തുകൊണ്ടെന്നാൽ ഓരോരുത്തരും തങ്ങളുടെ ശാരീരികതയിൽ ചെയ്തിട്ടുള്ള നന്മതിന്മകൾക്ക് പ്രതിഫലം സ്വീകരിക്കുന്നതിന് നാമെല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിനു മുമ്പിൽ വരണം” (2കോരി 5:10).

നോമ്പിൽ കിട്ടേണ്ട വെളിച്ചം ഇതാണ് ഞാൻ ചെയ്യുന്ന കർമ്മത്തിന്റെ ഫലം സ്വീകരിക്കുവാനായി ഒരിക്കൽ തമ്പുരാന്റെ മുൻപിൽ നില്ക്കേണ്ടതായി വരും. പാപവും പുണ്യവും വേർതിരിച്ചറിയുവാനുള്ള വരവും പുണ്യം ചെയ്യുവാനുള്ള കൃപയുമാണ് നാം പ്രാർത്ഥിക്കേണ്ടത്. ഭഗവത്ഗീത ഇപ്രകാരം പറയും:

> “യഃശാസ്ത്രവിധിമുൽ സൃജ്യവർത്തതേകാമകാരതഃ
> ന സ സിദ്ധിമവാപ്നോതി ന സുഖം ന പരാം ഗതിം.”
>
> (ഗീത 16:23)

ഏവൻ വേദവിഹിതമായ ധർമ്മത്തെ ഉപേക്ഷിച്ച് യഥേഷ്ടം പ്രവർത്തിക്കുന്നുവോ അവൻ തത്ത്വജ്ഞാനത്തെ പ്രാപിക്കുന്നില്ല, സുഖത്തേയും. മോക്ഷപ്രാപ്തി അവന് അന്യമാണ്. പുണ്യങ്ങൾ പൂക്കുന്ന നോമ്പുകാലത്തെ പ്രതീക്ഷയോടെ വരവേല്ക്കാം, നോമ്പിന്റെ പുണ്യം ആവാഹിച്ചെടുക്കുവാൻ ഹൃദയത്തെ ഒരുക്കാം മനസ്സാ വാചാ കർമ്മണാ ശുദ്ധിയുള്ളവരായിത്തീരാം.

●

www.malankaralibrary.com

# 2. അഴിച്ചു മാറ്റപ്പെട്ട ചെരുപ്പുകൾ

*ഞാൻ ചെരിപ്പുകൾ അഴിച്ചു മാറ്റി നോമ്പിലേക്ക് കടക്കേണ്ടതായിട്ടുണ്ട്. കണ്ണുനീര് എന്റെ ഹൃദയത്തിന്റെ കറകൾ കഴുകേണ്ടതായിട്ടുണ്ട്. നോമ്പ് ഹൃദയത്തിൽ നിന്ന് കയ്പ്പും, കറകളും കഴുകിക്കളയുന്ന കരച്ചിലിന്റെ കാലമാകണം. കാഴ്ചകൾ ഉൾക്കാഴ്ചകളായി മാറേണ്ട കാലം.*

"അപ്പോൾ പിശാച് അവനെ വിട്ടുപോയി. ദൈവദൂതന്മാർ അടുത്തുവന്ന് അവനെ ശുശ്രൂഷിച്ചു" (മത്തായി 4:11).

പൂനയിൽ തിയോളജി പഠിക്കുന്ന കാലം വല്ലപ്പോഴും ആശ്രമത്തിലെ സന്ദർശകനായ ഒരു മഹാരാഷ്ട്രിയൻ ആശ്രമത്തിന്റെ ചുറ്റുമതിലിനു വെളിയിൽ ചെരിപ്പഴിച്ചുവച്ച് നിഷ്പാദുകനായി ആശ്രമത്തിലേക്ക് നടന്നു വരുന്നത് കണ്ടിട്ടുണ്ട്. ആശ്രമത്തെ തമ്പുരാന്റെ അധിവാസ സ്ഥലമായി കാണുന്ന ചുരുക്കം ചിലരിൽ ഒരാൾ. ആശ്രമങ്ങൾ വിശുദ്ധ സ്ഥലമായിരിക്കണം എന്ന് നമ്മെ ഓർമ്മിപ്പിക്കുന്നവർ. മോശയോട് ദൈവം ഒരിക്കൽ ഇത് ഓർമ്മപ്പെടുത്തുന്നുണ്ട്. നീ നില്ക്കുന്ന സ്ഥലം വിശുദ്ധമാണ് കാലിൽ നിന്നും ചെരുപ്പ് അഴിച്ചു മാറ്റുക. ഞാൻ നില്ക്കുന്ന സ്ഥലം വിശുദ്ധമാണ് എന്ന് എന്നെ നിരന്തരം ഓർമ്മപ്പെടുത്തുന്നുണ്ട് എന്റെ ചുറ്റും നടക്കുന്ന ഓരോ സംഭവങ്ങളും.

ആർഷഭാരതം ഭൂമി മുഴുവനും വിശുദ്ധമാണ് എന്ന ചിന്ത അവതരിപ്പിക്കുന്നുണ്ട് ഈശാവാസ്യോപനിഷത്ത് പഠിപ്പിക്കുന്നു:

www.malankaralibrary.com




ഈശാവാസ്യമിദം സർവ്വം യത് കിഞ്ച
ജഗത്യാം ജഗത്
തേനത്വക്തേന ഭുഞ്ജിഥാ
മാഗൃധഃകസ്യസ്വിദ്ധനം (ഈശാ:1)

ഈശ്വരൻ ഭൂമി മുഴുവനും നിറഞ്ഞിരിക്കുന്നു. അതുകൊണ്ട് നാം ഭൂമിയിൽ എവിടെ ആയിരിക്കുന്നുവോ അവിടം വിശുദ്ധമാകണം. മോശയോടും തുടർന്ന് ജോഷ്വായോടും നില്ക്കുന്ന സ്ഥലം വിശുദ്ധമാണ് എന്ന് ഓർമ്മപ്പെടുത്തുന്നുണ്ട്. എന്നോടും ഓർമ്മപ്പെടുത്തൽ ഉണ്ടാകുന്നുണ്ട്. ഞാൻ ഏതു സ്ഥലത്തായിരിക്കുന്നുവോ അവിടം വിശുദ്ധമായി സൂക്ഷിക്കേണ്ടത് എന്റെ ഉത്തരവാദിത്വമാണ്; കുടുംബമാകാം, ഓഫീസാകാം, ആശ്രമമാകാം; എവിടെയും എന്റെ സാന്നിദ്ധ്യം വിശുദ്ധിയുടെ അളവുകോലായിരിക്കണം.

ചെരിപ്പുകൾ അശുദ്ധിയിൽ അലയുന്നതാണ് അതുമായി തമ്പുരാന്റെ ഭൂമികയിൽ നിനക്ക് പ്രവേശനം ഇല്ല. നോമ്പിന്റെ പടിവാതിൽ തുറക്കുമ്പോൾ നിന്റെ സകല മലിനതകളും ഊരി പടിവാതില്ക്കൽ വച്ചതിനുശേഷം മാത്രമേ അകത്തേക്ക് കടക്കാവൂ. പുഴുവിൽ നിന്നും പൂമ്പാറ്റയിലേക്കുള്ള പരിവർത്തനമാണ് നോമ്പ്. പുഴു സകല അശുദ്ധിയിലൂടെയും അലഞ്ഞു നടക്കും. മൗനത്തിലേക്ക് കടക്കുമ്പോൾ അലച്ചിലുകൾ അവസാനിക്കും; പിന്നെ ധ്യാനമാണ് താൻ അന്നുവരെ ബന്ധപ്പെട്ട സകലത്തിൽ നിന്നും ഉള്ള പിൻവലിയൽ. അതിനുശേഷം പുതിയ ജീവിയാണ് വേഷത്തിലും, ഭാഷയിലും, ഭക്ഷണത്തിലും. നോമ്പ് എന്നെ ക്ഷണിക്കുന്നത് പുനർജനിയിലേക്കാണ്.

www.malankaralibrary.com



ചെരിപ്പുകൾ അഴിയുന്നത് വിലാപത്തിന്റെ കാലത്താണെന്നും വേദം ഓർമ്മിപ്പിക്കുന്നു. മകന്റെ മുൻപിൽ നിന്നും ഓടിയൊളിക്കുന്ന ഘട്ടത്തിൽ ദാവീദ് നഗ്നപാദനായി തല മൂടി കരഞ്ഞുകൊണ്ട് ഒലിവു മലയുടെ കയറ്റം കയറി. അവനോടു കൂടെയുള്ളവരെല്ലാം തലമൂടിയിരുന്നു. അവരും കരഞ്ഞുകൊണ്ട് അവനെ പിന്തുടർന്നു (2 സാമുവേൽ 15:30). ഏശയ്യാ പ്രവാചകനും ചാക്കുവസ്ത്രവും, നഗ്നപാദവുമായി നടന്ന വിലാപത്തിന്റെ ഒരു കാലം ഉണ്ടായിരുന്നു (ഏശയ്യ 20:2). ദാവീദിന്റെ വിലാപ കാലത്ത് തമ്പുരാന്റെ തോളോടു തോൾ ചേർന്ന് നടക്കുവാൻ ശീലിച്ചു. രാജാവായിരുന്നപ്പോൾ അകമ്പടികളും അംഗരക്ഷകരും ഉണ്ടായിരുന്നു ദൈവാശ്രയബോധം ഇല്ലാതെയായി. അലസമായ ഉലാത്തലുകൾ അന്യന്റെ ഭാര്യയെ കൈക്കാലാക്കുന്നതിലേക്കും, നിഷ്കളങ്കരക്തം ചൊരിയുന്നതിലേക്കും നയിച്ചു. ഞാൻ ചെരിപ്പുകൾ അഴിച്ചു മാറ്റി നോമ്പിലേക്ക് കടക്കേണ്ടതായിട്ടുണ്ട്. കണ്ണുനീര് എന്റെ ഹൃദയത്തിന്റെ കറകൾ കഴുകേണ്ടതായിട്ടുണ്ട്. നോമ്പ് ഹൃദയത്തിൽ നിന്ന് കയ്പ്പും, കറകളും കഴുകിക്കളയുന്ന കരച്ചിലിന്റെ കാലമാകണം. കാഴ്ചകൾ ഉൾക്കാഴ്ചകളായി മാറേണ്ട കാലം.

അഴിയുന്ന ചെരുപ്പുകളിൽ എളിമയുടെ നിഴൽ വീണിട്ടുണ്ട്, പരിശുദ്ധനായ തമ്പുരാന്റെ പരിശുദ്ധിയുടെ മുമ്പിലേക്ക്, എളിമയുടെ പുണ്യമാണ് എന്നെ നയിക്കേണ്ടത് എന്ന ബോദ്ധ്യം.

"അടുത്തുനില്പോരനുജനെ കാണ്മാൻ അക്ഷികളില്ലാത്തോൻ
അരൂപനീശൻ അദൃശ്യനായാൽ അതിലെന്താശ്ചര്യം" എന്ന് കവി പാടിയത് എളിമയുടെ പുണ്യം ഓർമ്മപ്പെടുത്താനാണ്. ഫിലിപ്പിയർക്ക് എഴുതുമ്പോൾ പൗലോസ് ശ്ലീഹാ ഓർമ്മിപ്പിക്കുന്നതും അതുമാത്രമാണ് ക്രിസ്തുവിന്റെ ഭാവം നിങ്ങളിൽ ഉണ്ടാകട്ടെ എന്ന്. എന്താണ് ക്രിസ്തുവിന്റെ ഭാവം; മറ്റുള്ളവർ നിങ്ങളെക്കാൾ ശ്രേഷ്ഠരാണ് എന്നുള്ള ക്രിസ്തുവിന്റെ ഭാവം. ക്രിസ്തു എളിമയുടെ മൂർത്തീമദ്ഭാവമാണ്. രോമം കത്രിക്കുന്നവന്റെ മുൻപിൽ ചെമ്മരിയാടെന്നപോലെ നിന്നത്, നാം ആരെ അനുഗമിക്കണമോ ആ ക്രിസ്തുവാണ്. എന്നിട്ടും എന്തേ ലോകം മുഴുവൻ പിടിച്ചടക്കാനുള്ള ആർത്തിയുമായി അഹംഭാവത്തിന്റെ പ്രതിരൂപമായി ഞാൻ. നോമ്പിന്റെ വാതിലുകൾ മലർക്കെ തുറന്നിടാം എളിമയുടെ പുണ്യം ആവോളം നുകരാം. അഴിയപ്പെട്ട ചെരിപ്പുകളുമായി സ്വർഗ്ഗരാജ്യത്തിന്റെ ഉള്ളറകളിലേക്ക് ക്രിസ്തുവിനെ അനുധാവനം ചെയ്യാം.

www.malankaralibrary.com



ചെരിപ്പുകൾ ഓരോന്നായി അഴിച്ചുമാറ്റി പൂർണതയിലേക്ക് നടന്നുകയറുന്ന ക്രിസ്തുവിന്റെ രൂപം മത്തായി സുവിശേഷകൻ വരിച്ചിട്ടുണ്ട് മത്തായി 4:1-11 വരെയുള്ള വാക്യങ്ങളിൽ. ആഹാരത്തിലൂടെ സ്വാധീനമുറപ്പിക്കാൻ ശ്രമിക്കുന്ന പ്രലോഭകൻ. പഞ്ചേന്ദ്രിയങ്ങളുടെ ആഹാരത്തെ നിഷേധിച്ചുകൊണ്ട് ക്രിസ്തു അതിനെ പ്രതിരോധിക്കുന്നു. ദൈവത്തെ ആഹരിച്ചുകൊണ്ട് ജീവിക്കുന്ന പുത്രൻ. കാഴ്ചയും, കേൾവിയും, സ്പർശനവും എല്ലാം ഇനിയും ക്രിസ്തുവിന്റെ ഇന്ദ്രീയങ്ങളിലൂടെ അരിച്ചെടുക്കപ്പെട്ടതാകണം. നോമ്പിലേക്കുള്ള ക്ഷണം അതിനുള്ളതാണ്.

അത്ഭുതപ്രവർത്തകനാകാനുള്ള ക്ഷണം നിന്റെ ദൈവത്തെ പരീക്ഷിക്കരുത് എന്ന് പറഞ്ഞ് പ്രതിരോധിക്കുന്നു ക്രിസ്തു. അത്ഭുത പ്രവർത്തകനായി, ഞാനെന്നഭാവം വളർത്തുകയല്ല; നിങ്ങളുടെ പേര് സ്വർഗ്ഗത്തിലെഴുതുന്നതിൽ സന്തോഷിക്കുവിൻ എന്ന് ഒരിക്കൽ ക്രിസ്തു ശിഷ്യന്മാരെ പ്രബോധിപ്പിക്കുന്നുണ്ട്. അത്ഭുതങ്ങളുടെ പുറകേ ഓടുന്ന എന്നോടും ക്രിസ്തു ഓർമ്മിപ്പിക്കുന്നത് ഒന്നേയുള്ളു; നോമ്പ് നിന്റെ ഉള്ളിലേക്ക് തിരിയുവാനുള്ള സമയമാണ്. അറയിൽ കടന്ന് വാതിലടയ്ക്കുവാനുള്ള സമയം. അവിടെ നീയും നിന്റെ തമ്പുരാനും മാത്രം. ധ്യാനത്തിന്റെ ആഴത്തിൽ ദൈവവും നീയും ഒന്നായിത്തീരും.

ലോകത്തിന്റെ മഹത്വം മുഴുവനും തരാം എന്ന് പ്രലോഭകൻ പറയുമ്പോൾ അത് ആർത്തിയുടെ, ധൂർത്തിന്റെ ക്ഷണമാണ്. നോമ്പ് ഉപേക്ഷയുടെ പാഠങ്ങൾ നിന്നെ പഠിപ്പിക്കും. അവസാനത്തിൽ ദൈവമല്ലാതെ ഒന്നും വേണ്ടാത്ത അവസ്ഥയിലേക്ക് ഞാൻ എത്തും. പൗലോസ് ശ്ലീഹാ ആ അനുഭവത്തിലേക്ക് എത്തുന്നുണ്ട്. തന്റെ എല്ലാ അഹങ്കാരവും ചപ്പെന്നും ചവറെന്നും എണ്ണി, ക്രിസ്തുവെന്ന അമൂല്യ നിധി സ്വന്തമാക്കി. നാറാണത്തു ഭ്രാന്തൻ കല്ലുരുട്ടി വിട്ട് കൈകൊട്ടി ചിരിക്കുന്ന കഥകളൊക്കെ ഇതിന്റെ വെളിച്ചത്തിൽ ഉള്ളതാണ്. വെറുതെകൂട്ടി വെയ്ക്കുന്നതൊക്കെ ഒരുനിമിഷം കൊണ്ട് ഇല്ലാതെയായിപ്പോകാം എന്ന ഉൾവെളിച്ചം. ദൈവസേവനത്തെക്കാൾ അത്യുത്തമം ദൈവസമ്പാദനമാണെന്ന് പഠിക്കുകയും പഠിപ്പിക്കുകയും ചെയ്ത ഒരാചാര്യൻ മലങ്കരയിൽ ജീവിച്ചിരുന്നു. ബഥനിയുടെ മാർ ഈവാനിയോസ്, ലോകത്തിന്റെ മായാ പ്രപഞ്ചം വിട്ട് ഒരുനാൾ, നരികൾ വാഴുന്ന മലയുടെ നെറുകയിൽ ധ്യാനത്തിൽ അമർന്നു. നോമ്പിന്റെ

www.malankaralibrary.com



അവസാനം ബഥനി എന്ന സന്ന്യാസസഭ ഉദയം കൊണ്ടു. അതിന്റെ ബഹിർസ്ഫുരണമാണ് മലങ്കര കത്തോലിക്കാസഭ. ദൈവസമ്പാദനം നോമ്പിന്റെ വഴിയും ലക്ഷ്യവുമാണ്. നടക്കേണ്ടത് നോമ്പിലൂടെ എത്തേണ്ടതും നോമ്പിൽ. അവിടെ ദൈവദൂതന്മാർ നിന്നെ ശുശ്രൂഷിക്കുവാനായി കാത്തിരിക്കുന്നു.

നോമ്പിന്റെ പ്രഭാതം എന്റെ മുമ്പിൽ മലർക്കെ തുറക്കുമ്പോൾ കേൾക്കുന്ന സ്വരം ഒന്നേയുള്ളു. പിശാചു വിട്ടുമാറണമെങ്കിൽ ചെരിപ്പുകൾ അഴിച്ചുമാറ്റപ്പെടണം. ചെരിപ്പുകൾ അഴിച്ചു മാറ്റപ്പെട്ടവൻ ഇനിയും ദൈവത്തിന്റെ പ്രണയത്തിന്റെ നിറവിലാണ്. ദൈവരാജ്യത്തിൽ ഇഴപിരിയാതെ നില്ക്കുന്നത് ഒന്നേയുള്ളു. സഹോദരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കുന്ന പ്രണയത്തിന്റെ പനിമഞ്ഞ്. ദൈവത്തിന്റെ പ്രണയം നിന്നിലൂടെ സഹോദരനിലേക്ക് ഒഴുകിയിറങ്ങണം, അതിനു നിന്റെ അശുദ്ധിയുടെ ചെരിപ്പുകൾ അഴിച്ചു മാറ്റപ്പെടണം. അശുദ്ധികൾ അഴിച്ചു മാറ്റി നിഷ്പാദുകനായി വിശുദ്ധിയിലേക്ക് നടക്കാം. നോമ്പിന്റെ പുണ്യം ആവാഹിച്ചെടുക്കാം.

●

www.malankaralibrary.com

# 3. കർമ്മഫലത്യാഗം

മറ്റുള്ളവരെ കാണിക്കാൻ വേണ്ടി അവരുടെ മുമ്പിൽ വച്ച് നിങ്ങളുടെ സത്കർമ്മങ്ങൾ അനുഷ്ഠിക്കാതിരിക്കാൻ സൂക്ഷിച്ചു കൊള്ളുവിൻ. അല്ലെങ്കിൽ നിങ്ങളുടെ സ്വർഗസ്ഥനായ പിതാവിങ്കൽ നിങ്ങൾക്കു പ്രതിഫലമില്ല (മത്തായി 6:1).

നോമ്പിന്റെ കാലഘട്ടത്തിൽ നമ്മുടെ നോമ്പ് വിചിന്തനങ്ങളെ തകിടം മറിക്കുന്ന ഒരു ചോദ്യം ഏശയ്യാ പ്രവാചകനിലൂടെ തമ്പുരാൻ ചോദിക്കുന്നുണ്ട്. നൂറുവട്ടം മനസ്സിൽ ഉരുക്കഴിക്കേണ്ട ചോദ്യം, ഉത്തരം തേടി അലയേണ്ട ദിനങ്ങളാണ് നോമ്പിന്റെ പുണ്യദിനങ്ങൾ; ഇതിന്റെ ഉത്തരം ഉൾക്കാഴ്ചയിൽ തെളിഞ്ഞവൻ മോക്ഷത്തിന്റെ കവാടത്തിൽ നിന്നും അകലയല്ല, "ഇത്തരം ഉപവാസമാണോ ഞാൻ ആഗ്രഹിക്കുന്നത്? ഒരു ദിവസത്തേക്ക് ഒരുവനെ എളിമപ്പെടുത്തുന്ന ഉപവാസം! ഞാങ്ങണപോലെ തലകുനിക്കുന്നതും ചാക്കുവിരിച്ച് ചാരവും വിതറി കിടക്കുന്നതും ആണോ അത്? ഇതിനെയാണോ നിങ്ങൾ ഉപവാസമെന്നും കർത്താവിനു സ്വീകാര്യമായ ദിവസം എന്നും വിളിക്കുക" (ഏശയ്യാ 58:5). അൻപതു ദിവസത്തേക്കു മാത്രം കാണിക്കേണ്ട ഒരു പ്രകടനം അല്ല നോമ്പെന്ന ബോദ്ധ്യത്തിലേക്ക് നമ്മെ

*"ഇത്തരം ഉപവാസമാണോ ഞാൻ ആഗ്രഹിക്കുന്നത്? ഒരു ദിവസത്തേക്ക് ഒരുവനെ എളിമപ്പെടുത്തുന്ന ഉപവാസം! ഞാങ്ങണപോലെ തലകുനിക്കുന്നതും ചാക്കുവിരിച്ച് ചാരവും വിതറി കിടക്കുന്നതും ആണോ അത്? ഇതിനെയാണോ നിങ്ങൾ ഉപവാസമെന്നും കർത്താവിനു സ്വീകാര്യമായ ദിവസം എന്നും വിളിക്കുക"*

www.malankaralibrary.com





ഉണർത്തുന്നതാണ് ഈ വേദഭാഗം. കുറേയേറെ ചോദ്യങ്ങൾ ഇവിടെ വരച്ചിടുന്നുണ്ട് തമ്പുരാൻ.

ഇത് ഒരു കാലഘട്ടത്തേക്കോ, ജീവിതത്തിന്റെ ഏതെങ്കിലും പ്രത്യേക സമയത്തേക്കോ മാത്രം ഉള്ളതല്ല. ഒരു ദിവസത്തേക്ക് ഒരുവനെ എളിമപ്പെടുത്തുന്നതാണോ നോമ്പും, ഉപവാസവും എന്ന് തമ്പുരാൻ സങ്കടത്തോട് ചോദിക്കുന്നുണ്ട്. നോമ്പ് എന്റെ ജീവിതത്തിന്റെ ക്രമം ആകണം. ജീവതാളവും, പ്രകൃതിയുടെ താളവും, തമ്പുരാന്റെ താളവും ഒന്നാകുന്ന അസുലഭ ജീവിതക്രമമാകണം നോമ്പ്. തുടർന്നുവരുന്ന ചോദ്യങ്ങൾ ഇതിനെ സാധൂകരിക്കുന്നതാണ്. മാർ ഈവാനിയോസ് എന്ന ആർഷഭാരതത്തിന്റെ മഹാഗുരു ഇതിനെ ലളിതമായി സന്യാസ ജീവിത സഹായിയിൽ വിവരിച്ചിട്ടുണ്ട്. ഭജനകാലത്ത് മൗനവും തപസ്സും അതികർശനമായി പാലിക്കണം, അത് തഴക്കം ആകണം. ഇത് ഒരാഴ്ചത്തേക്കുള്ളതല്ല, ഇതിന്റെ പരിശീലനം എന്റെ ജീവിതം മുഴുവനും പ്രാവർത്തികമാക്കാൻ എന്നെ ശക്തിപ്പെടുത്തും. ഏശയ്യാ പ്രവാചകനിലൂടെ തമ്പുരാൻ ഓർമ്മപ്പെടുത്തുന്നതും അതാണ് നോമ്പ് എന്റെ ജീവിതകാലത്തേക്ക് മുഴുവനും ഉള്ള പരിശീലനത്തിന്റെ ചെറിയ കാലമാണ്.

രണ്ടാമത്തെ ചോദ്യം എന്താണ് പരിശീലിക്കേണ്ടത് എന്നാണ്. ഞാങ്ങണപോലെ തല കുനിക്കുന്നതും, ചാക്കു വിരിച്ച് ചാരവും വിതറികിടക്കുന്നതാണോ നോമ്പ്? വേദങ്ങൾ മുഴുവനും എന്താണ് നോമ്പ് എന്ന ഉത്തരം തരുന്നതാണ്. വായിച്ചിട്ടും മനസ്സിലാകാതെ പോയി എന്നതാണ് കാലഘട്ടത്തിന്റെ സങ്കടം; മറ്റുള്ളവരുടെ മുൻപിലുള്ള പ്രക

www.malankaralibrary.com



ടനം ആകരുത് നോമ്പ്. മത്തായി സുവിശേഷകനിലൂടെ ക്രിസ്തു പറഞ്ഞുവെയ്ക്കുന്നത് അതാണ്. മറ്റുള്ളവരെ കാണിക്കാൻ വേണ്ടി അവരുടെ മുമ്പിൽ വച്ച് നിങ്ങളുടെ സത്കർമ്മങ്ങളെ അനുഷ്ഠിക്കാതിരിക്കാൻ സൂക്ഷിച്ചു കൊള്ളുവിൻ എന്ന് ക്രിസ്തു ഓർമ്മിപ്പിക്കുന്നു കർമ്മഫലത്യാഗമാണ് ഇവിടെ വിഷയം; പ്രകടനപരതയാണ് നിന്റെ നോമ്പെങ്കിൽ സ്വർഗ്ഗസ്ഥനായ പിതാവിങ്കൽ നിങ്ങൾക്ക് പ്രതിഫലം ഇല്ലാ എന്ന് അർത്ഥ ശങ്കക്കിടയില്ലാത്തവിധം ക്രിസ്തു ഇവിടെ വ്യക്തമാക്കുന്നു.

സത്കർമ്മങ്ങളൊക്കെ തെരുവിലെ വിൽപനച്ചരക്കാക്കുന്നവരോടാണ് ക്രിസ്തു കലഹിക്കുന്നത്. സത്കർമ്മങ്ങൾ ദയകൊണ്ടോ, സഹാനുഭൂതികൊണ്ടോ, സഹതാപം കൊണ്ടോ ചെയ്യേണ്ടതല്ല അത് പ്രണയത്തിന്റെ നുര പൊന്തലാകണം. പ്രണയിക്കുന്നവനു മാത്രമേ പ്രതിഫലേച്ഛ കൂടാതെ കർമ്മം ചെയ്യുവാൻ സാധിക്കു. ക്രിസ്തുവിന്റെ ജീവിതം മുഴുവനും അതാണ്. ദൈവം ആയിരുന്നവൻ ഭൂമിയിലേക്ക് ഇറങ്ങിവന്നത് അവൻ ലോകത്തെ അത്രമാത്രം പ്രണയിച്ചതുകൊണ്ടാണ് എന്ന് യോഹന്നാൻ ശ്ലീഹാ കുറിച്ചിടുന്നു. ഫലം ഇച്ഛിക്കാതെ പ്രവർത്തിക്കുവാൻ ക്രിസ്തുവിനും, ക്രിസ്തുവിനോളം വളർന്നവർക്കും മാത്രമേ സാദ്ധ്യമാകു. തിരിച്ചുകിട്ടും എന്നു പ്രതീക്ഷിക്കാതെ മറ്റുള്ളവർക്ക് നന്മ ചെയ്യുക; നിങ്ങൾ അത്യുന്നതന്റെ പുത്രന്മാരാകും (ലൂക്കാ 6:35). അത്യുന്നതന്റെ പുത്രന്മാരോളം വളർന്നവർക്കുമാത്രം ചെയ്യുവാൻ സാധിക്കുന്നതാണ് നോമ്പിന്റെ പുണ്യം; ഫലം ഇച്ഛിക്കാതെ കർമ്മം ചെയ്യുക. നന്മകൾ ചെയ്യുന്നത് നോമ്പാകുന്നുണ്ടോ എന്ന് ആത്മശോധന ചെയ്യേണ്ടകാലം?

പ്രണയം കരളിൽ കരകവിഞ്ഞവർ സത്കർമ്മങ്ങൾ ഫലേച്ഛയില്ലാതെ ചെയ്യുന്നത് കാനായിലെ കല്യാണ വിരുന്നിൽ കാണാം. പ്രണയത്തിന്റെ നിറച്ചാർത്താണ് വിവാഹം. അവിടെ പച്ചവെള്ളം പ്രണയിത്തിന്റെ നുരപൊന്തുന്ന വീഞ്ഞായി രൂപാന്തരപ്പെടണം. കരിങ്കല്ലിൽ പോലും, പ്രതിഫലേച്ഛയില്ലാത്ത പ്രവർത്തി മേല്ത്തരം വീഞ്ഞായി നിറയും. ക്രിസ്തു സ്വന്തം നേട്ടത്തിനു വേണ്ടി അല്ലാതെ ചെയ്യുന്ന പ്രവർത്തി. ക്രിസ്തു ചെയ്ത ഈ അത്ഭുതം മണവാളനോ, കലവറക്കാരൻ പോലുമോ അറിഞ്ഞില്ല. ഇത് നോമ്പിലൂടെ നടക്കുന്നവർക്കു മാത്രം പരിചിതമായ വഴി: ഈ വഴി നടന്നു പോയ ക്രിസ്തുവിനു പറയാൻ സാധിക്കും, മറ്റുള്ളവരെ കാണിക്കാൻ വേണ്ടിയാകരുത് നിങ്ങളുടെ നോമ്പും ഉപവാസവും, തപസ്സും എന്ന്. "എന്നാൽ നീ ഉപവസിക്കുന്നത് അദൃശ്യനായ പിതാവല്ലാതെ മറ്റാരും കാണാതിരിക്കുന്നതിന്,

www.malankaralibrary.com



ശിരസ്സിൽ തൈലം പുരട്ടുകയും മുഖം കഴുകുകയും ചെയ്യുക (മത്തായി 6:17) നോമ്പിൽ കരിങ്കല്ലിന്റെ മനസ്സുമാറ്റി, പ്രണയത്തിന്റെ നുരയുന്ന വീഞ്ഞായി മാറുമ്പോൾ, നോമ്പിന്റെ പുണ്യം എന്നിൽ നിറയും, ക്രിസ്തുവിന്റെ തോളോടുതോൾ ചേർന്ന്, ക്രിസ്തുവിന്റെ വഴിയിലൂടെ നടക്കാം.

മറ്റുള്ളവരുടെ മുൻപിൻ കാണിക്കുന്ന പ്രാർത്ഥന ആയാൽ പോലും, ആ പ്രകടനം ഒക്കെ നിർത്തേണ്ട കാലമായി എന്ന്, മുറിയിൽ കടന്ന് കതകടച്ച് രഹസ്യത്തിലുള്ള നിന്റെ പിതാവിനോട് പ്രാർത്ഥിക്കുക എന്ന ക്രിസ്തു ഉപദേശം നമ്മെ ഓർമ്മപ്പെടുത്തും. ഇടതുകൈ ചെയ്യുന്നത് വലതുകൈ അറിയരുതെന്നുള്ള കുറിമാനം കർമ്മഫലത്യാഗം അല്ലാതെ എന്താണ് അർത്ഥമാക്കുന്നത്. വ്യഭിചാരത്തിൽ പിടിക്കപ്പെട്ട് വധശിക്ഷക്കു നിറുത്തിയിരിക്കുന്ന സ്ത്രീയുടെ ജീവനുവേണ്ടി ഒറ്റയ്ക്കു നിന്നു പോരാടാൻ കർമ്മഫലത്യാഗിക്കല്ലാതെ ആർക്കാണ് സാധിക്കുക.

നോമ്പിന്റെ പുണ്യം അതാണ്; ജീവൻ സംരക്ഷിക്കുക ഒന്നിനും വേണ്ടിയല്ലാതെ. എല്ലാവരും വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീയെ അവരവർക്കുവേണ്ടി സ്നേഹിച്ചപ്പോൾ, ക്രിസ്തു അവൾക്കു വേണ്ടി അവളെ സ്നേഹിച്ചു. കർമ്മഫലത്യാഗത്തെയാണ് ഭഗവത്ഗീതയും ഉയർത്തിക്കാട്ടുന്നത്. കർമ്മങ്ങളെല്ലാം ദൈവത്തിനു ചെയ്യുന്നതുപോലെ ചെയ്യാം.

> കാമ്യാനാം കർമ്മണാം ന്യാസം സന്യാസം കവയോവിദുഃ
> സർവ്വകർമ്മഫലത്യാഗം പ്രാഹുസ്ത്യാഗം വിചക്ഷണഃ
> (ഗീത 18:2)

കാമ്യകർമ്മങ്ങളുടെ പരിത്യാഗത്തെ സന്യാസമെന്നു പണ്ഡിതന്മാർ അറിയുന്നു. സർവ്വകർമ്മങ്ങളുടേയും ഫലമാത്ര ത്യാഗത്തെ ത്യാഗമെന്ന് നിപുണന്മാർ പറയുന്നു. സർവ്വകർമ്മങ്ങളുടെയും ഫലത്തെ ത്യജിക്കണമെങ്കിൽ ക്രിസ്തുവിനോളം വളരണം, ക്രിസ്തുവിന്റെ കാലടികളെ പിൻതുടർന്നാൽ നാം എത്തിച്ചേരുന്നത് ക്രിസ്തുവിന്റെ ലക്ഷ്യത്തിലായിരിക്കും. ഒന്നും പ്രതീക്ഷിക്കാതെ തന്റെ ജീവനെ കുരിശിൽ യാഗമായി കൊടുത്ത കർമ്മഫലത്യാഗി. ഒരു പടികൂടി കടന്ന് മോക്ഷത്തിന് ഏറ്റവും പ്രധാനപ്പെട്ടത് കർമ്മഫലത്യാഗമാണെന്ന് ഗീത പഠിപ്പിക്കുന്നു.

www.malankaralibrary.com


"ശ്രേയോ ഹി ജ്ഞാനമഭ്യാസാൽ ജ്ഞാനാദ്ധ്യാനം വിശിഷ്യതേ
ധ്യാനാൽ കർമ്മഫലത്യാഗസ്ത്യാഗാച്ഛാന്തിരനന്തരം
(ഗീത 12:12)

അഭ്യാസത്തേക്കാൾ ജ്ഞാനം ശ്രേഷ്ഠമാകുന്നു. ജ്ഞാനത്തേക്കാൾ ധ്യാനം വിശിഷ്ടമായിരിക്കുന്നു. ധ്യാനത്തേക്കാൾ കർമ്മഫലത്യാഗം ശ്രേഷ്ഠമാകുന്നു. കർമ്മഫലത്തെ ഈശ്വരാർപ്പണമായി ചെയ്യുന്നതുകൊണ്ട് വേഗത്തിൽ സംസാര നിവൃത്തി ഉണ്ടാകുന്നു (മോക്ഷം) ഒന്ന് ഒന്നിനേക്കാൾ ശ്രേഷ്ഠമാണ്. ഏറ്റം ശ്രേഷ്ഠമായിരിക്കുന്നത് കർമ്മഫലത്യാഗമാണ് ഗീത അടിവരിയിട്ട് ഉറപ്പിക്കുന്നു. സാത്വികമാണ് കർമ്മഫലത്യാഗം എന്ന് ഗീത വീണ്ടും ഓർമ്മിപ്പിക്കുന്നു.

"കാര്യമിത്യേവയൽ കർമ്മനിയതം ക്രിയതേർജ്ജുന
സംഗംത്വക്ത്വാഫലം ചൈവസത്യാഗഃ സാത്വികോമതഃ"
(ഗീത 18:9)

കർമ്മം ചെയ്യപ്പെടേണ്ടതുതന്നെ എന്നറിഞ്ഞ് സംഗത്തേയും ഫലത്തേയുമുപേക്ഷിച്ച് ചെയ്യപ്പെടുമ്പോൾ ആ ത്യാഗം സാത്വികമെന്ന് അറിയും. ഈ ഹൃദയത്തിൽ ആശ്രയം പ്രാപിച്ചിരിക്കുന്ന സർവ്വകാമങ്ങളും മുക്തമാകുമ്പോൾ മർത്യൻ അമൃതനായിത്തീരുന്നു എന്ന് കഠോപനിഷത്തുകാരൻ പറഞ്ഞുവെയ്ക്കുന്നതും വേറൊന്നല്ല. കാമത്തേയും കർമ്മഫലത്തേയും ഉപേക്ഷിക്കുന്നവൻ നോമ്പെന്ന പുണ്യം ആവാഹിച്ചെടുത്തവനാണ്. ഉപേക്ഷിച്ചതിന്റെ പൊങ്ങച്ചം കാണിക്കുന്നതല്ല നോമ്പ്. ഞാൻ എന്തൊക്കെ ഉപേക്ഷിച്ചു ഈ നോമ്പിൽ എന്ന കണക്കെടുപ്പല്ല വേണ്ടത്. നന്മചെയ്യുന്നത് ഒന്നും പ്രതീക്ഷിച്ചല്ല എന്ന് ഉറപ്പാക്കുകയാണ് നോമ്പ്. മറ്റുള്ളവരുടെ കുറവുകളെ ആരും അറിയാതെ നിറവാക്കുന്ന പ്രണയത്തിന്റെ വീഞ്ഞായിത്തീരുകയാണ് കാലഘട്ടത്തിന്റെ ആവശ്യം. മണവാളനും കലവറക്കാരൻപോലും അറിയാതെ അതു ചെയ്തു തീർക്കുമ്പോൾ ഞാൻ കർമ്മഫലത്തെ ത്യജിക്കുന്ന, തമ്പുരാന്റെ മുൻപിൽ സ്വീകാര്യനായ അത്യുന്നതന്റെ പുത്രന്റെ കൂട്ടത്തിൽ എണ്ണപ്പെട്ടവനാകും. കരിങ്കല്ലിൽ വീഞ്ഞു നിറയുന്ന നോമ്പായി ഈ കാലം മാറട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം. സത്കർമ്മങ്ങൾ വിൽപ്പനയ്ക്കുവയ്ക്കാതെ ആരും അറിയാതെ ചെയ്തു തീർക്കാം....

●

www.malankaralibrary.com

# 4. ഭക്തി

"ഇടുങ്ങിയ വാതിലിലൂടെ പ്രവേശിക്കുവിൻ; വിനാശത്തിലേക്ക് നയിക്കുന്ന വാതിൽ വിസ്തൃതവും വഴി വിശാലവുമാണ് അതിലെ കടന്നുപോകുന്നവർ വളരെയാണു താനും" (മത്തായി 7:13).

ഭക്തിയോടെ ശ്രവിക്കുന്നവന് മനസ്സിലാകുന്ന ക്രിസ്തുവിന്റെ ഭാഷ്യം. ഇടുങ്ങിയ വാതിലിലൂടെ പ്രവേശിക്കുവാൻ ഉള്ള ക്രിസ്തുവിന്റെ ക്ഷണം. എന്തേ വിശാലമായ പാതയുണ്ടായിട്ടും, ക്ഷണം ഇടുങ്ങിയ വഴിത്താരയിലേക്കായത്. ഭക്തി എന്ന വാക്കിനെ മനനം ചെയ്താൽ അതിന്റെ ഉത്തരമായി. ഭക്തിയുടെ ഉൾവഴികളാണ് മീരാഭായിയെ ഭക്തമീരയാക്കി മാറ്റിയത്. മരുഭൂമിയിലെ താപസന്മാർ തുടങ്ങി ആർഷഭാരതത്തിന്റെ ഭക്തിപ്രസ്ഥാനം വരെ ഇതിന്റെ വരമ്പിലൂടെ നടന്നു പോയവരാണ്. ഏകംസത്; സത്യം ഒന്നേയുള്ളു അതിനെ കാണണമെങ്കിൽ നീ അതിലേക്കുതന്നെ നടക്കണം. വിശാലമായ പാത അത് ലക്ഷ്യത്തിൽ നിന്നും എന്നെ ദൂരെയാക്കും.

*നോമ്പിൽ നിർബന്ധപൂർവ്വം ഉപേക്ഷിക്കുന്നതല്ല ഒന്നും, കൂടെ വസിക്കുന്നവനിലേക്ക് മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുമ്പോൾ അപ്രധാനമായതൊക്കെ ആവശ്യമില്ലാത്തതായി തീരുന്നതാണ്.*

പ്രാർത്ഥിക്കണമെങ്കിൽ നീ ഉള്ളിൽ കടന്ന് കതകടയ്ക്കണം. വിശാലമായ പാതകളിലേക്കാണ് വാതിലുകൾ തുറക്കപ്പെടുന്നത്. വാതിലുകൾ ഓരോന്നായി അടയ്ക്കണം. കണ്ണിന്റെ വിശാല പാത ഒരു വേള എന്നെ പാതാളത്തിന്റെ പടിവാതിൽക്കൽ

www.malankaralibrary.com




എത്തിക്കും. മായക്കാഴ്ചകൾ എന്തും അടയ്ക്കപ്പെടണം. നിന്റെ മിഴികൾക്കു മുൻപിൽ തമ്പുരാന്റെ ചിത്രം തെളിയും. ചെവിയുടെ വാതിൽ അടയ്ക്കപ്പെടുമ്പോൾ മായാലോകത്തിന്റെ വിശാല വാതിലാണ് അടയ്ക്കപ്പെടുന്നത്. ഇന്നുവരെ കേട്ട എല്ലാ പ്രലോഭനങ്ങളും നിനക്ക് അന്യമാകും. നീ എവിടെയാണെന്നു ചോദി ക്കുന്ന തമ്പുരാന്റെ മൃദുസ്വരം എന്റെ കാതുകൾക്ക് അമൃതാകും. അങ്ങനെ പഞ്ചേന്ദ്രിയങ്ങളുടെ വിശാലവാതിൽ അടയ്ക്കപ്പെടുമ്പോൾ; ഉള്ളിന്റെ ഉള്ളിലേക്കുള്ള ഇടുങ്ങിയവാതിൽ തുറക്കപ്പെടുകയാണ്. തമ്പുരാൻ വസിക്കുന്നതവിടെയാണ് ഭക്തിയാണ് അവിടേക്കുള്ള വഴികാട്ടി.

ഇടുങ്ങിയ വഴിയിലൂടെ സഞ്ചരിച്ചു തഴക്കം വന്നവൻ, ദർശനം ഉള്ളവനാകും; അവന്റെ ഉൾക്കാഴ്ചയാണ് പ്രാർത്ഥനയായി മാറുന്നത്.

"അനായാസേന മരണം
വിനാദൈന്യേന ജീവനം
ദേഹിമേ കൃപായ ശംഃഭു
ത്വയിഭക്തിമചഞ്ചലം"

www.malankaralibrary.com



നിന്നിൽ ഭക്തനായ എനിക്ക് അനായാസ മരണവും, ദൈന്യത ഇല്ലാത്ത ജീവിതവും തരണമേ എന്നാണ് പ്രാർത്ഥന. വിശാലമായ വാതിൽ അടയ്ക്കുക എന്നത് ശ്രമകരമായ കാര്യമാണ്. സകലവിധ പ്രലോഭനങ്ങളുടെയും തിരയിളക്കം കടന്നുവരുന്നത് ഈ വാതിലിലൂടെയാണ്. പ്രലോഭനത്തിൽ ഉൾപ്പെടാതിരിക്കുവാൻ നിരന്തരം പ്രാർത്ഥനചൊല്ലി പഠിപ്പിച്ചത് ക്രിസ്തുവാണ്. പ്രാർത്ഥിക്കാൻ പഠിപ്പിക്കണമേ എന്നുള്ള ശിഷ്യരുടെ ചോദ്യത്തിന് ഉത്തരം അതായിരുന്നു. നിന്റെ രാജ്യം വരേണം, മറ്റുള്ളവരോടു ക്ഷമിക്കാൻ പഠിപ്പിക്കേണം, പ്രലോഭനത്തിൽ ഉൾപ്പെടുത്തരുത്. ഇടുങ്ങിയ വഴിയിലൂടെ നടക്കുന്നവർക്കു മാത്രം പരിചിതമായ പദങ്ങൾ. മലയിലും താഴ് വരയിലും നിരന്തരം പരിശീലിച്ച ഇടുങ്ങിയ വഴിയുടെ വാതായനങ്ങളാണ് ക്രിസ്തു തുറന്നിട്ടത്. ഇടുങ്ങിയ വാതിൽ എന്റെ കാഴ്ചകളുടെ വൃത്തം കുറയ്ക്കും; നോട്ടം ക്രിസ്തുവിലേക്കു മാത്രം ആകും. നോമ്പ് ഇടുങ്ങിയ വഴിയാകുന്നത് അങ്ങനെയാണ് ഇന്ദ്രിയങ്ങളുടെ വാതിലുകൾ ഓരോന്നായി അടയ്ക്കും ഉപവാസ (കൂടെ വസിക്കുന്ന) അവസ്ഥയിലേക്ക് നാം അറിയാതെ എത്തിച്ചേരും. നോമ്പിൽ നിർബന്ധപൂർവ്വം ഉപേക്ഷിക്കുന്നതല്ല ഒന്നും, കൂടെ വസിക്കുന്നവനിലേക്ക് മാത്രം ശ്രദ്ധകേന്ദ്രീകരിക്കുമ്പോൾ അപ്രധാനമായെതൊക്കെ ആവശ്യമില്ലാത്തതായി തീരുന്നതാണ്.

ഭക്തി എന്ന സംസ്കൃത പദം ഭജ് എന്ന മൂലത്തിൽ നിന്നും ഉരുത്തിരിഞ്ഞതാണ്. ബന്ധിച്ചിരിക്കുന്ന അവസ്ഥ എന്നാണ് അർത്ഥം. ഇന്ദ്രിയങ്ങളോട് ബന്ധപ്പെടുത്തുമ്പോൾ ആസക്തിയായി മാറുന്നു. ആത്മീകതയിൽ ഭക്തി എന്നുള്ളത് ഭക്തനെ ഭഗവാനിൽ നിന്നും അടർത്തിമാറ്റാൻ പറ്റാത്തവിധം ചേർന്നിരിക്കുന്ന അവസ്ഥയാണ്. പൗലോസ് ശ്ലീഹായെപ്പോലുള്ളവർ പറയും ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു ഇനിയും ജീവിക്കുന്നത് ഞാനല്ല ക്രിസ്തുവാണ് എന്നിൽ ജീവിക്കുന്നത്. ഭക്തിയിൽ ഒന്നായി ചേർക്കപ്പെട്ടു ഇനിയും എനിക്ക് ക്രിസ്തുവിൽ നിന്നും വേറിട്ട ഒരു സ്വഭാവം ഇല്ല. ക്രിസ്തുവിൽ നിന്നും വേറിട്ട സ്വഭാവം എന്നിൽ കണ്ടാൽ അതിനർത്ഥം എന്നിൽ ഭക്തിഭാവം ഇല്ല എന്നാണ്. എന്റെ യാത്ര വിശാല വാതിലിലൂടെയായിരുന്നു എന്ന് സാരം. വിശാലവാതിലിന്റെ കതകുകൾ മലർക്കെ തുറന്നിട്ടിരിക്കുകയായിരുന്നു. മോക്ഷത്തിന്റെ വാതിലുകൾ തുറക്കപ്പെടണമെങ്കിൽ വിശാലതയുടെ വാതിലുകൾ അടയ്ക്കപ്പെടണം.

www.malankaralibrary.com



ധനുർവിദ്യയുടെ പരിശോധന ഘട്ടമെത്തി ഒരു പക്ഷിയുടെ രൂപം മരത്തിൽ ഉറപ്പിച്ചു അതിനെ എയ്തു വീഴ്ത്തണം. വില്ലാളികൾ നിരന്നു, ഗുരു ഓരോരുത്തരെയായി വിളിച്ചു. ചോദ്യം ഇതാണ് 'എന്തു കാണുന്നു.' ആകാശവും, മരവും, അതിലിരിക്കുന്ന പക്ഷിയും അതായിരുന്നു വന്നവരുടെ ഉത്തരം. അർജുനന്റെ ഊഴമായി ആയുധം കൈയിലെടുത്തു തയ്യാറായി. ഗുരുചോദിച്ചു, "നീ എന്തു കാണുന്നു." "പക്ഷിയുടെ കഴുത്തു മാത്രം" എവിടെയാണോ ആയുധം തറയ്ക്കേണ്ടത് കാഴ്ച അവിടേയ്ക്കു മാത്രമായി ഒതുങ്ങി. ഇടുങ്ങിയ വാതിലിലേക്കുള്ള ക്ഷണം ഇതിനാണ്. നിനക്ക് എന്തു കാണണമോ അവിടേയ്ക്ക് മാത്രമായി നിന്റെ കാഴ്ച ഒതുങ്ങണം. വിശാലമായ ലോകത്തിൽ അനവധി കാഴ്ചകൾ ഉണ്ട്. ചോദ്യം ഒന്നേയുള്ളു നീ എന്തു കാണുന്നു. നിനക്ക് കാണേണ്ടതല്ലാത്ത കാഴ്ചകൊണ്ട് നിന്റെ കണ്ണു നിറച്ചാൽ; ക്രിസ്തുവിനെ ഉൾക്കൊള്ളാൻ നിന്റെ കണ്ണുകൾക്ക് സ്ഥലം ഇല്ലാതെ പോകും. എന്റെ കണ്ണുകൾക്കു മുമ്പിൽ ക്രിസ്തുവിന്റെ രൂപം മാത്രം തെളിയപ്പെടുമ്പോൾ നോമ്പിന്റെ തിരിതെളിയുകയായി. നോമ്പിന്റെ പുണ്യം ആവാഹിച്ചെടുക്കാത്തവരോടാണ് പൗലോസ് ശ്ലീഹാ ചോദിക്കുന്നത്. ഭോഷന്മാരായ ഗലാത്തിയക്കാരേ, യേശു ക്രിസ്തു നിങ്ങളുടെ കൺമുമ്പിൽ ക്രൂശിതനായി ചിത്രീകരിക്കപ്പെട്ടിരിക്കേ നിങ്ങളെ ആരാണ് ആഭിചാരം ചെയ്തത് (ഗലാത്തിയർ 3:1) കാണേണ്ടത് ക്രസ്തുവിനെ മാത്രമാണ്; ആ കാഴ്ചയിൽ നിന്റെ മുൻപിൽ വരുന്നതെല്ലാം ക്രൂശിതന്റെ പ്രതിരൂപങ്ങളാകും. നിന്നെപ്പോലെ തന്നെ നിന്റെ അയല്ക്കാരനേയും സ്നേഹിക്കുക എന്നൊക്കെ ക്രിസ്തു പറഞ്ഞത്, കാഴ്ച ശുദ്ധമായവനോടാണ്. തന്റെ മുൻപിൽ നില്ക്കുന്നവനെ മനസ്സിലാക്കാൻ അവനെ കഴിയു. അല്ലാത്തവന് മനുഷ്യരൊക്കെ മരങ്ങളെപ്പോലെ തോന്നും അവന് കാഴ്ച ശരിയായിട്ടില്ല എന്നർത്ഥം. അവൻ നോമ്പിന്റെ പുണ്യത്തിലേക്ക് നടക്കേണ്ടതായുണ്ട്.

ഭക്തി ഭക്ഷണത്തോടു ചേരുമ്പോളാണ് അത് പ്രസാദമായി മാറുന്നത് എന്ന് പറയാറുണ്ട്, യാത്രയോടു ചേരുമ്പോൾ തീർത്ഥ യാത്രയും ഭവനത്തിൽ ഭക്തി നിറയുമ്പോൾ അത് ക്ഷേത്രമായിമാറും. ക്ഷതത്തിൽ നിന്നും ത്രാണനം ചെയ്യുന്നതാണ് ക്ഷേത്രം. മനസ്സിന്റേയും ശരീരത്തിന്റേയും ക്ഷതങ്ങൾ ഇല്ലാതാക്കേണ്ട സ്ഥലമാണ് ക്ഷേത്രം. ഭക്തിയിൽ നിറയുന്നവൻ ജീവിക്കുന്ന സ്ഥലങ്ങൾ ഒക്കെ ക്ഷേത്രങ്ങളായി മാറണം.

www.malankaralibrary.com



ഞാൻ വസിക്കുന്ന ആലയമാണ് നിങ്ങളുടെ ശരീരം എന്നൊക്കെ ക്രിസ്തു പറയുന്നത്; ഭക്തിയുടെ നേർക്കാഴ്ചയിൽ നില്ക്കുന്നവരോടാണ്. കുടുംബത്തിൽ ഭക്തിയുടെ ഉൾച്ചേരൽ ഇല്ലാതെ പോകുമ്പോൾ കാലഘട്ടത്തിന്റെ സങ്കടമായ തകർച്ചകൾ കുടുംബത്തിൽ ഉണ്ടാകും. കുടുംബത്തിന്റെ തകർച്ചകൾ ഇല്ലാതാകണമെങ്കിലും വിശാലതയുടെ വാതിലുകൾ അടയേണ്ടതായിട്ടുണ്ട്. അകലങ്ങളിൽ കണ്ണുടക്കുമ്പോൾ അടുത്തുള്ള കാഴ്ചകൾക്ക് അഴകില്ലാതെ പോകാം.

നവരത്നമാലിക ഭക്തിയുടെ ഒമ്പതുതരം ഭാവങ്ങൾ അവതരിപ്പിക്കുന്നുണ്ട്.

“ശ്രവണം കീർത്തനം വിഷ്ണു സ്മരണം
പാദസേവനം അർച്ചനം വന്ദനം ദാസ്യം
സഖ്യമാത്മനിവേദനം”

**ശ്രവണം:** തമ്പുരാന്റെ ശബ്ദം കേൾക്കുക, പ്രകൃതിയിൽ എവിടെയും ആ സ്വരം കേൾക്കാം; വേദത്തിൽ വ്യക്തമായും. ആവർത്തിച്ചുള്ള വേദവായന തമ്പുരാനോടുള്ള ഭക്തി വർദ്ധിപ്പിക്കും.

**കീർത്തനം:** നിരന്തരമായുള്ള പ്രാർത്ഥന, ഇടവിടാതെയുള്ള കീർത്തനം എന്നെ ദൈവവുമായി ബന്ധിപ്പിച്ചു നിർത്തും. ശ്വാസനിശ്വാസത്തോടൊപ്പം പ്രാർത്ഥന ഉയരുമ്പോൾ ക്രിസ്തുവിന്റെ കൈയിൽ നിന്നും കൈ ഊർന്നു പോകാതെ ഒന്നിച്ചു യാത്ര ചെയ്യാം.

**സ്മരണ:** വേദത്തിൽ നിന്നു വായിച്ചെടുത്തതിന്റെ ഓർമ്മ മായാതെ നിലനിർത്തുക.

**പാദസേവനം:** വായിച്ചെടുത്ത ക്രിസ്തുവിനെ ജീവിതത്തിൽ ആക്കുക. ക്ഷമിക്കുകയും കരുതുകയും എളിമയോടെ ശിഷ്യരുടെ പാദം കഴുകുകയും ചെയ്ത ക്രിസ്തു.

**അർച്ചന:** നിരന്തരമായ ആരാധന

**വന്ദനം:** തമ്പുരാന്റെ മുമ്പിൽ സാഷ്ടാംഗ പ്രണാമം, ഇതാ ഞാൻ കർത്താവിന്റെ ദാസി നിന്റെ ഇഷ്ടം പോലെ എന്നിൽ ഭവിക്കട്ടെ എന്ന് സമർപ്പിച്ച മാതാവിന്റെ സമർപ്പണം. ഇഴപിരിയാനാവാത്തവിധം എന്നെ ക്രിസ്തുവിനോടു ചേർത്തു നിർത്തും.

**ദാസ്യം:** തമ്പുരാനുള്ള സേവനം, ഈ ചെറിയവർക്കു ചെയ്യുന്നതൊക്കെ എനിക്കാണെന്നു ക്രിസ്തു പറയുമ്പോൾ,

www.malankaralibrary.com


കൂടെയുള്ളവർക്കും, മാറ്റിനിർത്തപ്പെട്ടവർക്കും ഒരേപോലെ ക്രിസ്തുവിന്റെ സാന്നിദ്ധ്യമായി ഞാൻ മാറുമ്പോൾ, തമ്പുരാനുള്ള സേവനമായി മാറും.

**സഖ്യം:** തമ്പുരാനുമായുള്ള സുഹൃത്ത്ബന്ധം, ഞാൻ ഇനിയും നിങ്ങളെ സ്നേഹിതന്മാരെന്നു വിളിക്കും എന്ന് യോഹന്നാൻ ശ്ലീഹായിലൂടെ ക്രിസ്തു പറയുന്നത് ഭക്തിയുടെ ഈ സഖ്യഭാവം ആണ്. ക്രിസ്തുവിനോളം വളർന്നവർക്ക് ക്രിസ്തുവിന്റെ സ്നേഹഭോജനത്തിൽ പന്തിയിലിരിക്കുവാനുള്ള ക്ഷണം.

**ആത്മനിവേദനം:** പരിപൂർണ്ണമായ ഒന്നാകൽ, ജീവൻ മുക്തൻ എന്നൊക്കെ ആർഷഭാരതം പഠിപ്പിക്കുന്ന, വെളിപാടു പുസ്തകത്തിൽ പറയുന്ന വാതിൽ തുറന്നാൽ ഞാനും അവനും ഒന്നിച്ച് ഭക്ഷിക്കും (വെളിപാട് 3:20) എന്നൊക്കെ പറയുന്ന മോക്ഷത്തിന്റെ അവസ്ഥ.

ദൈവത്തിന്റെ സ്വരം കേൾക്കുന്നതിൽ തുടങ്ങി മോക്ഷത്തിന്റെ കവാടത്തിൽ എത്തിനില്ക്കുന്ന ഭക്തിയുടെ വഴിത്താര; ഇതിൽ എവിടെയാണ് ഞാൻ എന്നു കണ്ടെത്തേണ്ടസമയമായി.

ക്രിസ്തു നടന്ന വഴികൾ നടന്നു തീർക്കണം എങ്കിൽ ഭക്തിയുടെ വഴിത്താര മിഴികളിൽ തെളിയണം. ഇത് നോമ്പുകാലത്തേക്ക് മാത്രം എന്നു കരുതുന്നതാണ് കാലഘട്ടത്തിന്റെ സങ്കടം. മുൾച്ചെടിയിൽ മുന്തിരിപ്പഴവും, ഞെരിഞ്ഞിലിൽ അത്തിപ്പഴവും ഉണ്ടാകില്ല. നല്ല വൃക്ഷം നല്ല ഫലവും, ചീത്തവൃക്ഷം ചീത്തഫലവും തരും. മരം നല്ലതാകണം. നല്ല മരം നട്ടുവളർത്തുകയാണ് പ്രധാനം. ഇത് നോമ്പുകാല ചിന്ത മാത്രമല്ല അവസാന ശ്വാസം വരെ ചേർത്തു പിടിക്കേണ്ട പുണ്യം. വെട്ടി തീയിൽ എറിയപ്പെടുവാനായി മാത്രം മരങ്ങൾ വളരാതിരിക്കട്ടെ. തമ്പുരാനിൽ അചഞ്ചല ഭക്തിയുള്ള മോക്ഷത്തിന്റെ വഴി തിരിച്ചറിഞ്ഞ നല്ല മരങ്ങളുടെ നല്ല ഫലങ്ങളായിത്തീരാം.

●

www.malankaralibrary.com

# 5. വഴി

"തോമസ് പറഞ്ഞു: കർത്താവേ, നീ എവിടേക്കു പോകുന്നു വെന്നു ഞങ്ങൾക്കറിഞ്ഞുകൂടാ. പിന്നെ വഴി ഞങ്ങൾ എങ്ങനെ അറിയും?" (യോഹ 14:5).

*തീർത്ഥാടകന്റെ ഭാണ്ഡത്തിനു ഘനം വർദ്ധിക്കുന്തോറും യാത്ര ദുഷ്കരമാകും. ഒരു വേള യാത്ര ഉപേക്ഷിക്കേണ്ടതായി വരും.*

യാത്രയുടെ അന്ത്യം മനസ്സിന്റെ മണിച്ചെപ്പിൽ നിറച്ചാർത്തായ വർക്കുള്ളതാണ് വഴിയേക്കുറിച്ചുള്ള ധ്യാനം. ലക്ഷ്യം മിഴിക്കോണുകളിൽ വരച്ചിടാത്തവർക്ക് ഏതു വഴിയും ഒരേ പോലെയാണ്. വാചാലമാകുന്നുണ്ട് വേദം വഴികളെക്കുറിച്ച്. വിശാലവഴിയുടെ വന്യതയും ഇടുങ്ങിയ വഴിയുടെ ഹൃദ്യതയും ക്രിസ്തു വേദത്തിൽ വരച്ചിടുന്നുണ്ട്. പിതാവിന്റെ അടുക്കലേക്കുള്ള വഴി അറിയാതെപോയ ഫരിസേയരെക്കുറിച്ച് യോഹന്നാൻ സുവിശേഷകൻ വിലപിക്കുന്നു (യോഹന്നാൻ 8:19). കൂടെ നടന്ന ശിഷ്യനായ തോമാശ്ലീഹാ പറയുന്നു നീ പോകുന്ന വഴി എനിക്കറിയില്ലാ എന്ന് (യോഹന്നാൻ 14:5). കൂടെ നടന്നവർക്കു പോലും പലപ്പോഴും മനസ്സിലാകാതെ പോയി ക്രിസ്തുവിന്റെ വഴികൾ. യഥാർത്ഥ ലക്ഷ്യത്തിൽ എത്തണമെങ്കിൽ ശരിയായ വഴി കണ്ടെത്തണം.

എവിടെയാണ് ഞാൻ എന്ന ബോദ്ധ്യമുള്ളവൻ മാത്രമേ ശരിയായ വഴി കണ്ടെത്തുകയുള്ളു. വഴി കണ്ടെത്താൻ നാവിഗേറ്റർ

www.malankaralibrary.com





ഉപയോഗിക്കുമ്പോൾ നിൽക്കുന്ന സ്ഥലം ഏതാണ് എന്ന് രേഖപ്പെടുത്തണം. തമ്പുരാന്റെ അടുത്തേയ്ക്കുള്ള വഴി കണ്ടെത്തണമെങ്കിൽ ഞാൻ എവിടെയാണെന്ന ചോദ്യത്തിന് ഉത്തരം കണ്ടെത്തണം. പുരാതനമായ ചോദ്യമാണ് ഇത്; ദൈവം ആദത്തോടു ചോദിച്ച ചോദ്യം. "ആദമേ നീ എവിടെയാണ്?" അറിവിന്റെ നിറകുടമായ ദൈവത്തിനു കാണാൻ പറ്റാത്തതുകൊണ്ടല്ല ഈ ചോദ്യം. ആദത്തിന്റെ ബോധത്തെ ഉണർത്തുകയാണ്. ദൈവത്തിൽ നിന്നും എത്ര അകലെയാണ് ആദം, വഴിതെറ്റി ദൂരെയായിപ്പോയി. തിരികെ നടക്കേണ്ടതുണ്ട് അകന്നുപോയ അത്രയും ദൂരം. ഈ ചോദ്യത്തിന്റെ ഉത്തരം ഓരോരുത്തരും കണ്ടെത്തേണ്ടതായുണ്ട്. ഞാൻ ദൈവത്തിൽ നിന്നും എത്ര അകലെയാണ്. എന്റെ തിരിച്ചു നടപ്പിന്റെ ദൂരം കുറയ്ക്കുവാനാണ് ക്രിസ്തു ഭൂമിയിലേക്ക് യാത്ര ചെയ്തത്. ഞാൻ നിൽക്കുന്ന സ്ഥലത്തുവന്ന് എന്നെ കൈപിടിച്ച് ലക്ഷ്യത്തിലേക്ക് നയിക്കാൻ. തമ്പുരാന്റെ കരത്തിൽ കരം ചേർക്കണമെങ്കിൽ ഞാൻ നില്ക്കുന്ന സ്ഥലത്തെക്കുറിച്ച് ബോദ്ധ്യം ഉണരണം; തമ്പുരാന്റെ അടുത്തേക്ക് കരങ്ങൾ നീട്ടണം.

ഓരോ വഴിയും നാം യാത്രക്കാരാണെന്നുള്ള ബോധം നമ്മിൽ ഉണർത്തും. വേറെ ഒരു രാജ്യത്തിലേക്ക് യാത്ര ചെയ്യുന്നവരാണ് എന്ന ബോദ്ധ്യം; ഈ ലോകത്തിന്റെ മായക്കാഴ്ചകളുടെ വർണ്ണപ്രപഞ്ചത്തിൽ

www.malankaralibrary.com



ഒതുങ്ങേണ്ടവരല്ല എന്ന ബോദ്ധ്യം. സ്വർഗത്തിലേക്കുള്ള തീർത്ഥാടന ത്തിലാണ് നാം; തീർത്ഥാടകൻ എല്ലാം പുറകിൽ ഉപേക്ഷിക്കേണ്ട വനാണ്. ആഴത്തിലേക്ക് വഴിനടത്തേണ്ട ചിന്ത, എന്തേ ഞാൻ എല്ലാം വാരിക്കൂട്ടാനായി ശരിയായ വഴിയിൽ നിന്നും മാറി നടക്കുന്നു. പണത്തിന്റെ മാസ്മരികതയിൽ തീർത്ഥാടനം മതിയാക്കി ഭൂമിയിൽ സ്ഥിരതാമസക്കാരനാകുന്നു. തീർത്ഥാടകന്റെ ഭാണ്ഡത്തിനു ഘനം വർദ്ധിക്കുന്തോറും യാത്ര ദുഷ്കരമാകും. ഒരു വേള യാത്ര ഉപേക്ഷിക്കേണ്ടതായി വരും. ആർഷഭാരത്തിന്റെ അടിസ്ഥാന ചിന്തയായ മായ, തീർത്ഥാടന സങ്കല്പത്തെ ബലപ്പെടുത്തുന്നതാണ്. മിഥ്യാബോധമാണ് എന്നെ ഈ ലോകത്തിന്റേതാണ് എന്ന് ചിന്തിപ്പിക്കുന്നത്. ലോകത്തിന്റെ സുഖങ്ങളിൽ മിഴി ഉടക്കിയാൽ തീർത്ഥാടനം ഉപേക്ഷിക്കേണ്ടതായി വരും.

ക്രിസ്തുവിന്റെ കരത്തിൽ കരം കോർത്ത് യാത്ര തുടങ്ങിയിട്ട് പാദങ്ങൾ ഇടറിപ്പോയവരും ലക്ഷ്യത്തിൽ എത്താതെ പോയിട്ടുണ്ട്. നിന്റെ നാമത്തിൽ ഭൂതങ്ങളെ പുറത്താക്കിയിട്ടുണ്ട്, പ്രവചിച്ചിട്ടുണ്ട് എന്നൊക്കെ അലമുറയിട്ടവരോട് (മത്തായി 7:22-23) ക്രിസ്തുപറയുന്നു ഞാൻ നിങ്ങളെ അറിഞ്ഞിട്ടില്ലാ എന്ന്. യാത്രയിൽ ഒരിടത്തുപോലും ക്രിസ്തുവിന്റെ സഹയാത്രികരായിരുന്നില്ല അവർ. അത്ഭുതങ്ങളുടെ തേരിലായിരുന്നു അവരുടെ യാത്ര, പ്രവചനങ്ങൾ ഒക്കെ മറ്റുള്ളവരെ കുറിച്ചായിരുന്നു. ഉള്ളിന്റെ ഉള്ളിലേക്ക് നോക്കാൻ സമയം കിട്ടാതെ പോയവർ. സാവൂൾ എന്ന യുവാവ് പൗലോസ് ആകുന്നതുവരെ നടന്നവഴി അതായിരുന്നു. ദമാസ്കസിന്റെ പടിവാതിൽക്കൽവച്ച് ക്രിസ്തുവിനെ മുഖാമുഖം കണ്ടപ്പോൾ ഉയരങ്ങളിൽ നിന്ന് ബോദ്ധ്യങ്ങളുടെ തിരയിളക്കം ഉണ്ടായി. ഇന്നുവരെ നടന്ന വഴി മരണത്തിന്റേതായിരുന്നു എന്ന ഉൾവെളിച്ചം. ദൈവത്തിനു വേണ്ടി തുടങ്ങിയ യാത്ര ഇടറിപ്പോയി. അത്ഭുതങ്ങളുടെ വെളിച്ചത്തിൽ നിനക്ക് വഴിതെറ്റാം, ക്രിസ്തുവിന്റെ മുറിപ്പാടിൽ നോക്കി നടന്നാൽ അവന്റെ ചോരയിറ്റുവീണ നടപ്പാതകൾ കാണാം; ലക്ഷ്യത്തിൽ അതുനിന്നെ എത്തിക്കും.

ഇവിടെയാണ് ക്രിസ്തുവിന്റെ ഇടുങ്ങിയ വാതിലിന്റെ മനോഹാരിത ദൃശ്യമാകുന്നത്. തിരഞ്ഞെടുപ്പിന്റെ ഒരു വിശാല വാതിൽ മുന്നിൽ തുറന്നുകിടപ്പുണ്ട്. മതങ്ങളിൽ നിന്ന് ഒരു മതം തിരഞ്ഞെടുക്കാം, ഭാര്യയേയോ, ഭർത്താവിനെയോ തിരഞ്ഞെടുക്കാം, വിവാഹം കഴിക്കാം, കഴിക്കാതിരിക്കാം, ഇഷ്ടപ്പെട്ട ഭക്ഷണം

www.malankaralibrary.com



തിരഞ്ഞെടുക്കാം. തിരഞ്ഞെടുപ്പ് സാദ്ധ്യമല്ലാത്ത ഒരു കാര്യം ഉണ്ട്. ജീവനിലേക്ക് നയിക്കുന്ന വഴി, ഇതിനുവേറെ ചോയിസുകൾ ഒന്നും ഇല്ല, ക്രിസ്തു പറയുന്ന ഇടുങ്ങിയ വഴി അല്ലാതെ. ഇടുങ്ങിയ വഴിയിലൂടെ നടന്ന ഗുരുക്കന്മാരുടെ ദേഹമാസകലം മുറിപ്പാടുകൾ കാണാം. വഴി വിശാലമല്ലാത്തതുകൊണ്ട് മുറിയപ്പെട്ടതാണ്. കുരിശിൽനിന്ന് ഒഴുകുന്ന രക്തവും വ്യത്യസ്തമല്ല, ഇടുങ്ങിയ വാതിലിന്റെ സമ്മാനമാണ്. ദൈവത്തിന്റെ പുത്രൻ അല്ലാ എന്നു സമ്മതിച്ചു കൊടുത്താൽ, പ്രലോഭകൻ വച്ചു നീട്ടിയ സമൃദ്ധിയുടെ വിശാലവാതിൽ ക്രിസ്തുവിന്റെ മുൻപിൽ തുറന്നു കിടപ്പുണ്ടായിരുന്നു. എന്നെ നമസ്കരിച്ചാൽ ലോകവും അതിലുള്ളതു മുഴുവനും എന്ന പിശാചിന്റെ ഉറപ്പ്. ക്രിസ്തു അതിനു മുഖം തിരിച്ചു; ഇടുങ്ങിയ വാതിലിലൂടെയുള്ള തന്റെ യാത്ര അഭംഗുരം തുടർന്നു. എന്റെ മനസും ശരീരവും മുറിയപ്പെടുന്നില്ലാ എങ്കിൽ ഉറപ്പിക്കാം ഞാൻ വിശാല വഴിയിലൂടെയാണ് യാത്ര തുടരുന്നത്.

അധികാരികളിൽ നിന്നും അധികാര പത്രം വാങ്ങി ദമാസ്കസി ലേക്ക് പോകുന്ന സാവൂൾ അധികാരത്തിന്റെ സുഖസുഷ്പ്തിയി ലാണ്. എല്ലാ സുഖങ്ങളും അധികാരങ്ങളും ആസ്വദിക്കുന്ന വിശാല മായ വഴിയിലൂടെയാണ് യാത്ര. ഒരു ഘട്ടത്തിൽ യാത്രയുടെ ഗതിമാറ്റി അന്നു മുതൽ മാനസികമായും ശാരീരികമായും ക്ലേശങ്ങളുടെ ഘോഷയാത്രയാണ് അവന്റെ ജീവിതത്തിൽ. വിശാലതയുടെ നേട്ട ങ്ങൾ ഇപ്പോൾ അവന് ചപ്പും ചവറുമാണ്. കാഴ്ചപ്പാടിന്റെ വ്യത്യാസ മാണ്; ചോര പൊടിയുമ്പോഴും തടവറയിൽ കൈ അടിച്ച് ദൈവത്തെ സ്തുതിക്കാൻ കഴിയുക പൗലോസിനെപ്പോലെ ഇടുങ്ങിയ വഴിയുടെ സഹയാത്രികർക്ക് മാത്രമാണ്. നാം നടന്ന വഴികൾ ഇടുങ്ങിയ താണോ? വിശാലമാണോ? ശരീരത്തിലും മനസ്സിലും ചോര പൊടിയു മ്പോൾ അതുമാറ്റാനായി ധ്യാനഗുരുക്കന്മാരേയും, സൗഖ്യദായക രേയും തേടി അലയുന്നവരോടാണ് ചോദ്യം. ചോദിക്കുന്നത് എല്ലാം കിട്ടിയില്ലാ എങ്കിൽ വെളിച്ചത്തിന് പുറം തിരിഞ്ഞു നടക്കുന്നവൻ ഏതു വഴിയിലാണ്, ഇടുങ്ങിയതോ? വിശാലമോ? മാതാവിന്റെ കൈപിടിച്ച് ജപമാല ചൊല്ലി ക്രിസ്തുവിനെത്തേടി നടന്ന ഒരമ്മ, ഒരിക്കൽ തന്റെ കുഞ്ഞിന്റെ അസുഖം മാറിയത് വേറൊരു സഭയിലെ ആൾ പ്രാർത്ഥി ച്ചതുകൊണ്ടെന്നു പറഞ്ഞ് സഭ വിട്ടുപോയത്. സ്വാർത്ഥതയ്ക്കും ധനത്തിനും, സുഖത്തിനും വേണ്ടിമാത്രം ദൈവത്തെ തേടുന്നവരുടെ

www.malankaralibrary.com



പ്രതിനിധി. ഇടുങ്ങിയ വഴിയിലെ യാത്രകൾ ആസ്വദിക്കുവാൻ സാധിക്കാതെ പോയവർ. ജീവനിലേക്ക് പ്രവേശിക്കണം എങ്കിൽ ഒരേ ഒരു വഴിയേയുള്ള ഇടുങ്ങിയ വാതിൽ.

പഴയനിയമത്തിന്റെ ചുരുൾ നിവരുമ്പോൾ ദൈവത്തിന്റെ വഴിയേ നടന്നുപോയ മോശയുടെ ചിത്രം കാണാം. വഴിയേക്കുറിച്ച് ധ്യാനിക്കുന്നവർക്ക് മനസ്സിലാകുന്ന ചിത്രം. അങ്ങ് എന്നിൽ സംപ്രീതനാണെങ്കിൽ അങ്ങയുടെ വഴികൾ എനിക്കു കാണിച്ചുതരുക. അങ്ങനെ, ഞാൻ അങ്ങയെ അറിയുകയും പ്രീതിപ്പെടുത്തുകയും ചെയ്യട്ടെ (പുറപ്പാട് 33:13). പാലും തേനും ഒഴുകുന്ന നാട്ടിലേക്കുള്ള യാത്രക്കിടയിൽ അശനിപാതം പോലെ ദൈവത്തിന്റെ അരുളപ്പാട് ഞാൻ ഇനി നിങ്ങളോടു കൂടെ വരുന്നില്ല. കാലഘട്ടത്തിൽ ദൈവം ഇല്ലാത്ത യാത്രകൾ പെരുകുമ്പോൾ; വഴിതേടുന്നവർ ഒക്കെ ഉരുക്കഴിക്കേണ്ട പ്രാർത്ഥനയാണ് മോശ പ്രാർത്ഥിച്ചത് നിന്റെ വഴി എന്നെ പഠിപ്പിക്കണമേ. ശിഷ്യന്മാരെ പ്രാർത്ഥിക്കാൻ പഠിപ്പിക്കുമ്പോൾ ക്രിസ്തു പഠിപ്പിക്കുന്നതും ഇതുതന്നെയാണ്. നിന്റെ രാജ്യം വരേണമേ, നിന്റെ രാജ്യത്തിലേക്ക് നടക്കാൻ വഴികാട്ടിത്തരണമേ എന്ന പ്രാർത്ഥന. ഈ പ്രാർത്ഥനയുടെ ഉത്തരമാണ് തമ്പുരാൻ മോശയ്ക്കു കൊടുക്കുന്നത് കർത്താവു പറഞ്ഞു, ഞാൻ തന്നെ നിന്നോടു കൂടെ വരുകയും നിനക്ക് ആശ്വാസം നല്കുകയും ചെയ്യും (പുറപ്പാട് 33: 14). വഴിതേടുന്നവരുടെ മിഴിക്കുമുൻപിൽ ക്രിസ്തുവിനു വരാതിരിക്കാനാവില്ല. ഞാൻ തീർത്ഥാടകനാണെങ്കിൽ തമ്പുരാന്റെ കൈ പിടിയ്ക്കാതെ നടക്കാനാവില്ല.

ഭഗവത്ഗീതയിൽ വിശാലവാതിൽ നരകത്തിന്റ ദ്വാരം ആയി ചിത്രീകരിക്കുന്നു. ആരാണ് വിശാല വാതിലിലൂടെ നരകത്തിലേക്ക് നടക്കുന്നത് എന്നും ഗീത പഠിപ്പിക്കുന്നു.

> "ത്രിവിധം നരകസ്യേദം ദ്വാരം നാശനമാത്മനഃ
> കാമ ക്രോധസ്തഥാ ലോഭസ്തസ്മാദേതത്ത്രയം ത്യജേൽ"
> (ഗീത16 : 21)

ഒരുവനെ നരകത്തിന്റെ വാതിലിൽ എത്തിക്കുന്ന മൂന്നുകാര്യങ്ങളാണ് കാമം, ക്രോധം, ലോഭം ഇതു ത്യജിക്കാത്തവന് സ്വർഗ്ഗപ്രാപ്തി ഇല്ലാ എന്ന് ഗീത പറഞ്ഞു വയ്ക്കുന്നു. വിശാല വാതിലിലേക്ക്

www.malankaralibrary.com


ആളുകൾ ആകർഷിക്കപ്പെടുന്നത് ഈ മൂന്നുകാര്യങ്ങൾ കൊണ്ടാണ്. മോക്ഷം പ്രാപിക്കണമെങ്കിൽ ഇടുങ്ങിയ വാതിലിലൂടെ നടന്നേ മതിയാവു. അത് തമ്പുരാന്റെ കൈ പിടിച്ചുള്ള യാത്രയാണ്. മോശയോടു ദൈവം പറയുന്നതും അതാണ് ഞാൻ നിന്നോടുകൂടെ വരും. മോക്ഷത്തിന് ഗീത പറഞ്ഞവയ്ക്കുന്നതും അതാണ്.

"സർവ്വ ധർമ്മാൻ പരിത്യജ്യ മാമേകം ശരണം വൃജ
അഹം ത്വാസർവ്വപാവേഭ്യേ മോക്ഷയിഷ്യാമി മാശുചഃ"
(ഗീത 18:66)

മറ്റെല്ലാക്കാര്യങ്ങളും മാറ്റിവച്ച് എന്നെതന്നെ ശരണം പ്രാപിക്കുന്നവന് മോക്ഷം എന്നാണ് ഭഗവാൻ പറയുന്നത്. ജീവന്റെ വഴിയിലൂടെ പ്രയാണം ആരംഭിച്ചവൻ കാഴ്ചപ്പാടുകളിൽ വ്യത്യസ്തനാകും. അങ്ങു ഞങ്ങളോടൊത്തു യാത്ര ചെയ്യുമെങ്കിൽ, ഞാനും അങ്ങയുടെ ജനവും ഭൂമുഖത്തുള്ള എല്ലാ ജനതകളിൽ നിന്നു വ്യത്യസ്തരായിരിക്കും (പുറപ്പാട് 33:16) ക്രിസ്തുവിന്റെ രക്തം വീണ വഴിയിലൂടെ നടക്കുന്നവരുടെ ഭാഷയും, വേഷവും, ഭക്ഷണവും വ്യത്യസ്തമാണ്; സ്നാപകനിൽ അത് വ്യക്തമായി കാണാം. കാഴ്ചയും കാഴ്ചപ്പാടും വ്യത്യസ്തമായിരിക്കും. ഏഴ് എഴുപതു വട്ടം ക്ഷമിക്കണമെന്ന ക്രിസ്തു വചനം വെളിപ്പെട്ടുവരുന്നത് ഇക്കൂട്ടർക്കാണ്. മുഖം മൂടികൾ ഇല്ലാത്ത നല്ല സമരിയാക്കാരന്റെ വേഷവും ഇവർക്കുള്ള താണ്. ചിന്തയും, സംസാരവും, പ്രവൃത്തിയും ക്രിസ്തുവിൽ നിന്ന് വ്യത്യസ്തനായവൻ ക്രിസ്തുവിന്റെ സഹയാത്രികൻ ആകില്ല.

വഴിയെക്കുറിച്ച് ക്രിസ്തുവിന്റെ അവസാന വാക്ക് ഇതാണ്. വഴിയും സത്യവും ജീവനും ഞാനാണ് എന്നിലൂടെയല്ലാതെ ആരും പിതാവിന്റെ അടുക്കലേക്ക് വരുന്നില്ല (യോഹന്നാൻ 14: 6) നടക്കേണ്ടതും അവനിലൂടെ എത്തേണ്ടതും അവനിലേക്ക്. മാർഗ്ഗവും ലക്ഷ്യവും ഒന്നാകുന്നു. ക്രിസ്തുവിന്റെ കൈപിടിച്ച് ക്രിസ്തുവാകുന്ന വഴിയിലൂടെ ക്രിസ്തുവിൽ ജീവൻ കണ്ടെത്തണം.

●

 www.malankaralibrary.com

# 6. വാക്ക്

*അന്യനു ഭയത്തെ ഉണ്ടാക്കാത്തതും സത്യമായതും പ്രിയമായതും ഹിതമായിരിക്കുന്നതുമായ വാക്ക് ഏതോ അത് വാക്കുകൊണ്ട് ചെയ്യപ്പെടുന്ന തപസ്സെന്നു പറയുന്നു.*

"വ്യാജമായി ആണയിടരുത്, കർത്താവിനോടു ചെയ്ത ശപഥം നിറവേറ്റണം എന്നു പൂർവികരോടു കൽപിച്ചിട്ടുള്ളതായി നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. എന്നാൽ, ഞാൻ നിങ്ങളോടു പറയുന്നു: ആണയിടുകയേ അരുത്. സ്വർഗത്തെക്കൊണ്ട് ആണയിടരുത്; അതു ദൈവത്തിന്റെ സിംഹാസനമാണ്. ഭൂമിയെക്കൊണ്ടും അരുത്, അത് അവിടുത്തെ പാദപീഠമാണ്. ജറുസലെമിനെക്കൊണ്ടും അരുത്, അത് മഹാരാജാവിന്റെ നഗരമാണ്. നിന്റെ ശിരസ്സിനെക്കൊണ്ടും ആണയിടരുത്; അതിലെ ഒരു മുടിയിഴ വെളുപ്പിക്കാനോ കറുപ്പിക്കാനോ നിനക്കു സാധിക്കുകയില്ല. നിങ്ങളുടെ വാക്ക് അതേ, അതേ എന്നോ അല്ല, അല്ല എന്നോ ആയിരിക്കട്ടെ. ഇതിനപ്പുറമുള്ളതു ദുഷ്ടനിൽനിന്നു വരുന്നു" (മത്തായി 5:33-37).

പഴയനിയമത്തിന്റെ പുതിയ ഉൾക്കാഴ്ച ക്രിസ്തു ഇവിടെ അവതരിപ്പിക്കുകയാണ്. വ്യാജമായി ആണയിടരുത് എന്ന പഴയമൊഴി ആണയിടുകയേ അരുത് എന്ന പുതിയ കാഴ്ച്ചപ്പാടിലേക്ക് ക്രിസ്തുമൊഴി മാറ്റം നടത്തുന്നു. നോമ്പിന്റെ ചിന്തകൾക്ക് ചാരുത പകരുന്ന വേറിട്ട ചിന്ത.

www.malankaralibrary.com




ആണയിടാം എന്നാൽ കരുതിക്കൂട്ടി ദൈവത്തെയോ മനുഷ്യനെയോ ചതിക്കാനായുള്ള വ്യാജ ആണയിടൽ പഴയനിയമം വിലക്കുന്നു. പുതിയ കാലം, അത് ക്രിസ്തുവിന്റെ കാലമാണ്. സ്നേഹത്തിന്റെ പൂവിതളുകൾ കൊണ്ട് പണിയപ്പെട്ട, അനുതപിക്കുന്ന കള്ളനുകൂടെ അവകാശപ്പെട്ട രാജ്യം, പുതിയ പറുദീസ. ഇവിടെ കണ്ണിനു പകരം കണ്ണെന്നോ, പല്ലിനു പകരം പല്ലെന്നോ ഉള്ള വെറുപ്പിന്റെ നിയമം ഇല്ല. ഒരു കരണത്തടിക്കുന്നവനെ മറ്റേ കരണം കൂടെ കാട്ടികൊടുക്കുന്ന, ഒരു മൈൽ ദൂരം നടക്കാൻ ക്ഷണിക്കുന്നവനൊപ്പം രണ്ടു മൈൽ ദൂരം കൂട്ടുപോകുന്ന സ്നേഹത്തിന്റെ രാജ്യം.

ഭൂമിയെന്ന മഹാക്ഷേത്ര സങ്കല്പം ക്രിസ്തു വരച്ചിടുന്നുണ്ടിവിടെ. സ്വർഗത്തെകൊണ്ട് ആണയിടരുത് അത് ദൈവത്തിന്റെ സിംഹാസനമാണ്. സിംഹാസനത്തിന്റെ പാദം ഉറപ്പിച്ചിരിക്കുന്നത് ഭൂമിയിലാണ്. അതുകൊണ്ട് ഭൂമിയേക്കൊണ്ടും ആണയിടരുത്. ഒരേ പോലെ ദൈവത്തിന്റെ രാജ്യമാണ് ഭൂമിയും സ്വർഗ്ഗവും. രണ്ടും സ്നേഹത്തിന്റെ നിയമത്തിൽ പടുത്തുയർത്തേണ്ടതാണ്. ധർമ്മം രണ്ടിടത്തും ഒരേപോലെ ആയിരിക്കണം നിന്റെ സ്വർഗ്ഗം നിന്റെ

www.malankaralibrary.com



ഭൂമികയിൽ അടിസ്ഥാനപ്പെട്ടതാണ്. ഭൂമിയിൽ ഒരു നിയമവും സ്വർഗത്തിൽ വേറൊരു നിയമവുമാണെന്ന് തെറ്റിദ്ധരിക്കരുത്. നിന്റെ സങ്കല്പത്തിൽ സ്വർഗ്ഗം വിരിയണമെങ്കിൽ അവിടുത്തെ നിയമങ്ങൾ നിന്റെ ജീവിതത്തിൽ ഇതൾ വിരിയണം. സ്വർഗ്ഗത്തിന്റെ മുൻ ആസ്വാദനം ആയ നോമ്പ് പ്രസക്തമാകുന്നത് ഇവിടെയാണ്.

വ്യാജ ആണയിടൽ അധർമ്മമാണ് ഏതു വേദത്തിലും. അധാർമ്മികത ദൈവരാജ്യത്തിന്റെ നീതിയുമല്ല. വ്യാജ ആണയിടുന്നവൻ അതിനാൽ തന്നെ ദൈവരാജ്യത്തിന്റെ പടിക്കു പുറത്താണ്. വാക്കിന്റെ മഹാലോകത്തേക്കാണ് ഈ വേദഭാഗം വിരൽ ചൂണ്ടുന്നത്. വാക്ക് മന്ത്രമാണ്. സൃഷ്ടിയും, സ്ഥിതിയും സംഹാരവും വാക്കിന്റെ ബലത്തിലാണ് നടമാടുന്നത്. വാക്കിനു സൃഷ്ടിക്കാനും സംഹരിക്കാനും കഴിയും. ഉണ്ടാകട്ടെ എന്ന വാക്കുകൊണ്ട് ഭൂമിയും അതിലുള്ളതെല്ലാം സൃഷ്ടിച്ച ഉല്പത്തിയുടെ പുസ്തകത്തിലൂടെ യാണ് ബൈബിൾ ചുരുൾ നിവരുന്നത്. നിങ്ങളുടെ വാക്ക് അതേ അതേ എന്നോ അല്ല, അല്ല എന്നോ ആയിരിക്കട്ടെ ഇതിനപ്പുറമുള്ളതു ദുഷ്ടനിൽനിന്നും വരുന്നു (മത്തായി 5:37). ജീവൻ കൊടുക്കാത്ത എല്ലാ വാക്കുകളും മരണത്തിന്റെ വാതിൽ തുറക്കുന്നതാണ്. നോമ്പിലെ മൗനവും ധ്യാനവും ജീവൻ വാക്കിലേക്ക് ആവാഹിച്ചെടുക്കുവാനാണ്.

യോഹന്നാന്റെ സുവിശേഷത്തിലേക്ക് വരുമ്പോൾ വാക്കിന്റെ അർത്ഥം ഗൗരവതരമായി മാറുന്നത് കാണുവാൻ സാധിക്കും. ആദിയിൽ വചനമുണ്ടായിരുന്നു. വചനം ദൈവത്തോടു കൂടെയായിരുന്നു; വചനം ദൈവമായിരുന്നു. അവൻ ആദിയിൽ ദൈവത്തോടു കൂടെയായിരുന്നു. സമസ്തവും അവനിലൂടെ ഉണ്ടായി; ഒന്നും അവനെക്കൂടാതെ ഉണ്ടായിട്ടില്ല. അവനിൽ ജീവനുണ്ടായിരുന്നു ആ ജീവൻ മനുഷ്യരുടെ വെളിച്ചമായിരുന്നു. ആ വെളിച്ചം ഇരുളിൽ പ്രകാശിക്കുന്നു; അതിനെ കീഴടക്കാൻ ഇരുളിനു കഴിഞ്ഞില്ല (യോഹന്നാൻ 1:1-5). ഇവിടെ വാക്ക് ദൈവമായി രൂപം മാറുന്നു. സൃഷ്ടികൾക്കുമുമ്പേ ഉള്ളതാണ് വാക്ക്. വചനം ദൈവമായിരുന്നു ഇവിടെയാണ് വാക്കിന്റെ പ്രസക്തി. എന്റെ വായിൽ നിന്നുവരുന്ന വാക്കുകൾ ഇതേ ജീവൻ തുടിക്കുന്നതായിരിക്കണം. എന്റെ അടുത്തു നില്ക്കുന്നവരിലേക്ക് ഈ ജീവൻ പ്രവഹിപ്പിക്കുവാൻ എനിക്ക് സാധിക്കണം. എന്റെ ഉള്ളിൽ വാക്കാകുന്ന തമ്പുരാൻ നിറഞ്ഞു

www.malankaralibrary.com



നിന്നെങ്കിലെ നാവിലൂടെ പുറത്തേക്ക് വരുമ്പോൾ അത് ജീവന്റെ കവിഞ്ഞൊഴുക്കായി മാറുകയുള്ളൂ. ആർഷഭാരത സംസ്കാരത്തിൽ വാക്കുകളുടെ ഒഴുക്ക് സരസ്വതി വിളയാട്ടം ആണ്. വാക്ക് ദേവി സങ്കല്പ്പമായി മാറുന്നു.

**വാക്ക് സൃഷ്ടിക്കുന്നതാണ്**

ഉല്പത്തിയുടെ ഒന്നാം അദ്ധ്യായം മുഴുവനും വാക്കുകൊണ്ടുള്ള സൃഷ്ടികർമ്മമാണ്. ഉണ്ടാകട്ടെ എന്നു പറയുന്നു; ജീവജാലങ്ങളും പ്രകൃതിയും ഉണ്ടായി വരുന്നു. സങ്കീർത്തകൻ അത് ഒന്നുകൂടെ ഉറപ്പിക്കുന്നു. കർത്താവിന്റെ വചനത്താൽ ആകാശം നിർമ്മിക്കപ്പെട്ടു; അവിടത്തെ കൽപനയാൽ ആകാശഗോളവും (സങ്കീർത്തനങ്ങൾ 33:6) വാക്ക് സകലതും സൃഷ്ടിക്കുവാൻ കഴിവുള്ളതാണ്. എല്ലാം സൃഷ്ടിക്കപ്പെട്ടത് വാക്കുകൊണ്ടാണ്. നോമ്പിലെ ചോദ്യം ഒന്നേയുള്ളൂ; എന്റെ വാക്ക് സൃഷ്ടിപരതയുള്ളതാണോ? ചോദ്യം ആഴത്തിലേക്ക് എറിയപ്പെടേണ്ടതാണ്. എന്റെ ഓരോ വാക്കും ഉരകല്ലിൽ ഉരച്ചുനോക്കേണ്ടതായിവരും. സൃഷ്ടിപരമല്ലാത്തതായ ഓരോ വാക്കും നാശത്തിന്റെ ശവക്കുഴികൾ തുറക്കുന്നതാണ്. പൗലോസ് ശ്ലീഹാ റോമാക്കാർക്ക് എഴുതുമ്പോൾ ഇത് നമ്മെ ഓർമ്മിപ്പിക്കുന്നുണ്ട്. അവരുടെ തൊണ്ട തുറന്ന ശവക്കുഴിയാണ്. അവർ തങ്ങളുടെ നാവ് വഞ്ചനയ്ക്ക് ഉപയോഗിക്കുന്നു. അവരുടെ അധരങ്ങളുടെ ചുവട്ടിൽ സർപ്പവിഷമുണ്ട് (റോമ. 3:13). വാക്ക് ജീവൻ പ്രദാനം ചെയ്യുന്നില്ല എങ്കിൽ അത് സർപ്പവിഷത്തിനു തുല്യമായ മാരകവിഷം വമിപ്പിക്കുന്നതായി തീരും. വാക്ക് ജീവനാകണമോ അതോ മരണമാകണമോ എന്ന് തീരുമാനിക്കേണ്ടത് ഞാനാണ്.

ജീവൻ പ്രദാനം ചെയ്യുന്ന വാക്ക് ഒരു തപസ്സാണ്. ഭഗവത്ഗീത അതിനെ വാങ്മയതപസ്സെന്നു പറയുന്നു.

> അനുദ്വേഗകരം വാക്യം സത്യം പ്രിയഹിതം ചയൽ
> സ്വാധ്യായാഭ്യസനം ചൈവ വാങ്മയം തപ ഉച്യതേ.
> (ഗീത 17:15)

അന്യനു ഭയത്തെ ഉണ്ടാക്കാത്തതും സത്യമായതും പ്രിയമായതും ഹിതമായിരിക്കുന്നതുമായ വാക്ക് ഏതോ അത് വാക്കുകൊണ്ട് ചെയ്യപ്പെടുന്ന തപസ്സെന്നു പറയുന്നു. വാക്ക് തപസ്സായി മാറുന്നു; ഋഷിമാർ വർഷങ്ങളോളം ആരണ്യകത്തിൽ സ്ഫുടം

www.malankaralibrary.com


ചെയ്തെടുത്ത ജീവിതത്തിനു തുല്യമാകണം നമ്മുടെ വാക്കുകൾ എന്ന് ഭഗവത്ഗീത നമ്മെ ഓർമ്മിപ്പിക്കുന്നു. നിന്റെ അയൽക്കാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കണം എന്നൊക്കെ ക്രിസ്തു പഠിപ്പിച്ചത് തപസ്സിന്റെ ബലത്തിലാണ്. വാങ്മയതപസ്സിൽ ബല പ്പെടുത്തിയ ജീവിതങ്ങൾക്ക് ഗോസിപ്പുകൾ പറഞ്ഞു പരത്താനാവില്ല. സത്യമായതും പ്രിയമായതും മാത്രമേ സംസാരിക്കുവാൻ സാധിക്കൂ. തപസ്സിൽ ബലപ്പെടുത്തിയതാണോ എന്റെ വാക്കുകൾ എന്ന് നോമ്പിൽ വിചിന്തനം നടത്തണം.

തപസ്സിൽ ബലപ്പെടാത്ത വാക്കുള്ളവന്റെ ഭക്തി വ്യർത്ഥ മാണെന്ന് യാക്കോബ് ശ്ലീഹായും ഓർമ്മപ്പെടുത്തുന്നു. താൻ ദൈവഭക്തനാണെന്ന് ഒരുവൻ വിചാരിക്കുകയും തന്റെ നാവിനെ നിയന്ത്രിക്കാതെ ഹൃദയത്തെ വഞ്ചിക്കുകയും ചെയ്താൽ അവന്റെ ഭക്തി വ്യർഥമത്രേ (യാക്കോബ് 1:26).

മൂന്നാം അദ്ധ്യായത്തിൽ കുറേക്കൂടെ ആഴപ്പെടുന്നുണ്ട് ഈ ചിന്ത. അനുഗ്രഹവും ശാപവും ഒരേ വായിൽ നിന്ന് ഉണ്ടാകാൻ പാടില്ല എന്ന് ശ്ലീഹാ ഓർമ്മപ്പെടുത്തുന്നു വീണ്ടും പറയുന്നു. അത്തിവൃക്ഷത്തിനു ഒലിവുഫലങ്ങളോ, മുന്തിരിവള്ളിക്ക് അത്തിപ്പഴങ്ങളോ പുറപ്പെടുവി ക്കാൻ കഴിയുമോ? ഉപ്പിനുവെള്ളത്തെ മധുരീകരിക്കാനാകുമോ? (യാക്കോബ് 3:12). മധുരം എന്റെ ഉള്ളിൽ നിറഞ്ഞെങ്കിലെ മധുരമായ വാക്കുകൾ എന്നിൽ നിന്നും പുറത്തുവരൂ. നോമ്പിലെ തപസ്സുകൾ മധുരം എന്റെ ഉള്ളിൽ നിറയ്ക്കുവാനാണ്.

**വാക്ക് സൗഖ്യമാക്കുന്നതാണ്**

വേദം മുഴുവൻ പരിശോധിച്ചാൽ തമ്പുരാന്റെ വാക്ക് മനുഷ്യനിലും പ്രകൃതിയിലും സൗഖ്യമായി ഇറങ്ങിവരുന്നത് കാണാം. ദൈവത്തിന്റെ മക്കൾ എന്ന് അവകാശപ്പെടുന്ന യഹൂദരുടെ അതിരുകൾക്കപ്പുറത്ത് ഒരു ശതാധിപൻ പറയുന്നു. ദൈവത്തിന്റെ വാക്ക് സൗഖ്യമാണെന്ന്. അപ്പോൾ ശതാധിപൻ പ്രതിവചിച്ചു: കർത്താവേ, നീ എന്റെ ഭവനത്തിൽ പ്രവേശിക്കാൻ ഞാൻ യോഗ്യനല്ല. നീ ഒരു വാക്ക് ഉച്ചരിച്ചാൽ മതി, എന്റെ ഭൃത്യൻ സുഖപ്പെടും (മത്തായി 8:8) വാക്ക് സൗഖ്യമാക്കുന്ന ദൈവമായി രൂപാന്തരപ്പെടുന്നു. എന്നിട്ടും എന്തേ എന്റെ വാക്കുകൾ സൗഖ്യദായകമാകുന്നില്ല. എന്റെ സഹോദരരും എന്റെ ദേശവും എന്റെ വാക്കുകൊണ്ട് സൗഖ്യപ്പെടു

www.malankaralibrary.com



ന്നില്ല. കാരണം ഒന്നേ ഉള്ളൂ ഞാൻ ജീവിക്കുന്നത് ദൈവത്തിന്റെ നാവിൽ നിന്നു പുറപ്പെടുന്ന വാക്കുകൊണ്ടല്ല.

പ്രലോഭനങ്ങളെ ക്രിസ്തു അതിജീവിച്ചത് ദൈവത്തിന്റെ വാക്കുകൾ ആഹാരമായിരുന്നതു കൊണ്ടാണ്. "അവൻ പ്രതിവചിച്ചു: മനുഷ്യൻ അപ്പം കൊണ്ടു മാത്രമല്ല, ദൈവത്തിന്റെ നാവിൽ നിന്ന് പുറപ്പെടുന്ന ഓരോ വാക്കുകൊണ്ടുമാണ് ജീവിക്കുന്നത് എന്ന് എഴുതപ്പെട്ടിരിക്കുന്നു" (മത്തായി 4:4). ദൈവത്തിന്റെ വാക്കിൽ നിന്നും ആവാഹിച്ചെടുത്ത ജീവനാണ് ക്രിസ്തു സൗഖ്യമായി അനേകരിലേക്ക് പകർന്നത്. നോമ്പിൽ നാം ആവാഹിച്ചെടുക്കേണ്ടത് ഈ വാക്കിന്റെ ജീവനാണ് അത് സൗഖ്യമായി എന്നിലേക്കും മറ്റുള്ളവരിലേക്കും ഒഴുകിയെത്തും.

സങ്കീർത്തകൻ സൗഖ്യദായകമായ വാക്കിനെക്കുറിച്ച് വാചാലനാകുന്നുണ്ട്. അവിടുന്ന് തന്റെ വചനം അയച്ച് അവരെ സൗഖ്യമാക്കി (സങ്കീർത്തനം 107:20) സ്വന്തം ജീവിതത്തിൽ കാണിച്ചതു മാത്രം ശിഷ്യരെ പഠിപ്പിച്ച ഗുരുവിന്റെ വാക്കുകൾക്ക് മൂർച്ചയേറും. അത് അസ്ഥികളെ തുളച്ചുകയറി സൗഖ്യത്തിന്റെ ലേപനം നിറയ്ക്കുന്നതാണ്. നോമ്പിൽ ഞാൻ ക്രിസ്തുവിന്റെ വഴിയിലൂടെയാണ് നടക്കുന്നതെങ്കിൽ സൗഖ്യത്തിന്റെ പ്രവാചകനാകാതെ തരമില്ല. തൈത്തരിയോപനിഷത്തിൽ വാക്ക് തേൻ പോലെ മധുരിക്കുന്നതാകണം എന്നു പറയുന്നു. ഇത് മുറിവുണക്കുന്ന ലേപനമാണ്. എന്റെ വാക്ക് എല്ലാ മുറിവുകളേയും ഉണക്കുന്നതാകണം, ശരീരത്തിന്റെയും മനസ്സിന്റെയും.

എല്ലാ വേദങ്ങളും വാക്കിനെക്കുറിച്ച് വാചാലമാകുന്നത്, എവിടെയെങ്കിലും പിഴച്ചാൽ സർവ്വനാശമാണ് ഫലം എന്നതു കൊണ്ടാണ്. മാരകമായ പ്രത്യാഘാതം നാവിന്റെ ദുരുപയോഗം മൂലം ഉണ്ടാകും. നാവ് വളരെ ചെറിയ അവയവമാണ്. എങ്കിലും അത് വൻപുപറയുന്നു. ചെറിയ ഒരു തീപ്പൊരി എത്ര വലിയ വനത്തെയാണ് ചാമ്പലാക്കുക, നാവു തീയാണ് (യാക്കോബ് 3:5,6). തീ പോലെ മാരക പ്രഹരശേഷിയുള്ളതാണ് നാവ്, നന്മയ്ക്കായാലും തിന്മയ്ക്കായാലും. അതുകൊണ്ട് വളരെ സൂക്ഷ്മതയോടുകൂടെ കൈകാര്യം ചെയ്യേണ്ടതാണ് വാക്ക്. വാക്കിന്റെ ദുരുപയോഗമാണ് കുരുക്ഷേത്രയുദ്ധത്തിന്റെ ആരംഭം കുറിക്കുന്നത്. വേദങ്ങൾ പഠിപ്പിച്ച മധുരിക്കുന്ന വാക്കുകൾ ഉണ്ടായിരുന്നുവെങ്കിൽ പല യുദ്ധങ്ങളും ഒഴിവാക്കാമായിരുന്നു.

www.malankaralibrary.com



കുടുംബത്തിലും സമൂഹത്തിലും ഇതിന്റെ അലയൊലികൾ നാം കാണുന്നുണ്ട്. സൗഖ്യം കൊടുക്കാത്ത മധുരമില്ലാത്ത വാക്കുകൾ കുടുംബങ്ങളുടെ അടിത്തറ തകർത്തെറിയാറുണ്ട്. മനുസ്മൃതി സനാതനധർമ്മത്തിന്റെ ഗണത്തിൽ പെടുത്തിയിട്ടുള്ളതാണ് വാക്കിന്റെ ധർമ്മം.

"സത്യം ബ്രൂയാത് പ്രീയം ബ്രൂയാത് നബ്രുയാത് സത്യമപ്രിയം
പ്രീയം ച നാന്യതം ബ്രൂയാത് ഏഷധർമ്മഃ സനാതനഃ"
(മനുസ്മൃതി 4:138)

സത്യം പറയണം, പ്രീയം പറയണം എന്നാൽ സത്യമാണെങ്കിലും അപ്രീയം പറയരുത് ഇതാണ് ശാശ്വതമായ ധർമ്മം. മനുഷ്യന്റെ നന്മയാണ് ഏതു വേദവും ലക്ഷ്യം വയ്ക്കുന്നത്. സത്യമാണെങ്കിലും ഹൃദയത്തെ തകർക്കുന്നത് പറയാതിരിക്കണം. എത്ര കേൾക്കാൻ സുഖമുള്ളതാണെങ്കിലും അസത്യം ഒരിക്കലും പറയാൻ പാടില്ല. വാക്കിന്റെ സനാതന ധർമ്മം പാലിക്കുവാനാണ് കാലഘട്ടം നമ്മോട് ആവശ്യപ്പെടുന്നത്.

നോമ്പിൽ ഉരുക്കഴിക്കേണ്ടത് ഇത്രമാത്രം. എന്റെ വാക്ക് വനത്തെ കത്തിക്കുന്ന അഗ്നിപോലെ നാട്ടിൽ നാശത്തിന്റെ അശനിപാതം വിതയ്ക്കുന്നതാണോ അതോ ക്രിസ്തുവിന്റെ മൃദുസ്വരം പോലെ മനസ്സിന്റെ മുറിവുകളെ വെച്ചുകെട്ടുന്നതാണോ. വാക്കുകൾ മന്ത്രങ്ങളാണ്. അത് വളർത്തുകയും തളർത്തുകയും ചെയ്യും. ക്രിസ്തുവിന്റെ ഭാവം ഉള്ളവർക്കു മാത്രമേ ക്രിസ്തുവിന്റെ ശബ്ദം ഉണ്ടാകൂ. രോമം കത്രിക്കുന്നവന്റെ മുൻപിൽ ചെമ്മരിയാടെന്നപോലെ അവൻ നിന്നത് വാക്കിന്റെ മന്ത്രശക്തി അറിഞ്ഞുകൊണ്ടുതന്നെയാണ്. നോമ്പിൽ വാക്കിനെ നിയന്ത്രിച്ച് ജീവന്റെ നീരൊഴുക്കായി മാറുന്നില്ലാ എങ്കിൽ നോമ്പിന്റെ പ്രസക്തി എന്റെ ജീവിതത്തിൽ ഇല്ലാതെ പോകും. ജീവന്റെ ഉറവയോട് ചേർന്നുനില്ക്കാം. വാക്കുകൾ അനുഗ്രഹത്തിന്റെ നീർച്ചാലായി മാറട്ടെ.

www.malankaralibrary.com

# 7. കരിങ്കല്ലിൽ നുരയുന്ന വീഞ്ഞ്

"യഹൂദരുടെ ശുദ്ധീകരണ കർമ്മത്തിനുള്ള വെള്ളം നിറയ്ക്കുന്ന ആറു കൽഭരണികൾ അവിടെയുണ്ടായിരുന്നു. ഓരോന്നിലും രണ്ടോ മൂന്നോ അളവു കൊള്ളുമായിരുന്നു. ഭരണികളിൽ വെള്ളം നിറയ്ക്കുവിൻ എന്ന് യേശു അവരോട് കല്പിച്ചു. അവർ അവയെല്ലാം വക്കോളം നിറച്ചു" (യോഹ 2:6-7).

*എന്റെ എല്ലാ കുറവുകളുടെയും നിറവായിത്തീർന്നത് ക്രിസ്തുവെന്ന പ്രണയത്തിന്റെ പൂക്കാലം ആണ്. ക്രിസ്തുവിന്റെ വഴികളിൽ നിന്നും എന്റെ കാലുകൾ വഴുതിയപ്പോൾ എന്നെ ചേർത്തു നിർത്തിയത് ഈ സ്നേഹമാണ്.*

വലിയനോമ്പ് എന്ന മഹാ പ്രഹേളികയിലേക്ക് സഭ പ്രവേശിക്കുമ്പോൾ. ഉപേക്ഷിക്കലിന്റെ ഓർമ്മകളാണ് ഉണർത്തുപാട്ടാകുന്നത്. ഉപേക്ഷിക്കലിന്റെ ഒരു വലിയ പട്ടിക നമ്മുടെ മുമ്പിലേക്ക് കടന്നുവരികയാണ് മത്സ്യം, മാംസം അങ്ങനെ ഒരു നീണ്ട ലിസ്റ്റ്. ഏശയ്യാ പ്രവാചകനിലൂടെ ദൈവം ചോദിക്കുന്ന ഒരു ചോദ്യം ഉണ്ട്. ഇത്തരം ഉപവാസമാണോ ഞാൻ ആഗ്രഹിക്കുന്നത്. ഒരു ദിവസത്തേക്ക് ഒരുവനെ എളിമപ്പെടുത്തുന്ന ഉപവാസം (ഏശയ്യാ 58:5)

മനസ്സിൽ ആഴത്തിൽ ഉറച്ചു പോയ നോമ്പ് ചിന്തകളെ തകിടം മറിക്കുന്ന ചോദ്യം. ഒരു കാലഘട്ടത്തേക്കു മാത്രം എന്നു നാം ചിന്തിക്കുന്ന നോമ്പ്, നമ്മുടെ ജീവിതത്തിന്റെ അടിത്തറയാകേണ്ടതാണ്. ഇത് ഉപേക്ഷിക്കലിന്റെ പട്ടിക നിരത്തലല്ല പ്രണയത്തിന്റെ പൂത്തുലയൽ ആണെന്നു നോമ്പിന്റെ വായന

www.malankaralibrary.com





കൾ മുമ്പോട്ടു പോകുമ്പോൾ മനസ്സിലാകും. വെള്ളം വീഞ്ഞാക്കുന്നതു മുതൽ കുരിശിൽ അവസാന തുള്ളി രക്തം ചൊരിയുന്നതുവരെയുള്ള ക്രിസ്തു സംഭവം ക്രിസ്തുവിന്റെ മനുഷ്യനോടുള്ള പ്രണയത്തിന്റെ കവിഞ്ഞൊഴുക്കാണെന്നു നാം മനസ്സിലാക്കും. ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു എന്ന് യോഹന്നാൻ 3:16 ൽ പറയുന്നു. അപ്പോൾ ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചതുകൊണ്ടാണ്, നോമ്പിലെ ഓരോ വായനകളും ദൈവത്തിന്റെ മനുഷ്യനോടുള്ള പ്രണയം ആണെന്നു പറയുവാൻ കാരണം.

വെള്ളം വീഞ്ഞായി മാറുന്നിടത്തും പ്രണയത്തിന്റെ കവിഞ്ഞൊഴുക്ക് കാണുവാൻ സാധിക്കും. മാതാവ് ക്രിസ്തുവിന്റെ മുൻപിൽ വിഷയം അവതരിപ്പിച്ചു, വീഞ്ഞ് തീർന്നുപോയി. സാധാരണ ഗതിയിൽ വീട്ടുകാരെ മാത്രം പരിഭ്രാന്തിയിൽ ആഴ്ത്തേണ്ട വിഷയം, മാതാവിന്റെ പ്രശ്നം ആയി മാതാവ് ഏറ്റെടുത്തു. എനിക്കുള്ള പാഠമായി തീരുന്നു ഈ സംഭവം, എന്റെ സഹോദരന്റെ പ്രശ്നം എന്റെ പ്രശ്നം ആയിതീരാത്തിടത്തോളം; നിന്റെ സഹോദരനെ നിന്നെപ്പോലെ സ്നേഹിക്കണം എന്ന ദൈവകല്പന എന്റെ ജീവിതത്തിൽ നിവർത്തിയാകില്ല. ഇതു ക്രിസ്തുവിന്റെ പ്രണയത്തിന്റെ കരകവിയലായി

www.malankaralibrary.com



ത്തീരുന്നത് എങ്ങനെയെന്നു മനസ്സിലാക്കണം എങ്കിൽ, എന്റെ സമയം ഇനിയും ആയിട്ടില്ല എന്ന ക്രിസ്തുമൊഴി ധ്യാനിക്കണം.

അത്ഭുതങ്ങളുടെ ആരംഭം ആണ് വെള്ളം വീഞ്ഞാക്കിമാറ്റുന്ന സംഭവം. അത്ഭുതങ്ങളുടെ ആരംഭം കുറിച്ചാൽ തന്റെ സമയം എണ്ണപ്പെട്ടു തുടങ്ങും എന്ന് ക്രിസ്തുവിനറിയാം. തന്റെ ആയുസ്സിന്റെ ദൈർഘ്യം കുറച്ചുകൊണ്ട്; തന്നെ നേരിട്ട് ഒരു തരത്തിലും ബാധിക്കാത്ത ഒരു പ്രശ്നത്തിൽ ക്രിസ്തു ഇടപെട്ടെങ്കിൽ അതിന്റെ അർത്ഥം ക്രിസ്തുവിന് ലോകം മുഴുവനോടും ഉള്ള സ്നേഹം ആണ്. എന്നോടും കാട്ടിയത് ഈ സ്നേഹമാണെന്നു മനസ്സിലാകാതെ പോകുന്നതാണ് കാലഘട്ടത്തിന്റെ സങ്കടം. എന്റെ എല്ലാ കുറവുകളുടെയും നിറവായിത്തീർന്നത് ക്രിസ്തുവെന്ന പ്രണയത്തിന്റെ പൂക്കാലം ആണ്. ക്രിസ്തുവിന്റെ വഴികളിൽ നിന്നും എന്റെ കാലുകൾ വഴുതിയപ്പോൾ എന്നെ ചേർത്തു നിർത്തിയത് ഈ സ്നേഹമാണ്. ഒരു ഓർമ്മപ്പെടുത്തലാണ് ഇത്, മാനവ സമൂഹത്തിന്റെ കുറവുകളെ നിറവാക്കിത്തീർക്കേണ്ടവരാണ് ക്രിസ്തുവിന്റെ പാതയിലൂടെ നടക്കുന്നവർ. കുറവുകളെ ആഘോഷിക്കുന്നവർ ക്രിസ്തുവിന്റെ എതിരാളികളായി മാറുന്നു എന്ന ബോദ്ധ്യപ്പെടുത്തൽ കൂടെയാണ് വെള്ളത്തിന്റെ വീഞ്ഞായി മാറൽ.

കരിങ്കല്ലിൽ നിറവും മണവും ഇല്ലാത്ത ജലം ക്രിസ്തുവിന്റെ പ്രണയത്തിന്റെ മേളപ്പെരുക്കത്തിൽ നുര പൊന്തുന്ന വീഞ്ഞായി മാറും എന്ന് കാനായിലെ കല്യാണവിരുന്ന് നമ്മെ ഓർമ്മപ്പെടുത്തും. എന്നോടുള്ള ക്രിസ്തുവിന്റെ മൃദുവായ മന്ത്രണമാണ് ഇത്. വെറുതേ പുറത്തെറിഞ്ഞിരുന്ന എന്നിൽ, ക്രിസ്തുവിന്റെ പ്രണയം നുര പൊന്തിയാൽ ഞാൻ കലവറയിൽ ആയിരങ്ങൾക്ക് ജീവൻ പകരുന്ന സന്തോഷത്തിന്റെ ലഹരിയായി മാറും എന്ന്. എന്നിൽ നിറഞ്ഞിരിക്കുന്ന ലഹരി ഏതാണെന്നുള്ള ചോദ്യവും ഇതിൽ അടങ്ങിയിരിക്കുന്നു. ക്രിസ്തു എന്ന ലഹരി എന്നിൽ നിറയുന്നുണ്ടോ? എങ്കിൽ മാത്രമേ എന്റെ സഹോദരന്റെ കുറവുകൾ കണ്ടെത്താനും അത് പരിഹരിക്കാനും എനിക്ക് സാധ്യമാകൂ. എന്റെ പ്രവർത്തിയിലൂടെയാണ് അത് വെളിപ്പെട്ടുവരേണ്ടത്. കരിങ്കല്ലിൽ നിറക്കപ്പെട്ട ജലം ആണോ ഞാൻ? അതോ വീഞ്ഞായി രൂപാന്തരപ്പെട്ടോ? ക്രിസ്തുവിന്റെ കൈ തൊടാതെ ഒരു ജലവും രൂപാന്തരപ്പെടില്ല. ദമാസ്കസിലേക്ക്

www.malankaralibrary.com



പോയ നിറവും മണവും ഇല്ലാത്ത സാവൂൾ ക്രിസ്തുവിന്റെ കൈതൊട്ടപ്പോൾ ആയിരങ്ങളുടെ ലഹരിയായി മാറി; ഞാനോ?

ക്രിസ്തുവിന്റെ കല്പനകൾ അതേപോലെ പാലിക്കുന്നവൻ മാത്രമേ രൂപാന്തരപ്പെടുകയുള്ളു എന്നും ഇത് നമ്മെ ഓർമ്മിപ്പിക്കും. കൽഭരണികളിൽ വെള്ളം നിറയ്ക്കുവിൻ എന്ന കല്പന പാലിക്കപ്പെട്ടപ്പോൾ അത്ഭുതം സംഭവിക്കുന്നു. എന്നിൽ ഇന്നും ലഹരി നിറഞ്ഞിട്ടില്ല എങ്കിൽ അതിനർത്ഥം എന്റെ ജീവിതത്തിൽ കല്പനകൾ പൂർത്തികരിക്കപ്പെട്ടില്ല എന്നാണ്. ഇതാ ഞാൻ കർത്താവിന്റെ ദാസി എന്ന പൂർണ്ണസമർപ്പണത്തിൽ മാതാവിന്റെ ഉദരത്തിൽ ക്രിസ്തു എന്ന ലഹരി നിറഞ്ഞു. ദൈവത്തിന്റെ നിയമങ്ങൾ കർശനമായി പാലിക്കുവാനുള്ള ഉൾവെളിച്ചമുണ്ടാകുമ്പോൾ ഞാൻ വേറൊരു ക്രിസ്തുവായി രൂപാന്തരപ്പെടും. നിന്നെപ്പോലെ തന്നെ നിന്റെ അയല്ക്കാരനേയും സ്നേഹിക്കണം എന്ന കല്പന പൂർണമായി പാലിക്കപ്പെടുമ്പോൾ ലോകം മുഴുവൻ ക്രിസ്തുവിന്റെ ലഹരികൊണ്ട് നിറയും. കാനായിൽ രൂപാന്തരം പ്രാപിച്ചത് ക്രിസ്തുവെന്ന വീര്യം ഉള്ള വീഞ്ഞാണ്. ഇത് അനുസരണം എന്ന അടിത്തറയിൽ മാത്രം വളരുന്നതാണ്. ആദിമാതാപിതാക്കൾക്ക് നഷ്ടപ്പെട്ടതും ഇതായിരുന്നു.

അവസാനമായി മൂന്നാം ദിവസത്തിലാണ് ഈ ലഹരി നിറയപ്പെട്ടത് എന്നതും മനസ്സിൽ ഉറപ്പിക്കേണ്ടതാണ്. മൂന്നാം ദിവസം ഗലീലിയിലെ കാനായിൽ ഒരു വിവാഹ വിരുന്നു നടന്നു (യോഹന്നാൻ 2:1). മൂന്നാം ദിവസം ഉയിർപ്പിന്റെ ദിവസമാണ്. ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടവർക്കുമാത്രമേ ക്രിസ്തുവിനോടു കൂടെയുള്ള ഉയിർപ്പ് ഉള്ളു എന്നതാണ് പ്രധാനം. മൂന്നാം ദിവസം വെള്ളം വീര്യമുള്ള വീഞ്ഞായി രൂപാന്തപ്പെട്ടു, മൂന്നാം ദിവസം ക്രിസ്തു ഉയിർപ്പിക്കപ്പെട്ടു. ഞാൻ എന്ന ഭാവം മരിക്കാത്തവനിൽ ക്രിസ്തു എന്ന നുര പൊന്തുന്ന വീഞ്ഞ് നിറയപ്പെടില്ല.

പ്രണയമാണ് നോമ്പ്, അത് കുറവുകളെ നിറവാക്കി തീർക്കുന്നതാണ്. അത് എന്നിൽ നിറയണമെങ്കിൽ ഞാൻ എന്ന ഭാവം മരിക്കണം. ഞാൻ ഇല്ലാതായ ആ ശൂന്യതയിലേക്ക് ക്രിസ്തു എന്ന വീഞ്ഞ് ഒഴുകിയെത്തും. കാനായിലെ കല്യാണ വിരുന്നിന്റെ ഉൾക്കാഴ്ച കൽഭരണിയായ എന്നിൽ വീഞ്ഞായി നിറയട്ടെ എന്നു പ്രാർത്ഥിക്കാം.

●

www.malankaralibrary.com

# 8. സിംഹാസനത്തിന്റെ കാവല്ക്കാർ

''യേശു ജനക്കൂട്ടത്തോടും തന്റെ ശിഷ്യന്മാരോടും അരുളിച്ചെയ്തു: നിയമ ജ്ഞരും ഫരിസേയരും മോശയുടെ സിംഹാ സനത്തിൽ ഇരിക്കുന്നു. അതിനാൽ അവർ നിങ്ങളോടു പറയുന്നതെല്ലാം അനുസരി ക്കുകയും അനുഷ്ഠിക്കുകയും ചെയ്യുവിൻ. എന്നാൽ, അവരുടെ പ്രവൃത്തികൾ നിങ്ങൾ അനുകരിക്കരുത്. അവർ പറയുന്നു: പ്രവർത്തിക്കുന്നില്ല'' (മത്തായി 23:1-3).

*ക്രിസ്തുവാകുന്ന പാഠശാലയിൽ നിന്നും ഞാൻ പഠിക്കേണ്ടതായ പാഠം ഇതാണ്. പ്രവൃത്തിയില്ലാത്ത വാക്കുകൾ മോശയുടെ പീഠത്തിന്റെ അലങ്കാരമാകില്ല.*

ആദ്ധ്യാത്മികതയുടെ ആകെത്തുക ക്രിസ്തു, സുവിശേഷത്തിലൂടെ ജനഹൃദയ ങ്ങളിൽ വരച്ചിടുകയാണ്. വേദഭാഗത്തിന്റെ അവസാന വാകൃത്തിൽ ക്രിസ്തുവിന്റെ രാജ്യം ഇതൾ വിരിയുകയാണ്; നിങ്ങളിൽ ഏറ്റവും വലിയവൻ നിങ്ങളുടെ ശുശ്രൂഷക നാകണം. ബൈബിൾ കാച്ചിക്കുറുക്കി എടുത്താൽ അതിന്റെ സത്താണ് ഇന്നത്തെ വേദഭാഗം. സ്വർഗ്ഗം രണ്ടായി പകുത്തു മാറ്റിക്കൊണ്ട് ഭൂമിയിലേക്ക് അവതരിച്ച, ദൈവപുത്രനു മാത്രം പറയുവാനും പഠിപ്പിക്കുവാനും കഴിയുന്ന സത്യമാണ് ഏറ്റവും വലിയവൻ നിങ്ങളുടെ ശുശ്രൂഷകൻ ആകണം എന്നത്. അവൻ ദൈവമായിരു ന്നിട്ടും ദൈവത്വം മുറുകെ പിടിക്കാതെ ദാസനായി കാലിത്തൊഴുത്തിൽ പിറന്നു.

www.malankaralibrary.com





ആ എളിമയുടെ മൂർത്തിമത്ഭാവത്തിനു മാത്രം കാണിച്ചുതരാൻ സാധിക്കുന്ന ജീവിതമാതൃക. തന്നെത്തന്നെ താഴ്ത്തുന്നവൻ ഉയർത്തപ്പെടും.

യേശു തന്റെ ശിഷ്യരോടാണ് ഇത് സംസാരിക്കുന്നത് എന്നത് ഏറെ ശ്രദ്ധേയമാണ്. ശിഷ്യരും ജനക്കൂട്ടവുമാണ് കേൾവിയുടെ പരിധിയിൽ. ശിഷ്യർ കൂടെ നടന്ന് തന്റെ ജീവിതംകണ്ട് പഠിക്കേണ്ടവർ, പിന്നെയുള്ളത് ജനക്കൂട്ടമാണ്. തന്റെ ശിഷ്യഗണത്തിലേക്ക് ചേർക്കപ്പെടുവാൻ സാദ്ധ്യതയുള്ളവർ. ഈ കാലഘട്ടത്തിൽ സുവിശേഷം കേൾക്കുന്ന എന്നോടാണ് ക്രിസ്തുവിന്റെ പഠിപ്പിക്കൽ. ഞാൻ ക്രിസ്ത്യാനി എന്ന് അഭിമാനിക്കുന്നവനോ, അത് ആകാൻ സാദ്ധ്യതയുള്ളവനോ ആണ്, ഞാൻ ഏതു നിലയിലിൽ ആയാലും ക്രിസ്തുവിന്റെ ഭാവം ഉള്ളവനായാൽ മാത്രം ക്രിസ്തുവിന്റെ രാജ്യത്തിൽ പ്രവേശനം ലഭിക്കും. മറ്റുള്ളവരെ നിങ്ങളെക്കാൾ ശ്രേഷ്ഠർ എന്ന് എണ്ണുന്ന ക്രിസ്തുവിന്റെ ഭാവം (ഫിലിപ്പിയർ 2: 3).

ഇന്നത്തെ സുവിശേഷഭാഗം എന്നെ ആഴങ്ങളിലേക്ക് കൈ പിടിച്ച് നടത്തേണ്ടതാണ്. പറയുന്നവരുടെ വലുപ്പ വ്യത്യാസമോ

www.malankaralibrary.com



അവരുടെ പ്രവൃത്തിയോ അല്ല എന്നെ സ്വാധീനിക്കേണ്ടത് അവർ പറയുന്നതിലെ സുവിശേഷ മൂല്യമാണ്. ക്രിസ്തുവിനെയാണ് പ്രസംഗിക്കുന്നതെങ്കിൽ ക്രിസ്തുവിന്റെ ഭാവം ഞാൻ ആവാഹിച്ചെടുക്കണം. ക്രിസ്തുവാകുന്ന കണ്ണാടിയുടെ മുമ്പിൽ എന്റെ എല്ലാ അഹംഭാവങ്ങളും അഴിച്ചുമാറ്റപ്പെടണം. പറയുന്നവന്റെ ജീവിതമല്ല ഞാൻ പരിശോധിക്കേണ്ടത്. ക്രിസ്തുവിന്റെ ജീവിതമാണ് എനിക്ക് മാതൃക. എന്റെ മിഴികൾക്കുമുമ്പിൽ ഒരു രൂപംമാത്രം, മനോമുകുരത്തിൽ ആലേഖനം ചെയ്യേണ്ടതും ഒരു രൂപം മാത്രം ക്രിസ്തുവിന്റെ ക്രൂശിതരൂപം. ഇവിടെ നേതൃത്വത്തിന്റെ ജീവിതം നോക്കി അവരോടു കലഹിക്കുന്നതിനപ്പുറം ക്രൂശിതന്റെ മിഴികളിലേക്ക് എന്റെ മിഴികളെ ചേർത്തുനിർത്താൻ ഞാൻ പഠിക്കും.

വി. മത്തായിസുവിശേഷം വീണ്ടും എന്നെ ഓർമ്മപ്പെടുത്തും കാലഘട്ടത്തിൽ മോശയുടെ പീഠത്തിൽ ഇരിക്കുന്നത് ഞാനാണ് എന്ന്. ഇത് എന്നെ ധ്യാനത്തിലേക്ക് ഉണർത്തണം. വീണ്ടും ഒരിക്കൽ കൂടെ ക്രിസ്തു പറയുമ്പോൾ, മോശയുടെ പീഠത്തിൽ ഇരിക്കുന്ന എന്റെ ജീവിതം നോക്കി പഠിക്കരുത് എന്ന് പറയേണ്ടി വരുമോ? എങ്കിൽ ഞാൻ ദൈവരാജ്യത്തിന് വെളിയിലാണ്. എന്റെ ജീവിതത്തിന്റെ ആഴങ്ങളിലേക്ക് ഇറങ്ങേണ്ട സമയമായി. അദ്ധ്യാപകനിൽ നിന്ന് ഗുരുവിലേക്ക് ഒരു കല്ലേറുദൂരം ഉണ്ട്; അതുനടന്നു തീർക്കാൻ ക്രിസ്തുവിന്റെ കൈപിടിക്കേണ്ടതായുണ്ട്. തോളോടുതോൾ ചേർന്നു നടക്കേണ്ടതായുണ്ട്. ക്രിസ്തുവിനെ ഉള്ളിലേക്ക് ആവാഹിക്കേണ്ട തായുണ്ട്. വേറൊരു ക്രിസ്തുവായി പുനർജനിക്കേണ്ടതായുണ്ട്. ചോദ്യം ഒന്നേയുള്ളു. ഞാൻ ക്രിസ്തുവിനെപ്പോലെയായില്ലാ എങ്കിൽ ക്രിസ്തുവിന്റെ പ്രതിപുരുഷനായി എങ്ങനെ മോശയുടെ പീഠത്തിൽ ഇരിക്കും.

സൂഫിഗുരുവിനോടുള്ള ചോദ്യം ഇതായിരുന്നു എന്തേ ആരാധനാലയങ്ങളിൽ മൂർത്തികളുടെ മുമ്പിൽ വലം വെയ്ക്കുന്നില്ല? ഗുരു പറഞ്ഞു ഞങ്ങൾ സൂര്യമാർഗികളാണ് സ്വയം പ്രകാശിക്കുന്നവർ. മോശയുടെ പീഠത്തിൽ ഇരിക്കുന്നവർ സ്വയം പ്രകാശിക്കേണ്ടവരാണ്, ഗുരുവായിത്തീരേണ്ടവരാണ്. വാക്കല്ല പ്രവൃത്തി മറ്റുള്ളവർക്ക് മാതൃകയാക്കേണ്ടവർ. "ഗുകാരന്ധകാരസ്യോ, രുകാരസ്ത്തന്നിവ ർത്തക" എന്നാണ് ഗുരുവിനെ ആർഷഭാരതം ചിത്രീകരിക്കുന്നത്. അന്ധകാരത്തെ ഇല്ലാതാക്കുന്നവർ, സ്വയം പ്രകാശമായിത്തീർന്നവർ.

www.malankaralibrary.com


ഗുരുകുലത്തിൽ അതാണ് നടന്നിരുന്നത്. ഗുരുവിന്റെകൂടെ നടന്ന് ഗുരുചെയ്യുന്നത് കണ്ട് പഠിക്കുക. ക്രിസ്തുവിന്റെ ഗുരുകുലത്തിലും ക്രിസ്തു അതാണ് പറയുന്നത്. മോശയുടെ സിംഹാസനത്തിൽ ഇരിക്കുന്നവർ പറയുന്നത് ചെയ്യുന്നില്ല. ഇനിയും പഠിക്കേണ്ടത് ക്രിസ്തുവിൽ നിന്നാണ് വാക്കും നോക്കും ഒരേപോലെയാക്കിയവൻ. സ്നേഹിതനുവേണ്ടി ജീവൻ കൊടുക്കുന്നതിനേക്കാൾ വലിയ സ്നേഹം ഇല്ലെന്ന് ഒരു മലമുകളിൽ നിന്ന് പ്രഘോഷിച്ചു; കാൽവരി മലയിൽ അത് പ്രവൃത്തിയിൽ കാണിച്ചുതന്നു. ഇനിയും ഇതാണ് എന്റെ പാഠശാല.

സുവിശേഷം ഒരു ചോദ്യത്തിന്റെ ഉത്തരം കൂടെ എന്നിൽ നിന്ന് പ്രതീക്ഷിക്കുന്നുണ്ട്. ഭാരമുള്ള ചുമടുകൾ മറ്റുള്ളവരുടെ ചുമലിൽ വച്ചുകൊടുക്കുന്നവനാണോ ഞാൻ? (മത്തായി 23: 4) ക്രിസ്തുവാകുന്ന പാഠശാലയിൽ ഉത്തരങ്ങൾ കൃത്യമാണ്. എന്താകണം, എന്താകരുത് എന്ന് കൃത്യമായി പറയുന്നുണ്ട് ക്രിസ്തു. അവർ ഭാരമുള്ള ചുമടുകൾ മറ്റുള്ളവരുടെ ചുമലിൽ വച്ചുകൊടുക്കുന്നു. സൂര്യനെപ്പോലെയാകേണ്ട ഞാൻ നിയമജ്ഞരെപ്പോലെ ആകരുത്. മത്തായി സുവിശേഷകൻ ക്രിസ്തുവിനെപ്പോലെയാകാൻ ക്ഷണിക്കുന്നുണ്ട് എന്നെ. എന്തെന്നാൽ എന്റെ നുകം വഹിക്കാനെളുപ്പമുള്ളതും ചുമട് ഭാരം കുറഞ്ഞതുമാണ് (മത്തായി 11:30). എന്നെയും എന്റെ പ്രവൃത്തികളെയും, കൂടെയുള്ളവർക്കും, കുടുംബത്തിൽ ഉള്ളവർക്കും വഹിക്കുവാൻ സാധിക്കുന്നില്ലാ എങ്കിൽ ഞാൻ ക്രിസ്തുവിൽ നിന്നും അകലെയായിപ്പോയി എന്ന് ഉറപ്പിക്കാം. എന്റെ വാക്ക് കുടുംബത്തിൽ ഉള്ളവർക്ക് അസഹ്യമാകുന്നുണ്ടോ? എന്റെ അധികാരസ്ഥാനം സമൂഹത്തിൽ ഉള്ളവർക്ക് ഭാരമാകുന്നുണ്ടോ? എങ്കിൽ ക്രിസ്തുവിന്റെ രാജ്യത്തിനുപുറത്താണ് എന്റെ സ്ഥാനം.

മോശയുടെ പീഠത്തിൽ ഇരിക്കുന്നവരെക്കുറിച്ച് അവസാനമായി ഒരു ആരോപണംകൂടെ ക്രിസ്തു ഉയർത്തുന്നുണ്ട്. ''മറ്റുള്ളവർ കാണുന്നതിനുവേണ്ടിയാണ് അവർ തങ്ങളുടെ പ്രവൃത്തികൾ എല്ലാം ചെയ്യുന്നത്'' (മത്തായി 23:5). ഇത് കൃത്യമായി എന്നോടുള്ള ക്രിസ്തുവിന്റെ ഉപദേശമാണ്. വളരെ ലളിതമായി ക്രിസ്തു എന്നോടു പറയുകയാണ് കാണിക്കുവാൻ വേണ്ടി ഒന്നും ചെയ്യരുത്. ബൈബിളിൽ മുഴുവനും ഇത് നിറഞ്ഞു നില്ക്കുന്നത് കാണാം. വലതുകൈ ചെയ്യുന്നത് ഇടതുകൈ അറിയരുതെന്ന് പറയുന്നതും വ്യത്യസ്തമല്ല.

www.malankaralibrary.com


എന്റെ പ്രാർത്ഥന പോലും ഒരു വേള തെരുവിലെ പ്രഹസനമാകാം എന്ന് ക്രിസ്തുവിന് അറിയാം. അതുകൊണ്ടാണ് ക്രിസ്തു പഠിപ്പിക്കുന്നത് പ്രാർത്ഥിക്കുമ്പോൾ നീ അറയിൽ കടന്ന് കതകടച്ച് രഹസ്യങ്ങൾ അറിയുന്ന തമ്പുരാന്റെ മുൻപിൽ ആയിരിക്കുവാൻ. ഒന്നും പ്രഹസനമാകാൻ പാടില്ല. മുഖം മൂടികൾ വച്ചവരോടാണ് ക്രിസ്തു എന്നും കലഹിക്കുന്നത്. വെള്ളയടിച്ച കുഴിമാടങ്ങൾ എന്ന് കയർക്കുന്നത് പ്രാർത്ഥനയെ പ്രകടനമാക്കിയവരോടാണ്. ചുങ്കക്കാരൻ നീതികരിക്കപ്പെട്ടവനായി ഭവനത്തിലേക്ക് മടങ്ങും. ഫരിസേയൻ സ്വയം നീതികരിച്ച് താൻ ചെയ്തതിന്റെ കണക്കുകൾ അവതരിപ്പിച്ച് ദേവാലയത്തിൽ നിൽക്കും. പ്രവൃത്തികൾ കൂടാതെയുള്ള വിശ്വാസം അതിൽ തന്നെ നിർജ്ജീവമാണ് (യാക്കോബ് 2:17) എന്ന് യാക്കോബുശ്ലീഹാ പഠിപ്പിക്കുന്നതും ഇതിനോടുചേർത്ത് വായിക്കാം.

ഇന്നത്തെ വേദഭാഗം നമ്മെ ബോദ്ധ്യങ്ങളിലേക്ക് തിരികെ വിളിക്കുകയാണ്. ഞാൻ ക്രിസ്തുവിന്റെ ശിഷ്യനാണെന്ന ബോദ്ധ്യത്തി ലേക്ക്, ഞാൻ പറയുന്നത് ചെയ്യേണ്ടവനാണെന്ന ബോദ്ധ്യത്തിലേക്ക്, ഞാൻ മറ്റാർക്കും ഭാരമാകരുതെന്ന ബോദ്ധ്യത്തിലേക്ക്, കാണിക്കുവാൻ വേണ്ടി ആകരുത് എന്റെ പ്രവൃത്തികൾ എന്ന ബോദ്ധ്യത്തിലേക്ക്, ഞാൻ ക്രിസ്തുവിന്റെ കൈപിടിച്ചുകൊണ്ട് മറ്റുള്ളവരുടെ ശുശ്രൂഷക്കായി വിളിക്കപ്പെട്ടവനാണെന്ന ബോദ്ധ്യത്തിലേക്ക്, ശുശ്രൂഷകന്റെ മനോഭാവം ഉള്ളവർക്കു മാത്രമേ കൂടെയുള്ളവർക്ക് നന്മചെയ്യുവാൻ സാധിക്കു. അരയിൽ തൂവാല ചുറ്റി ശിഷ്യരുടെ കാലുകഴുകിയവൻ; നമ്മോടു പറയാൻ ശ്രമിക്കുന്നതും ഇതുമാത്രമാണ്. നിങ്ങളിൽ ഏറ്റവും വലിയവൻ നിങ്ങളുടെ ശുശ്രൂഷകനായിരിക്കണം. ക്രിസ്തുവാകുന്ന പാഠശാലയിൽ നിന്നും ഞാൻ പഠിക്കേണ്ടതായ പാഠം ഇതാണ്. പ്രവൃത്തിയില്ലാത്ത വാക്കുകൾ മോശയുടെ പീഠത്തിന്റെ അലങ്കാരമാകില്ല. എന്റെ കാലഘട്ടത്തിൽ ക്രിസ്തുവിന്റെ പ്രതിരൂപമായി മാറുവാൻ പരിശ്രമിക്കാം, മോശയുടെ പീഠത്തിന്റെ കാവൽക്കാരാകാം.

www.malankaralibrary.com


# 9. അത്ഭുതങ്ങളുടെ താക്കോൽ

*തമ്പുരാന്റെ കരുണയുടെ നീർച്ചാലാകേണ്ടവരാണ് അത്ഭുതങ്ങളുടെ കാവൽക്കാർ. ക്രിസ്തുവിന്റെ ജീവിതം മുഴുവനും ഇതിന്റെ നേർപ്പകർപ്പാണ്.*

''അവൻ വീണ്ടും ഗലീലിയിലെ കാനായിലെത്തി. അവിടെ വച്ചാണ് അവൻ വെള്ളം വീഞ്ഞാക്കിയത്. കഫർണാമിൽ ഒരു രാജസേവകനുണ്ടായിരുന്നു. അവന്റെ മകൻ രോഗബാധിതനായിരുന്നു. യേശു യൂദയായിൽ നിന്നു ഗലീലിയിലേക്കു വന്നെന്നു കേട്ടപ്പോൾ അവൻ ചെന്ന് തന്റെ ആസന്ന മരണനായ മകനെ വന്നു സുഖപ്പെടുത്തണമെന്ന് അവനോടപേക്ഷിച്ചു. അപ്പോൾ യേശു പറഞ്ഞു: അടയാളങ്ങളും അത്ഭുതങ്ങളും കാണുന്നില്ലെങ്കിൽ നിങ്ങൾ ഒരിക്കലും വിശ്വസിക്കുകയില്ലല്ലോ'' (യോഹ 4:46-48).

അത്ഭുതങ്ങളുടെ മായാലോകത്തു നിന്നും വേറിട്ട വഴി കണ്ടെത്തിയവനോട് നിരന്തരം നമ്മൾ ആവശ്യപ്പെടുന്നത് അത്ഭുതങ്ങളുടെ മായാകാഴ്ചകളാണ്. ക്രിസ്തു നടന്ന വഴികളിൽ ഒന്നും തനിക്കു വേണ്ടി ഒരു അത്ഭുതം പ്രവർത്തിച്ചതായി രേഖപ്പെടുത്തിയിട്ടില്ല. വിശാല വാതിലുകളുടെ പ്രലോഭനത്തിൽ നിന്നും ഇടുങ്ങിയ വഴിയുടെ തേങ്ങലുകൾ തേടിയവനാണ് ക്രിസ്തു. ഒരിക്കൽ പിശാച് പ്രലോഭിപ്പിക്കുവാൻ പരിശ്രമിക്കുന്നുണ്ട്; നാൽപതു ദിവസത്തെ മരുഭൂമി വാസത്തിനുശേഷം.

www.malankaralibrary.com

എല്ലാ ഇന്ദ്രിയങ്ങളുടെയും വിശപ്പിന്റെ വിളിയോട് പുറം തിരിഞ്ഞു നടക്കാൻ ശീലിച്ചവനോടാണ് പറയുന്നത് കല്ല് അപ്പമാക്കുവാൻ. അത്ഭുതങ്ങളുടെ നിഷേധം അവന്റെ സ്ഥായി യായ ഭാവമല്ല, ഒരിക്കൽ അഞ്ചപ്പംകൊണ്ട് അവൻ ആയിരങ്ങളുടെ വിശപ്പ് അടക്കിയതുമാണ്; അത്ഭുതങ്ങളുടെ ഉൾക്കാഴ്ചയാണ് ക്രിസ്തുവിനെ എന്നിൽ നിന്നും വ്യത്യസ്തനാക്കുന്നത്.

അത്ഭുതങ്ങളുടെ പെരുക്കത്തിൽ കേമനാകാൻ പരിശ്രമിക്കാതെ ജീവന്റെ നീർച്ചാലായി നിലകൊള്ളുന്നു ക്രിസ്തു. വേദത്തിലെ അത്ഭുതങ്ങൾ പരിശോധിച്ചാൽ തെളിഞ്ഞുവരുന്നത് ദൈവരാജ്യ ത്തിന്റെ രാജപാതയാണ്. ക്രിസ്തു എന്തിനുവേണ്ടി അവതരിച്ചോ അതിനു ബലമേകുവാൻ മാത്രമാണ് അവന്റെ അത്ഭുതങ്ങൾ.

വിശ്വസിക്കുന്നവന്റെ വിശ്വാസത്തെ ബലപ്പെടുത്തുവാൻ ക്രിസ്തു അത്ഭുതം പ്രവർത്തിക്കും. മരണത്തിനുശേഷവും ക്രിസ്തു പഠിപ്പിക്കുന്നതിതാണ് “വിശ്വസിക്കുന്നവരോടുകൂടെ ഈ അടയാള

www.malankaralibrary.com



ങ്ങൾ ഉണ്ടായിരിക്കും. അവർ എന്റെ നാമത്തിൽ പിശാചുക്കളെ ബഹിഷ്ക്കരിക്കും, പുതിയ ഭാഷകൾ സംസാരിക്കും, സർപ്പങ്ങളെ കൈയ്യിലെടുക്കും, മാരകമായ എന്തു കുടിച്ചാലും അതവരെ ഉപദ്രവിക്കുകയില്ല. അവർ രോഗങ്ങളുടെമേൽ കൈകൾ വയ്ക്കും, അവർ സുഖം പ്രാപിക്കുകയും ചെയ്യും" (മർക്കോസ് 16:17,18).

വിശ്വസിക്കുന്നവന് ബലമേകുകയാണ് അത്ഭുതത്തിന്റെ അടിസ്ഥാന തത്വമെന്ന് ക്രിസ്തു ഓർമ്മപ്പെടുത്തുകയാണ്. വിശ്വസിക്കുന്നവരോടുകൂടെ ഈ അടയാളങ്ങൾ ഉണ്ടായിരിക്കും എന്നാണ് തിരുമൊഴി. വിശ്വാസത്തോടുകൂടി ഈ മലയോട് മാറി കടലിൽ വീഴുക എന്നു പറഞ്ഞാൽ അത് സംഭവിക്കുമെന്നൊക്കെ ക്രിസ്തു പറഞ്ഞു വച്ചത് വിശ്വാസത്തിന്റെ വഴിത്താര തന്റെ പിതാവിൽ നിന്നും കണ്ടു പഠിച്ചതുകൊണ്ടാണ്. ഗാന്ധിജിയുടെ സമരങ്ങൾ സത്യാഗ്രഹങ്ങളുടെ വഴി തേടിയത് അതുകൊണ്ടാണ്. സത്യത്തിനു വേണ്ടി നിലകൊള്ളുന്നവന് പ്രകൃതിയിലെ സമസ്ത വസ്തുക്കളും പിന്തുണയുമായി കൂടെയുണ്ടെന്ന് ഗാന്ധിജി മനസ്സിലാക്കിയിരുന്നു. വിശ്വസിക്കുന്നവന് തമ്പുരാന്റെ അത്ഭുതങ്ങൾ കൂട്ടാകുമെന്ന ഒറ്റവിശ്വാസത്തിൽ സൂര്യൻ അസ്തമിക്കാത്ത രാജ്യത്തോട് സമരം ചെയ്തവനാണ് നമ്മുടെ രാഷ്ട്രപിതാവ്. വിശ്വാസിക്ക് കൂട്ടുപോകുന്ന തമ്പുരാനെ വേദത്തിൽ അങ്ങോളമിങ്ങോളം കണ്ടെത്തുവാൻ കഴിയും. ഭഗവത്ഗീതയും ഒരർത്ഥത്തിൽ ഇതുതന്നെ പറഞ്ഞുവയ്ക്കുന്നു. വിശ്വസിക്കാത്തവന് ഭഗവത് സാന്നിധ്യം കൂട്ടാകുന്നില്ല എന്ന സത്യം.

"അശ്രദ്ധാനഃപുരഷാധർമ്മസ്യാസ്യപരന്തപ

അപ്രാപ്യമാം നിവർത്തന്തേ മൃത്യു സംസാരവർത്മനി" (ഗീത 9:3) അല്ലയോ അർജ്ജുന, ഭക്തിയോടുകൂടെ എന്നെ വിശ്വസിക്കാത്ത ജനങ്ങൾ എന്നെ പ്രാപിക്കാതെ മൃത്യുവാകുന്ന സംസാരമാർഗ്ഗത്തിൽ തന്നെ കിടന്നുഴലുന്നു.

അത്ഭുതം ഒരു വേള അവിശ്വാസിയെ വിശ്വാസത്തിലേക്കു വഴി നയിക്കാം. കോറിന്തോസുകാർക്കെഴുതുമ്പോൾ വി.പൗലോസ് ശ്ലീഹാ അതു വ്യക്തമാക്കുന്നു. "ഭാഷാവരം വിശ്വാസികൾക്കുള്ളതല്ല, അവിശ്വാസികൾക്കുള്ള അടയാളമാണ്" (1 കോറി 14:22). വേദത്തിൽ പലപ്പോഴും ഈയൊരാശയം പ്രകടമായി കാണാറുണ്ട്. അത്ഭുതം

www.malankaralibrary.com



അതിൽത്തന്നെ എന്തെങ്കിലും പ്രാധാന്യം അർഹിക്കുന്നതിനുമപ്പുറം ഒരു വ്യക്തിയെയോ ഒരു സമൂഹത്തെ തന്നെയോ ദൈവവിശ്വാസത്തിലേക്ക് വഴി നടത്തുന്നതായി കാണാറുണ്ട്. പൗലോസ് ശ്ലീഹാ തടവിലായിരിക്കുന്ന സമയം കാരാഗൃഹത്തിന്റെ വാതിലുകൾ അർദ്ധരാത്രിയിൽ തുറക്കപ്പെട്ട അത്ഭുതം കാവൽക്കാരന്റെയും കുടുംബത്തിന്റെയും മാനസാന്തരത്തിന് കാരണമായി (അപ്പ.പ്ര. 16:25-33) ദമാസ്കസിലേക്കുള്ള യാത്രയിലെ അത്ഭുതമാണ് പൗലോസ് ശ്ലീഹായുടെ തന്നെ വിശ്വാസത്തിന്റെ തിളക്കം വർദ്ധിപ്പിച്ചത്.

ഒരു പ്രത്യേക സന്ദേശമോ സന്ദേശവാഹകനോ ദൈവത്തിൽ നിന്ന് ആണെന്നുള്ള തെളിവിനായി അത്ഭുതങ്ങളിലൂടെ തമ്പുരാൻ ഇറങ്ങി വരാറുണ്ട്. എന്റെ വിശ്വാസത്തെ ഉറപ്പിക്കുകയാണ് ആ വരവിന്റെ ഉദ്ദേശം. വരാനിരിക്കുന്നവൻ ക്രിസ്തു തന്നെയാണോ എന്ന സംശയത്തിന്റെ നിവാരണത്തിനായി യോഹന്നാനാൽ അയയ്ക്കപ്പെട്ട ശിഷ്യർ വരുമ്പോൾ ക്രിസ്തു പറയുന്നത് ഇതാണ് അത്ഭുതങ്ങളുടെ പെരുമഴയാണ് തന്നിലൂടെ നടക്കപ്പെടുന്നത്, ഇത് ദൈവത്താൽ അയയ്ക്കപ്പെട്ടവനാണ് ക്രിസ്തു എന്ന് തെളിച്ചം കിട്ടാനാണ്. പഴയ നിയമ പ്രവാചകരും മോശയുൾപ്പെടെ നേതാക്കളും അത്ഭുതങ്ങളുടെ അകമ്പടിയോടെയാണ് വേദത്തിൽ പ്രത്യക്ഷപ്പെടുന്നത്. വ്യക്തികളും സന്ദേശങ്ങളും ദൈവത്തിൽ നിന്നുള്ളതാണന്ന തെളിവ് അത്ഭുതങ്ങളാണ്. ക്രിസ്തുവിന്റെ പിന്മുറക്കാരും അവരുടെ പ്രസംഗങ്ങൾ അടയാളങ്ങൾകൊണ്ട് സ്ഥിരീകരിച്ചു (മർ. 16:20). ഈ കാലഘട്ടം എന്നെയും വെല്ലുവിളിക്കുന്നുണ്ട് ശിഷ്യരുടെ പാത പിന്തുടരുവാൻ എന്റെ കേമത്തം മറ്റുള്ളവരുടെ മുമ്പിൽ പ്രദർശിപ്പിക്കുകയല്ല വേണ്ടത്, ക്രിസ്തുവിന്റെ വചനം ഉറപ്പാക്കുകയാണ്, അതിനു വേണമെങ്കിൽ തമ്പുരാൻ അത്ഭുതങ്ങളുടെ അകമ്പടി നൽകികൊള്ളും. ഇന്ന് നോട്ടീസിലും ബാനറിലും അത്ഭുതവും രോഗശാന്തിയും വാരി വിതറുകയാണ്. ആർക്കുവേണ്ടിയാണ് ഈ ധൂർത്തെന്ന് കാലം തെളിയിക്കും.

അത്ഭുതങ്ങൾ തമ്പുരാന്റെ കരുണയുടെയും പ്രണയത്തിന്റെയും മിഴി തുറക്കുന്നതാണ്. കാനായിലെ കല്ല്യാണം മുതൽ തുടരുന്ന അത്ഭുതങ്ങളുടെ പ്രളയം തമ്പുരാന്റെ മനുഷ്യനോടുള്ള സ്നേഹ

www.malankaralibrary.com


ത്തിന്റെ കര കവിഞ്ഞൊഴുക്കാണ്. കാനായിൽ കുടുംബത്തിന്റെ പ്രയാസത്തിൽ കരുണ പുതുവീഞ്ഞായി നിറയപ്പെടുന്നു. വിധവയുടെ സങ്കടം വീണ്ടും ക്രിസ്തുവിന്റെ കരുണയുടെ നീരൊഴുക്കിൽ ജീവനായി നിറയുന്നു. മാർത്തയോടും മറിയത്തോടും കാട്ടിയ കരുണ ലാസറിന്റെ ജീവനായി കല്ലറയിൽ നിന്നും പുറത്തുവരുന്നു.

അത്ഭുതത്തിന്റെ താക്കോൽ നിനക്ക് ലഭിച്ചിരിക്കുന്നത് നിന്റെ പ്രശസ്തിയുടെ വാതായനങ്ങൾ തുറക്കുവാനല്ല എന്ന ബോധ്യമെങ്കിലും കാലഘട്ടത്തിൽ ഉണ്ടാവണം. തമ്പുരാന്റെ കരുണയുടെ നീർച്ചാലാകേണ്ടവരാണ് അത്ഭുതങ്ങളുടെ കാവൽക്കാർ. ക്രിസ്തുവിന്റെ ജീവിതം മുഴുവനും ഇതിന്റെ നേർപ്പകർപ്പാണ്. ജീവന്റെ നീർച്ചാലായി നിലകൊള്ളേണ്ടവൻ, അവന്റെ സംസർഗ്ഗം ജീവന്റെ കവിഞ്ഞൊഴുക്കായ പിതാവായ ദൈവത്തോടാണ്. അത്ഭുതങ്ങൾ ജീവന്റെ ഉറവയാക്കിയ ക്രിസ്തുവിന്റെ കൈ പിടിച്ചാകാം ഈ നോമ്പിൽ നമ്മുടെ യാത്ര. ഇവനെയാണ് പിതാവ് സാക്ഷ്യപ്പെടുത്തിയത്, അവനിൽ നിന്നും ജീവന്റെ നദി ഒഴുകുമെന്ന്. ജീവന്റെ നദിയാക്കണമേയെന്ന പ്രാർത്ഥനയോടെ...

●

www.malankaralibrary.com

# 10. വിശുദ്ധിയുടെ സുവിശേഷം

"പിന്നീടൊരിക്കൽ യേശു ഒരു പട്ടണത്തിൽ ആയിരിക്കുമ്പോൾ ഒരു കുഷ്ഠരോഗി വന്ന് അവനെക്കണ്ട് സാഷ്ടാംഗം വീണു പ്രാർത്ഥിച്ചു: കർത്താവേ, അങ്ങേക്കു മനസ്സുണ്ടെങ്കിൽ എന്നെ ശുദ്ധനാക്കാൻ കഴിയും. യേശു കൈ നീട്ടി അവനെ തൊട്ടുകൊണ്ട് പറഞ്ഞു. എനിക്ക് മനസ്സുണ്ട് നിനക്കു ശുദ്ധിയുണ്ടാകട്ടെ. തത്ക്ഷണം കുഷ്ഠം അവനെ വിട്ടു മാറി" (ലൂക്കാ 5:12-13).

ശുദ്ധിയുടെയും അശുദ്ധിയുടെയും അതിർവരമ്പുകൾക്ക് അപ്പുറത്തേക്ക് നടന്നുപോയ ക്രിസ്തുവിന്റെ വർണ്ണക്കാഴ്ചകളാണ് ലൂക്കോസ് സുവിശേഷകൻ വരച്ചിടുന്നത്. വൈദ്യന്റെ മേലങ്കി അണിഞ്ഞുകൊണ്ടു തന്നെ ശരീരത്തിന്റെ വേദനകൾക്കപ്പുറത്ത് ആത്മാവിന്റെ നൊമ്പരം കണ്ടെത്താൻ സുവിശേഷകനു കഴിയുന്നുണ്ട്. കുഷ്ഠരോഗി ആവശ്യപ്പെടുന്നത് ശുദ്ധിയാണ്. സൗഖ്യം നല്ലതാണ് എന്നാൽ അവനെ സംബന്ധിച്ച് ഏറെ ആവശ്യം ശുദ്ധനായി കാണപ്പെടുകയെന്നുള്ളതാണ്.

*ഞാൻ ഇനി തിരിച്ചു പോകേണ്ടത് എന്റെ ഭവനത്തിലേക്കാണ്. ശുദ്ധി എന്റെ ഹൃദയത്തിൽ ആരംഭിക്കണം; അതിന്റെ പരിമളം പട്ടണം മുഴുവൻ വ്യാപിക്കണം.*

കുഷ്ഠരോഗത്തെക്കുറിച്ചും ആ കാലഘട്ടത്തിലെ സാമൂഹിക നിലപാടുകളേക്കുറിച്ചും പഠിച്ചാൽ ശുദ്ധനാകാനുള്ള രോഗിയുടെ അടക്കാനാവാത്ത ആഗ്രഹം

 www.malankaralibrary.com





മനസ്സിലാക്കാവുന്നതേയുള്ളു. കുഷ്ഠം ഒരുവന്റെ സ്പർശനശക്തി ഇല്ലാതാക്കും. ശരീരത്തിന്റെ മുറിവുകളേക്കാൾ അവന്റെ സങ്കടം ഒറ്റപ്പെടുത്തലും മാറ്റിനിർത്തപ്പെടലും ഏൽപ്പിക്കുന്ന ആഘാതമാണ്. പ്രണയസങ്കല്പങ്ങൾ പൂത്തു നിൽക്കുന്ന മനസ്സിൽ മുറിവുകളുടെ ആഴം വർദ്ധിക്കും. ഏറെ സങ്കടം അശുദ്ധൻ എന്ന് സ്വയം പറഞ്ഞ് മണി അടിച്ചുകൊണ്ട് മാറി നടക്കുക എന്നതാണ്. സമൂഹത്തിൽ നിന്നും, സമുദായത്തിൽ നിന്നും, കുടുംബത്തിൽ നിന്നും മാറ്റി നിർത്തപ്പെടുക കരളലിയിപ്പിക്കുന്ന കാഴ്ചയാണ്. കുഷ്ഠരോഗിയെ തൊടുന്നവനും അശുദ്ധനാകും.

ഇവിടെയാണ് ക്രിസ്തുവിന്റെ പ്രസക്തി. ഭയമില്ലാത്ത കണ്ണുകളിൽ കരുണയുടെ സമുദ്രവുമായി തൊടുന്നവനെ ശുദ്ധീകരിക്കുന്ന ദൈവത്തിന്റെ പുത്രൻ. അന്നുവരെ തന്നെ സമീപിക്കുന്നവരുടെ കണ്ണുകളിൽ വെറുപ്പിന്റെയും ഭയത്തിന്റെയും തിരയിളക്കം മാത്രമാണ് കുഷ്ഠരോഗിക്ക് കാണാൻ സാധിച്ചത്. ഇന്നിതാ വേറിട്ട വഴികളിലൂടെ സഞ്ചരിക്കുന്ന ഹിമം പോലെ വെണ്മയുള്ള ശുദ്ധിയുടെ നിറകുടം.

www.malankaralibrary.com


ഞാനും ക്രിസ്തുവും തമ്മിലുള്ള വ്യത്യാസം ഇതാണ്. അശുദ്ധൻ എന്റെ ശുദ്ധിയെ ഇല്ലാതാക്കും. എന്നാൽ ക്രിസ്തു എന്ന പഞ്ചാഗ്നിയിൽ അശുദ്ധി അലിഞ്ഞ് ഇല്ലാതാകും. ചോദ്യം ഒന്നേയുള്ളു. ഞാൻ ഈ അഗ്നിയിൽ എരിഞ്ഞ് ശുദ്ധിയുള്ളവനായിത്തീർന്നോ? സ്വർണ്ണം ഉലയിൽ ഉരുക്കുന്ന ക്രിയ എന്റെ മനസ്സിൽ നടന്നിട്ടുണ്ടോ? ഒരേ ഒരു ആവശ്യം മാത്രം ക്രിസ്തു അനുഗമിക്കുന്നവരോട് ആവശ്യപ്പെടുന്നു. "സ്വർഗ്ഗസ്ഥനായ പിതാവ് പരിപൂർണ്ണനായിരിക്കുന്നതു പോലെ നിങ്ങളും പരിപൂർണ്ണരായിരിക്കുവിൻ" (മത്താ 5:48). അഗ്നിയോട് ചേർന്നിരുന്നാൽ തീ പിടിക്കാതിരിക്കാൻ ആവില്ല. നീ ശുദ്ധിയുള്ളവനാകണമെങ്കിൽ വിശുദ്ധ അഗ്നിയിൽ, അശുദ്ധി സമൂലം വെന്തുരുകണം, ക്രിസ്തുവിന്റെ സ്പർശനത്തിലൂടെ കുഷ്ഠരോഗിക്ക് സംഭവിച്ചത് അതാണ്.

കാലഘട്ടത്തിൽ ക്രിസ്തു എന്നോട് എന്താണ് പറയുന്നത്. ശിഷ്യരുടെ പ്രധാന കർത്തവ്യം ദൈവരാജ്യത്തിലേക്ക് മനുഷ്യരെ ചേർക്കുകയാണ്; മനുഷ്യരെ പിടിക്കുന്നവരാകുക എന്ന ക്രിസ്തുവിന്റെ ക്ഷണം. ശിഷ്യനാകണം എങ്കിൽ ഞാൻ മനുഷ്യരെ സ്നേഹിക്കുന്നവനാകണം. "നിന്നെപ്പോലെ തന്നെ നിന്റെ അയൽക്കാരനെ സ്നേഹിക്കുക" എന്ന് ക്രിസ്തുമൊഴി. അതിർവരമ്പുകളിലേക്ക് മാറ്റി നിർത്തപ്പെട്ടവനെ നെഞ്ചോടുചേർത്തു പിടിക്കുമ്പോൾ അവന്റെ സകലവിധ അശുദ്ധിയും മാറ്റപ്പെടും. കുഷ്ഠരോഗിക്ക് ആവശ്യം സമൂഹത്തോടും, സഭയോടും കുടുംബത്തോടും ചേർന്നു നിൽക്കുക എന്നതാണ്. ക്രിസ്തുവിന്റെ മിഴികളിൽ നനവു പടരുന്നത് എന്റെ വഴികളിൽ നോക്കിയിട്ടാണ്. ധനത്തിന്റെ പേരിൽ, നിറത്തിന്റെ പേരിൽ, മതത്തിന്റെ പേരിൽ, അധികാരത്തിന്റെ പേരിൽ ഞാൻ എത്രപേരെ മനസ്സിൽ നിന്നും പടി അടച്ച് പിണ്ഡം വച്ചിട്ടുണ്ട്. അശുദ്ധനെ തൊട്ടു സൗഖ്യമാക്കിയവന്റെ പാതയിലാണോ ഞാൻ? നിരന്തരമായ അവഗണനകൾകൊണ്ട് പുറംതള്ളപ്പെട്ടുപോയവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരാനാണ് ക്രിസ്തു എന്നെ ക്ഷണിക്കുന്നത്.

കുഷ്ഠരോഗിയെ സൗഖ്യമാക്കുന്നതിലൂടെ ദൈവരാജ്യം ഇതൾ വിരിയുന്നുണ്ട്. ദരിദ്രരോടു സുവിശേഷം അറിയിക്കുവാനും രോഗികൾക്ക് സൗഖ്യം കൊടുക്കുവാനുമാണ് ക്രിസ്തു വരുന്നത് എന്ന ഏശയ്യാ പ്രവചനം യഹൂദരുടെ മനസ്സിൽ പച്ചപിടിച്ചു നിൽപ്പുണ്ട്.

www.malankaralibrary.com


ലൂക്കോസ് സുവിശേഷകൻ ക്രിസ്തുവിന്റെ വരവിൽ വീണ്ടും അത് ഓർമ്മപ്പെടുത്തുന്നു (ലൂക്കോസ് 4:16). കുഷ്ഠരോഗിയെ സൗഖ്യമാക്കി യതിനുശേഷം അവനോടു പറയുന്നു, "നീ പോയി പുരോഹിതന് നിന്നെത്തന്നെ കാണിച്ചുകൊടുക്കുക." സഭയ്ക്കുള്ള വെളിപ്പെടുത്ത ലാണ്, മിശിഹായുടെ രാജ്യം വന്നു കഴിഞ്ഞു. കുഷ്ഠം സൗഖ്യമാക്കുക പ്രയാസമേറിയതാണ്; ക്രിസ്തുവിന്റെ സ്പർശനത്തിലൂടെ കുഷ്ഠം സുഖമായി എങ്കിൽ അത് മിശിഹായാണ്. മിശിഹായുടെ രാജ്യത്തി ലാണ് ഞാൻ എങ്കിൽ എന്റെ ജീവിതം അതിനനുസരിച്ച് മാറേണ്ടതുണ്ട്. ശുദ്ധിയുടെയും അശുദ്ധിയുടെയും അളവുകോലുകൊണ്ട് മനുഷ്യനെ അളക്കുന്ന എന്റെ സ്വാർത്ഥതയുടെ കച്ചവടങ്ങൾ അവസാനിപ്പി ക്കേണ്ടതുണ്ട് എന്ന് ക്രിസ്തു ഓർമ്മപ്പെടുത്തും.

ശുദ്ധി എന്റെ ഭവനത്തിൽ ആരംഭിക്കണമെന്ന് ലൂക്കോസ് സുവിശേഷകനിലൂടെ ക്രിസ്തു എന്നെ ഓർമ്മപ്പെടുത്തുന്നു. കുഷ്ഠ രോഗി ഭവനത്തിലേക്കാണ് മടക്കി അയയ്ക്കപ്പെട്ടത്. ഗരസേനരുടെ നാട്ടിൽ പിശാചു ബാധിച്ചവനെ സൗഖ്യമാക്കിയപ്പോഴും അവനോടു പറയുന്നത്, "നീ വീട്ടിലേക്ക് തിരിച്ചു പോയി ദൈവം നിനക്ക് ചെയ്തതെന്തെന്ന് അറിയിക്കുക" (ലൂക്കോസ് 8:39). ഞാൻ ഇനി തിരിച്ചു പോകേണ്ടത് എന്റെ ഭവനത്തിലേക്കാണ്. ശുദ്ധി എന്റെ ഹൃദയത്തിൽ ആരംഭിക്കണം; അതിന്റെ പരിമളം പട്ടണം മുഴുവൻ വ്യാപിക്കണം. അപ്പോൾ നീ തൊടുന്നവനെ ശുദ്ധിയുള്ളവനാക്കുന്ന ഗുരുവിന്റെ ശിഷ്യനെന്ന് അറിയപ്പെടും.

വിശുദ്ധിയുടെ സുവിശേഷത്തിന്റെ വഴി ഒന്നേയുള്ളു. അത് നിരന്തരപ്രാർത്ഥനയുടെ വഴിത്താരയാണ്. വേദത്തിന്റെ ആകെത്തുക പ്രാർത്ഥനയാണ്. ക്രിസ്തു എന്നെ നിരന്തരം ക്ഷണിക്കുന്നത് പ്രാർത്ഥനയുടെ മനുഷ്യനാകാനാണ്. "അവനാകട്ടെ, വിജന പ്രദേശ ങ്ങളിലേക്ക് പിൻവാങ്ങി, അവിടെ പ്രാർത്ഥിച്ചുകൊണ്ടിരുന്നു" (ലൂക്കോസ് 5:16). അത്ഭുതങ്ങളുടെ മുമ്പിലും അതിനുശേഷവും പ്രാർത്ഥനയുടെ ഇരുമ്പുകോട്ടയിലേക്ക് നടന്നു പോകുന്ന ക്രിസ്തുവിനെയാണ് കാണാൻ കഴിയുക. പിതാവുമായുള്ള നിരന്തര സമ്പർക്കമില്ലാതെ വിശുദ്ധിയുള്ളവനാകുക സാധ്യമല്ല. മലയിലും, താഴ്വരയിലും വിജനപ്രദേശത്തും പിതാവിന്റെ കൈപിടിച്ചു നടക്കുന്ന ക്രിസ്തുവിനെയാണ് വേദത്തിൽ നാം കാണുന്നത്. ശിഷ്യന് അതല്ലാതെ വേറെ വഴിയില്ല. മാർട്ടിൻ ലൂഥറോട് ഒരാൾ ചോദിച്ചു,

www.malankaralibrary.com



ദിവസം എത്രനേരം പ്രാർത്ഥിക്കും. മൂന്നുനേരം. തിരക്കുള്ള ദിവസങ്ങളിലോ നാലുനേരം. എന്റെ ജീവിതത്തിൽ ഉത്തരവാദിത്വങ്ങൾ കൂടുന്നതനുസരിച്ച് പ്രാർത്ഥനയുടെ ദൈർഘ്യവും കൂടേണ്ടതുണ്ട്. എത്ര വലിയ അത്ഭുതത്തിനുശേഷവും വിജനപ്രദേശത്തേക്ക് പിൻവാങ്ങുന്ന ക്രിസ്തുവിനെയാണ് നാം കാണുന്നത്.

നോമ്പിന്റെ വഴികളിൽ മറക്കാതിരിക്കാം കുഷ്ഠരോഗിയെ തൊട്ടതുപോലെ ക്രിസ്തു എന്നെ തൊടണമെങ്കിൽ ഞാൻ അവനെ അന്വേഷിക്കണം, കണ്ടുമുട്ടിയാൽ സാഷ്ടാംഗം പ്രണാമം ചെയ്യണം, എളിമപ്പെടണം, ദൈവത്തിന്റെ വചനത്തിനുമുമ്പിൽ ധ്യാനനിരതനാകണം, നിരന്തരം പ്രാർത്ഥനയിൽ ആയിരിക്കണം, ക്രിസ്തു എന്റെ പ്രഥമ പരിഗണന ആകണം. അപ്പോൾ ക്രിസ്തു നിന്നെ തൊടാതെ പോവുകയില്ല. ചേർത്തു പിടിയ്ക്കും, സകല അശുദ്ധിയിൽ നിന്നും മോചനമേകും; അപ്പോൾ ആരും നമ്മുടെ സുഹൃത്‌വലയത്തിന് വെളിയിൽ ആകില്ല. സഹോദരൻ എവിടെയെന്ന് അവസാനചോദ്യത്തിന് ഉത്തരം തേടേണ്ടത് ഇന്നാണ്. കൈകൾ കോർത്തുപിടിക്കാം, കൈകൾ ഊർന്നുപോകാതെ നിന്റെ മുമ്പിൽ എത്താൻ കരുണയാകണേ തമ്പുരാനേ എന്ന പ്രാർത്ഥനയോടെ...

●

www.malankaralibrary.com

# 11. സമാധാനത്തിന്റെ ദൂതൻ

*സമാധാനത്തിന്റെ ദൈവവുമായുള്ള എന്റെ ബന്ധം സമാധാനത്തെ എന്റെ ഉള്ളിലേക്ക് ആവാഹിച്ച് എടുക്കും. ഞാൻ സമാധാനമായി മാറും*

"അവർ ഇതു പറഞ്ഞുകൊണ്ടിരിക്കുമ്പോൾ യേശു അവരുടെ മദ്ധ്യേ പ്രത്യക്ഷനായി അവരോട് അരുളിച്ചെയ്തു: നിങ്ങൾക്ക് സമാധാനം! അവർ ഭയന്നു വിറച്ചു" (ലൂക്കോസ് 24:36).

ലൂക്കോസ് സുവിശേഷകൻ ഭയന്നുവിറച്ചിരിക്കുന്നവരോടാണ് പറയുന്നത് സമാധാനം. ക്രിസ്തുവിന്റെ ജീവിതം മുഴുവനും സമാധാനത്തിന്റെ പനിമഞ്ഞുപകരുന്നതായിരുന്നു. ജനനത്തിന് മുൻപ് മാതാവിനോട് പറയുന്നു: കൃപ നിറഞ്ഞ മറിയമേ നിനക്ക് സമാധാനം. ജീവിച്ചിരുന്നപ്പോൾ ക്രിസ്തു പഠിപ്പിച്ചു സമാധാനം ഉണ്ടാക്കുന്നവർ ഭാഗ്യവാന്മാർ, മരിച്ചതിനുശേഷവും ഉയർപ്പിക്കപ്പെട്ട ക്രിസ്തു ശിഷ്യന്മാരോട് പറയുന്നു നിങ്ങൾക്ക് സമാധാനം. അപ്പോൾ ജനിക്കുന്നതിനു മുൻപും ജനിച്ചതിനുശേഷവും മരണത്തിനപ്പുറവും ഒരാൾ സമാധാനത്തിന്റെ സന്ദേശവാഹകൻ ആകുന്നു. അതിനർത്ഥം ക്രിസ്തുവിന്റെ സ്ഥായിയായ ഭാവം സമാധാനത്തിന്റെ ഭാവം ആണെന്നാണ്.

സമാധാനത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ രണ്ട് വഴികൾ നമ്മുടെ മുൻപിൽ ബൈബിൾ വരച്ചിട്ടിരിക്കുന്നത് നമുക്ക് കാണാം. 1) ദൈവവുമായി സമാധാനം

www.malankaralibrary.com





2) ദൈവത്തിന്റെ സമാധാനം. ദൈവത്തിന്റെ സമാധാനം സ്ഥായിയായി എന്റെ ജീവിതത്തിൽ ഉണ്ടാകണം എങ്കിൽ അടിസ്ഥാനപരമായി ഞാൻ ദൈവവുമായി സമാധാനത്തിൽ ആകണം. റോമാക്കാർക്ക് എഴുതുമ്പോൾ പൗലോസ് ശ്ലീഹാ അത് വ്യക്തമാക്കുന്നുണ്ട്. "വിശ്വാസത്താൽ നീതീകരിക്കപ്പെട്ട നമുക്ക് നമ്മുടെ കർത്താവായ യേശുക്രിസ്തുവഴി ദൈവവുമായി സമാധാനത്തിൽ ആയിരിക്കാം (റോമർ 5:11).

ക്രിസ്തുവിന്റെ ജീവിതം പഠിച്ചാൽ ജനനത്തിനു മുമ്പും, ജീവിച്ചിരുന്നപ്പോഴും മരണത്തിനുശേഷവും, സമാധാനം ജീവിതത്തിൽ നിലനിർത്താനും മറ്റുള്ളവർക്ക് പകർന്നു കൊടുക്കുവാനും സാധിച്ചത് പിതാവുമായി നിരന്തരം സമാധാനത്തിൽ ആയിരുന്നതുകൊണ്ടാണ്. എല്ലാ അത്ഭുതങ്ങൾക്കു മുൻപും ശേഷവും പിതാവിനോട് ചേർന്ന് മലയിലോ വിജനപ്രദേശത്തോ ആണ് ക്രിസ്തുവിനെ നാം കാണുന്നത്. സമാധാനം ഇല്ലാത്തവന്റെ ജീവിതത്തിൽ അത്ഭുതങ്ങൾ അസാധ്യമാണ്. പ്രശ്നങ്ങളും പ്രതികൂലങ്ങളും ജീവിതത്തിൽ ഉണ്ടാകില്ല എന്നല്ല ഇതിന് അർത്ഥം. ക്രിസ്തുവിന്റെ ജീവിതം മുഴുവനും ജനനം മുതൽ പ്രതികൂലങ്ങളുടേതായിരുന്നു. അവസാനം നിന്ദ്യമായ കുരിശുമരണവും, ഇതിന്റെ നടുവിലും സമാധാനം ജീവിതത്തിൽ നിലനിർത്തിയെ

www.malankaralibrary.com



ങ്കിൽ അതിന് ഒരൊറ്റ കാരണമേയുള്ളൂ: "എന്തെന്നാൽ ദൈവം കോലാഹലത്തിന്റെ ദൈവല്ല, സമാധാനത്തിന്റെ ദൈവവമാണ്" (1 കോറി. 14 :33). സമാധാനത്തിന്റെ ദൈവവുമായുള്ള എന്റെ ബന്ധം സമാധാനത്തെ എന്റെ ഉള്ളിലേക്ക് ആവാഹിച്ച് എടുക്കും. ഞാൻ സമാധാനമായി മാറും, ഈ സമാധാനത്തെ എന്റെ ഉള്ളിലേക്ക് ആവാഹിച്ച് എടുക്കുവാൻ ഞാൻ എന്തു ചെയ്യണം.

**1. ദൈവത്തിന്റെ നിയമത്തെ അനുസരിക്കുക**

സങ്കീർത്തകൻ അനുസരിക്കുക എന്ന വാക്കല്ല ഉപയോഗിക്കുന്നത് സ്നേഹിക്കുക എന്ന വാക്കാണ്. "അങ്ങയുടെ നിയമത്തെ സ്നേഹിക്കുന്നവർക്ക് ശാന്തി ലഭിക്കും" (സങ്കീർത്തനം 119:165). ദൈവത്തെ ഉള്ളിൽ സ്വീകരിച്ചവർക്ക് ദൈവത്തിന്റെ വഴികൾ വെറും നിയമത്തിന്റെ പിൻബലമല്ല, ദൈവത്തിന്റെ തോളോടുതോൾ ചേർന്നുള്ള യാത്രയാണ്. പൗലോസ് ശ്ലീഹാ അത് ഇപ്രകാരം പറയും "ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു, ഇനി ജീവിക്കുന്നത് ഞാനല്ല ക്രിസ്തുവാണ്." സമാധാനത്തിന്റെ സഹയാത്രികന് സമാധാനം ആയി തീരാതെ തരമില്ല.

**2. ദൈവത്തിൽ ഹൃദയമുറപ്പിക്കുക**

ദൈവത്തിന്റെ സാന്നിദ്ധ്യബോധത്തിൽ ഉറപ്പുള്ളവനു മാത്രമേ സമാധാനത്തിന്റെ വഴി തെളിഞ്ഞ് കിട്ടുകയുള്ളൂ. അങ്ങയിൽ ഹൃദയമുറപ്പിച്ചിരിക്കുന്നുവനെ അത് സമാധാനത്തിന്റെ തികവിൽ സംരക്ഷിക്കുന്നു. എന്തെന്നാൽ അവൻ അങ്ങയിൽ ആശ്രയിക്കുന്നു" (ഏശയ്യ 26:3) ദൈവത്തെ സ്നേഹിക്കുന്നവൻ അവന്റെ നെഞ്ചോടുചാരി യാത്ര ചെയ്യും.

**3. ദൈവത്തിന്റെ പദ്ധതികളിൽ വിശ്വാസം അർപ്പിക്കുക**

പല കാര്യങ്ങളും നമ്മുടെ ജീവിതത്തിൽ വരുമ്പോൾ എന്തേ ഇത് ഇങ്ങനെയെന്ന ചോദ്യം ഉയരാം. സുഭാഷിതങ്ങളുടെ പുസ്തകം അതിന്റെ ഉത്തരം തരുന്നത് "കർത്താവിൽ പൂർണഹൃദയത്തോടെ വിശ്വാസമർപ്പിക്കുക. സ്വന്തം ബുദ്ധിയെ ആശ്രയിക്കുകയുമരുത്. നിന്റെ എല്ലാ പ്രവൃത്തികളും ദൈവവിചാരത്തോടെയാകട്ടെ, അവിടുന്ന് നിനക്ക് വഴി തെളിച്ചു തരും" (സുഭാഷിതങ്ങൾ 3:5,6).

www.malankaralibrary.com


**3. ദൈവസമാധാനം ദൈവത്തോട് ചോദിച്ചു വാങ്ങണം.**

എനിക്ക് അതിയായ ആഗ്രഹം ഉള്ളത് മാത്രമേ എന്റെ ജീവിതത്തിൽ സ്ഥിരമായി നിലനില്ക്കൂ. സമാധാനം ഞാൻ ആഗ്രഹിക്കുന്നുവെങ്കിൽ പൗലോസ് ശ്ലീഹായുടെ ഭാഷയിൽ 'ഒന്നിനെക്കുറിച്ചും ആകുലരാകേണ്ട, പ്രാർത്ഥനയിലൂടെയും അപേക്ഷയിലൂടെയും കൃതജ്ഞതാസ്തോത്രങ്ങളോടെ നിങ്ങളുടെ യാചനകൾ ദൈവസന്നിധിയിൽ അർപ്പിക്കുവിൻ. അപ്പോൾ നമ്മുടെ എല്ലാ ധാരണയെയും അതിലംഘിക്കുന്ന ദൈവത്തിന്റെ സമാധാനം നിങ്ങളുടെ ഹൃദയങ്ങളെയും ചിന്തകളേയും യേശുക്രിസ്തുവിൽ കാത്തുകൊള്ളും" (ഫിലിപ്പിയർ 4:6-7). നിന്തരമായ പ്രാർത്ഥന എന്റെ ജീവിതത്തിന്റെ ഭാഗമായി മാറും.

ദൈവത്തോടു സമാധാനത്തിൽ ആയിരിക്കുമ്പോൾ ദൈവത്തെ സ്നേഹിക്കും, ദൈവസാന്നിദ്ധ്യബോധമുള്ളനാകും, ദൈവത്തിൽ അടിയുറച്ച വിശ്വാസം ഉള്ളവനാകും, ദൈവത്തിന്റെ കൂടെനടന്ന് വേറൊരു ക്രിസ്തുവായി മാറും. നോമ്പിന്റെ പുണ്യപ്പെട്ട ദിനങ്ങൾ ഉപേക്ഷിക്കലിന്റെ ദിനങ്ങൾ കൂടെ ആകട്ടെ, വെറുപ്പിന്റെ, വിദ്വേഷത്തിന്റെ, അസൂയയുടെ, ഉപേക്ഷിക്കൽ. മനസ്സ് പരിശുദ്ധമായി തീരുമ്പോൾ സമാധാനമാകുന്ന ദൈവം എന്റെ ഹൃദയത്തിൽ വന്ന് നിറയും. ഞാൻ സമാധാനമായി മാറും. എന്നിലൂടെ ഒഴുകി പരക്കുന്ന സമാധാനം ലോകം മുഴുവൻ സമാധാനത്തിന്റെ പനിമഞ്ഞ് പകരുന്നതാകും. ക്രിസ്തു ആശംസിച്ച സമാധാനം നമ്മുടെ ഉള്ളിലേക്ക് ആവാഹിച്ചെടുത്ത് വേറൊരു ക്രിസ്തുവായി, സമാധാനത്തിന്റെ പ്രതിരൂപമായി മാറാം. അങ്ങനെ ലോകം മുഴുവനും സമാധാനത്താൽ നിറയട്ടെ.

●

www.malankaralibrary.com

# 12. മൗനത്തിന്റെ ലാവണ്യം


*ഫലനം ഇല്ലാത്തതും
അവ്യവഹാര്യവും
അഗ്രാഹ്യവും
അലക്ഷണവും,
അചിന്ത്യവുമായ
തമ്പുരാൻ
നിന്റെ ഉള്ളിൽ നിന്റെ
കൂടെയുണ്ട്.
എന്നിട്ടും എന്തേ ഈ
തമ്പുരാനെ നിനക്കു
മനസ്സിലാകാതെ
പോകുന്നു.*

"നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ കപട നാട്യക്കാരെപ്പോലെയാകരുത്. അവർ മറ്റുള്ളവരെ കാണിക്കാൻ വേണ്ടി സിനഗോഗുകളിലും തെരുവീഥികളുടെ കോണുകളിലുംനിന്നു പ്രാർത്ഥിക്കാനാണ് ഇഷ്ടപ്പെടുന്നത്. സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: അവർക്കു പ്രതിഫലം ലഭിച്ചു കഴിഞ്ഞു. എന്നാൽ നീ പ്രാർത്ഥിക്കുമ്പോൾ നിന്റെ മുറിയിൽ കടന്ന്, കതകടച്ച്, രഹസ്യമായി നിന്റെ പിതാവിനോടു പ്രാർത്ഥിക്കുക; രഹസ്യങ്ങൾ അറിയുന്ന പിതാവ് നിനക്കു പ്രതിഫലം നൽകും. പ്രാർത്ഥിക്കുമ്പോൾ വിജാതിയരെപ്പോലെ നിങ്ങൾ അതിഭാഷണം ചെയ്യരുത്. അതിഭാഷണം വഴി തങ്ങളുടെ പ്രാർത്ഥന കേൾക്കുമെന്ന് അവർ കരുതുന്നു. നിങ്ങൾ അവരെപ്പോലെയാകരുത്. നിങ്ങൾ ചോദിക്കുന്നതിനു മുമ്പുതന്നെ നിങ്ങളുടെ ആവശ്യം നിങ്ങളുടെ പിതാവ് അറിയുന്നു" (മത്തായി 6:5–8).

മലമുകളിലും താഴ്വരയിലും വിജനസ്ഥലത്തും ഏകാന്തതയുടെ ലാവണ്യം ആസ്വദിച്ചവൻ ഉള്ളിന്റെ ഉള്ളിൽ വാസമുറപ്പിച്ച തന്റെ പിതാവിനെക്കുറിച്ച് വാചാലനാകുന്നത് വി.മത്തായിസുവിശേഷം വിവരിക്കുകയാണ്. പുറത്തേക്കു തുറന്നിരിക്കുന്ന ഇന്ദ്രി

www.malankaralibrary.com





യങ്ങൾ ഒരുവേള അകത്തേക്കു തിരിച്ചുവച്ചാൽ ഉള്ളിന്റെ ഉള്ളിൽ വാസമുറപ്പിച്ച മൗനത്തിന്റെ തമ്പുരാൻ നിന്റെ അകക്കണ്ണിൽ തെളിഞ്ഞു വരും.

അകക്കണ്ണ് തുറന്നുകിട്ടണമെങ്കിൽ മൗനത്തിന്റെ തേരിൽ നീ യാത്രയാകണം; മൗനത്തിന്റെ ഗുഹയിൽ നീ ധ്യാനനിമഗ്നനായാൽ മാത്രം തുറന്നു കിട്ടുന്നതാണ് അന്തർനേത്രം. ക്രിസ്തുവിന്റെ ചിത്രങ്ങൾ തെളിഞ്ഞു വരുന്നത് അവിടെയാണ്. ദാരിദ്ര്യത്തെ സഹോദരി എന്നു വിളിച്ച നഗ്നപാദനായ അസീസ്സിയിലെ വിശുദ്ധൻ ക്രിസ്തുവിന്റെ നേർക്കാഴ്ചകൾക്കായി അലഞ്ഞിരുന്നത് മൗനത്തിന്റെ അകമ്പടിയിലാണ്. തന്റെ ശിഷ്യരെ അയയ്ക്കുമ്പോൾ അസീസ്സിയിലെ വിശുദ്ധൻ പറഞ്ഞു പഠിപ്പിച്ചതും അതാണ്. "നിങ്ങൾ പ്രസംഗിക്കേണ്ടത് നിങ്ങളുടെ ജീവിതത്താലും പ്രവൃത്തിയാലുമാണ്. വാക്കുകളേക്കാൾ ഉയരത്തിൽ നിൽക്കുന്നതാണ് നിശബ്ദത. വാക്കുകൾകൊണ്ട്

www.malankaralibrary.com



പ്രസംഗിക്കുക, പ്രവൃത്തികൊണ്ട് പ്രസംഗിക്കുക, പിന്നീട് നിങ്ങൾ തനിച്ചായിരിക്കുമ്പോൾ കർത്താവിനെ വലയം ചെയ്യുന്ന പരിശുദ്ധമായ നിശബ്ദതയിൽ പ്രവേശിക്കുക." ചക്രവാളങ്ങൾക്കപ്പുറത്തേക്ക് നിറഞ്ഞൊഴുകുന്നതാണ് ദൈവത്തിന്റെ നിശബ്ദത.

ആർഷഭാരതം മൂന്നുവിധ തപസ്സുകളെക്കുറിച്ച് പറയുന്നുണ്ട്, ശരീരംകൊണ്ട്, വാക്കുകൊണ്ട്, മനസ്സുകൊണ്ട്. ഇതിൽ ഏറ്റം പ്രധാനപ്പെട്ടത് മൗനവ്രതമാണ്; നിശബ്ദത, ദൈവത്തെ തേടുന്നവന്റെ വഴിത്താര. നാവ് സംസാരിക്കുന്നത് മനസ്സിന് എന്തോ പറയാനുള്ളതുകൊണ്ടാണ്. ഭഗവത്ഗീത പഠിപ്പിക്കുന്നത് മനസ്സിന്റെ മൗനമാണ് മൗനവ്രതം. സംസാരിക്കാതിരിക്കുക മാത്രമല്ല നിശ്ശബ്ത, അത് അനന്തമായ നിശബ്ദതയായ ദൈവത്തിൽ മനസ്സ് ലയിക്കുന്നതാണ്. ചിത്തവൃത്തി നിരോധഃ എന്ന് യോഗ പഠിപ്പിക്കുന്നതും വ്യത്യസ്തമല്ല.

"മനഃപ്രസാദഃ സൗമ്യത്വം മൗനമാത്മവിനിഗ്രഹഃ
ഭാവസംശുദ്ധിരിത്യേതത്തപോ മാനസ മുച്യതേ" (ഗീത 17:16)

മനസ്സിന്റെ സ്വച്ഛത, ക്രൂരതയില്ലായ്മ, മൗനം, മനസ്സിനെ വിഷയങ്ങളിൽനിന്ന് നിവർത്തിപ്പിക്കുക, കപടതയില്ലായ്മ ഇത് മനസ്സുകൊണ്ട് ചെയ്യപ്പെടുന്ന തപസ്സെന്നു പറയപ്പെടുന്നു. മൗനത്തിന്റെ തപസ്സില്ലാത്തവന് എങ്ങനെ തമ്പുരാനെ കണ്ടെത്തുവാൻ കഴിയും; ഒരുവേള ഭഗവാൻ തന്നെ മൗനമാണെന്നു ഗീത പഠിപ്പിക്കും. മൗനത്തെ മനസ്സിലാക്കണമെങ്കിൽ മൗനത്തിന്റെ വഴിയല്ലാതെ വേറെ മാർഗ്ഗമില്ല. ഗുരുക്കന്മാരെല്ലാം ഓതി തന്നവഴി മൗനത്തിന്റേതാണ്. കാരണം മൗനം കൊണ്ടല്ലാതെ മൗനത്തെ അറിയുവാൻ സാധ്യമല്ല. "മൗനം ചൈവാസ്മി ഗുഹ്വാനാം ജ്ഞാനം ജ്ഞാനവതാമഹം" (ഗീതം 10:38).

ഗോപനീയങ്ങളായുള്ളവയിൽ മൗനം താനാണെന്ന് ഭഗവാൻ പറയുന്നു. ഈ മൗനത്തെയറിയാൻ ഇന്ദ്രിയങ്ങൾ അടച്ച് പുറത്തേക്കുള്ള വഴി തടയുക, അകക്കണ്ണ് തുറന്നു പിടിക്കുക, ഹൃദയത്തിന്റെ ഗുഹയിൽ ഇരിക്കുന്ന മൗനത്തിന്റെ മഹാപ്രഭു നിനക്ക് പ്രത്യക്ഷനാകും. ആർഷഭാരതത്തിന്റെ മാമുനി, മാർ ഈവാനിയോസ് പകർന്നുതന്ന വഴിയും വ്യത്യസ്തമല്ല. കൽക്കട്ടയുടെ സംസാരസാഗരത്തിൽനിന്നും മുണ്ടൻമലയുടെ മൗനസരോവരത്തിലേക്ക് ആവാസമുറപ്പിച്ചവന് പരിചിതമായ വഴി. തമ്പുരാന്റെ മുമ്പിൽ ഇരിക്കുന്ന ദിവസങ്ങളെക്കുറിച്ച് ശിഷ്യരെ ഉദ്ബോധിപ്പിക്കുന്നതിങ്ങനെയാണ്. "ഭജനദിവസങ്ങളിൽ

www.malankaralibrary.com


കൂട്ടുകാരുമായി ഇടപെടരുത്, ആത്മാവിൽ ഏകാന്തത പാലിക്കണം, അന്യോന്യം ആംഗ്യം വഴിയായിപ്പോലും സംസാരിക്കരുത്. ഏകാന്തതയ്ക്ക് ഭംഗവും അകമേയും പുറമേയും അശ്രദ്ധയും വരുത്തുന്ന കാര്യങ്ങളെല്ലാം വർജ്ജിക്കണം (സന്ന്യാസജീവിത സഹായി 217). മൗനത്തിന്റെ ആഴത്തിലേക്ക് നടക്കേണ്ടതിന്റെ ആവശ്യകത ഗുരു ശിഷ്യരെ പഠിപ്പിക്കുകയാണ്. ഇന്ദ്രിയങ്ങൾ പൂട്ടി ഉള്ളറയിലേക്കു നടക്കാൻ പഠിപ്പിച്ച ക്രിസ്തുവിന്റെ ശിഷ്യന് ഇതല്ലാതെ വേറെ വഴിയില്ല. തപസ്സ് ഉള്ളിൽ ക്രിസ്തുവാകുന്ന അഗ്നി നിറയുന്നതാണ്. സദാനേരവും സംസാരസാഗരത്തിലാണെങ്കിൽ ഉള്ളിൽ നിറഞ്ഞ അഗ്നി പുറത്തേയ്ക്ക് ഒഴുകിപ്പോകും, നിന്റെ ഉള്ള് പൊള്ളയാകും.

അത്ഭുതത്തിനു മുൻപും പിൻപും നിശബ്ദതയിലേക്ക് ആഴ്ന്നു പോകുന്ന ക്രിസ്തുവിനെ വേദത്തിൽ കണ്ടെത്താൻ കഴിയും. കാരണം ഒന്നേയുള്ളൂ. "അവരുടെ സഹോദരന്മാരുടെ ഇടയിൽനിന്നു നിന്നേപ്പോലുള്ള ഒരു പ്രവാചകനെ ഞാനവർക്കുവേണ്ടി അയയ്ക്കും. എന്റെ വാക്കുകൾ ഞാൻ അവന്റെ നാവിൽ നിക്ഷേപിക്കും. ഞാൻ കല്പിക്കുന്നതെല്ലാം അവൻ അവരോടു പറയും (നിയമാവർത്തനം 18:18). പിതാവിന്റെ വാക്കുകൾ കേൾക്കുവാൻ ആകാംക്ഷാപൂർവ്വം നിൽക്കുന്ന ക്രിസ്തു; പിതാവിന്റെ വാക്കുകളാണ് പുത്രൻ നിവർത്തിക്കുന്നത്. യോഹന്നാൻ സുവിശേഷകൻ ഇത് കുറേക്കൂടെ വ്യക്തമാക്കുന്നുണ്ട്. "യേശു പറഞ്ഞു: സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു. പിതാവു ചെയ്തുകാണുന്നതല്ലാതെ പുത്രന് സ്വന്തം ഇഷ്ടമനുസരിച്ച് ഒന്നും പ്രവർത്തിക്കുവാൻ സാധിക്കുകയില്ല. എന്നാൽ പിതാവു ചെയ്യുന്നതെല്ലാം അപ്രകാരംതന്നെ പുത്രനും ചെയ്യുന്നു (യോഹ. 5:19). പിതാവ് പറയുന്നതും പ്രവർത്തിക്കുന്നതും അതേപോലെ പുത്രൻ പ്രവർത്തിക്കുന്നു. ഇവിടെയാണ് ക്രിസ്തുവിന്റെ നിശബ്ദതയുടെ അർത്ഥതലങ്ങൾ തെളിവാകുന്നത്. ഓരോ അത്ഭുതത്തിനു മുൻപും മലയിലും താഴ്വരയിലും ഏകാന്തതയിൽ താനെന്താണ് ചെയ്യേണ്ടതെന്ന് തന്റെ പിതാവിന്റെ ശബ്ദത്തിനായി കാതോർക്കുന്നു. അത്ഭുതത്തിനു ശേഷം അത്ഭുതത്തിൽ മതിമറന്നു നിൽക്കുന്ന ജനക്കൂട്ടത്തിന്റെ ആരവത്തിൽനിന്നും മാറി; തന്റെ അടുത്ത ജോലി എന്താണെന്ന് അറിയുവാൻ മൗനത്തിലേക്കും ധ്യാനത്തിലേക്കും തന്റെ മനസ്സിനെ നയിക്കുന്നു. കാലഘട്ടത്തിൽ ക്രിസ്തുവിന്റെ വഴികൾ നടന്നു

www.malankaralibrary.com


തീർക്കേണ്ട ഞാൻ മൗനത്തിലും ധ്യാനത്തിലും ക്രിസ്തുവിന്റെ വഴികൾ തേടുന്നുണ്ടോ, എന്നതാണ് ചോദ്യം. ആശ്രമങ്ങളുടെ അകത്തളങ്ങളിൽ പോലും മൗനം അന്യം നിൽക്കുമ്പോൾ ക്രിസ്തുവിന്റെ പാതകൾ ഞാൻ എവിടെ കണ്ടെത്തും. ആരവങ്ങളിൽ ദൈവത്തെ കണ്ടെത്തുവാനാണ് ഇന്ന് പരിശ്രമം. ധ്യാനകേന്ദ്രങ്ങളൊക്കെ എത്രമാത്രം ശബ്ദമുഖരിതമാക്കാം എന്ന പരിശ്രമത്തിലാണ്. ഉറങ്ങിപ്പോയ ദൈവത്തെ ഉണർത്താനുള്ള ശ്രമമാണ്. സങ്കീർത്തകൻ പറയുന്നു: ഇസ്രായേലിന്റെ പരിപാലകൻ മയങ്ങുകയില്ല, ഉറങ്ങുകയുമില്ല (സങ്കീ. 121:4). ദൈവത്തിന്റെ ശബ്ദം കേൾക്കുവാനുള്ള പരിശ്രമമോ അതോ എന്റെ ശബ്ദം ദൈവത്തെ കേൾപ്പിക്കാനുള്ള ശ്രമമോ? നിന്നിലൂടെ അത്ഭുതങ്ങൾ ഒഴുകിയിറങ്ങണമെങ്കിൽ തമ്പുരാന്റെ ഹിതമറിയാനായി കാതോർക്കേണ്ടതുണ്ട്.

ശാന്തതയിൽ ദൈവത്തിന്റെ അത്ഭുതങ്ങൾ എനിക്ക് കാണുവാൻ സാധിക്കും. മൗനത്തിന്റെ താഴ്‌വരയിൽ മിഴികൾ ക്രിസ്തുവിലേക്കു മാത്രമാകുമ്പോൾ നിനക്കു ചുറ്റും ദൈവത്തിന്റെ നിഴൽ വീണു കിടക്കുന്നത് കാണാം. "കർത്താവ് നിങ്ങൾക്കുവേണ്ടി യുദ്ധം ചെയ്തുകൊള്ളും നിങ്ങൾ ശാന്തരായിരുന്നാൽ മതി" (പുറ. 14:14). നിരന്തരം എന്റെ ചുറ്റും ദൈവത്തിന്റെ അത്ഭുതങ്ങൾ നടക്കുന്നുണ്ട്. അശാന്തിയിൽ എന്റെ കാഴ്ച മങ്ങിപ്പോയി എന്നു മാത്രം. ഉള്ളിലേക്കെടുക്കുന്ന ശ്വാസം മുതൽ എന്റെ ഹൃദയമിടിപ്പുവരെ അത്ഭുതങ്ങളുടെ പെരുമഴയാണ്. കോവിഡ് എന്ന മഹാമാരിയുടെ കാലത്താണ് ഉള്ളിലേക്കെടുക്കുന്ന ഓക്സിജന്റെ വില നാമറിഞ്ഞത്. ഇന്ദ്രിയങ്ങൾ പൂട്ടി തഴുതിട്ടവന്റെ ബോധ്യങ്ങളിലേക്കാണ് ക്രിസ്തുമൊഴികൾ ഇതൾ വിരിയുന്നത്.

ദൈവഹിതം അംഗീകരിക്കണമെങ്കിലും ഞാൻ നിശബ്ദനാകേണ്ടതുണ്ട് എന്ന് അഹറോന്റെ ജീവിതം നമ്മെ ഓർമ്മപ്പെടുത്തും. പുത്രന്മാരായ നാദാബും അബിഹുവും കർത്താവിന്റെ മുൻപിൽ അവിശുദ്ധമായ അഗ്നി അർപ്പിച്ചു. കർത്താവിന്റെ അഗ്നി അവരെ വിഴുങ്ങി. "അപ്പോൾ മോശ അഹറോനോടു പറഞ്ഞു: കർത്താവ് അരുളിച്ചെയ്തിരിക്കുന്നു എന്നെ സമീപിക്കുന്നവർക്ക് ഞാൻ പരിശുദ്ധനാണെന്നു കാണിച്ചു കൊടുക്കും. എല്ലാ ജനതകളുടെയും മുൻപിൽ എന്റെ മഹത്വം ഞാൻ വെളിപ്പെടുത്തും. അഹറോൻ നിശബ്ദനായിരുന്നു" (ലേവ്യർ 10:3).

 www.malankaralibrary.com



ശാന്തതയിൽ മാത്രം വെളിപ്പെട്ടുവരുന്നതാണ് ദൈവഹിതം. ദൈവത്തിനെതിരെ സംസാരിക്കാൻ കാരണമുണ്ടായിരുന്നിട്ടും അഹ റോൻ മൗനത്തിന്റെ താഴ്‌വരയിൽ കാര്യങ്ങളെ അവധാനതയിൽ കാണു വാൻ ശ്രമിക്കുന്നു. കർത്താവ് അരുളിച്ചെയ്യുന്നത് മനസ്സിലാക്കണമെ ങ്കിൽ മനസ് അടങ്ങി ശാന്തത വരണം.

ഞാൻ നിസാരനാണെന്നു മനസ്സിലാക്കണമെങ്കിൽപോലും തമ്പു രാന്റെ മുൻപിൽ മൗനമായി ഇരിക്കേണ്ടതുണ്ട്. ജോബിന്റെ ജീവിതം നമ്മെ പഠിപ്പിക്കുന്നത് അതാണ്. തുടക്കത്തിൽ ദൈവത്തോടു തർക്കി ക്കാനും വാദിക്കാനുമുള്ള ശ്രമത്തിലാണ് ജോബ്. തന്റെ പ്രവൃത്തി മൂലം താൻ നീതിമാനാണെന്നുള്ള അഹംഭാവം "അതിനാൽ എനിക്കു നിശബ്ദത പാലിക്കാൻ കഴിയുകയില്ല, എന്റെ ഹൃദയവ്യഥകൾക്കിട യിൽ ഞാൻ സംസാരിക്കും. എന്റെ മനോവേദനകൾക്കിടയിൽ ഞാൻ സങ്കടം പറയും. അങ്ങെനിക്ക് കാവലേർപ്പെടുത്താൻ ഞാൻ കടലോ, കടൽജന്തുവോ? എന്റെ കിടക്ക എന്നെ ആശ്വസിപ്പിക്കും. എന്റെ തൽപം എന്റെ വ്യസനം ശമിപ്പിക്കും" (ജോബ് 7:11-13). നിശബ്ദതയില്ലാത്ത പ്പോൾ ദൈവത്തെ ചോദ്യം ചെയ്യാനുള്ള പരിശ്രമമാണ്, താൻ ചെയ്യു ന്നതുമാത്രം ശരിയാണെന്നുള്ള ഭാവം. മൗനത്തിന്റെ താഴ്‌വരയിലേക്ക് ഇറങ്ങിവരുമ്പോൾ കാഴ്ചകളും ഉൾക്കാഴ്ചകളും വ്യത്യാസപ്പെടുന്നു. "ജോബ് കർത്താവിനോട് പറഞ്ഞു: ഞാൻ നിസാരനാണ്. ഞാനെന്തു ത്തരം പറയാനാണ് ഞാൻ വായ് പൊത്തുന്നു. ഒരിക്കൽ ഞാൻ സംസാ രിച്ചു. ഇനി ഞാൻ ഉത്തരം പറയുകയില്ല. രണ്ടു തവണ മറുപടി പറഞ്ഞു: ഇനി ഞാൻ മിണ്ടുകയില്ല" (ജോബ് 40:3-5).

നിശബ്ദതയിൽ എന്റെ അഹംഭാവങ്ങളെല്ലാം അലിഞ്ഞ് ഇല്ലാ താകണം. ഞാനാരാണെന്നുള്ള ബോധ്യത്തിലേക്ക് ഉണരണം. അസീ സ്സിയിലെ വിശുദ്ധന്റെ യാത്ര അവസാനിക്കാറായ ഘട്ടത്തിൽ തന്നെ ചേർക്കുവാനായി വരുന്ന ക്രിസ്തുവിനെ മുറിക്കു പുറത്തു കാണു ന്നു, പിന്നീട് കാണാതായപ്പോൾ ഫ്രാൻസിസ് നിലവിളിക്കുന്നു: ഞങ്ങൾ രണ്ടുപേരും ഒന്നായിച്ചേർന്നു. മൗനത്തിൽ സംഭവിക്കേണ്ടത് ഇതാണ് ഞാൻ മൗനത്തിന്റെ തമ്പുരാനുമായി ഒന്നായിച്ചേരണം. പൗലോസ് ശ്ലീഹാ പറയും : ഞാൻ ക്രിസ്തുവിനോടു കൂടെ ക്രൂശിക്ക പ്പെട്ടിരിക്കുന്നു. ഇനി ജീവിക്കുന്നത് ഞാനല്ല ക്രിസ്തുവാണ് എന്നിൽ ജീവിക്കുന്നതെന്ന്. പുൽക്കൂട്ടിൽ പിറന്ന്, തെരുവിൽ അലഞ്ഞ് ആരു ടെയോ കല്ലറയിൽ അടക്കപ്പെട്ട ക്രിസ്തു, ആ ക്രിസ്തുവുമായാണ്

www.malankaralibrary.com


ഞാൻ ഒന്നായിച്ചേരുന്നത് എന്ന ബോദ്ധ്യത്തിലേക്ക് മൗനം എന്നെയുണർത്തും.

പ്രാർത്ഥനകൾപോലും പ്രദർശന വസ്തുവായി നിരത്തുന്ന ഈ കാലഘട്ടത്തെക്കുറിച്ചാണ് ക്രിസ്തു സങ്കടപ്പെടുന്നത്. പ്രാർത്ഥന നിന്റെ സ്വകാര്യതയാണ്. നിന്റെ പിതാവിനോടുള്ള പ്രണയത്തിന്റെ കവിഞ്ഞൊഴുക്ക്; അത് സൂപ്പർ മാർക്കറ്റിൽനിന്നും സാധനങ്ങൾ വാങ്ങാൻ പോകുന്ന ലാഘവത്തോടെയാകരുത്, എന്ന ഓർമ്മപ്പെടുത്തലും മുറിയിൽ കടന്ന് കതകടച്ച് പ്രാർത്ഥിക്കാൻ പറയുമ്പോൾ ക്രിസ്തു ഓർമ്മപ്പെടുത്തുന്നു. നിനക്കു വേണ്ടുന്ന വാഹനത്തിന്റെ നിറം പറഞ്ഞു പ്രാർത്ഥിക്കണമെന്നും അടുത്തുള്ളവന്റെ സ്ഥലത്തു കയറി നിന്ന് കൈവിരിച്ചു പിടിച്ച് ഇതെനിക്ക് തരണമേ എന്ന് പ്രാർത്ഥിക്കണമെന്നും പറഞ്ഞു പഠിപ്പിക്കുന്ന സമ്പന്നതയുടെ സുവിശേഷത്തിന്റെ ഈ കാലഘട്ടത്തിൽ ക്രിസ്തുവെന്ന പ്രാണപ്രിയനോട് പ്രണയിനിക്ക് സ്വകാര്യമായി ഒന്നും പറയാനില്ലാതെ പോകുന്നു. ഞാൻ വസിക്കുന്ന ആലയമാണ് നിന്റെ ശരീരം എന്നൊക്കെ ക്രിസ്തു വിലപിക്കുന്നത് ഈ സങ്കടത്തിലാണ്. ഞാൻ നിന്റെ ഏറ്റവും അടുത്തിരുന്നിട്ടും നിനക്ക് എന്നോട് ഒന്നും സംസാരിക്കാനില്ലേയെന്ന ക്രിസ്തുവിന്റെ ദുഃഖം.

നോമ്പിന്റെ വഴികൾ നടന്നുതീർക്കുമ്പോൾ മാണ്ഡുക്യ ഉപനിഷത്തുകാരൻ പറഞ്ഞു വയ്ക്കുന്നത് മറക്കാതിരിക്കാം. ഘനം ഇല്ലാത്തതും അവ്യവഹാര്യവും അഗ്രാഹ്യവും അലക്ഷണവും, അചിന്ത്യവുമായ തമ്പുരാൻ നിന്റെ ഉള്ളിൽ നിന്റെ കൂടെയുണ്ട്. എന്നിട്ടും എന്തേ ഈ തമ്പുരാനെ നിനക്കു മനസ്സിലാകാതെ പോകുന്നു. കാരണം എന്റെ ബന്ധം ആത്മാർത്ഥതയില്ലാത്തതായി പോകുന്നു. തമ്പുരാനോടുള്ള പ്രണയം എവിടെയോ ഇഴ മുറിഞ്ഞുപോയി. തിരികെ നടക്കാം ഈ നോമ്പിൽ, ഇന്ദ്രിയങ്ങൾ പൂട്ടി ഹൃദയത്തിന്റെ ശ്രീകോവിലിൽ പള്ളികൊള്ളുന്ന തമ്പുരാന്റെ മുൻപിൽ സാഷ്ടാംഗ പ്രണാമം ചെയ്യാം. തമ്പുരാന്റെ മുൻപിൽ കൈകൾ കൂപ്പി, മിഴികൾ പൂട്ടി ക്രിസ്തുവും ഞാനും ഒന്നായിത്തീരുന്ന, ആരവങ്ങളില്ലാത്ത മൗനത്തിന്റെ ആഴങ്ങളിലൂടെ നോമ്പെന്ന പുണ്യത്തിലേക്ക് നമുക്ക് ഒന്നിച്ച് യാത്ര തുടരാം.

●

www.malankaralibrary.com

# 13. എന്റെ പിതാവിന്റെ ഭവനത്തിലേയ്ക്കുള്ള ദൂരം

"എന്നാൽ, ദൈവം അവനോടു പറഞ്ഞു: ഭോഷാ, ഈ രാത്രി നിന്റെ ആത്മാവിനെ നിന്നിൽനിന്ന് ആവശ്യപ്പെടും; അപ്പോൾ നീ ഒരുക്കിവെച്ചിരിക്കുന്നവ ആരുടേതാകും?" (ലൂക്കാ 12:20)

മനുഷ്യൻ ഭൂമിയുടെ അവകാശിയായി വന്നനാൾ മുതൽ ഭയത്തോടെ നോക്കിക്കാണുന്നതാണ് മരണം. ഭാരതത്തിന്റെ കഥകളിൽ കയറുമായി ആത്മാവിനെ തേടിയെത്തുന്ന കാലന്റെ ഭാവനാ പൂർണ്ണമായ ചിത്രങ്ങൾ കാണാറുണ്ട്. കാലചക്രത്തിന്റെ കറക്കത്തിനൊടുവിൽ മുക്തി തേടി തന്റെ സ്വന്തം ഭവനത്തിലേക്ക് പോകുന്നതിനെയാണ് ഇങ്ങനെ ഭയാനകമായി ചിത്രീകരിക്കുന്നത് എന്നതാണ് രസകരം. കാലചക്രത്തിന്റെ കറക്കം കാലനായി ചിത്രീകരിച്ചു എന്നു മാത്രം. ക്രിസ്തുവിന്റെ കാലടിപ്പാടുകളിൽ പദമൂന്നി നടക്കുന്നവർക്ക് വെളിച്ചം വീശുന്നുണ്ട് യോഹന്നാൻ ശ്ലീഹാ. മരണം എന്റെ പിതാവിന്റെ ഭവനത്തിലേക്കുള്ള വഴികാട്ടിയാണ്. "ഞാൻ പോയി നിങ്ങൾക്ക് സ്ഥലം ഒരുക്കികഴിയുമ്പോൾ ഞാൻ ആയിരിക്കുന്നിടത്ത് നിങ്ങളും ആയിരിക്കേണ്ടതിന് ഞാൻ വീണ്ടും വന്ന് നിങ്ങളെ കൂട്ടിക്കൊണ്ടുപോകും" (യോഹ. 14:3). എത്ര മനോഹരമായ

*ഒന്നും വാരിക്കൂട്ടാതെ ക്രിസ്തുവിന്റെ പിറകെ നടന്നു ശീലിച്ചവർ അവരുടെ യാത്ര തുടർന്നു കൊണ്ടേയിരിക്കും. ഒരു വേള ഭാരമായിരുന്ന പഞ്ചഭൂത നിർമ്മിതിയെക്കുടഞ്ഞു കളഞ്ഞിട്ട്, മഴയിൽ നനഞ്ഞ അവസാനത്തെ ഈർപ്പവും കൊക്കുകൊണ്ട് കോതി ഒതുക്കി തന്റെ കൂട്ടിലേക്ക് പറന്നുപോകും.*

www.malankaralibrary.com





സങ്കല്പം, എന്റെ പിതാവിന്റെ അടുത്തേക്കുള്ള യാത്രയായി മരണത്തെ ചിത്രീകരിച്ചിരിക്കുന്നു. എന്നിട്ടും എന്തേ ഇന്നും മരണം ഭീതി വിടർത്തുന്നത്.

ഞാൻ ആരാണെന്നുള്ള ബോദ്ധ്യത്തിലേക്ക് ഉണർന്നിട്ടില്ല എന്നതാണ് മരണഭയത്തിനു കാരണം. ഒരിക്കൽ ഈ ഭൂമിയിലേക്ക് വന്ന ഞാൻ ഈ ഭൂമിയുടെ സ്വന്തമായിപ്പോയി എന്നതാണ് സങ്കടം. ഞാൻ ഇവിടേക്ക് യാത്ര വന്നതാണ് എന്ന കാര്യം മറന്നതുകൊണ്ട്, ക്രിസ്തു ഒരിക്കൽ കൂടെ ധനവാന്റെയും ലാസറിന്റെയും കഥ പറഞ്ഞുതന്നു. എല്ലാം എനിക്കായി മാത്രം കൂട്ടിവയ്ക്കുന്ന എന്നോട്, ഒരിക്കൽ ഒരു ചോദ്യം ഉണ്ടാകുമെന്ന കാര്യം ഞാൻ മറന്നുപോയി. ''ഭോഷാ, ഇന്നു രാത്രിയിൽ നിന്റെ ആത്മാവിനെ നിന്നോടു ചോദിച്ചാൽ ഈ കൂട്ടിവച്ചതൊക്കെ ആർക്കാകും.'' എല്ലാം എന്റേതാണെന്നുള്ള മിഥ്യാബോധങ്ങളെ മരണം ഭയപ്പെടുത്തും.

www.malankaralibrary.com



അപ്പോഴും അപ്പൂപ്പൻ താടിപോലെ കനം ഇല്ലാത്തവർ മരണമേ എന്റെ സഹോദരി എന്ന് നിലവിളിക്കും. ഫ്രാൻസിസ് അസീസ്സിയെപ്പോലെ ഒന്നും വാരിക്കൂട്ടാതെ ക്രിസ്തുവിന്റെ പിറകെ നടന്നു ശീലിച്ചവർ അവരുടെ യാത്ര തുടർന്നു കൊണ്ടേയിരിക്കും. ഒരു വേള ഭാരമായിരുന്ന പഞ്ചഭൂത നിർമ്മിതിയെക്കുടഞ്ഞു കളഞ്ഞിട്ട്, മഴയിൽ നനഞ്ഞ അവസാനത്തെ ഈർപ്പവും കൊക്കുകൊണ്ട് കോതി ഒതുക്കി തന്റെ കൂട്ടിലേക്ക് പറന്നുപോകും. ഇവനു ബോദ്ധ്യം വന്നവനാണ്, തന്റെ കൂട് ചിതലുകളുടെ സങ്കേതമായ ഈ ഭൂമിയിലല്ലാ എന്ന് ബോദ്ധ്യം ഇല്ലാത്തവർ മാത്രം നിലവിളിക്കും, ഇല്ല ഞാൻ വരില്ലാ എന്ന്.

പഴയ മനുഷ്യന്റെ കൈയിൽ നിന്നും ബന്ധം വേർപെടുത്താത്തവരും മരണത്തെ ഭയപ്പെടും. ഉള്ളിൽ ഉള്ള ഒരു മനുഷ്യനെക്കുറിച്ച് പൗലോസ് ശ്ലീഹാ വാചാലനാകുന്നുണ്ട്. ഞാൻ ഇന്നും മരണത്തെ ഭയപ്പെടുന്നുണ്ടെങ്കിൽ ഉള്ളിലുള്ള മനുഷ്യനുമായി നേർക്കുനേർ നിന്നിട്ടില്ലാ എന്നർത്ഥം. ജനിച്ചു വീഴുമ്പോൾ മുതൽ പുറത്തുള്ള മനുഷ്യനുമായി മാത്രമേ എനിക്ക് സമ്പർക്കം ഉള്ളൂ എന്നതും, ഈ പുറത്തുള്ള മനുഷ്യനെ ഉപേക്ഷിച്ചുപോകാൻ എന്നെ ഭയപ്പെടുത്തും "നാം ഇനി പാപത്തിന് അടിമപ്പെടാതിരിക്കത്തക്കവിധം പാപ പൂർണ്ണമായ ശരീരത്തെ നശിപ്പിക്കാൻ വേണ്ടി നമ്മിലെ പഴയ മനുഷ്യൻ അവനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നുവെന്ന് നമുക്കറിയാമല്ലോ" (റോമർ 6: 6). പഞ്ചഭൂത നിർമ്മിതമായ പുറത്തെ ചട്ടകൂടിനെ മാത്രം ധ്യാനിക്കുന്നവൻ എങ്ങനെ ഇതുപേക്ഷിച്ച് പോകും.

ബോദ്ധ്യങ്ങൾ ഉണർന്നവൻ ദൈവത്തിന്റെ പ്രതിരൂപമായ ഉള്ളിലെ മനുഷ്യന്റെ കൈപിടിച്ച് നടക്കാൻ പരിശ്രമിക്കും. ആർഷ ഭാരതത്തിൽ ശവമയമെന്നും, ശിവമയമെന്നും ഇതിനെ പരിചയപ്പെടുത്തും. ശവമയമായ നശ്വര ശരീരം ഇവിടെ ഉപേക്ഷിച്ച് ആത്മാവ് മോക്ഷത്തിലേക്ക് പറന്നുയരും; ഇവിടെ ദേഹത്തിനു വസ്ത്രം പോലെയാണ് ആത്മാവിനു ശരീരം. വെട്ടം കിട്ടാത്തവൻ വസ്ത്രത്തിനുമാത്രം ശ്രദ്ധ കൊടുക്കും. ഉള്ളിലുള്ള മനുഷ്യനിലേക്ക് തിരിയുന്ന കാലത്താണ് പൗലോസ്ശ്ലീഹാ പറയുന്നത് ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു ഇനി ജീവിക്കുന്നത് ഞാനല്ല ക്രിസ്തുവാണ് എന്നിൽ ജീവിക്കുന്നത് എന്ന്.

www.malankaralibrary.com


പഴയ മനുഷ്യനെ അവന്റെ ചെയ്തികളോടുകൂടെ ഉപേക്ഷിച്ചവന് പിന്നെ ജീവിതം ക്രിസ്തുവിനോടുകൂടെയാണ്. അവൻ ജീവൻ മുക്തനാണ്, അവനെക്കുറിച്ചാണ് ക്രിസ്തു പഠിപ്പിച്ചത് മരണത്തിന് അവന്റെ മേൽ ഇനി അധികാരമില്ല (റോമർ 6:9) ഏറ്റവും നല്ല ഉദാഹരണമാണ് പൗലോസ് ശ്ലീഹാ, രണ്ടുകാലഘട്ടമായി ഈ ജീവിതത്തെ തിരിക്കാം. ആദ്യം പഴയ മനുഷ്യന്റെ തോളോടുതോൾ ചേർന്നു നടന്ന കാലം, പിന്നിട് ദമാസ്കസിന്റെ പടിവാതിൽക്കൽ വച്ച് ക്രിസ്തുവിനെ മുഖാമുഖം കണ്ടതിനുശേഷം ക്രിസ്തുവിന്റെ കൈപിടിച്ചുകൊണ്ട് നടന്നകാലം. രണ്ടിനും തമ്മിൽ സാരമായ വ്യത്യാസം ഉണ്ട്. ഒന്ന് മരണത്തിന്റെ വഴിയെങ്കിൽ മറ്റേത് ജീവന്റെ വഴി. ദമാസ്കസിലേക്ക് പോകുന്നത് ക്രിസ്ത്യാനികളെ പിടിച്ച് കൊല്ലുവാനാണ് ഇത് മരണത്തിന്റെ സംസ്കാരം ആണ്. ദമാസ്കസിന്റെ പടിവാതിൽക്കൽ വച്ച് ജീവന്റെ സമൃദ്ധിയായ ക്രിസ്തുവിനെ കണ്ടുകഴിയുമ്പോൾ ജീവൻ സമൃദ്ധിയായി അവനിലേക്ക് ഒഴുകിയിറങ്ങുന്നു അവന്റെ ജീവിതം മുഴുവനായും ജീവനിലേക്ക് ചേർക്കപ്പെടുന്നു. അതുകൊണ്ട് പിന്നീടുള്ള ജീവിതത്തെക്കുറിച്ച് പൗലോസ് ശ്ലീഹാ ധൈര്യപൂർവ്വം പറയുന്നു ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു ഇനി ജീവിക്കുന്നത് ഞാനല്ല ക്രിസ്തുവാണെന്നിൽ ജീവിക്കുന്നത് എന്ന്.

എന്നിൽ ഇന്നും മരണം ഭയമായി നിൽക്കുന്നു എങ്കിൽ അതിന്റെ കാരണം അന്വേഷിച്ച് നടക്കണമെന്നില്ല നീ ജീവന്റെ സമൃദ്ധിയിലേക്ക് നടന്നിട്ടില്ലാ എന്നർത്ഥം. ക്രിസ്തുവിനെ മുഖാമുഖം കണ്ടില്ലാ എന്നു സാരം. ക്രിസ്ത്യാനി ആയിരിക്കാം, പള്ളിയിൽ പോകുന്നുണ്ടായിരിക്കാം, ബാക്കി എല്ലാം ഉണ്ടാകാം, പക്ഷേ ജീവന്റെ ജലമായ ക്രിസ്തുവിൽ നിന്നും നീ കുടിച്ചിട്ടില്ല, നിന്റെ ദാഹം ശമിച്ചിട്ടില്ല. ദമാസ്ക്കസ് സംഭവത്തിനു ശേഷം മനസ്സടങ്ങിയ, ദാഹം ശമിച്ച, ജീവന്റെ നീർച്ചാലിൽ നിന്നും ആവോളം നുകർന്ന പൗലോസ് ശ്ലീഹായെ കാണാം; അന്നുവരെ അവന്റെ ജീവിതത്തിൽ അഹങ്കാര പൂർവ്വം കൊണ്ടുനടന്നിരുന്ന പഠിപ്പുകളും, കുടുംബമഹിമയും, പൗരത്വവും, ചപ്പെന്നും ചവറെന്നും അവൻ പറയുന്നു. കാരണം അന്നുവരെ അവൻ അന്ധനായിരുന്നു. അവന്റെ കണ്ണ് ക്രിസ്തു തുറന്നപ്പോൾ അവൻ അറിയുന്നു അവൻ റോമാപൗരനല്ല അത് ഇപ്പോൾ ഉള്ള അവസ്ഥയാണ്, ശരിക്കും താൻ

www.malankaralibrary.com


ക്രിസ്തുവിന്റെ രാജ്യത്തിലെ പൗരനാണ്. റോമാസാമ്രാജ്യം മാത്രമല്ല ലോകത്തിലുള്ള എല്ലാ സാമ്രാജ്യങ്ങളെയും സൃഷ്ടിച്ചവന്റെ രാജ്യത്തിലെ പൗരനാണ് താനെന്ന്. ഇവനു മരണമില്ല, മരണം ഇവനെ ഭയപ്പെടുത്തുന്നില്ല. മരണത്തിനപ്പുറത്തേക്ക് നടന്നു പോയവന്റെ രാജ്യത്തിലാണ് അവൻ. ചോദ്യം ഒന്നേയുള്ളു ഞാൻ ഏതു രാജ്യത്തിലാണ് എന്ന് എനിക്ക് ഉറപ്പുണ്ടോ? ക്രിസ്തുവിന്റെ രാജ്യത്തിലെ പൗരത്വം നിനക്ക് ഉണ്ടെങ്കിൽ നീ മരണത്തെ വിജയിച്ചു.

ഉപഗ്രഹങ്ങളെ അന്തരീക്ഷത്തിന് പുറത്തേക്ക് എത്തിക്കുന്ന ബൂസ്റ്റർ റോക്കറ്റുപോലെയാണ് ശരീരം. ആത്മാവിനെ ക്രിസ്തുവിന്റെ രാജ്യത്തിൽ എത്തിക്കണമെങ്കിൽ ഈ ശരീരത്തിന് കൃത്യമായ നിയന്ത്രണങ്ങൾ ഉണ്ടാകണം. അതുകൊണ്ട് പൗലോസ് ശ്ലീഹായെപ്പോലുള്ള വിശുദ്ധർ പറയും ശരീരത്തെ കർശനമായി നിയന്ത്രിക്കണം എന്ന്. ഓട്ടപ്പന്തയത്തിൽ എത്രവേഗത്തിൽ ഓടിയാലും ലക്ഷ്യത്തിലേക്കല്ല ഓടുന്നതെങ്കിൽ സമ്മാനം ലഭിക്കുകയില്ല. എല്ലാവരും ഓടുന്നതിനേക്കാൾ വേഗത്തിലായിരിക്കാം നീ ഓടുന്നത് പക്ഷേ എതിർ ദിശയിലായിപ്പോയി. ശരീരം കൊണ്ട് എല്ലാവിധദോഷങ്ങളിലേക്കും നീ അലഞ്ഞു നടന്നാൽ എങ്ങനെ ആത്മാവ് ജീവന്റെ സമൃദ്ധിയിൽ എത്തിച്ചേരും, അവിടെയാണ് ശരീരത്തിന്റെ പ്രസക്തി. “നിങ്ങളുടെ പരിമിതി നിമിത്തം ഞാൻ മാനുഷിക രീതിയിൽ സംസാരിക്കുകയാണ്. ഒരിക്കൽ നിങ്ങളുടെ അവയവങ്ങളെ അശുദ്ധിയ്ക്കും അനീതിയ്ക്കും അടിമകളായി സമർപ്പിച്ചതുപോലെ, ഇപ്പോൾ അവയെ വിശുദ്ധീകരണത്തിനു വേണ്ടി നീതിക്ക് അടിമകളായി സമർപ്പിക്കുവിൻ” (റോമ 6:19).

അപ്പോൾ ഇതാണ് കാര്യം ശരീരം നിന്നെ എവിടേക്ക് നയിക്കുന്നുവോ അവിടെ എത്തിച്ചേരും. “എന്നാൽ ഇപ്പോൾ നിങ്ങൾ പാപത്തിൽ നിന്ന് മോചിതരായി ദൈവത്തിന് അടിമകളായിരിക്കയാൽ നിങ്ങൾക്ക് ലഭിക്കുന്നത് വിശുദ്ധീകരണവും അതിന്റെ അവസാനം നിത്യജീവനുമാണ്. പാപത്തിന്റെ വേതനം മരണമാണ്, ദൈവത്തിന്റെ ദാനമാകട്ടെ നമ്മുടെ കർത്താവായ യേശുക്രിസ്തു വഴിയുള്ള നിത്യജീവനും” (റോമർ 6:22,23). ഇവിടെ ശരീരം നമ്മെ ചതിക്കുന്നത് നാം അറിയാതെ പോകും. ചെറിയ പാപം സാരം ഇല്ലാ എന്ന്

www.malankaralibrary.com


കരുതുന്നത് സാംസണെപ്പോലെ മരണത്തിൽ കലാശിക്കുമ്പോൾ മാത്രം അറിയും പക്ഷേ വൈകിപ്പോകും.

ശരീരത്തിന്റെ ചോദനകൾ അകത്തുള്ള മനുഷ്യന്റെ പ്രാണനെടുത്ത കഥയാണ് സാംസൺ, എന്ന ദൈവീകശക്തി ആവാഹിച്ചെടുത്ത നാസീർ വ്രതക്കാരന്റെ ചിത്രം. ദൈവത്തിന്റെ ശക്തി കൊണ്ട് ലോകത്തെ ഭയപ്പെടുത്തിനിറുത്തിയവൻ. ശരീരത്തിന്റെ ചോദനകൾക്കനുസരിച്ച് നീങ്ങാൻ തുടങ്ങി. അകത്തുള്ള മനുഷ്യന്റെ നിരന്തരമായ ഓർമ്മപ്പെടുത്തലുകളെ അവഗണിച്ചു. ചെറിയ കല്പന ലംഘനങ്ങൾ സാരമില്ല എന്ന് എന്നേയും നിന്നേയും പോലെ മനസ്സിൽ ഉറപ്പിച്ചു. പ്രലോഭനങ്ങളെ ഞങ്ങളിൽ നിന്നും മാറ്റണമെ എന്ന പ്രാർത്ഥന ചൊല്ലിക്കൊണ്ടു തന്നെ പ്രലോഭനങ്ങളിലേക്ക് നടന്നുകയറി. എന്റെ ആത്മവിശ്വാസ കൂടുതലാകാം; ചെറിയ പ്രലോഭനങ്ങൾ പോലും ആത്യന്തികമായി എന്റെ ആന്തരിക മനുഷ്യന്റെ മരണത്തിനു കാരണമാകും. സാംസൺ എന്ന നാസീർ വ്രതക്കാരന്റെ അന്ത്യം വീണ്ടും നമ്മെ ഓർമ്മിപ്പിക്കുന്നു പ്രലോഭനങ്ങളിൽ നിന്നും ഓടിമാറണം എന്ന്. പൗലോസ് ശ്ലീഹായെപ്പെലെയുള്ള വിശുദ്ധർ നിരന്തരം നമ്മെ ഓർമിപ്പിക്കുന്നതു ഇതു മാത്രമാണ്. "ആകയാൽ സഹോദരരെ ദൈവത്തിന്റെ കാരുണ്യം അനുസ്മരിച്ചുകൊണ്ട് ഞാൻ നിങ്ങളോട് അപേക്ഷിക്കുന്നു: നിങ്ങളുടെ ശരീരങ്ങളെ വിശുദ്ധവും ദൈവത്തിനു പ്രീതികരവുമായ സജീവ ബലിയായി സമർപ്പിക്കുവിൻ. ഇതായിരിക്കണം നിങ്ങളുടെ യഥാർത്ഥമായ ആരാധന" (റോമ 12:1). ശരീരത്തെ വിശുദ്ധിയിൽ സംരക്ഷിക്കുന്നവൻ ദൈവരാജ്യത്തിന്റെ കാവൽഭടനാണ്, മരണം അവനു ജീവന്റെ രാജ്യത്തിലേക്കുള്ള പ്രവേശന പാസ്സാണ്.

മരണത്തിന്റെ നിഴൽ പഴനിയമത്തിൽ പാളിവീഴുന്നുണ്ട്, ഈജിപ്തിൽ നിന്നും കാനാൻ നാട്ടിലേക്കുള്ള ദൈവത്തിന്റെ മക്കളുടെ യാത്രയിൽ. യാത്ര അടിമത്വത്തിന്റെ നാട്ടിൽ നിന്നും പാലും തേനും ഒഴുകുന്ന കാനാനിലേക്കാണ്. ബോധത്തിൽ ഇത് ഉറച്ചിട്ടുണ്ട് എന്നിട്ടും എന്തേ ഇടർച്ചകളും, അഗ്നിസർപ്പങ്ങളും, ഭൂമി വാപിളർന്നു നില്ക്കുന്നതും. പാലും തേനും ഒഴുകുന്ന നാട്ടിലേക്കു പോകുമ്പോഴും ഇടക്കുള്ള അല്പസമയം മിഥ്യാ ബോധങ്ങളുടേതായി പോകുന്നു.

www.malankaralibrary.com



അത് എന്നും അങ്ങനെയാണ് മനുഷ്യൻ തന്റെ ചുറ്റുവട്ടത്തിന്റെ വൃത്തത്തിലാണ് അതിൽ നിന്നും മുക്തനായവൻ മരണത്തിന്റെ നുകങ്ങളെ കുടഞ്ഞെറിഞ്ഞവനാണ്. ഇതുതന്നെ ജീവിതവും മരണവും. അടിമത്വത്തിൽ നിന്നും ക്രിസ്തുവിന്റെ രാജ്യത്തിലേക്കാണ് നിന്റെ യാത്ര. മരണം അടിമത്വത്തിന്റെ നുകം തകർത്ത് നിന്നെ സ്വാതന്ത്ര്യത്തിന്റെ പൊൻപുലരിയിലേക്ക് നയിക്കും, ഭവനം ഒരുക്കാൻ പോയ ലോകസ്രഷ്ടാവിന്റെ ഭവനത്തിലേക്ക്. മരണസമയത്ത് നിന്റെ സ്മൃതി മണ്ഡപത്തിൽ സ്രഷ്ടാവിന്റെ രൂപം ഉണ്ടായിരിക്കണം, അതിനു ജീവിതകാലത്ത് തമ്പുരാന്റെ രൂപം നിന്റെ ഹൃദയത്തിൽ വരച്ചിട്ടിരിക്കണം, ചിത്രം ഹൃദയത്തിൽ പതിയണം എങ്കിൽ പഞ്ചേന്ദ്രിയങ്ങളിലൂടെ നീ ക്രിസ്തുവിനെ കാണണം. അങ്ങനെ മനസ്സും ശരീരവും ക്രിസ്തുവിൽ സമർപ്പിച്ചവന് മരണമില്ല; അവൻ പിതാവിന്റെ ഭവനത്തിലേക്കുള്ള ദൂരം നടന്നു തീർത്തവനാണ്. എല്ലാ നോമ്പുകളും നമ്മെ മാടി വിളിക്കുന്നത് പിതാവിന്റെ ഭവനത്തിലേക്കാണ്. ഈ നോമ്പും അതിനു കാരണമാകട്ടെ എന്ന പ്രാർത്ഥനയോടെ...

●

www.malankaralibrary.com

# 14. ചെമ്പുനാണയത്തിന്റെ തിളക്കം

*ചെറിയ നാണയത്തുട്ടുകൾ ക്രിസ്തുവിന്റെ കാഴ്ചയുടെ പരിധിയിൽ ആണ്. പലതിന്റെയും പേരിൽ അതിർവരമ്പുകളിലേക്ക് സഹോദരനെ തള്ളിനീക്കുമ്പോൾ ചെറിയ നാണയത്തുട്ടുകൾക്ക് വിലകൊടുക്കുന്ന ക്രിസ്തുവിന്റെ കാഴ്ചയിൽ അത് പെടുന്നുണ്ട് എന്ന ഓർമ്മപ്പെടുത്തൽ.*

"അവൻ ഇങ്ങനെ പഠിപ്പിച്ചു: നിങ്ങൾ നിയമജ്ഞരെ സൂക്ഷിച്ചുകൊള്ളുവിൻ. നീണ്ട മേലങ്കികൾ ധരിച്ചു നടക്കാനും പൊതുസ്ഥലങ്ങളിൽ അഭിവാദനം സ്വീകരിക്കാനും സിനഗോഗുകളിൽ മുഖ്യസ്ഥാനങ്ങളും വിരുന്നുകളിൽ അഗ്രാസനങ്ങളും ലഭിക്കാനും അവർ ആഗ്രഹിക്കുന്നു. എന്നാൽ, അവർ വിധവകളുടെ ഭവനങ്ങൾ വിഴുങ്ങുകയും ദീർഘമായി പ്രാർഥിക്കുന്നുവെന്നു നടിക്കുകയും ചെയ്യുന്നു. ഇവർക്കു കൂടുതൽ കഠിനമായ ശിക്ഷാവിധി ലഭിക്കും. അവൻ ഭണ്ഡാരത്തിന് എതിർവശത്തിരുന്ന് ജനക്കൂട്ടം ഭണ്ഡാരത്തിൽ നാണയത്തുട്ടുകൾ ഇടുന്നതു ശ്രദ്ധിച്ചു. പല ധനവാൻമാരും വലിയ തുകകൾ നിക്ഷേപിച്ചു. അപ്പോൾ, ദരിദ്രയായ ഒരു വിധവ വന്ന് ഏറ്റവും വില കുറഞ്ഞ രണ്ടു ചെമ്പുനാണയങ്ങൾ ഇട്ടു. അവൻ ശിഷ്യൻമാരെ അടുത്തു വിളിച്ചു പറഞ്ഞു: സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, ഈ ദരിദ്രവിധവ മറ്റാരെയുംകാൾ കൂടുതൽ ഭണ്ഡാരത്തിൽ നിക്ഷേപിച്ചിരിക്കുന്നു. എന്തെന്നാൽ, അവരെല്ലാവരും തങ്ങളുടെ സമൃദ്ധിയിൽനിന്നു സംഭാവന ചെയ്തു. ഇവളാകട്ടെ, തന്റെ ദാരിദ്ര്യത്തിൽ

www.malankaralibrary.com





നിന്ന് തനിക്കുണ്ടായിരുന്നതെല്ലാം, തന്റെ ഉപജീവനത്തിനുള്ള വക മുഴുവനും നിക്ഷേപിച്ചിരിക്കുന്നു" (മർക്കോസ് 12:38-44).

സമ്പന്നരും ദരിദ്രനും എന്ന വ്യത്യാസത്തിനപ്പുറം മനസ്സിന്റെ നേർക്കാഴ്ചകൾ വരയ്ക്കുന്ന ക്രിസ്തുവിന്റെ രൂപമാണ് സുവിശേഷകൻ വരച്ചിടുന്നത്. പലപ്പോഴും ഈ സുവിശേഷഭാഗം സമ്പന്നരെ വെറുക്കുകയും ദരിദ്രരെ മാത്രം വാഴ്ത്തുകയും ചെയ്യുന്ന ക്രിസ്തുവിന്റെ കാഴ്ചയായി പലപ്പോഴും വ്യാഖ്യാനിക്കാറുണ്ട്. ഒരിക്കലും ക്രിസ്തു സമ്പത്ത് ഉണ്ട് എന്ന കാരണത്താൽ ആരെയും പരിധിക്ക് പുറത്തേക്ക് മാറ്റി നിർത്തുന്നില്ല. ബൈബിൾ അങ്ങനെ പഠിപ്പിക്കുന്നുമില്ല. വിശ്വാസികളുടെ പിതാവായ അബ്രഹാം ധനവാന്മാരുടെ കൂട്ടത്തിൽ എണ്ണപ്പെടുന്നവനുമാണ്.

ക്രിസ്തു എന്നും കലഹിക്കുന്നത് ഒരു കൂട്ടരോട് മാത്രമാണ്. മുഖമൂടികൾ വച്ച് തമ്പുരാന്റെ മുൻപിൽ അഭിനയിക്കുന്നവരോട്. ക്രിസ്തു ചുങ്കക്കാരേയും വേശ്യകളേയും നെഞ്ചോടു ചേർത്തുപി

www.malankaralibrary.com


ടിക്കും, പരീശരുടെ കപടതയെ വേരോടെ പിഴുതെറിയണം എന്ന് പ്രഘോഷിക്കുകയും ചെയ്യും. മനസ്സിന്റെ നേർരേഖയാണ് ക്രിസ്തുവിന്റെ വിഷയം.

ഈ സുവിശേഷഭാഗത്തും ഇതാണ് ക്രിസ്തു പഠിപ്പിക്കാൻ ശ്രമിക്കുന്നത്. ദീർഘമായി പ്രാർത്ഥിക്കുന്നു എന്നല്ല നിയമജ്ഞരെക്കുറിച്ച് ക്രിസ്തു പറയുന്നത്; പ്രാർത്ഥിക്കുന്നു എന്ന് നടിക്കുന്നവർ. ഇത് പ്രാർത്ഥനയല്ല കപടതയാണ്. എന്നോടുള്ള ചോദ്യം കൂടിയാണ് ഇത്. ദൈവാലയത്തിൽ വരുന്നതും പ്രാർത്ഥിക്കുന്നതും നാട്യമാണോ. ദൈവാലയത്തിന്റെ വലിപ്പം അല്ല ക്രിസ്തുവിന്റെ കാഴ്ചയിൽ പതിയുന്നത്. അതിനകത്ത് ഉള്ളവരുടെ മനസ്സിന്റെ വലിപ്പം ആണ്. നാട്യത്തിന്റെ നിഴലുകളിൽ മറഞ്ഞിരിക്കുന്നവരോടാണ് ക്രിസ്തു പറയുന്നത്. നിന്റെ നാമത്തിൽ അത്ഭുതങ്ങൾ ചെയ്യുന്നു, ഭൂതങ്ങളെ പുറത്താക്കി എന്നൊക്കെയും പറയുമ്പോൾ ഞാൻ നിങ്ങളെ അറിയുന്നില്ല എന്ന്. ക്രിസ്തുവിന്റെ മുമ്പിലേക്ക് ഞാൻ കടന്നുചെല്ലുമ്പോൾ എന്തായിരിക്കാം ക്രിസ്തുവിന് എന്നോട് പറയുവാനുള്ളത്. അത് എന്റെ പ്രവൃത്തിയാണ് തീരുമാനിക്കേണ്ടത്.

വിധവയുടെ കഥ പറഞ്ഞുകൊണ്ട് ക്രിസ്തു അതിലേക്കാണ് നമ്മെ കൈപിടിച്ച് നടത്തുന്നത്. ഏറ്റവും വിലകുറഞ്ഞ രണ്ടു ചെമ്പു നാണയങ്ങൾ ധനവാന്മാരുടെ വലിയ തുകയെക്കാൾ വലുതാകുന്നു. ഇവിടെ നാണയത്തിന്റെ മൂല്യമല്ല വിഷയം ഇടുന്നയാളിന്റെ മനസ്സിന്റെ നന്മയാണ്. ധനവാൻ എല്ലാം കഴിഞ്ഞതിനുശേഷം ബാക്കിവരുന്നതിൽനിന്നും ഒരു ഭാഗം ഭണ്ഡാരത്തിൽ നിക്ഷേപിക്കുന്നു. വിധവയാകട്ടെ പരിപൂർണ്ണ സമർപ്പണം. ക്രിസ്തുവിനു ഭൂമിയിൽ വന്ന് ജനിക്കാൻ പോലും ഇടം നൽകിയത് പരിപൂർണ്ണ സമർപ്പണത്തിന്റെ തെളിമയാണ്. "ഇതാ ഞാൻ കർത്താവിന്റെ ദാസി നിന്റെ ഹിതംപോലെ എനിക്കു ഭവിക്കട്ടെ". മാതാവിന്റെ ഈ സമർപ്പണത്തോടു ചേർന്നു നിൽക്കുന്നതാണ് കഥകളിൽ നിറയുന്ന വിധവയുടെ ചെമ്പുനാണയത്തിന്റെ തിളക്കം.

എല്ലാ കാര്യങ്ങളും കഴിഞ്ഞിട്ട് ഒരു നിമിഷം വന്ന് ക്രിസ്തുവിന്റെ മുൻപിൽ നിൽക്കുന്നവനെയല്ല ക്രിസ്തുവിന് ആവശ്യം. "എന്നേക്കാളധികം പിതാവിനെയോ മാതാവിനെയോ സ്നേഹിക്കു

www.malankaralibrary.com


ന്നവൻ എനിക്കു യോഗ്യനല്ല; എന്നെക്കാളധികം പുത്രനെയോ പുത്രിയെയോ സ്നേഹിക്കുന്നവനും എനിക്കു യോഗ്യനല്ല" (മത്തായി 10:37). തന്നേക്കാൾ അധികം എന്തിനെ സ്നേഹിച്ചാലും അവൻ ദൈവ രാജ്യത്തിന് കൊള്ളാവുന്നവൻ അല്ലെന്ന് ക്രിസ്തു പഠിപ്പിക്കും. കുറെ കാര്യങ്ങൾ സുവിശേഷകൻ നമ്മെ ഓർമ്മിപ്പിക്കുന്നു.

1. വേദനിക്കുന്നിടത്തോളം കൊടുക്കാത്തവൻ ത്യാഗപൂർണ്ണമായ ജീവിതത്തിന്റെ പങ്കാളിയാകുന്നില്ല. ക്രിസ്തുവിന്റെ കാഴ്ചയിൽ പ്പെടാതെ പോകാം.

2. ചെറിയ നാണയത്തുട്ടുകൾ ക്രിസ്തുവിന്റെ കാഴ്ചയുടെ പരിധിയിൽ ആണ്. പലതിന്റെയും പേരിൽ അതിർവരമ്പുകളിലേക്ക് സഹോദരനെ തള്ളിനീക്കുമ്പോൾ ചെറിയ നാണയത്തുട്ടുകൾക്ക് വില കൊടുക്കുന്ന ക്രിസ്തുവിന്റെ കാഴ്ചയിൽ അത് പെടുന്നുണ്ട് എന്ന ഓർമ്മപ്പെടുത്തൽ.

3. ക്രിസ്തുവിന്റെ കണ്ണിലൂടെ ലോകത്തെ കാണാൻ തുടങ്ങുമ്പോൾ ചുറ്റുമുള്ളവരെല്ലാം എനിക്ക് പ്രധാനപ്പെട്ടവരായി മാറും. എത്ര മാത്രം കരുതൽ അർഹിക്കുന്നവരാണ് അതിർവരമ്പുകളിലേക്ക് മാറ്റി നിർത്തപ്പെട്ടവർ എന്ന് എനിക്ക് മനസ്സിലാകും. മരണത്തിന്റെ സംസ്കാരത്തിൽനിന്നും ജീവന്റെ സംസ്കാരത്തിലേക്ക് അത് എന്നെ നയിക്കും.

വിധവയുടെ ചെമ്പുനാണയങ്ങളുടെ കിലുക്കം എന്റെ ബോദ്ധ്യങ്ങളെ ഉണർത്തണം. മനുഷ്യത്വമില്ലാത്ത ഏതു പ്രവൃത്തിയും എന്റെ കാഴ്ചയുടെ വൈകല്യമാണ്. ക്രിസ്തുവിന്റെ കണ്ണിലൂടെ ലോകത്തെ കാണേണ്ടതായുണ്ട്. യാത്രയ്ക്കിടയിൽ ഒരിക്കൽ സാവൂൾ ക്രിസ്തുവിനെ കാണുന്നു. അതുവരെ ഉണ്ടായിരുന്ന ജീവിതത്തിന് അടിമുടി വ്യത്യാസം വരുന്നു. കാഴ്ച ക്രിസ്തുവിന്റെ മിഴികളിലൂടെയാകുന്നു. മരണത്തിന്റെ സഹയാത്രികൻ ജീവന്റെ പ്രഘോഷകനായി മാറുന്നു.

മർക്കോസ് സുവിശേഷകൻ എന്റെ മുമ്പിൽ തുറന്നിടുന്ന വാതായനവും അതാണ് സമ്പൂർണ്ണമായ സമർപ്പണത്തിന്റ വാതിൽപ്പടികൾ അതിലൂടെ ക്രിസ്തുവിന്റെ മിഴിക്കുള്ളിലേക്കാണ് നാം നടന്നു കയറുന്നത്. കാഴ്ചകൾ വിശാലമാകുമ്പോൾ അതിർവരമ്പുകളില്ലാതെ,

www.malankaralibrary.com



മനുഷ്യർ എല്ലാം എന്റെ കാഴ്ചയുടെ പരിധിയിൽ ആകും. മുഖംമൂടി ഇല്ലാത്ത ക്രിസ്തുവിന്റെ രാജ്യം. നോമ്പിന്റെ വഴികൾ അതിലൂടെയാണ് നമ്മെ നയിക്കേണ്ടത്. അകലങ്ങളിലേക്ക് അകന്നുപോയവരെ തന്റെ നെഞ്ചോടു ചേർത്ത പാവങ്ങളുടെ അമ്മ ക്രിസ്തുവിന്റെ മണവാട്ടി ആയത് വീണ്ടും നമ്മുടെ വഴിവിളക്കാണ്. വിശുദ്ധരുടെ പാദങ്ങൾ നോമ്പിന്റെ വഴിവിട്ട് അലയാറില്ല. ഈ നോമ്പ് നമ്മെ വിശുദ്ധിയിലേക്ക് നയിക്കട്ടെ, ചെമ്പുനാണയങ്ങളുടെ കിലുക്കം കാതുകളിൽ നിരന്തരം മുഴങ്ങട്ടെ, ചെറുതിനെ ചേർത്തു നിർത്തുന്ന വലിയ മനുഷ്യന്റെ വഴികൾ എന്റെ മിഴികൾക്ക് തെളിച്ചമാകട്ടെ. നോമ്പെന്ന പുണ്യം പരിപൂർണ്ണ സമർപ്പണമായി എന്റെ പാദങ്ങൾക്ക് വിളക്കാകട്ടെ. നമ്മുടെ ജീവിതങ്ങൾ തണ്ടിന്മേൽ വച്ച വിളക്കുപോലെ ലോകത്തിനു മുഴുവൻ പ്രകാശം പരത്തട്ടെ...

●

www.malankaralibrary.com

# 15. തൗനായുടെ പരിമളം

''നീ പ്രാർഥിക്കുമ്പോൾ നിന്റെ മുറിയിൽ കടന്ന്, കതകടച്ച്, രഹസ്യമായി നിന്റെ പിതാവിനോടു പ്രാർഥിക്കുക; രഹസ്യങ്ങൾ അറിയുന്ന പിതാവ് നിനക്കു പ്രതിഫലം നൽകും" (മത്തായി 6:6).

ആർഷഭാരതത്തിന്റെ മഹാഗുരുവായ മാർ ഈവാനിയോസ് പിതാവിന്റെ തൗനായുടെ വാതിൽ തുറന്നു പുറത്തു വന്നത് ബഥനി ആശ്രമവും, മലങ്കര കത്തോലിക്കാ സഭയുമാണ്. അഞ്ചു സന്യാസികൾ ഒരു സഭയായി പടർന്നു പന്തലിച്ച അത്ഭുതമാണ് ഇതൾ വിരിയുന്നത്. നോമ്പിന്റെ പുണ്യപ്പെട്ട ദിനങ്ങളിൽ പിതാവിന്റെ ദർശനങ്ങളെ മനനം ചെയ്യേണ്ടതുണ്ട്. ഗുരുക്കന്മാരുടെ ദർശനങ്ങൾ പുതുതലമുറയുടെ വഴിത്താര തുറന്നിടും, അതിലൂടെ നടന്നു ചെല്ലേണ്ടത് ക്രിസ്തുവിന്റെ രാജ്യത്തിലേക്കാണ്.

*ആത്മാവിന്റെ മൗനം നാം ദൈവസ്നേഹത്തിൽ ലയിച്ചിരിക്കുന്ന സ്ഥിതിയാകുന്നു. മനസ്സിന്റെ മൗനം അന്യകാര്യങ്ങളിൽ നിന്ന് വേർപെട്ട മനഃസ്ഥിതിയാകുന്നു. ശരീരത്തിന്റെ മൗനം നാവുകൊണ്ട് സംസാരിക്കുകയോ മറ്റുവിധത്തിൽ ശബ്ദമുണ്ടാക്കുകയോ ചെയ്യാതിരിക്കലാണ്.*

തൗനാ എന്നാൽ സന്യാസി പാർക്കുന്ന സ്ഥലം എന്ന് അർത്ഥം. ക്രിസ്തുവിനോടും മാതാവിനോടും സകല വിശുദ്ധരോടും ചേർന്നുള്ള വാസം. പുറത്തുനിന്നു അകത്തേക്കു നടന്ന്, പുറത്തു ജീവിക്കേണ്ട സമൂഹജീവിതം അതിന്റെ പൂർണതയിൽ അഭ്യസിക്കുന്ന സ്ഥലമാണ് തൗനാ എന്ന് മാർ ഈവാനിയോസ് പിതാവ് വിവരിക്കുന്നു.

www.malankaralibrary.com





ഇവിടെ തൗനായിലെ ഏകാന്തജീവിതം എന്ന സങ്കല്പം തകിടം മറിയുന്നു. തൗനായിൽ സമൂഹജീവിതത്തിന്റെ പൂർണ്ണരൂപം തെളിഞ്ഞുവരുന്നു. തൗനായിൽ ഒരുവന് കൂട്ടായി യേശുമിശിഹാ സദാ പാർക്കുന്നുണ്ടെന്നുള്ള ബോദ്ധ്യം നമുക്കുണ്ടായിരിക്കണം. അവൻ ഒരിക്കലും ഏകാകിയല്ല. തൗനാ തടവറയല്ല ക്രിസ്തുവിനോട് കൂടെയുള്ള പറുദീസാ ആസ്വാദനമാണ്. പിതാവിന്റെ തൗനാ ദർശനം ഇതൾ വിരിയുമ്പോൾ കുറേക്കൂടെ മനോഹരമാകുന്നുണ്ട് സമൂഹജീവിതത്തിന്റെ സൗന്ദര്യം. 'സ്വർഗ്ഗരാജ്യത്തിലെ ഒരു പ്രത്യേക ഭാഗം ഭൂമിയിൽ ഇറക്കിക്കൊണ്ടുവന്ന് സന്ന്യാസിക്ക് പാർപ്പാൻ തക്കവണ്ണം ദൈവം സൗകര്യപ്പെടുത്തിയിരിക്കുന്നു. അത് തൗനയാകുന്നു. തൗനായിൽ വി. ത്രിത്വത്തോടും, ദൈവമാതാവിനോടും വിശുദ്ധ മാലാഖമാരോടും കൂടെ നാം സംസർഗ്ഗം ചെയ്യണം. തൗനായിൽ ശരിയാംവണ്ണം പാർക്കുന്ന ഒരുവൻ യഥാർത്ഥത്തിൽ സ്വർഗ്ഗത്തിൽ പാർക്കുന്നു. അവൻ സ്വർഗ്ഗത്തിലെ പൗരൻ ആകുന്നു. പുറത്തുള്ള ലോകത്തിൽനിന്നും വേർപെട്ട് യേശുവിനോടൊരുമിച്ച് ഏകാന്തവാസം ചെയ്യുന്നതിനുള്ള സ്ഥലമാകുന്നു തൗനാ. തൗനാ ശുദ്ധസ്ഥലമാകുന്നു.' നമ്മുടെ ഏകാന്തതയുടെ ആഴങ്ങളിലേക്കാണ് മാർ ഈവാനിയോസ് എന്ന മഹാഗുരു വലയെറിയുന്നത്. നമ്മിലെ ഏകാന്തതയ്ക്കും മൗനത്തിനും കാലത്തിനു മറച്ചുപിടിക്കാൻ ആവാത്ത ആഴങ്ങളുണ്ട്.

പിതാവിന്റെ ദർശനങ്ങളുടെ ആഴത്തിലേക്ക് നടന്നാൽ ഇത് കേവലം സന്ന്യാസികൾക്കു മാത്രമുള്ളതല്ല എന്ന് മനസ്സിലാകും.

www.malankaralibrary.com



മത്തായി ശ്ലീഹായുടെ സുവിശേഷം നമ്മളെ ഓർമ്മിപ്പിക്കുന്നതും അതാണ്. മുറിയിൽ കടന്ന് കതകടച്ച് രഹസ്യമായി നിന്റെ പിതാവിനോട് പ്രാർത്ഥിക്കുക. ക്രിസ്തുവിൽ നിന്ന് പഠിക്കണം എങ്കിൽ ദൗനാ അനുഭവം ഉണ്ടാകണം. ദൗനായിൽ ഏകാന്തതയുടെ ആഴങ്ങളിലേക്ക് നടന്നുതുടങ്ങുന്നവർ അവസാനിക്കേണ്ടത് സമൂഹജീവിതം എന്ന പറുദീസാ അനുഭവത്തിലേക്കാണ്. അവിടെയാണ് മണ്ണിനോടും മരത്തിനോടും കിന്നാരം പറഞ്ഞു നടന്ന ആദിമാതാപിതാക്കൾ ജീവിതം ആരംഭിച്ചത്. ഇവിടെ ആരംഭിക്കുന്ന താളപ്പിഴകൾ സമൂഹജീവിതത്തിന്റെ അടിത്തറകൾ തകർത്തു കളയുന്നു. എന്റെ പ്രാർത്ഥനാജീവിതം തകിടം മറിഞ്ഞാൽ സമൂഹത്തിന്റെ സുസ്ഥിതി തന്നെ ഇല്ലാതെയാകും. ഇവിടെയാണ് മാർ ഇവാനിയോസ് എന്ന മാമുനിയുടെ ദൗനാദർശനത്തിന്റെ പ്രസക്തി. നാം ജീവിച്ചു തീർക്കേണ്ട സമൂഹജീവിതം അതിന്റെ പൂർണ്ണതയിൽ ക്രിസ്തു ദൗനായിൽ നമ്മെ പഠിപ്പിക്കുകയാണ്. അതിനുവേണ്ടിയാണ് മുറിയിൽ കടന്ന് കതകടച്ച് മൗനമായി ക്രിസ്തുവിന്റെ മുഖത്തേക്ക് ദൃഷ്ടി ഉറപ്പിക്കാൻ പറയുന്നത്; അവിടെ നിന്നാണ് പഠിച്ചു തുടങ്ങേണ്ടത്.

സമൂഹജീവിതത്തിന്റെ മഹാമന്ത്രങ്ങളിൽ ഒന്നായ മൗനത്തിന്റെ പാഠവും ഇവിടെയാണ് പഠിക്കുന്നത്. യേശുമിശിഹായുടെ സ്നേഹസംസർഗ്ഗമാകുന്ന വിശുദ്ധ മൗനം. മൗനത്തിലൂടെ സംസർഗ്ഗം ക്രിസ്തുവുമായി മാത്രം. ഇതു പഠിക്കണമെങ്കിൽ നാം ദൗനായിൽ ഇരിക്കണം. ഇന്ന് അലച്ചിലുകളാണ്, അടിസ്ഥാന പ്രമാണമായ മൗനവും, തപസ്സും, ദൗനാവാസവും ഇല്ലാത്തവൻ എങ്ങനെ സമൂഹജീവിതത്തെക്കുറിച്ച് ക്രിസ്തുവിൽ നിന്നും പഠിക്കും.

ദൗനായിൽ ആത്മാവിലും ശരീരത്തിലും മനസ്സിലും വിശുദ്ധമൗനം പാലിച്ചുകൊണ്ട് ജീവിപ്പാൻ ദൗനാവാസി ശ്രമിക്കണം. ആത്മാവിന്റെ മൗനം നാം ദൈവസ്നേഹത്തിൽ ലയിച്ചിരിക്കുന്ന സ്ഥിതിയാകുന്നു. മനസ്സിന്റെ മൗനം അന്യകാര്യങ്ങളിൽനിന്ന് വേർപെട്ട മനഃസ്ഥിതിയാകുന്നു. ശരീരത്തിന്റെ മൗനം നാവുകൊണ്ട് സംസാരിക്കുകയോ മറ്റുവിധത്തിൽ ശബ്ദമുണ്ടാക്കുകയോ ചെയ്യാതിരിക്കലാണ്.

ആർഷഭാരതം പഠിപ്പിക്കുന്ന നാലുതരം മൗനാവസ്ഥയാണ് ഇവിടെ ചുരുൾ നിവരുന്നത്:

 www.malankaralibrary.com



1. വാചിക മൗനം (verbal silence) - ശബ്ദം പുറത്തേയ്ക്ക് വരാത്ത അവസ്ഥ

2. മാനസിക മൗനം (mental silence) - വാക്കുകൾ ചിന്തിച്ച് ഉറപ്പിച്ചു എന്നാൽ ശബ്ദം പുറത്തേക്ക് വരുന്നില്ല

3. കഷ്ഠ മൗനം (woden silence) - രൂപങ്ങളും വാക്കുകളും മനസ്സിൽ രൂപപ്പെടാത്ത അവസ്ഥ

4. ശാന്തം, ശിവം, അദ്വൈതം - ഇവിടെ വാക്കുകൊണ്ടോ, ശബ്ദം കൊണ്ടോ ശരീരചലനം കൊണ്ടോ സംസാരിക്കുന്നില്ല എന്നു മാത്രമല്ല അതിന്റെ ഒരു ചെറിയ ചിന്തപോലും ഉണ്ടാകുന്നില്ല എന്ന് ഭാരതം നമ്മെ ഓർമ്മിപ്പിക്കുന്നു. തൗനായിലെ മൗനം ഇതാണ്. ഈ മൗനത്തിന്റെ അകമ്പടിയിലാണ് തൗനായിലെ സമൂഹജീവിതം. ക്രിസ്തുവും, മാതാവും, വിശുദ്ധരും മൗനത്തിന്റെ മഹാമേരുവിൽ നമ്മളുമായി സംസർഗ്ഗത്തിൽ ആകുന്നു. തൗനാവാസി മുനിയായി പരിവർത്തനം ചെയ്യപ്പെട്ടു. പുഴുവിൽനിന്നും പൂമ്പാറ്റയിലേയ്ക്കുള്ള മാറ്റം. സകലവിധ അഴുക്കുകളിലും അലഞ്ഞു നടക്കുന്ന പുഴു ഒരു സുപ്രഭാതത്തിൽ അതിന്റെ തൗനായിലേയ്ക്ക് കയറി വാതിലടയ്ക്കുന്നു. പിന്നെ മൗനത്തിന്റേയും തപസ്സിന്റേയും വാല്മീകമാണ് ചുറ്റും. നീണ്ട തപസ്സിനു ശേഷം പുതിയ വർണ്ണപ്രപഞ്ചമാണ്, പുഴു പൂമ്പാറ്റയായി. പുഴുവിന്റേയും പൂമ്പാറ്റയുടേയും ഭക്ഷണത്തിന് അജഗജാന്തര വ്യത്യാസമുണ്ട്, ജീവിതക്രമത്തിന് സാരമായ മാറ്റമുണ്ട്.

തൗനായിൽ മൗനത്തിന്റെ പിൻബലത്തിൽ സമൂഹജീവിതം ക്രിസ്തുവിൽനിന്നും പഠിക്കുന്ന തൗനാവാസി. അവന്റെ ഭാഷയും ഭക്ഷണവും വേഷവും വ്യത്യസ്തമാണ്. കാരണം അവൻ പഠിക്കുന്നത് ക്രിസ്തുവിൽനിന്നാണ്. ക്രിസ്തുവിനെപ്പോലെ ആയിത്തീരാനാണ് പഠിക്കുന്നത്. നമ്മെ അനുഗ്രഹിപ്പാനും ദൈവസ്നേഹം അഭ്യസിപ്പാനും വിശുദ്ധനിഷ്ഠകൾ പരിശീലിക്കുവാൻ സഹായിക്കുവാനായി യേശു മിശിഹാ തൗനായിൽ പാർക്കുന്നു. മാർ ഈവാനിയോസ് പിതാവിനു ഉറപ്പുണ്ടായിരുന്നു തൗനായിൽ ക്രിസ്തുവാണ് നമ്മെ പഠിപ്പിക്കുന്നതെന്ന്. എന്നിട്ടുമെന്തേ കാലഘട്ടത്തിൽ ക്രിസ്തുവിന്റെ വഴിത്താരയിൽനിന്നും വഴുതി പോകുന്നു നമ്മുടെ കാലടികൾ. മൗനത്തിന്റെ പിൻബലത്തിൽ തൗനായിൽ അഭ്യസിച്ചു എന്നു പറയുന്നവർ, ലോകത്തിന്റെ ആരവത്തിൽ അലിഞ്ഞ് ഇല്ലാതായിപ്പോകുന്നത്. ഒരു ഉത്ത

www.malankaralibrary.com



രമേ ഇതിനുള്ളൂ തൗനായുടെ പടികൾ ഇവർക്ക് അന്യമായിരുന്നു, നാശത്തിന്റെ വിശാലവഴികളായിരുന്നു ഇവർക്ക് പഥ്യം എന്നിട്ടും ഇവർ കീറിമുറിക്കുന്നത് ക്രിസ്തുവിന്റെ തിരുസഭയെ. തിരികെ നടക്കേണ്ട തുണ്ട് അനേകം കാതങ്ങൾ, നിന്റെ തൗനായുടെ പടികെട്ടിൽ എത്താൻ.

പരീക്ഷകളിലേക്കും പ്രലോഭനങ്ങളിലേക്കും ഓടിക്കയറുന്നവർ പിതാവിന്റെ തൗനാദർശനം ഓർത്തെടുക്കുന്നത് നല്ലതാണ്. "നമ്മുടെ മനോഭാരങ്ങളും വിഷമങ്ങളും വഹിച്ചുകൊള്ളുന്നതിനും പരീക്ഷകളും യുദ്ധങ്ങളും വിട്ടൊഴിവാനും, ജയിപ്പാനും, നമ്മെ അഭ്യസിപ്പിക്കുന്ന തിനും ഇവയിലെല്ലാം നമ്മോടുകൂടെയിരുന്ന് പ്രവർത്തിപ്പാനും നമ്മെ ശുദ്ധീകരിപ്പാനും ശക്തിപ്പെടുത്താനും ആയി യേശുമിശിഹാ തൗനാ യിൽ പാർക്കുന്നു" എന്ന് മാർ ഈവാനിയോസ് പിതാവ് ഓർമ്മിപ്പി ക്കുന്നു. തൗനായിലെ ക്രിസ്തുവിന്റെ സമൂഹജീവിത പരിശീലനം ലഭിച്ച, സംസ്കൃതി പ്രാപിച്ച, സംസ്കാരമുള്ള, തൗനാവാസി എങ്ങ നെയാണ് തെരുവിൽ തരംതാണ ജീവിതം കാഴ്ചവയ്ക്കുന്നത്. ഇവിടെ എന്റെ തൗനാജീവിതം ചോദ്യം ചെയ്യപ്പെടുകയാണ്. ഞാൻ പരിശീല നത്തിനായി തൗനായിൽ ക്രിസ്തുവിനോടുകൂടെ ഇരിക്കുന്നുണ്ടോ? അതോ സാമൂഹ്യസേവനം മാത്രമായി തൗനായ്ക്ക് പുറത്ത് ചുറ്റിക്കറ ങ്ങുകയാണോ? തൗനായിൽ ക്രിസ്തുവിന്റെ കൂടെ പരിശീലനം നട ത്തിയിട്ടുള്ള ഒരുവൻ ആ ത്രിത്വത്തിന്റെ ഒരുമയും ക്രിസ്തുവിന്റെ സ്നേഹവും മറ്റുള്ളവർക്ക് പകർന്നുകൊടുക്കുന്നതാണ് തൗനാവാസി യുടെ സാമൂഹ്യസേവനം. അവന്റെ സാമൂഹികസേവനം തെരുവിൽ ചോദ്യം ചെയ്യപ്പെടുന്നുണ്ടെങ്കിൽ ഉറപ്പിക്കാം തൗനായുടെ പടിക്കെ ട്ടിനു വെളിയിലായിരുന്നു ജീവിതം എന്ന്.

വ്രതത്രയങ്ങൾ പരിശീലിക്കുന്നതും തൗനായിൽ ആയിരിക്ക ണമെന്ന് പിതാവ് ഓർമ്മപ്പെടുത്തുന്നു. "അകമെയും പുറമെയും വ്രത ത്രയങ്ങളും മറ്റെല്ലാ സുകൃതങ്ങളും ശരിയായി പാലിപ്പാൻ സന്ന്യാ സിയെ അഭ്യസിപ്പിക്കുകയും ശക്തിപ്പെടുത്തുകയും സന്ന്യാസിക്കുവേ ണ്ടിയും സന്ന്യാസിയോടുകൂടെയും ഇവയെല്ലാം നിവർത്തിക്കുകയും ചെയ്യുവാൻ യേശുമിശിഹാ സദാ തൗനായിൽ പാർക്കുന്നു." ഉള്ളിൽ വ്രതങ്ങൾ പാലിക്കുവാൻ കഴിയാത്ത സന്ന്യാസിക്ക് പുറമേ അതിന്റെ പൂർണ്ണതയിൽ അത് പ്രാവർത്തികമാക്കുവാൻ സാദ്ധ്യമല്ല. സന്ന്യാസ വഴികൾക്ക് ഇടർച്ചയുണ്ടാകുന്നെങ്കിൽ കാരണം മറ്റെങ്ങും തിരയേണ്ടാ.

www.malankaralibrary.com



തൗനായിലെ വ്രതത്രയങ്ങളുടെ പരിശീലനം കഴിഞ്ഞവൻ ഒരു തൗനായായി സ്വയം മാറുന്നു. അവൻ എവിടെ ജോലി ചെയ്യുന്നുവോ അവിടം തൗനായായി രൂപാന്തരപ്പെടണം. കുഞ്ഞുങ്ങളെ പഠിപ്പിക്കുകയാണെങ്കിൽ ക്ലാസ്സ് തൗനാ ആയി മാറണം. കതകടച്ച് മുറിക്കകത്ത് ക്രിസ്തുവിനോടുകൂടെ ആയിരുന്നവൻ അവിടെനിന്നും പുറത്തേക്ക് വരുമ്പോൾ പരിശീലിച്ച, ക്രിസ്തുവിന്റെ ജീവിതം പ്രവൃത്തിയിൽ കാഴ്ചവയ്ക്കണം.

തൗനായുടെ അതിരുകൾ വിശാലമാക്കുകയാണ് ഇവിടെ. നാം എവിടെ ജോലി ചെയ്യുന്നുവോ അവിടം തൗനായായി മാറണം, അങ്ങനെ ആകുന്നുണ്ടോ എന്ന ചോദ്യം ചാട്ടുളിപോലെ ഹൃദയത്തിൽ കൊളുത്തി വലിക്കണം, ആകുന്നില്ല എങ്കിൽ തിരികെ നിന്റെ തൗനായിലേയ്ക്ക് നടക്കേണ്ടതുണ്ട്. തൗനായിൽ ഇരിക്കാത്തവന് എങ്ങനെ പ്രവർത്തനമേഖലകൾ തൗനായാക്കാൻ സാധിക്കും?

കുറേക്കൂടെ വിശാലമായ അർത്ഥത്തിൽ പിതാവ് ഇതിനെ കാണുന്നുണ്ട്. യേശുമിശിഹായുടെ ദൈവസ്നേഹം, ദൈവസന്നിധി ബോധം, സമയനിഷ്ഠ, കൃത്യനിഷ്ഠ, സത്യസന്ധത, വിനയം, സഹോദരസ്നേഹം, ക്ഷമ, അടക്കമൊതുക്കം ആദിയായ ഓരോ സുകൃതങ്ങൾ നമ്മുടെ വേലസ്ഥലത്ത് ഉണ്ടാകണം എന്ന് പിതാവ് പറയുന്നു. ഇവിടെ ചോദ്യങ്ങൾ തിരമാലപോലെ അലയടിക്കുന്നുണ്ട്. ഞാൻ ഒരു ദിവസം എത്ര മണിക്കൂർ ജോലി ചെയ്യുന്നുണ്ട്? കൃത്യനിഷ്ഠ പാലിക്കുന്നുണ്ടോ? സഹോദരങ്ങളോടുള്ള എന്റെ ബന്ധം എങ്ങനെയാണ് ഓരോ ചോദ്യവും എന്നെ തൗനായിലേക്ക് തിരികെ നടക്കാൻ പ്രേരിപ്പിക്കുന്നുണ്ട്.

ഒരിക്കൽകൂടെ മിഴികൾ പൂട്ടാം. പുഴുവിൽനിന്നും പൂമ്പാറ്റയാകുവാൻ തൗനായിലേക്ക് തിരികെ നടക്കാം, വഴികൾ കഠിനമാകാം, കാലുകൾ തളർന്നേക്കാം അവസാനം എത്തുന്നത് യേശുമിശിഹാ എന്നെ പരിശീലിപ്പിക്കുവാനായി പ്രതീക്ഷയോടെ കാത്തിരിക്കുന്ന പറുദീസയാകുന്ന എന്റെ തൗനായിലാണ്. നോമ്പിന്റെ വഴികൾ തളിരണിയുമ്പോൾ കതകടച്ച് മുറിയിൽ കടന്നു പ്രാർത്ഥിക്കാൻ പഠിപ്പിച്ച ക്രിസ്തുവിന്റെ കരം പിടിക്കാം. ജീവന്റെ ഉറവയിലേയ്ക്കുള്ള ഉൾച്ചേരലാണെന്ന് മറക്കാതിരിക്കാം. തത്വമസിയിൽനിന്നും അഹംബ്രഹ്മാസ്മിയിലേയ്ക്കുള്ള ദൂരമാണതെന്നു മനസ്സിൽ ഉറപ്പിക്കാം. ശിഷ്യൻ ഗുരുവിനോളം വളരുന്ന ജീവന്റെ വഴി. തൗനായിൽ ക്രിസ്തുവിന്റെ സാമീപ്യത്തിൽ നോമ്പിന്റെ പുണ്യങ്ങൾ പൂക്കുന്ന മഞ്ഞുവീഴുന്ന നനുത്ത പ്രഭാതത്തിനായി കാതോർക്കാം. ●

www.malankaralibrary.com

# 16. സ്വർഗ്ഗത്തിന്റെ അവകാശികൾ

"കർത്താവേ, കർത്താവേ എന്ന്, എന്നോടു വിളിച്ചപേക്ഷിക്കുന്നവനല്ല, എന്റെ സ്വർഗസ്ഥനായ പിതാവിന്റെ ഇഷ്ടം നിറവേറ്റുന്നവനാണ്, സ്വർഗരാജ്യത്തിൽ പ്രവേശിക്കുക" (മത്തായി 7:21).

വാക്കുകളുടെ ഉരുക്കഴിക്കലുകൾക്കപ്പുറത്തേക്ക് പ്രാർത്ഥനയെന്ന ജീവിതശൈലിയെ ക്രിസ്തു സുവിശേഷത്തിലൂടെ പരിചയപ്പെടുത്തുകയാണ്. ബൈബിളിൽ ആദിമുതൽ അവസാനം വരെ അത് അങ്ങനെതന്നെയാണ്. കർത്താവേ, കർത്താവേ എന്ന് എന്നോടു വിളിച്ചപേക്ഷിക്കുന്നവനല്ല എന്റെ സ്വർഗ്ഗസ്ഥനായ പിതാവിന്റെ ഇഷ്ടം നിറവേറ്റുന്നവനാണ്, സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുക എന്ന ക്രിസ്തുമൊഴി വാക്കുകൾകൊണ്ടുള്ള കളിയല്ല പ്രാർത്ഥന എന്ന ഓർമ്മപ്പെടുത്തലാണ്. വി.മത്തായിസുവിശേഷത്തിലൂടെ വീണ്ടും ആ ഓർമ്മപ്പെടുത്തൽ ക്രിസ്തു നടത്തുന്നു; ഫരിസേയനേയും ചുങ്കക്കാരനേയും പരിചയപ്പെടുത്തിക്കൊണ്ട്. തന്റെ മരണത്തിന്റെ പ്രഭയിൽ ദേവാലയത്തിലെ തിരശീല അടി മുതൽ മുടി വരെ പകുത്തു മാറ്റിയത്, വേർതിരിവുകളുടെ നടുച്ചുവർ ഇടിച്ചുമാറ്റാനാണ് എന്ന്, മനസ്സിലാകാതെ പോയവർക്കുള്ള കുറിമാനം കൂടെ

*മണ്ണും മനുഷ്യനും
മരങ്ങളും പുഴുവും
പൂമ്പാറ്റയും കൈകോർത്തു
നടന്ന നല്ലകാലം,
സിംഹവും കാളയും
ഒന്നിച്ചു മേയുന്ന,
ദൈവസ്നേഹം
പൂത്തുലയുന്ന
ദൈവത്തിന്റെ രാജ്യം;
ഈ രാജ്യത്തിനായി
പ്രാർത്ഥിക്കുന്നവൻ
എങ്ങനെ ഫരിസേയന്റെ
അവസ്ഥയിലേയ്ക്ക്
തരംതാഴും*

www.malankaralibrary.com




യാണ് ഈ വേദഭാഗം. പാപപുണ്യങ്ങളുടെ തുലാസിൽ ജീവിതങ്ങളെ അളന്നുതൂക്കുന്നവർക്കും ധനത്തിന്റേയും ബലത്തിന്റേയും അളവുകോലുകൊണ്ട് മനുഷ്യനെ അളന്നു തിരിക്കുന്നവർക്കും ഉള്ള താക്കീതും ആകുന്നുണ്ട് ക്രിസ്തുവിന്റെ പ്രഖ്യാപനം.

പ്രാർത്ഥന പ്രഹസനമാക്കി മാറ്റുന്നവരോട് എന്നും കലഹിക്കുന്നുണ്ട് ക്രിസ്തു. ഈ സുവിശേഷഭാഗത്തും അതിന് മാറ്റമുണ്ടാകുന്നില്ല. ഫരിസേയൻ പ്രാർത്ഥനയിൽ ഒരു പ്രാവശ്യമാണ് ദൈവമേ എന്ന് വിളിക്കുന്നത് ബാക്കി നാലു പ്രാവശ്യവും ഞാൻ എന്ന അഹംഭാവത്തിന്റെ ഉരുവിടലാണ്; തന്റെ 'ഞാൻ' എന്ന ഭാവം ദൈവത്തിന്റെ മുൻപിൽ തുറന്നു വയ്ക്കുക മാത്രമാണ് ആ മനുഷ്യൻ ചെയ്യുന്നത്. ഇതെങ്ങനെ ദൈവത്തോടുള്ള പ്രാർത്ഥനയാകും. ചുങ്കക്കാരന്റെ 'ദൈവമേ എന്നിൽ കനിയണമേ' എന്ന ജീവിതത്തിന്റെ ആകെ തുക അവന്റെ നീതീകരണത്തിലേക്കു നയിക്കുന്നു. ആത്മപ്രശംസയോ, അഹംഭാവങ്ങളോ, ആക്രോശങ്ങളോ ഒന്നും ഇല്ല നിറമിഴികൾ മാത്രം. തമ്പുരാന്റെ പ്രണയാർദ്രമായ കണ്ണുകളിൽനിന്നും ചുങ്കക്കാരനിലേക്ക് കരുണ കവിഞ്ഞൊഴുകുന്നു. ഒരു വേള എന്റെ പാതകളും ഫരിസേയൻ നടന്ന വഴികളിലൂടെയല്ലേ? അപ്പോൾ സുവിശേഷം എന്നോടുള്ള ചോദ്യമായി മാറുന്നു. ഞാൻ പ്രാർത്ഥിക്കുന്നത് എന്നോടുതന്നെയാണോ? അതോ ദൈവത്തോടോ? പ്രാർത്ഥന എന്റെ ജീവിതമായി മാറിയിട്ടുണ്ടോ?

www.malankaralibrary.com



നമ്മുടെ പ്രാർത്ഥനാ സങ്കല്പങ്ങൾ കീഴ്മേൽ മറിയുന്നുണ്ട് ഇവിടെ; പ്രാർത്ഥന പ്രണയമായി മാറുന്നു; ക്രിസ്തുവിന്റെ പ്രണയത്തിൽ അലിഞ്ഞില്ലാതാകുമ്പോൾ, ക്രിസ്തു പഠിപ്പിച്ച പ്രാർത്ഥന നമ്മുടെ ജീവിതത്തിന്റെ താളമായി മാറും. 'സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ' എന്ന് വിളിക്കുമ്പോൾ, ഈ പ്രാർത്ഥനയിൽ ചരങ്ങളും അചരങ്ങളുമായ സർവ്വജീവജാലങ്ങളും എന്റെ നെഞ്ചിൽ തല ചേർത്തു വയ്ക്കുന്നവരാകും. ഇവിടെ ഇടറിപ്പോയ സഹോദരനെ എങ്ങനെ എനിക്ക് ഉപേക്ഷിക്കാനാകും. കാരണം എന്റെ പിതാവെന്നല്ല, ഞങ്ങളുടെ പിതാവേ എന്നാണ് പ്രാർത്ഥന. ഞങ്ങളുടെ പിതാവെന്ന സങ്കല്പം, വെട്ടുന്ന മരത്തോട് അനുവാദം ചോദിക്കുന്ന, ചെറിയ ജീവികളുടെ പ്രാണന് പ്രായശ്ചിത്തം ചെയ്യുന്ന മനുസ്മൃതിയുടെ കാലത്തിനപ്പുറത്തേയ്ക്ക് നമ്മുടെ ഓർമ്മയെ ഉണർത്തും, ചെറിയ ജീവികൾപോലും ഭൂമിയുടെ അവകാശികൾ ആണെന്ന ബോധം, ഫരിസേയ മനോഭാവത്തിൽനിന്നും ക്രിസ്തുവിന്റെ ഭാവത്തിലേയ്ക്ക് എന്നെ ഉയർത്തും.

വീണ്ടും നമ്മൾ പ്രാർത്ഥിക്കുന്നത് നിന്റെ രാജ്യം വരേണമേ എന്നാണ്; പറുദീസയിൽ വിരിഞ്ഞതാണ് ദൈവരാജ്യം – മണ്ണും മനുഷ്യനും മരങ്ങളും പുഴുവും പൂമ്പാറ്റയും കൈകോർത്തു നടന്ന നല്ല കാലം, സിംഹവും കാളയും ഒന്നിച്ചു മേയുന്ന, ദൈവസ്നേഹം പൂത്തുലയുന്ന ദൈവത്തിന്റെ രാജ്യം; ഈ രാജ്യത്തിനായി പ്രാർത്ഥിക്കുന്നവൻ എങ്ങനെ ഫരിസേയന്റെ അവസ്ഥയിലേയ്ക്ക് തരംതാഴും; അവൻ ക്രിസ്തുവിന്റെ ഭാവം ഉൾക്കൊണ്ടിട്ടില്ല എന്നു സാരം. പൗലോസ് ശ്ലീഹാ ക്രിസ്തുവിന്റെ ഭാവം എന്താണെന്ന് ഫിലിപ്പിയാക്കാർക്ക് എഴുതുമ്പോൾ വ്യക്തമാക്കുന്നുണ്ട്. മറ്റുള്ളവരെ നിങ്ങളെക്കാൾ ശ്രേഷ്ഠർ എന്ന് എണ്ണുന്ന ക്രിസ്തുവിന്റെ ഭാവം (ഫിലി. 2:3-5) പ്രാർത്ഥിക്കുന്നവൻ ഈ ദൈവരാജ്യസങ്കല്പംകൊണ്ട് നിറച്ചാർത്ത് അണിഞ്ഞവനാകണം എന്ന് ക്രിസ്തു വി. മത്തായിസുവിശേഷത്തിലൂടെ നമ്മെ ഓർമ്മിപ്പിക്കുന്നു.

പ്രാർത്ഥന എന്താണെന്നു പഠിപ്പിക്കാൻ രണ്ടുതരം മനുഷ്യരെ ക്രിസ്തു ഇവിടെ അവതരിപ്പിക്കുന്നു. രണ്ടുപേരും തങ്ങളുടേത് പ്രാർത്ഥനയാണെന്ന് അവകാശപ്പെടുന്നു. ഉപമയുടെ അവസാനത്തിൽ മുമ്പന്മാർ പിമ്പന്മാരാകും എന്ന ക്രിസ്തുവചനം അന്വർത്ഥകമാകുന്നു, ഫരിസേയന്റെ പ്രാർത്ഥന സ്വീകാര്യമല്ലാതെ പോകുന്നു. എന്തുകൊണ്ടാണ് ഫരിസേയന്റെ പ്രാർത്ഥന സ്വീകരിക്കപ്പെടാതെ പോയത്?

www.malankaralibrary.com



**1. ദൈവാശ്രയബോധമില്ലാത്തവൻ**

ഉപമ തുടങ്ങുന്നത് തങ്ങളിൽ തന്നെ ആശ്രയിക്കുന്നവൻ എന്നു പറഞ്ഞാണ്, ദൈവവുമായുള്ള തുറന്ന യുദ്ധത്തിലേക്കാണ് ഇവർ പോകുന്നത്. അഹംഭാവത്തിൽ പടുത്തുയർത്തിയ ജീവിതങ്ങൾ, ഇവരെക്കുറിച്ചാണ് പൗലോസ് ശ്ലീഹാ എഫേസോസുകാർക്ക് എഴുതുമ്പോൾ ഓർമ്മപ്പെടുത്തുന്നത്. വിശ്വാസം വഴി കൃപയാലാണ് നിങ്ങൾ രക്ഷിക്കപ്പെട്ടത് ... ദൈവത്തിന്റെ ദാനമാണ് ... പ്രവർത്തികളുടെ ഫലമല്ല തന്മൂലം ആരും അതിൽ അഹങ്കരിക്കേണ്ടതില്ല (എഫേ. 2:8–9). ഫരിസേയൻ, ആഴ്ചയിൽ രണ്ടുവട്ടം ഉപവസിക്കുന്നവൻ, സകലത്തിന്റെയും ദശാംശം കൊടുക്കുന്നവൻ; നിയമം അനുശാസിക്കുന്നതിലും കൂടുതൽ ചെയ്യുന്നവൻ എന്നിട്ടും പ്രാർത്ഥന ജീവതമായില്ല, നിരാകരിക്കപ്പെട്ടവനായി, അവന്റെ പ്രവർത്തിയിൽ ആയിരുന്നു അവന്റെ ആശ്രയം; എന്റെ ആശ്രയമോ? എന്റെ ബുദ്ധിയിൽ, എന്റെ ആരോഗ്യത്തിൽ, എന്റെ പദവിയിൽ, എന്റെ ധനത്തിൽ, നിന്റെ നിക്ഷേപം എവിടെയോ അവിടെയാണ് നിന്റെ ആശ്രയം. വിശ്വാസംവഴി കൃപയാലാണ് ഞാൻ രക്ഷിക്കപ്പെടുന്നത് എന്ന ബോദ്ധ്യം ക്രിസ്തുവിന്റെ കൈപിടിച്ച് നടക്കാൻ എന്നെ ഓർമ്മപ്പെടുത്തുന്നു. തങ്ങളിൽത്തന്നെ ആശ്രയിക്കുന്നവൻ പുറമെയുള്ള പ്രവർത്തിയിൽ മാത്രം ശ്രദ്ധയുള്ളവനാകും അകമേ നടക്കേണ്ടതിനെക്കുറിച്ച് ബോധ്യം ഇല്ലാത്തവനാകും. ലൂക്കോസിന്റെ സുവിശേഷത്തിൽ ക്രിസ്തു ഇത് കുറെക്കൂടെ വ്യക്തമാക്കുന്നു. “ഫരിസേയരായ നിങ്ങൾ പാത്രങ്ങളുടെ പുറം കഴുകി വൃത്തിയാക്കുന്നു. നിങ്ങളുടെ അകമോ കവർച്ചയും ദുഷ്ടതയുംകൊണ്ട് നിറഞ്ഞിരിക്കുന്നു. ദശാംശം കൊടുക്കുന്നു എന്നാൽ ദൈവത്തിന്റെ നീതിയും സ്നേഹവും അവഗണിച്ചു കളയുന്നു” (ലൂക്കാ 11:39–43). ക്രിസ്തുവിന്റെ ഭാവം ആവാഹിച്ചെടുക്കേണ്ടതായിട്ടുണ്ട് നമ്മൾ. പിതാവിന്റെ കൂടെ മലയിലും താഴ്വരയിലും പ്രാർത്ഥനയിൽ ആയിരുന്ന ക്രിസ്തുവിന്റെ ഭാവം.

**2. മറ്റുള്ളവരെക്കാൾ നീതിമാൻ എന്ന ഭാവം**

ദൈവത്തിനപ്പുറത്തേയ്ക്ക് വളരാൻ ആഗ്രഹിച്ച് പാതാളത്തിലേക്ക് താഴ്ത്തപ്പെട്ട ലൂസിഫറിന്റെ അതേ മനോഭാവം. മറ്റുള്ളവരേക്കാൾ എല്ലാം കേമനാണ് താനെന്ന ഫരിസേയ മനോഭാവം. ഇത് എന്നിൽ നിന്നും തുടച്ചുനീക്കാതെ ദൈവത്തിന്റെ മുമ്പിൽ ഞാൻ നീതീ

www.malankaralibrary.com



കരിക്കപ്പെടുകയില്ല. എനിക്കു ദൈവം ഒരുക്കിത്തന്ന സാഹചര്യങ്ങ ളാണ് ഞാൻ എന്തെങ്കിലും ആയിട്ടുണ്ടെങ്കിൽ, എന്ന് മനസ്സിലാക്കാതെ പോകുന്നവരാണ് ഫരിസേയ മനസ്സുമായി ഇന്നും അലയുന്നത്. മറ്റു ള്ളവരേക്കാൾ ധനം, ആരോഗ്യം, സൗന്ദര്യം എന്തും ദൈവത്തിന്റെ ദാനമാണ്. എനിക്കു കിട്ടിയ സാഹചര്യങ്ങൾ മറ്റുള്ളവർക്ക് കിട്ടാതെ പോയതുകൊണ്ടാണ് ഞാൻ അഹങ്കരിക്കുന്നത്. പ്രാർത്ഥിക്കുന്നവന്റെ കണ്ണുകൾക്കു മുമ്പിൽ ഉണ്ടാകേണ്ടത് ദൈവദർശനമാണ്. ഫരിസേ യന്റെ കാഴ്ച അന്യന്റെ കുറവുകളിലാണ്. മറ്റുള്ളവന്റെ കുറവുകളെ മാത്രം ഞാൻ കാണുമ്പോൾ ദൈവദർശനം എനിക്ക് അന്യമാണ്. അഹ ങ്കാരത്തിൽ നിന്നാണ് പരനിന്ദയും, ആത്മപ്രശംസയും ഉണ്ടാകുന്നത്. ഇവിടെയാണ് ചുങ്കക്കാരൻ പ്രാർത്ഥനയുടെ നേർകാഴ്ചയായി മാറു ന്നത്. എളിമ അവനെ നീതീകരിക്കുന്നവനാക്കി.

**3. ദൈവവുമായി താരതമ്യം ചെയ്യാതെ പോകുന്നവൻ**

പാപികളോടു താരതമ്യം ചെയ്ത് മേന്മ നടിച്ചു നടക്കുന്ന ഫരി സേയ മനോഭാവം. ക്രിസ്തു പഠിപ്പിക്കുന്നു 'നിങ്ങളുടെ പിതാവ് പരി പൂർണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണരായിരിക്കുവിൻ' എന്ന്. താരതമ്യം വേണ്ടത് ഞാൻ ക്രിസ്തുവിന്റെ പൂർണതയോളം എത്തിയോ എന്നതിലാണ്. ക്രിസ്തുവിനെക്കാൾ കുറഞ്ഞ ഒരു ജീവിതം ക്രിസ്തുശിഷ്യനിൽനിന്നും പ്രതീക്ഷിക്കുന്നില്ല. ഫരിസേയന്റെ താര തമ്യം ചുങ്കക്കാരനോടാണ്. പൂർണത്തിൽനിന്നും എടുക്കപ്പെട്ടത് പൂർണമായിരിക്കണം. വേദത്തിലെ "പൂർണ്ണമദഃ പൂർണ്ണമിദം" എന്നു തുടങ്ങുന്ന ശാന്തിമന്ത്രം നൂറ്റാണ്ടുകൾക്കു മുമ്പ് പറഞ്ഞുവച്ചു പൂർണ്ണ മായതിൽനിന്നും അപൂർണ്ണമായത് ഉണ്ടാകില്ലെന്ന്. ഞാൻ ക്രിസ്തുവിന്റെ തോളോടുതോൾ ചേർന്നു നടക്കുന്നു എങ്കിൽ ക്രിസ്തു വിന്റെ പൂർണതയോളം വളരേണ്ടിയിരിക്കുന്നു. അവിടെ താരതമ്യം ദൈവത്തോടു മാത്രം. പൗലോസ് ശ്ലീഹായുടെ ജീവിതം പരിശോധി ച്ചാൽ വി.മത്തായിസുവിശേഷത്തിലെ വേദഭാഗം കുറെക്കൂടെ ലളിത മാകും. ഫരിസേയചിന്തയുമായി അലഞ്ഞ ഒരു കാലം ശൗൻ എന്ന ചെറുപ്പക്കാരനുണ്ടായിരുന്നു. ക്രിസ്ത്യാനികൾ തന്നെക്കാൾ മോശ പ്പെട്ടവരാണ് എന്ന ചിന്തയുമായി നടന്നവൻ; അവന്റെ ജീവിതം താര തമ്യം ചെയ്തത് ക്രിസ്ത്യാനികളുമായിട്ടാണ്, അവിടെ അവന്റെ സകല അഹംഭാവങ്ങളും പുറത്തു വരുന്നു, റോമാ പൗരനാണ്, ഗമാലിയേ ലിന്റെ ശിഷ്യനാണ്, യഹൂദനാണ് എല്ലാം ഉള്ളവൻ; എന്നാൽ

www.malankaralibrary.com



ദമാസ്കസിന്റെ പടിവാതിൽക്കൽ വച്ച് ക്രിസ്തുവിനെ മുഖാമുഖം കണ്ടു കഴിഞ്ഞപ്പോൾ പിന്നെ താരതമ്യം ക്രിസ്തുവുമായി മാത്രം. മരണത്തിന്റെ സംസ്ക്കാരത്തിൽനിന്നും ജീവനിലേക്ക് ഒരു മടക്കയാത്ര. എല്ലാം ദൈവത്തിന്റെ ദാനം ആയിരുന്നു എന്ന വെളിച്ചത്തിലേക്ക്.

സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നവരെക്കുറിച്ച് പറയുന്നതിനു മുമ്പ് വ്യാജപ്രവാചകരെക്കുറിച്ച് ക്രിസ്തു പറയുന്നു. ആട്ടിൻതോലിട്ട ചെന്നായ്ക്കളെക്കുറിച്ചാണ് പരാമർശം, കാഴ്ചയിലുള്ള തോന്നൽ മാത്രം ഉള്ളിൽ ചെന്നായ് ആണ്. ക്രിസ്തുവിന്റെ നാമത്തിൽ ഭൂതങ്ങളെ പുറത്താക്കുകയും, അത്ഭുതങ്ങൾ നടത്തുകയും ചെയ്തവരോട് ക്രിസ്തു പറയുന്നു ഞാൻ നിങ്ങളെ അറിയുന്നില്ല എന്ന്, അപ്പോൾ കാര്യം കുറേക്കൂടെ കൃത്യമാണ് ദൈവത്തിന്റെ ഹിതം തിരിച്ചറിയാൻ കഴിയാതെ പോയവർ, ക്രിസ്തുവിന്റെ പാതകളിൽ ഒരിക്കൽ പോലും നടന്നിട്ടില്ലാത്തവർ. ഇവരെ സൂക്ഷിക്കുവാനാണ് ക്രിസ്തു പറയുന്നത്. പുറം മുഴുവനും ദൈവത്തിന്റെ പേരിലുള്ള പ്രവൃത്തികൾ അകം നിറയെ ദൈവനിഷേധവും, ദൈവരാജ്യത്തിനു പുറത്തേക്കാണ് ഇവരുടെ യാത്ര. ദൈവത്തിന്റെ മനസ്സു വായിക്കാൻ സാധിക്കാതെ പോയവർ. എന്റെ ഇഷ്ടത്തിനാണ് പ്രാധാന്യം, നിന്റെ ഹിതം പോലെ നടക്കട്ടെ എന്ന പ്രാർത്ഥന മറന്നു പോയവർ, നിന്റെ രാജ്യം വരണമേ എന്ന പ്രാർത്ഥനയ്ക്ക് പുറം തിരിഞ്ഞു നടന്നവർ. ഇവരെയാണ് ക്രിസ്തു ക്ഷണിക്കുന്നത് പിതാവിന്റെ ഇഷ്ടം ചെയ്യുവാനായി.

സുവിശേഷം ബോദ്ധ്യങ്ങളിലേക്ക് നമ്മെ തിരികെ വിളിക്കുകയാണ് ദൈവാശ്രയബോധമുള്ളവരാകാൻ, മറ്റുള്ളവർ എന്നെക്കാൾ ശ്രേഷ്ഠരെന്ന ക്രിസ്തുഭാവത്തിലേക്ക് വളരാൻ, ക്രിസ്തുവുമായി താരതമ്യം ചെയ്ത് പിതാവ് പരിപൂർണ്ണനായിരിക്കുന്നതുപോലെ ഞാനും പരിപൂർണ്ണനാകാൻ. ഫരിസേയനിൽനിന്നും ചുങ്കക്കാരനിലേക്കുള്ള യാത്രയാണ് പ്രാർത്ഥന, ഇതാ നിന്റെ ദാസി അങ്ങയുടെ ഹിതം എന്നിൽ നിറവേറട്ടെയെന്ന മാതാവിന്റെ പരിപൂർണ്ണ സമർപ്പണം, സർവ്വവും സൃഷ്ടിച്ച തമ്പുരാന്റെ സർവ്വസൃഷ്ടികളോടും ചേർന്ന് ഞങ്ങളുടെ പിതാവേ എന്ന പ്രാർത്ഥന. നോമ്പിന്റെ സാരാംശം ഇതാണ്, പിതാവേ എന്റെ ഹിതമല്ല നിന്റെ ഹിതം. ഈ നോമ്പും പിതാവിന്റെ ഭവനത്തിലേക്കുള്ള വഴികൾക്ക് മാർഗ്ഗദീപമാകട്ടെ എന്ന് പ്രാർത്ഥിക്കാം.

www.malankaralibrary.com

# 17. ലോകത്തിന്റെ പ്രകാശം

"അവൻ അവരോടു പറഞ്ഞു: വിളക്കു കൊണ്ടുവരുന്നത് പറയുടെ കീഴിലോ കട്ടിലിൻെറ അടിയിലോ വയ്ക്കാനാണോ? പീഠത്തിൻമേൽ വയ്ക്കാനല്ലേ? വെളിപ്പെടുത്തപ്പെടാതെ മറഞ്ഞിരിക്കുന്ന ഒന്നുമില്ല. വെളിച്ചത്തു വരാതെ രഹസ്യമായിരിക്കുന്നതും ഒന്നുമില്ല. കേൾക്കാൻ ചെവിയുള്ളവൻ കേൾക്കട്ടെ. അവൻ പറഞ്ഞു: നിങ്ങൾ ശ്രദ്ധിച്ചു കേൾക്കുവിൻ. നിങ്ങൾ അളക്കുന്ന അളവിൽത്തന്നെ നിങ്ങൾക്കും അളന്നു കിട്ടും; കൂടുതലും ലഭിക്കും. ഉള്ളവനു നൽകപ്പെടും; ഇല്ലാത്തവനിൽനിന്ന് ഉള്ളതു പോലും എടുക്കപ്പെടും" (മർ. 4:21-25).

*പ്രകാശം ഞാനായി മാറേണ്ടതുണ്ടെന്നു ക്രിസ്തുമൊഴി. വേദങ്ങൾ മുഴുവനും മൗനമായി എന്നെ ഓർമ്മിപ്പിക്കുന്നതും അതാണ്. മത്തായി സുവിശേഷകനിലൂടെ ക്രിസ്തു അത് വീണ്ടും ഓർമ്മിപ്പിക്കുന്നു. "നിങ്ങൾ ലോകത്തിന്റെ പ്രകാശമാണ്."*

വെളിച്ചത്തിന്റെ പോരാളി ലോകത്തിലേക്ക് അയക്കപ്പെട്ടത് ആർഷഭാരത്തിന്റെ ഗുരുസങ്കല്പത്തോടെയാണ്. ഇരുട്ടിനെ മാറ്റുന്നവനാണ് ഗുരു, 'ഗുകാരന്ധകാരസ്ത്യോരുകാരസ്തൻ നിവർത്തക' എന്നാണ് ഗുരുവിനെ ചിത്രീകരിക്കുന്നത്. ഇരുട്ടിനെ മാറ്റുന്നവൻ വെളിച്ചത്തിന്റെ സംരക്ഷകൻ അതാണ് ഗുരു. ദീപത്തെക്കുറിച്ച് പറഞ്ഞുകൊണ്ട് ഈ വെളിച്ചത്തെയാണ് ക്രിസ്തു നമ്മുടെ മുൻപിൽ അവതരിപ്പിക്കുന്നത്. ദീപം

www.malankaralibrary.com





കത്തിച്ച് പറയുടെ കീഴിലോ, കട്ടിലിന്റെ അടിയിലോ വയ്ക്കാനാണോ എന്ന പ്രസക്തമായ ചോദ്യത്തോടെ വെളിച്ചത്തിന്റെ ഒരു വലിയ ലോകത്തെ വേദം നമ്മുടെ മുമ്പിൽ തുറന്നിടുകയാണ്.

ഗുരുസങ്കല്പത്തിൽ തെളിഞ്ഞുവരുന്ന, വെളിച്ചത്തെ ചേർത്തുപിടിച്ച് നടക്കാൻ തുടങ്ങിയാൽ കാണെക്കാണെ ഈ വെളിച്ചം സൂര്യനോളം വലുതാകുന്നത് കാണാം. അരണ്ട മെഴുകുതിരി വെട്ടത്തിൽ തുടങ്ങി അണ്ഡകടാഹത്തെ മുഴുവൻ പ്രകാശിപ്പിക്കുന്ന സൂര്യനോളം വളരുന്ന വെളിച്ചത്തിന്റെ അത്ഭുതലോകം. ഈ വെളിച്ചം എന്റെ കണ്ണുകൾക്ക് തെളിമ നല്കണമെങ്കിൽ, ഹൃദയത്തിൽ ക്രിസ്തു എന്ന നിലാപ്പെയ്ത്ത് ഉണ്ടാകണം. വർഷങ്ങളുടെ തപസ്സ് അസീസ്സിയിലെ ഫ്രാൻസിസിന്റെ കണ്ണുകളിൽ ക്രിസ്തു എന്ന വെള്ളിവെളിച്ചമായി അരിച്ചിറങ്ങി. മരണംവരെ ലോകത്തിന്റെ പ്രകാശമായി മാറി ഫ്രാൻസിസ് അസീസ്സി. വെളിച്ചം അമ്മ സങ്കല്പത്തോടു ചേർന്നു നില്ക്കുന്നതാണ്. അമ്മയില്ലാത്ത കോഴിക്കുഞ്ഞ് ബൾബിന്റെ പ്രകാശത്തിൽ അഭയം തേടുന്നത് വെളിച്ചത്തിന്റെ അമ്മ സങ്കല്പത്തിന്റെ നേർക്കാഴ്ചയാണ്. ദൈവത്തിന്റെ അമ്മ ഭാവം മത്തായി സുവിശേഷകൻ വരച്ചിടുന്നത് മനോഹരമായാണ്. “ജറുസലെം, ജറുസലെം, പ്രവാ

www.malankaralibrary.com



ചകന്മാരെ വധിക്കുകയും നിന്റെ അടുത്തേയ്ക്ക് അയക്കപ്പെടുന്നവരെ കല്ലെറിയുകയും ചെയ്യുന്നവളെ, പിടക്കോഴി കുഞ്ഞുങ്ങളെ ചിറകുകൾക്കുള്ളിൽ കാത്തുകൊള്ളുന്നതുപോലെ നിന്റെ സന്തതികളെ ഒരുമിച്ചുകൂട്ടാൻ ഞാൻ എത്രയോ പ്രാവശ്യം ആഗ്രഹിച്ചു! പക്ഷേ, നിങ്ങൾ വിസമ്മതിച്ചു (മത്തായി 23:37). അമ്മ ഭാവം ഇല്ലാത്തവർക്ക് വെളിച്ചത്തിന്റെ പ്രതിരൂപം ആകാൻ സാധ്യമല്ല. കരുണയുടേയും കനിവിന്റേയും കരകവിഞ്ഞൊഴുകലാണ് അമ്മഭാവത്തിലൂടെ ക്രിസ്തു ചൊരിയുന്നത്. ഏശയ്യാ പ്രവാചകനിലൂടെയും ദൈവം തന്റെ കരുണയുടെ ഭാവം പ്രകടിപ്പിക്കുന്നുണ്ട്. "അമ്മയെപ്പോലെ ഞാൻ നിന്നെ ആശ്വസിപ്പിക്കും" (ഏശയ്യ 66:13). വെളിച്ചത്തിനും വെളിച്ചത്തിന്റെ പാത പിൻതുടരുന്നവർക്കും അമ്മയാകാതെ തരമില്ല. ക്രിസ്തുവിന്റെ ഭൂമികയിൽ കളം നിറഞ്ഞുനില്ക്കുന്നത് അമ്മ ഭാവമാണ്, അതിൽ ഇഴുകിച്ചേരാത്തവർക്ക് ക്രിസ്തുരാജ്യത്തിനു വെളിയിലാണ് സ്ഥാനം.

വെളിച്ചം ദിശ കാട്ടിത്തരുന്നതാണ്, കടൽക്കരയിൽ നിന്നാൽ കൂറ്റൻ പത്തേമാരികൾക്ക് ദിശ കാണിക്കുന്ന വെളിച്ചത്തിന്റെ വീടുകാണാം (light house). വെളിച്ചം എന്റെ ജീവിതത്തിന് ദിശാബോധം നല്കുന്നതാണ്. എവിടെ ആയിരിക്കണം എവിടേക്ക് പോകണം ഇതിന്റെയൊക്കെ ഉത്തരം വെളിച്ചത്തിൽനിന്നാണ് കണ്ടെത്തേണ്ടത്. സങ്കീർത്തകൻ കൃത്യമായി അത് പഠിപ്പിക്കുന്നുണ്ട്. അങ്ങയുടെ വചനം എന്റെ പാദത്തിനു വിളക്കും പാതയിൽ പ്രകാശവുമാണ്" (സങ്കീർത്തനം 119 : 105). വെളിച്ചതിന്റെ തിളക്കം എന്റെ മിഴികളിൽ നിറയണം. മാതാവിനെപ്പോലെ വെളിച്ചത്തെ ഉദരത്തിൽ വഹിക്കണം എങ്കിൽ ആദ്യം നിന്റെ മിഴികളിൽ ദൈവദർശനം ഉണ്ടാകണം, അതു നിന്റെ വഴിവിളക്കാകും. പകൽ നടക്കുന്നവൻ കാൽ തട്ടി വീഴുന്നില്ല, രാത്രി നടക്കുന്നവൻ തട്ടിവീഴുന്നു എന്ന് ക്രിസ്തു യോഹന്നാനിലൂടെ (യോഹന്നാൻ 11 :10) പറഞ്ഞു വച്ചത് എന്റെ ബോദ്ധ്യങ്ങളെ ഉണർത്തണം, ഞാൻ പ്രകാശത്തിന്റെ പുത്രനാണ്, ഞാൻ നടക്കേണ്ടതും ഞാൻ കാണിച്ചുകൊടുക്കേണ്ടതും വെളിച്ചത്തിന്റെ വഴിത്താരയാണ്. എന്നിട്ടും എന്തേ അന്ധകാരത്തിന്റെ കാർമേഘങ്ങൾ മനസ്സിലും മാനത്തും നിറഞ്ഞാടുന്നത്. അപ്പസ്തോലപ്രവർത്തികൾ ഇതിന്റെ ഉത്തരം തരുന്നുണ്ട്. "അത് അവരുടെ കണ്ണുകൾ തുറപ്പിക്കാനും അതുവഴി അവർ അന്ധകാര

www.malankaralibrary.com



ത്തിൽനിന്ന് പ്രകാശത്തിലേക്ക് തിരിയാനും വേണ്ടിയാണ്" (അപ്പ.പ്ര. 26:18) എല്ലാ വേദങ്ങളും എഴുതപ്പെട്ടത് പ്രകാശത്തിന്റെ നിറവ് നിന്റെ മിഴികൾക്കേകാനാണ്. മതങ്ങൾ പ്രകാശത്തിലേക്ക് നയിക്കേണ്ടവയാണ് എന്നെങ്കിലും നമുക്ക് മറക്കാതിരിക്കാം.

വഴിവിളക്കിന്റെ മുനിഞ്ഞുകത്തുന്ന വെളിച്ചം നമ്മെ ഓർമ്മിപ്പിക്കുന്ന ഒരു വലിയ സത്യം, നല്ലവന് കൂടുതലോ, അധർമ്മിക്ക് കുറച്ചോ വെളിച്ചം നൽകുന്നില്ല വഴിവിളക്ക് എന്നതാണ്. തന്റെ പ്രകാശത്തിലേക്കു വരുന്ന ഗണികക്കും വിശുദ്ധനും ഒരുപോലെ വെളിച്ചം നൽകുന്നു വഴിവിളക്ക്. പാപത്തെ വെറുക്കുകയും പാപിയെ സ്നേഹിക്കുകയും ചെയ്ത ക്രിസ്തുവിന്റെ പ്രതിരൂപം ആകേണ്ടവരല്ലേ നമ്മൾ. എന്നോ ചെയ്ത ഒരു തെറ്റിന്റെ പേരിൽ ജീവിതകാലം മുഴുവൻ തന്റെ കൂട്ടാളിയെ സംശയത്തിന്റെ നിഴലിൽ നിർത്തുന്ന ഞാൻ എങ്ങനെ വെളിച്ചത്തിന്റെ കാവൽക്കാരനാകും. പഴയനിയമം ശത്രുവിനെ ദ്വേഷിക്കുക എന്ന് പറഞ്ഞു പഠിപ്പിച്ച പാഠത്തിൽനിന്നും വെളിച്ചത്തിന്റെ പ്രവാചകൻ വഴിമാറി നടക്കുന്നത് വി.മത്തായിശ്ലീഹാ വിവരിക്കുന്നുണ്ട്. "ഞാൻ നിങ്ങളോടു പറയുന്നു ശത്രുക്കളെ സ്നേഹിക്കുവിൻ നിങ്ങളെ പീഡിപ്പിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുവിൻ... സ്വർഗസ്ഥനായ പിതാവ് ശിഷ്ടരുടെയും ദുഷ്ടരുടെയും മേൽ സൂര്യനെ ഉദിപ്പിക്കുകയും, നീതിമാൻമാരുടേയും, നീതിരഹിതരുടെയും മേൽ മഴ പെയ്യിക്കുകയും ചെയ്യുന്നു" (മത്താ 5: 44-45). വെളിച്ചത്തിന്റെ നേർവഴിയിലൂടെ നടക്കുന്ന ഞാനും ഓർത്തിരിക്കേണ്ടത് ഇതാണ്. പാപിയെ അല്ല വെറുക്കേണ്ടത് പാപത്തെയാണ്. തിരിഞ്ഞുനോക്കിയാൽ കാണുന്ന നീണ്ട വഴികളിൽ മാറ്റി നിർത്തപ്പെട്ടവരുടെ നിലവിളി കേൾക്കാം. വഴിമാറി നടക്കേണ്ട സമയമായി, പ്രകാശത്തിന്റെ വെള്ളിനക്ഷത്രം കിഴക്കുദിച്ചുയർന്നു. അതു കാണാതെ പോവുക അസാധ്യമാണ്. കാലിത്തൊഴുത്തിൽ വന്നുദിച്ച ആ പ്രകാശമാകട്ടെ എന്റെ മിഴികൾക്ക് മിഴിവേകുന്നത്.

കാണക്കാണെ ആ ചെറിയ പ്രകാശം ആകാശവും ഭൂമിയും നിറഞ്ഞു നിൽക്കുന്ന കാഴ്ച ഈശാവാസ്യോപനിഷത്തുകാരൻ പാടുന്നുണ്ട്. 'ഈശാവാസ്യമിദംസർവ്വം' ഈശ്വരൻ ഈ ഭൂമി മുഴുവൻ നിറ

www.malankaralibrary.com


ഞ്ഞുനില്ക്കുകയാണ്. ക്രിസ്തു യോഹന്നാൻ ശ്ലീഹായിലൂടെ ഇത് വീണ്ടും ഓർമ്മപ്പെടുത്തുന്നു. "യേശു വീണ്ടും അവരോടു പറഞ്ഞു, ഞാൻ ലോകത്തിന്റെ പ്രകാശമാണ്. എന്നെ അനുഗമിക്കുന്നവൻ ഒരിക്കലും അന്ധകാരത്തിൽ നടക്കുകയില്ല. അവനു ജീവന്റെ പ്രകാശമുണ്ടായിരിക്കും" (യോഹ. 8 : 12) പ്രകാശം എന്നു പറഞ്ഞത് ദൈവമായി മാറുന്ന അത്ഭുത കാഴ്ച മിഴികളിൽ നിറയുന്നു. ലോകത്തിനു മുഴുവനും ജീവൻ പ്രദാനം ചെയ്യുന്ന ആദിമുതലുള്ള പ്രകാശം.

'യദാദിത്യഗതം തേജോ ജഗൽ ഭാസയതേഖിലം

യച്ചന്ദ്രമസി യച്ചാഗ്നൗ തത്തേജോ വിദ്ധി മാമകം" (ഗീത 15 : 12). സൂര്യനിലും, ചന്ദ്രനിലും, അഗ്നിയിലും സ്ഥിതിചെയ്യുന്ന യാതൊരു തേജസ്സാണ് ജഗത്താസകലത്തേയും പ്രകാശിപ്പിക്കുന്നത് ആ തേജസ്സ് എല്ലാം എന്റേതാണെന്നറിഞ്ഞാലും, എന്നു ഭഗവത്ഗീതയിൽ പറഞ്ഞിരിക്കുന്നതും വേറൊന്നാകാൻ തരമില്ല. ഭൂമി മുഴുവനും നിറഞ്ഞുനില്ക്കുന്ന ആ വെളിച്ചം എന്റെ കണ്ണുകളുടേയും കാതുകളുടേയും വാതായനങ്ങളിലൂടെയാണ് അകത്തു പ്രവേശിക്കേണ്ടത്. വെളിച്ചത്തിനെതിരേ കണ്ണുകളും കാതുകളും അടച്ചുവെച്ചാൽ പിന്നെ ജീവിതം അന്ധകാരമയമാകും.

പ്രകാശം ഞാനായി മാറേണ്ടതുണ്ടെന്നു ക്രിസ്തുമൊഴി. വേദങ്ങൾ മുഴുവനും മൗനമായി എന്നെ ഓർമ്മിപ്പിക്കുന്നതും അതാണ്. മത്തായി സുവിശേഷകനിലൂടെ ക്രിസ്തു അത് വീണ്ടും ഓർമ്മിപ്പിക്കുന്നു. "നിങ്ങൾ ലോകത്തിന്റെ പ്രകാശമാണ്. മലമുകളിൽ പണിതുയർത്തിയ പട്ടണത്തെ മറച്ചുവെയ്ക്കുക സാധ്യമല്ല" (മത്തായി 5 : 14) ക്രിസ്തുവാകുന്ന പ്രകാശം കാലക്രമത്തിൽ ഞാനായിത്തീരണം, രണ്ടാം ക്രിസ്തു എന്ന് വിളിക്കപ്പെട്ടവരെല്ലാം പ്രകാശത്തിന്റെ പ്രണേതാക്കളായി മാറിയ കഥകളാണ് വിശുദ്ധരുടെ ജീവിതം. ദൈവത്തിന്റെ നഗരത്തിൽ രാത്രി ഇല്ല എന്ന വെളിപാടു പുസ്തകത്തിന്റെ വെളിപ്പെടുത്തൽ (വെളിപാട് 21 : 25). ക്രിസ്തുവിന്റെ പ്രകാശത്തിൽ പ്രകാശിപ്പിക്കപ്പെട്ടവർ മാത്രം ജീവിക്കുന്ന നഗരം, ഇതു ബോദ്ധ്യങ്ങളുടെ പൂർണ്ണതയാണ്. ഞാൻ പ്രകാശമായി മാറിയില്ല എങ്കിൽ ദൈവത്തിന്റെ നഗരത്തിനു വെളിയിലാണ് എന്റെ സ്ഥാനം.

www.malankaralibrary.com


ഞാൻ ഈ പ്രകാശമായി തിളങ്ങാൻ എന്തുചെയ്യണം എന്ന ചോദ്യം ഇവിടെ പ്രസക്തമാകുന്നു. മോശയുടെ ജീവിതമാണ് ഇതിന്റെ ഉത്തരം "രണ്ടു സാക്ഷ്യഫലകങ്ങളും വഹിച്ചുകൊണ്ട് മോശ സീനായ് മലയിൽനിന്ന് താഴേക്കു വന്നു. ദൈവവുമായി സംസാരിച്ചതിനാൽ തന്റെ മുഖം തേജോമയമായി എന്ന കാര്യം അവൻ അറിഞ്ഞില്ല" (പുറപ്പാട് 34 : 29) . മോശ പ്രകാശമായി മാറുകയായിരുന്നു, നാല്പതു രാവും നാല്പതു പകലും മോശ സീനായ് മലയിൽ ദൈവത്തോടു കൂടെ ആയിരുന്നു. പ്രകാശമായി മാറാനുള്ള ആദ്യപടി ഇതാണ് ദൈവ ത്തോടു കൂടെ ആയിരിക്കുക. ദൈവത്തോടൊപ്പം ഇരിക്കാത്തവനു പ്രകാശമായി മാറാൻ ആവില്ല. അന്തരീക്ഷം പ്രശ്നകലുഷിതം ആകുന്നു, അന്ധകാരം ലോകത്തു നിറഞ്ഞാടുന്നു, കാരണം ഇരിക്കേ ണ്ടവർ ദൈവത്തോടൊപ്പം ഇല്ല. സാമൂഹ്യസേവനത്തിനും, ആർഭാട ത്തിന്റെ പ്രദർശനത്തിനും ഓടി നടക്കുന്ന എനിക്ക് പ്രകാശത്തോ ടൊപ്പം ഇരിക്കാൻ എവിടെ സമയം. മരിച്ചവർക്കും ജീവനുള്ളവർക്കും ഇടയിൽ പ്രകാശത്തിന്റെ ധൂപകലശം പിടിക്കാൻ അഹറോനെപ്പോ ലെയുള്ളവർ ഇല്ലാതെ പോകുന്നു എന്നതാണ് കാലഘട്ടത്തിന്റെ സങ്കടം. "അവൻ മരിച്ചു വീണവരുടെയും ജീവനോടിരിക്കുന്നവരുടെയും നടുവിൽ നിന്നു. മഹാമാരി നിലച്ചു" (സംഖ്യ 16 : 48) ദൈവത്തോടു കൂടെ ആയിരിക്കുന്നവനു മാത്രമേ ജീവന്റെ പ്രകാശം നിലനിർത്താൻ സാധിക്കൂ.

ദൈവത്തോടുകൂടെ ഇരിക്കാത്തവരുടെ അന്ത്യത്തെക്കുറിച്ച് ഈശാവാസ്യോപനിഷത്തുകാരൻ പറയുന്നു, മൂന്നാം മന്ത്രത്തിൽ:

അസൂര്യാനാമതേ ലോകാ
അന്ധേന തമസാവൃതഃ
താംസ്തേ പ്രേത്യാഭിഗച്ഛന്തി
യേകേ ചാത്മഹനോ ജനഃ (ഈശാവാസ്യം 3)

ഏതെല്ലാം ജനങ്ങൾ ആത്മഘാതികളായിത്തീരുന്നുവോ അവർ മരിച്ചിട്ട് കൂരിരുട്ടിനാൽ മൂടപ്പെട്ട അസൂര്യ എന്നും പ്രസിദ്ധങ്ങളായ ആ ലോകങ്ങൾ പ്രാപിക്കുന്നു. മോക്ഷപ്രാപ്തിക്കായി രണ്ടു മാർഗ്ഗ ങ്ങളാണ് ഈശാവാസ്യോപനിഷത്ത് നിർദ്ദേശിച്ചത് ജ്ഞാന മാർഗ്ഗവും

www.malankaralibrary.com



കർമ്മമാർഗ്ഗവും. ഭൂമി മുഴുവനും നിറഞ്ഞിരിക്കുന്ന ഈശ്വരനെ അറിഞ്ഞ് അഹംബുദ്ധി ത്യജിക്കുന്നത് ജ്ഞാനമാർഗം, ഫലത്യാഗം കൊണ്ട് ആത്മശുദ്ധി വരുത്തി കർമ്മങ്ങളെ നിഷ്കാമ കർമ്മങ്ങളായി മാറ്റി ആത്മാവിന് രക്ഷിക്കുന്നത് കർമ്മമാർഗ്ഗം. ഒന്നാമത്തേതിൽ 'ഞാൻ' ബോധത്തിന്റെ ത്യാഗം, രണ്ടാമത്തേതിൽ 'എന്റേത്' എന്ന ബോധത്തിന്റെ ത്യാഗം. ഇതിൽ രണ്ടിലും പെടാത്തവർക്ക് എന്തു സംഭവിക്കുന്നു എന്നാണ് മൂന്നാം മന്ത്രം പറയുന്നത്.

ജ്ഞാന മാർഗ്ഗമോ, കർമ്മമാർഗ്ഗമോ സ്വീകരിച്ച് മോക്ഷത്തിനു വേണ്ടി പരിശ്രമിക്കാത്തവരാണ് ആത്മഘാതികൾ (ആത്മാവിനെ കൊല്ലുന്നവർ) ഇരുട്ടുമൂടിയ, സൂര്യനില്ലാത്ത ലോകത്താണവർ എത്തിച്ചേരുക. പ്രകാശമാകുന്ന ദൈവത്തോടുകൂടെ ഇരിക്കാത്തവരെയാണ് ഇവിടെ വിവക്ഷ. ആത്മപ്രകാശം ഇല്ലാത്ത ലോകത്തെയാണ് സൂര്യനില്ലാത്ത ലോകം എന്നു വിശേഷിപ്പിക്കുന്നത്. മത്തായി സുവിശേഷകനിലൂടെ ക്രിസ്തു പഠിപ്പിക്കുന്നതും വേറൊന്നാകാൻ തരമില്ല; "ഒരുവൻ ലോകം മുഴുവൻ നേടിയാലും സ്വന്തം ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ അവന് എന്തു പ്രയോജനം? ഒരുവൻ സ്വന്തം ആത്മാവിന് പകരമായി എന്തു കൊടുക്കും?" (മത്തായി 16:26). ആത്മഘാതകരെ കുറിച്ചല്ലാതെ വേറെന്താണ് ക്രിസ്തുവിനു പറയാനുള്ളത്. എല്ലാ വേദങ്ങളും പ്രകാശമാകുവാനായി ക്ഷണിക്കുകയാണ് നമ്മെ. ഭക്തകവി പൂന്താനം ജ്ഞാനപ്പാന തുടങ്ങുന്നത്

"ഗുരുനാഥൻ തുണ ചെയ്ക സന്തതം
തിരുനാമങ്ങൾ നാവിന്മേലെപ്പോഴും
പിരിയാതെ ഇരിക്കണം നമ്മുടെ
നരജന്മം സഫലമാക്കിടുവാൻ"

നരജന്മം മോക്ഷത്തിൽ എത്തണമെങ്കിൽ തമ്പുരാന്റെ സാമീപ്യം അനിവാര്യമാണ്. "പൂർണമദഃ പൂർണമിദം" പിതാവ് പൂർണനായിരിക്കുന്നതുപോലെ പിതാവിന്റെ വഴി തേടുന്നവരും പൂർണരായിരിക്കണം; ഇല്ലായെങ്കിൽ പുറത്തുള്ള പലരും പ്രകാശത്തിന്റെ രാജ്യത്തിൽ വിരുന്നിന് ഇരിക്കുമ്പോൾ രാജ്യത്തിന്റെ പുത്രൻ എന്ന് അഭിമാനിച്ചിരുന്ന ഞാൻ പുറത്തേ അന്ധകാരത്തിലേക്ക് എറിയപ്പെടും (മത്തായി 8:12).

www.malankaralibrary.com



നോമ്പിന്റെ വെളിച്ചത്തിൽ വേദത്തിന്റെ പുനർവായന നടത്തുമ്പോൾ വെളിച്ചമാകാൻ എന്നെ ക്ഷണിക്കുന്ന ക്രിസ്തുമൊഴി ദർശിക്കാനാകും വി.മർക്കോസ് സുവിശേഷത്തിൽ. ഞാനാകുന്ന പ്രകാശം എവിടെയാണിരിക്കുന്നത്? പറയുടെ കീഴിലോ, കട്ടിലിനടിയിലോ, അതോ ലോകത്തിനു മുഴുവൻ പ്രകാശമായി തണ്ടിന്മേലോ... എന്റെ ഇന്ദ്രിയങ്ങളാകുന്ന പറയുടെ അടിയിൽ അമർന്നു പോകേണ്ടതല്ല ദൈവത്തിന്റെ പ്രകാശവാഹകനായ ഞാൻ. ഇന്ദ്രിയങ്ങൾ ക്രിസ്തുവിന്റെ പ്രകാശംകൊണ്ട് ദീപ്തമാകുമ്പോൾ ശരഭംഗ മഹർഷിയുടെ ആശ്രമം കടന്ന ശ്രീരാമനെപ്പോലെ മോക്ഷത്തിന്റെ കവാടത്തിൽ എത്തും ഞാൻ. ശരത്തെ ഭംഗിച്ചവൻ, കാമദേവന്റെ പുഷ്പബാണത്തെ അതിജീവിച്ചവൻ, ഇന്ദ്രിയങ്ങളെ വിജയിച്ചവൻ, അവനു മാത്രമാണ് മോക്ഷം. നോമ്പിന്റെ പുണ്യപ്പെട്ട ദിനങ്ങളിൽ ഉയരത്തിൽനിന്നുള്ള പ്രകാശം ആവാഹിച്ചെടുക്കാം, അത് എന്റെയും നിന്റെയും ഇന്ദ്രിയങ്ങൾക്ക് മിഴിവേകട്ടെ...

●

www.malankaralibrary.com

# 18. നിന്റെ രാജ്യം വരേണമേ

"അവൻ ഒരിടത്തു പ്രാർത്ഥിച്ചുകൊണ്ടിരിക്കുകയായിരുന്നു. പ്രാർത്ഥിച്ചു കഴിഞ്ഞപ്പോൾ ശിഷ്യന്മാരിലൊരുവൻ വന്നു പറഞ്ഞു: കർത്താവേ, യോഹന്നാൻ തന്റെ ശിഷ്യരെ പഠിപ്പിച്ചതുപോലെ ഞങ്ങളെയും പ്രാർത്ഥിക്കാൻ പഠിപ്പിക്കുക. അവൻ അരുളിച്ചെയ്തു: നിങ്ങൾ ഇങ്ങനെ പ്രാർത്ഥിക്കുവിൻ. പിതാവേ, അങ്ങയുടെ നാമം പൂജിതമാകേണമേ. **അങ്ങയുടെ രാജ്യം വരേണമേ.** അന്നന്നു വേണ്ട ആഹാരം ഓരോ ദിവസവും ഞങ്ങൾക്കു നൽകണമേ. ഞങ്ങളുടെ പാപങ്ങൾ ഞങ്ങളോടും ക്ഷമിക്കണമേ. എന്തെന്നാൽ ഞങ്ങളുടെ കടക്കാരോടു ഞങ്ങളും ക്ഷമിക്കുന്നു. ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ" (ലൂക്ക. 11:1-4).

*ക്രിസ്തു പഠിപ്പിച്ച പ്രാർത്ഥന ആയിരംവട്ടം മനസ്സിൽ ഉരുക്കഴിച്ചിട്ടും എന്റെ പഴയ മനുഷ്യൻ എന്നിൽ നിലനിൽക്കുന്നുവെങ്കിൽ പ്രാർത്ഥന എന്റെ ഉള്ളിലേക്ക് ഒഴുകിയിറങ്ങിയിട്ടില്ല എന്ന് അർത്ഥം. ക്രിസ്തുവിന്റെ പ്രാർത്ഥന ബോധപൂർവ്വമാണു ചൊല്ലുന്നതെങ്കിൽ വഴികൾ മാറി നടക്കേണ്ട കാലമായി.*

അതിപുരാതനമായ ചോദ്യങ്ങളിൽ ഒന്നാണ് എന്റെ പ്രാർത്ഥനയ്ക്ക് ഉത്തരം കിട്ടാത്തത് എന്ത് എന്നുള്ളത്. എന്റെ പ്രാർത്ഥന സ്വർഗ്ഗത്തിന്റെ വാതിലിൽ മുട്ടുമ്പോഴും പ്രാർത്ഥന കേൾക്കാതെ ദൈവം എവിടെയാണ്? അപകടങ്ങളും പ്രകൃതിക്ഷോഭങ്ങളും നീതിമാന്മാരുടെ പീഡനങ്ങളുമുണ്ടാകുമ്പോൾ ദൈവം എവിടെയാണ് ഒളിച്ചുകളയുന്നത്. യേശുവിന്റെ ശിഷ്യരും ഈ ചോദ്യത്തിൽനിന്നു മുക്തരായിരുന്നില്ല. പലപ്പോഴും

www.malankaralibrary.com





അവരുടെ ചോദ്യങ്ങൾക്കും ഉത്തരം കിട്ടുന്നില്ല. ഈ പ്രതിസന്ധിയിലാണ് ചോദ്യം ഞങ്ങളേയും പ്രാർത്ഥിക്കുവാൻ പഠിപ്പിക്കണം.

ക്രിസ്തു ഓരോ അത്ഭുതത്തിനും മുമ്പ് മലയിലോ താഴ്വരയിലോ പ്രാർത്ഥനയിലാണ്. അതിനുശേഷം മരിച്ചവരെ ഉയർപ്പിക്കുന്നു, രോഗികളെ സൗഖ്യമാക്കുന്നു, ഭൂതങ്ങളെ പുറത്താക്കുന്നു. ശിഷ്യന്മാർ പ്രയാസത്തിലാണ് തങ്ങൾക്കിത് സാധിക്കുന്നില്ല. അപസ്മാര രോഗിയെ സുഖപ്പെടുത്തുവാൻ കഴിയാതെ നിർനിമേഷരായി നില്ക്കുന്ന ശിഷ്യരെ മത്തായി സുവിശേഷകൻ കാട്ടിത്തരുന്നുണ്ട്: "ഞാൻ അവനെ നിന്റെ ശിഷ്യന്മാരുടെ അടുത്തു കൊണ്ടുവന്നു. പക്ഷേ അവനെ സുഖപ്പെടുത്താൻ അവർക്കു കഴിഞ്ഞില്ല" (മത്താ. 17:16). യേശു രൂപാന്തരപ്പെട്ടതിനുശേഷം മലയിൽ നിന്നുമിറങ്ങി വരുമ്പോഴാണ് ശിഷ്യന്മാർ അസ്തപ്രജ്ഞരായി നിൽക്കുന്ന കാഴ്ച, മലയിൽനിന്നും ഇറങ്ങി വരുന്ന ക്രിസ്തു അപസ്മാര രോഗിയെ തത്ക്ഷണം സുഖപ്പെടുത്തുന്നു. ക്രിസ്തുവിന്റെ പ്രാർത്ഥനകൾക്ക് ഉടനടി ഫലം ലഭിക്കുന്നു, ഈ വരം തങ്ങൾക്കും നേടിയെടുക്കാനാണ് ക്രിസ്തുവിൽനിന്നും പ്രാർത്ഥന പഠിക്കുവാൻ പരിശ്രമിക്കുന്നത്.

അത്ഭുതങ്ങളുടെ മായാക്കാഴ്ചയിൽ ഉൾക്കാഴ്ചകൾ തെളിഞ്ഞു കിട്ടാത്ത ഒരു കൂട്ടം ശിഷ്യർ. മറ്റുള്ളവരുടെ മുമ്പിൽ കേമനാകാനുള്ള

www.malankaralibrary.com



ഉപാധിയാണ് അവർക്ക് പ്രാർത്ഥന; അർത്ഥവും ആന്തരികതയും അറിയാതെ പോയവർ, പരീശന്റേയും ചുങ്കക്കാരന്റെയുമൊക്കെ ഉപമകളിലൂടെ ക്രിസ്തു പൊളിച്ചെഴുതാൻ ശ്രമിക്കുന്ന പ്രാർത്ഥനയുടെ അകത്തളങ്ങൾ. സമർപ്പണത്തിന്റെ പൂർണതയിലൂടെ പ്രാർത്ഥനയെന്ന പുണ്യത്തെ തമ്പുരാന്റെ സന്നിധിയിൽ അർപ്പിക്കുന്ന ചുങ്കക്കാരൻ. മറ്റുള്ളവരുടെ മുമ്പിൽ നടത്തുന്ന പ്രകടനങ്ങളല്ല പ്രാർത്ഥനയെന്ന് പലവുരു ആവർത്തിച്ചിട്ടുണ്ട് ക്രിസ്തു.

ക്രിസ്തുജീവിതത്തിലേക്ക് കടന്നുചെല്ലാൻ കഴിയാത്ത ശിഷ്യരാണ് കാലഘട്ടത്തിന്റെ സങ്കടം; കൂടെ നടന്നിട്ടും ക്രിസ്തുവിന്റെ പ്രാർത്ഥനകൾ കാണാതെ പോകുന്നവർ. ഗത്സമേനിയിൽ എന്റെ ഇഷ്ടമല്ല നിന്റെ ഇഷ്ടം പിതാവേ എന്നു പ്രാർത്ഥിക്കുന്ന ക്രിസ്തുവിനെ കാണാതെ പോകുന്നവർ, കുരിശിന്റെ നീണ്ട പിടച്ചിലിലും എന്റെ ആത്മാവിനെ നിന്റെ കരങ്ങളിൽ സമർപ്പിക്കുന്നു എന്നു പ്രാർത്ഥിച്ച ക്രിസ്തുവിനെ മനസിലാക്കാതെ പോകുന്നവർ, അവർക്കാണ് ഇന്നും പ്രാർത്ഥനയുടെ അകത്തളങ്ങൾ തെളിഞ്ഞു കിട്ടാതെ പോകുന്നത്. മാതാവിന്റെ പ്രാർത്ഥനയിൽ ഉരുക്കഴിഞ്ഞതാണ് ക്രിസ്തുവിന്റെ തമ്പുരാനുമായുള്ള സംസർഗ്ഗം. എന്റെ ഇഷ്ടമല്ല പിതാവേ നിന്റെ ഇഷ്ടം എന്നിൽ നടപ്പാകട്ടെ എന്നു പ്രാർത്ഥിച്ച, മാതാവിന്റെ മടിയിലിരുന്ന് വളർന്ന ക്രിസ്തു: പഠിച്ചതും പഠിപ്പിച്ചതും ഉടയവന്റെ ഹിതം എന്റെ കാലുകൾക്ക് പ്രകാശമാകണമെന്നാണ്. എന്റെ പ്രാർത്ഥനകൾ എവിടെ എത്തി നിൽക്കുന്നുവെന്ന് തിരച്ചറിയേണ്ട കാലമായി. എന്റെ ഹിതം നടപ്പാക്കാനുള്ള തന്ത്രങ്ങൾ ആകുന്നുണ്ടോ എന്റെ പ്രാർത്ഥനകൾ എന്ന് സ്വയം ചോദിക്കേണ്ടിയിരിക്കുന്നു.

പ്രാർത്ഥിക്കുവാനായി പഠിപ്പിക്കണം എന്ന ശിഷ്യരുടെ യാചനകൾക്ക് പുതിയ രീതികളോ, പുതിയ ഭാഷകളോ അല്ലായിരുന്നു ക്രിസ്തുവിന്റെ ഉത്തരം. തന്റെ ജീവിതം വാക്കുകളിലൂടെ ശിഷ്യരിലേക്ക് ചൊരിയുകയായിരുന്നു. കൈ താഴ്ത്തി പിടിക്കണം എന്നോ മുട്ടുകുത്തണം, എഴുന്നേൽക്കണം, ഇരിക്കണം ഇതൊന്നും ക്രിസ്തുവിന്റെ വിഷയമല്ല. നീ എങ്ങനെ ഇരിക്കുന്നു എഴുന്നേൽക്കുന്നു എന്നതല്ല, നിന്റെ മനോഭാവം എന്താണ് അതാണ് ക്രിസ്തുവിന്റെ ഹൃദയത്തോട് നിന്നെ ചേർത്തു നിർത്തുന്നത്. ക്രിസ്തു പഠിപ്പിച്ച പ്രാർത്ഥന ആയിരംവട്ടം മനസ്സിൽ ഉരുക്കഴിച്ചിട്ടും എന്റെ പഴയ മനുഷ്യൻ എന്നിൽ നിലനിൽക്കുന്നുവെങ്കിൽ പ്രാർത്ഥന എന്റെ ഉള്ളിലേക്ക് ഒഴുകിയിറ

www.malankaralibrary.com



ങ്ങിയിട്ടില്ല എന്ന് അർത്ഥം. ക്രിസ്തുവിന്റെ പ്രാർത്ഥന ബോധപൂർവ്വ മാണു ചൊല്ലുന്നതെങ്കിൽ വഴികൾ മാറി നടക്കേണ്ട കാലമായി.

പ്രാർത്ഥനകൾ എന്റെ ഉള്ളിൽനിന്നും ഒഴുകിയിറങ്ങേണ്ടതാണ്. പ്രാണപ്രിയനോടു പ്രണയിനിയുടെ സല്ലാപം. മത്തായി സുവിശേഷ കനിലൂടെ ക്രിസ്തു തന്റെ അനുയായികളെ അതോർമ്മിപ്പിക്കുന്നു. "പ്രാർത്ഥിക്കുമ്പോൾ വിജാതീയരെപ്പോലെ നിങ്ങൾ അതിഭാഷണം ചെയ്യരുത്. അതിഭാഷണം വഴി തങ്ങളുടെ പ്രാർത്ഥന കേൾക്കുമെന്ന് അവർ കരുതുന്നു. നിങ്ങൾ അവരെപ്പോലെയാകരുത് (മത്തായി 6:7). പ്രാർത്ഥനയുടെ സങ്കല്പത്തെത്തന്നെ തകിടം മറിക്കുന്നുണ്ട് മത്തായി സുവിശേഷകൻ, നിങ്ങൾ ചോദിക്കുന്നതിനു മുൻപുതന്നെ നിങ്ങളുടെ ആവശ്യം നിങ്ങളുടെ പിതാവറിയുന്നു: അപ്പോൾ എന്റെ ആവശ്യങ്ങ ളുടെ പട്ടിക നിരത്തലല്ല പ്രാർത്ഥനയെന്ന് അടിവരയിടുന്നു ക്രിസ്തു. തമ്പുരാന്റെ മുഖത്തേക്കു നോക്കി നെഞ്ചിൽ ചാരി ക്രിസ്തുവുമായി ഒന്നായി ചേരുന്ന പ്രാർത്ഥനയുടെ പുതിയ രൂപം തമ്പുരാൻ ശിഷ്യരെ പഠിപ്പിക്കുകയാണ്.

പ്രാർത്ഥനയുടെ മധുരത്തെ എന്നെ വീണ്ടും ഓർമ്മിപ്പിക്കുന്ന എന്റെ സുഹൃത്തിന് മറക്കാൻ കഴിയില്ല. ബ്രഹ്മമുഹൂർത്തത്തിലുണർന്ന് (3.30 am 6.00 am) ബ്രഹ്മത്തോടൊപ്പം ഇരിക്കുന്ന ലോകത്തോളം വിശാലതയുള്ളവർ. എത്ര താമസിച്ച് ഉറങ്ങിയാലും ബ്രഹ്മമുഹൂർത്ത ത്തിലെ തമ്പുരാനുള്ള സമയം മറ്റൊന്നിനും മാറ്റി വയ്ക്കാത്ത എന്റെ സുഹൃത്തിനെപ്പോലെയുള്ളവരുടെ മുമ്പിൽ കൈകൾ കൂപ്പി നിൽക്കാതെ തരമില്ല. എല്ലാ വേദങ്ങളും നമ്മെ ഓർമ്മപ്പെടുത്തും, മനസ്സും ശരീരവും ഒരു പോലെ പ്രസാദാത്മകമായ ബ്രഹ്മമു ഹൂർത്തത്തിൽ പ്രാർത്ഥനകൾ കരേറ്റണം എന്ന്. "ഇത് മനുഷ്യൻ സൂര്യോദയത്തിനു മുൻപുണർന്ന് പുലർകാലവെളിച്ചത്തിൽ അങ്ങേയ്ക്കു കൃതജ്ഞതയർപ്പിക്കുകയും അങ്ങയോടു പ്രാർത്ഥിക്കു കയും വേണമെന്നതിന്റെ വിജ്ഞാപനമായിരുന്നു" (ജ്ഞാനം 16:28). "അതിരാവിലെ ഞാനുണർന്ന് സഹായത്തിനുവേണ്ടി നിലവിളിക്കു ന്നു. ഞാനങ്ങയിൽ പ്രത്യാശയർപ്പിക്കുന്നു. അങ്ങയുടെ വചനത്തെ പ്പറ്റി ധ്യാനിക്കാൻ വേണ്ടി രാത്രിയുടെ യാമങ്ങളിൽ ഉണർന്നിരിക്കു ന്നു. (സങ്കീർത്തനം 119:147,148). സങ്കീർത്തകൻ ഓർമ്മപ്പെടുത്തുന്നതും അതിരാവിലെയുള്ള പ്രാർത്ഥനയാണ്.

www.malankaralibrary.com


അത്ഭുതങ്ങളുടെ തിരയിളക്കം മിഴികളിൽ നിറഞ്ഞ ശിഷ്യരുടെ ആവശ്യത്തിനു മുൻപിൽ ക്രിസ്തു തന്റെ പ്രാർത്ഥനയുടെ വാതായനങ്ങൾ തുറന്നിടുകയാണ്. സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ തുടക്കം മുതൽ വിശാലമായ ഒരു ലോകമാണ് മിഴി തുറക്കുന്നത്. എന്റെ മാത്രം പിതാവല്ല, യഹൂദന്റെയോ ക്രിസ്ത്യാനിയുടെയോ മാത്രമായ ദൈവമല്ല ഭൂമിയിലുള്ള എല്ലാ ചരത്തിന്റേയും അചരത്തിന്റേയും പിതാവിനോടാണ് പ്രാർത്ഥന. മനുഷ്യന്റെ സ്വാർത്ഥതയ്ക്ക് കുടപിടിക്കുന്ന ദൈവത്തെ അന്വേഷിച്ച് തന്റെ മുൻപിൽ എത്തരുതെന്ന കർശന താക്കീത്. മണ്ണിനും മരത്തിനും പുഴുവിനും പൂമ്പാറ്റയ്ക്കും സ്വന്തമായ ദൈവം നിനക്കും സ്വന്തമാണ്. പ്രകൃതിയോടും നിന്റെ സഹോദരനോടും കൈകോർക്കാതെ എങ്ങനെ നിനക്ക് തമ്പുരാന്റെ ആലയത്തിൽ കയറാൻ കഴിയും? മലകളും പുഴകളും ഇല്ലാതാക്കുന്നവനും സഹോദരന്റെ നിലനിൽപ്പിനു ഭീഷണിയായവനും പ്രാർത്ഥനയുടെ വെളിച്ചത്തിൽനിന്നും പുറത്തേ ഇരുട്ടിലേക്ക് എറിയപ്പെട്ടവനാണ്.

പ്രാർത്ഥന തുടരുന്നത് നിന്റെ രാജ്യം വരേണമേ എന്നാണ്. ഏശയ്യാ പ്രവാചകന്റെ പുസ്തകത്തിൽ ദൈവരാജ്യസങ്കല്പം ഇതൾ വിരിയുന്നുണ്ട്: “ചെന്നായും ആട്ടിൻകുട്ടിയും ഒന്നിച്ചു വസിക്കും. പുള്ളിപ്പുലി കോലാട്ടിൻ കുട്ടിയോടുകൂടെ കിടക്കും. പശുക്കിടാവും സിംഹക്കുട്ടിയും ഒന്നിച്ചു മേയും ഒരു ശിശു അവയെ നയിക്കും. പശുവും കരടിയും ഒന്നിച്ചു മേയും. അവയുടെ കുട്ടികൾ ഒന്നിച്ചു കിടക്കും. സിംഹം കാളയെപ്പോലെ വൈക്കോൽ തിന്നും മുല കുടിക്കുന്ന ശിശു സർപ്പപ്പൊത്തിനു മുകളിൽ കളിക്കും. മുല കുടി മാറിയ കുട്ടി അണലിയുടെ അളയിൽ കൈയിടും. എന്റെ വിശുദ്ധഗിരിയിൽ ആരും ദ്രോഹമോ നാശമോ ചെയ്യുകയില്ല. സമുദ്രം ജലം കൊണ്ടെന്നപോലെ ഭൂമി കർത്താവിനെക്കുറിച്ചുള്ള ജ്ഞാനം കൊണ്ടുനിറയും” (ഏശയ്യ 11:6-9). ഏദനിൽ മുതൽ അതങ്ങനെ തന്നെയാണ്. ആദത്തിന്റെ മുമ്പിൽ പക്ഷികളും മൃഗങ്ങളും സ്നേഹത്തോടെ വർത്തിച്ചകാലം, തോട്ടം നട്ടു നനച്ച് വെയിലാറുമ്പോൾ ദൈവം കൂടെ ഇറങ്ങി വരുന്ന പറുദീസ, ഇതാണ് ദൈവത്തിന്റെ രാജ്യം; ഈ രാജ്യം വരേണമേയെന്നു പ്രാർത്ഥിക്കുവാൻ പഠിപ്പിക്കുന്നു ക്രിസ്തു. എന്റെ ദൈവരാജ്യസങ്കല്പം എന്താണ്? ഞാനും എന്റെ കുടുംബവും മാത്രം ഉൾക്കൊള്ളുന്ന ചിന്ത. എന്റെ കൂടെയുള്ള സർവ്വസൃഷ്ടികളും ദൈവത്തിന്റെ രാജ്യത്തിലേക്ക് എന്നോടൊപ്പം നടക്കുന്നവരാണ് എന്ന ബോധ്യം ഉണരണം.

www.malankaralibrary.com



ധനവാനും ദൈവരാജ്യവും എന്നും ചർച്ചാവിഷയമാണ്. ദൈവത്തേയും ധനത്തേയും ഒരേപോലെ സ്നേഹിക്കാൻ കഴിയില്ലായെന്ന് അർത്ഥശങ്കയ്ക്ക് ഇടയില്ലാത്ത വിധം ക്രിസ്തു ഓർമ്മപ്പെടുത്തുന്നുണ്ട്. "രണ്ട് യജമാനന്മാരെ സേവിക്കാൻ ആർക്കും സാധിക്കുകയില്ല. ഒന്നുകിൽ ഒരുവനെ ദ്വേഷിക്കുകയും അപരനെ സ്നേഹിക്കുകയും ചെയ്യും; അല്ലെങ്കിൽ ഒരുവനെ ബഹുമാനിക്കുകയും അപരനെ നിന്ദിക്കുകയും ചെയ്യും. ദൈവത്തെയും മാമോനെയും സേവിക്കാൻ നിങ്ങൾക്കു സാധിക്കുകയില്ല" (മത്തായി 6:24).

ഒട്ടകം സൂചിക്കുഴയിലൂടെ കടക്കുന്നതിനേക്കാൾ പ്രയാസമാണ് ധനവാൻ ദൈവരാജ്യത്തിൽ പ്രവേശിക്കുന്നതെന്ന് ക്രിസ്തു പറയുമ്പോൾ കാര്യങ്ങളുടെ ഗൗരവം കുറേക്കൂടി വ്യക്തമാണ്. കൂടെ നടന്ന ശിഷ്യന്മാർക്കുപോലും ഇത് കഠിനമായി തോന്നുന്നു. "എങ്കിൽ ദൈവരാജ്യത്തിൽ കടക്കുക പ്രയാസമാണെന്നു" ശിഷ്യർ ക്രിസ്തുവിനോട് പറയുന്നുമുണ്ട്. അത്ഭുതം നടക്കണം ധനവാൻ ദൈവരാജ്യത്തിൽ പ്രവേശിക്കണമെങ്കിൽ. പങ്കുവയ്ക്കലിന്റേതാണ് ആ അത്ഭുതം. ധനവാനും ലാസറും കഥയിൽ ധനവാൻ നരകത്തിലെത്തപ്പെട്ടതിന് ഒരു കാരണമേ കണ്ടെത്താനുള്ളൂ. പങ്കുവയ്ക്കലിന്റെ അത്ഭുതം ധനവാന്റെ ജീവിതത്തിൽ സംഭവിച്ചില്ല. അപ്പം വർദ്ധിപ്പിക്കുമ്പോഴും നടക്കുന്നത് പങ്കുവയ്ക്കലിന്റെ അത്ഭുതമാണ്. ക്രിസ്തുവിന്റെ അത്ഭുതത്തെക്കുറിച്ച് വാഴ്ത്തുമ്പോൾ പങ്കുവച്ച ചെറിയ ബാലനെ മറക്കാൻ സാധിക്കില്ല. അവന്റെ പങ്കുവയ്ക്കലാണ് അത്ഭുതത്തിന് വഴി തുറന്നത്.

ആദിമസഭയിൽ നടന്നതും മറ്റൊന്നുമല്ല. "അവരുടെയിടയിൽ ദാരിദ്ര്യമനുഭവിക്കുന്നവർ ആരും ഉണ്ടായിരുന്നില്ല. കാരണം പറമ്പും വീടും സ്വന്തമായുണ്ടായിരുന്നവരെല്ലാം അവയത്രയും വിറ്റുകിട്ടിയ തുക അപ്പസ്തോലന്മാരുടെ കാൽക്കൽ അർപ്പിച്ചു" (അപ്പ. പ്ര. 4:34). ധനവാൻ ദൈവരാജ്യത്തിൽ പ്രവേശിക്കുവാൻ ഒരേ ഒരു വഴി മാത്രമാണ് ക്രിസ്തു കാട്ടിത്തരുന്നത്, പങ്കുവയ്ക്കലിന്റെ രാജപാത. നോമ്പിന്റെ വഴികൾ തുറന്നിടുന്നത് ഈ വിശാല വാതിലാണ്. ഉപേക്ഷിക്കുന്നവൻ പങ്കുവയ്ക്കുന്നില്ലായെങ്കിൽ എന്തു പ്രയോജനം?

പദവികളേക്കുറിച്ചും അന്തസ്സിനേക്കുറിച്ചുമുള്ള ആശങ്കകളേയും ക്രിസ്തു ധീരമായി നേരിടുന്നുണ്ട്. മാന്യതയ്ക്ക് കോട്ടം തട്ടുന്നുവെന്ന് തോന്നിയാൽ ആത്മഹത്യ ചെയ്യാൻപോലും മടിക്കാത്ത ക്രിസ്തുവിന്റെ

www.malankaralibrary.com



കാലത്ത് എല്ലാവർക്കും അവരുടേതായ സാമൂഹിക നിലവാരങ്ങൾ കല്പിക്കപ്പെട്ടിരുന്നു. വംശപരമ്പരയേയും ധനത്തേയും അധികാരത്തേയും വിദ്യാഭ്യാസയോഗ്യതയേയും അടിസ്ഥാനപ്പെടുത്തിയാണ് അന്തസ്സും പദവികളും നൽകപ്പെട്ടിരുന്നത്. പരീശരോടും നിയമജ്ഞരോടും ക്രിസ്തു നിരന്തരം കലഹിക്കുന്നത് അവർ അന്തസ്സിന്റേയും പദവികളുടെയും പിന്നാലെ നടക്കുന്നവരായതുകൊണ്ടാണ്. “വിരുന്നുകളിൽ പ്രമുഖസ്ഥാനവും സിനഗോഗുകളിൽ പ്രധാന പീഠവും” (മത്തായി 23:6) മാത്രമാണ് അവരുടെ നോട്ടം. ഇതു പിശാചിന്റെ രാജ്യത്തിന്റെ നീതിയാണ്. ദൈവരാജ്യത്തിൽ ക്രിസ്തു പരീശരുടേയും നിയമജ്ഞരുടെയും നീതിയെ കീഴ്മേൽ മറിക്കുന്നു. “മനുഷ്യപുത്രൻ നിമിത്തം മനുഷ്യർ നിങ്ങളെ ദ്വേഷിക്കുകയും പുറന്തള്ളുകയും അവഹേളിക്കുകയും നിങ്ങളുടെ പേരു ദുഷിച്ചതായിക്കരുതി തിരസ്ക്കരിക്കുകയും ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ (ലൂക്കോസ് 6:22). **വെറുക്കപ്പെടുമ്പോൾ ഭാഗ്യമായി കരുതുന്ന നിന്റെ രാജ്യം വരേണമേയെന്നു പ്രാർത്ഥിക്കുവാനാണ് ക്രിസ്തു പഠിപ്പിച്ചത്.**

പദവികളും അന്തസ്സും നോക്കിമാത്രം മനുഷ്യരെ വിലയിരുത്തുന്ന കാലഘട്ടത്തിലാണ് **ദൈവരാജ്യത്തിൽ എല്ലാവരും തുല്യരാണെന്നുള്ള ക്രിസ്തുവിന്റെ പ്രഖ്യാപനം.** നായായും സ്ത്രീയായും ജനിപ്പിക്കാത്തതിന് പ്രാർത്ഥനയിൽപ്പോലും നന്ദി പ്രകാശിപ്പിക്കുന്ന ഒരു സമൂഹത്തിൽ കുഞ്ഞുങ്ങളെയും സ്ത്രീകളേയും ചേർത്തു നിർത്തി ദൈവരാജ്യം ഇതാണ് എന്നു ക്രിസ്തു കാട്ടിത്തരുന്നുണ്ട്. “എന്നാലവൻ പറഞ്ഞു: ശിശുക്കളെ എന്റെ അടുത്തു വരുവാൻ അനുവദിക്കുവിൻ. അവരെ തടയരുത്. എന്തെന്നാൽ സ്വർഗ്ഗരാജ്യം അവരേപ്പോലെയുള്ളവരുടേതാണ്” (മത്തായി 19:14). യഹൂദർ ശിശുക്കളെ വ്യക്തികളായി അംഗീകരിച്ചിരുന്നില്ല. ക്രിസ്തുവിന്റെ രാജ്യം എന്റേയും നിന്റേയും ചിന്തകൾക്ക് അപ്പുറമാണ്; കഥകളിലൂടെയും, ദൈവരാജ്യത്തെക്കുറിച്ചു പറഞ്ഞുകൊടുത്തും, ജീവിതത്തിലും ദൈവരാജ്യമേഖലയിലും കൂടെ നിർത്തിയും, സ്ത്രീകളും ദൈവരാജ്യത്തിൽ പ്രധാനപ്പെട്ടവരാണെന്ന് ക്രിസ്തു ലോകത്തിനു കാട്ടിക്കൊടുത്തു. സമൂഹത്തിന്റെ അതിർവരമ്പുകളിലേക്ക് മാറ്റി നിർത്തപ്പെട്ടവർക്കും, എളിയവർക്കും, നഗ്നർക്കും, കാരാഗൃഹത്തിലായവർക്കും, ഭക്ഷണമില്ലാത്തവർക്കും നന്മ ചെയ്തപ്പോൾ അത് ദൈവത്തിനാണ് ചെയ്തതെന്ന് മത്തായി സുവിശേഷകനിലൂടെ ക്രിസ്തു ഓർമ്മിപ്പിക്കുമ്പോൾ ദൈവരാജ്യത്തിന്റെ വിസ്തൃതി

www.malankaralibrary.com


വീണ്ടും വർദ്ധിക്കുകയാണ്. "രാജാവു മറുപടി പറയും സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: എന്റെ ഏറ്റവും എളിയ ഈ സഹോദരന്മാരിൽ ഒരുവനു നിങ്ങൾ ഇതു ചെയ്തുകൊടുത്തപ്പോൾ എനിക്കു തന്നെയാണ് ചെയ്തു തന്നത്" (മത്തായി 25:40).

ആരാണ് നിന്റെ അയൽക്കാരനെന്ന ചോദ്യത്തിന് ഉത്തരം നൽകുമ്പോൾ **ദൈവരാജ്യത്തിൽ ഒരാൾപോലും മാറ്റിനിർത്തപ്പെടേണ്ടവനല്ലായെന്ന് ക്രിസ്തു ആവർത്തിച്ച് ഓർമ്മിപ്പിക്കുകയാണ്.** യഹൂദനെ സംബന്ധിച്ച് അവന്റെ കുടുംബവും ഗോത്രവും അവന്റെ ആൾക്കാരും മാത്രമാണ് സ്നേഹിക്കപ്പെടേണ്ടവർ. ക്രിസ്തു തന്റെ രാജ്യത്തെക്കുറിച്ച് പഠിപ്പിക്കുമ്പോൾ യഹൂദന്റെ നിയമങ്ങൾ അപ്പാടെ മാറ്റി മറിക്കുന്നു. ഗണികകളും ചുങ്കക്കാരും കാനാന്യസ്ത്രീയും ശമര്യാക്കാരിയും കുഞ്ഞുങ്ങളും തന്റെ രാജ്യത്തിലെ പ്രജകളാണെന്നു ജീവിതംകൊണ്ട് ക്രിസ്തു കാണിച്ചു തരുന്നു. ക്രിസ്തുവിന്റെ രാജ്യം സ്നേഹത്തിന്റെ രാജ്യമാണ്; അവിടെ ഒരാൾപോലും മാറ്റി നിർത്തപ്പെടരുതെന്ന് ക്രിസ്തുവിനു നിർബന്ധമുണ്ട്. അവസാനം വന്നവനും ഒരു ദനാറ വേതനം ലഭിക്കുന്ന ഇടമാണ് ക്രിസ്തുവിന്റെ രാജ്യം "വീണ്ടും ഞാൻ നിങ്ങളോടു പറയുന്നു, കിഴക്കുനിന്നും പടിഞ്ഞാറുനിന്നും നിരവധിയാളുകൾ വന്ന് അബ്രാഹത്തോടും ഇസഹാക്കിനോടും കൂടെ സ്വർഗ്ഗരാജ്യത്തിൽ വിരുന്നിനിരിക്കും (മത്തായി 8:11). എന്റേതെന്നു ഞാൻ കരുതുന്നവൻ മാത്രമല്ല ലോകത്തിന്റെ നാലു കോണുകളിൽനിന്നും ഉള്ളവർ ദൈവത്തിന്റെ രാജ്യത്തിലേക്ക് ക്ഷണിക്കപ്പെട്ടവരാണ്. ഞാനെങ്ങനെ മതത്തിന്റെയും വർഗ്ഗത്തിന്റെയും ധനത്തിന്റെയും നിറത്തിന്റെയും പേരിൽ മനുഷ്യനെ മതിൽകെട്ടി വേർതിരിക്കും? ഈ മനോഹരരാജ്യം വരേണമേയെന്ന് പ്രാർത്ഥിക്കുവാനാണു ക്രിസ്തു പഠിപ്പിക്കുന്നത്.

ദൈവത്തിന്റെ രാജ്യവും സാത്താന്റെ രാജ്യവും തമ്മിലുള്ള വ്യത്യാസം അധികാരം വിനിയോഗിക്കുന്നതിലാണ്. സാത്താന്റെ രാജ്യത്തിൽ അധികാരം അടിച്ചമർത്തലിനും അധിനിവേശത്തിനുമാണ്. നേരെ മറിച്ച് ക്രിസ്തുവിന്റെ രാജ്യത്തിൽ സേവനത്തിനും സ്വാതന്ത്ര്യത്തിനുമാണ്. "യേശു അവരെ അടുത്തു വിളിച്ചു പറഞ്ഞു: വിജാതീയരുടെ ഭരണകർത്താക്കൾ അവരുടെമേൽ യജമാനത്വം പുലർത്തുന്നുവെന്നും അവരുടെ പ്രമാണികൾ അവരുടെമേൽ അധികാരം പ്രയോഗിക്കുന്നുവെന്നും നിങ്ങൾക്കറിയാമല്ലോ. എന്നാൽ നിങ്ങളുടെ ഇട

www.malankaralibrary.com



യിൽ അങ്ങനെയാകരുത്. നിങ്ങളിൽ വലിയവനാകാനാഗ്രഹിക്കുന്ന വൻ നിങ്ങളുടെ ശുശ്രൂഷകനായരിക്കണം (മർക്കോസ് 10:42,43). പുറ ജാതികളെക്കുറിച്ച് പറയുമ്പോൾ സീസറിന്റേയും പീലാത്തോസിന്റേയും അധിനിവേശവും അടിച്ചമർത്തലുകളും ക്രിസ്തുവിന്റെ മനോമുകുര ത്തിൽ തെളിയുന്നുണ്ട്. മുഖ്യപുരോഹിതന്റേയും യഹൂദനേതാക്കന്മാ രുടേയും നിയമജ്ഞരുടേയും പരീശരുടേയും അടിച്ചമർത്തലുകളും ക്രിസ്തു മറന്നിട്ടില്ല. ക്രിസ്തു വരച്ചിടുന്ന രാജ്യം സ്നേഹത്തിന്റെയും കരുണയുടേയും ആർദ്രതയുടേയും ശുശ്രൂഷയുടേയും സ്വാതന്ത്ര്യത്തി ന്റെയും രാജ്യമാണ്. ആ രാജ്യത്തിലേക്കാണ് ക്രിസ്തു നമ്മെ ക്ഷണി ക്കുന്നത്. പ്രാർത്ഥനയെക്കുറിച്ച് മരുഭൂമിയിലെ താപസനായ വിശുദ്ധ മക്കാരിയൂസ് ഇപ്രകാരം പറയും, പ്രാർത്ഥനയിൽ വ്യർത്ഥമായ വാക്കു കൾ പറയേണ്ട ആവശ്യമില്ല. പിന്നെയോ ഇപ്രകാരം പറയുക. "കർത്താവേ അങ്ങ് ആഗ്രഹിക്കുന്നതുപോലെയും അങ്ങറിയുന്നതു പോലെയും എന്നോടു കരുണയുണ്ടാകണമേ, നമുക്ക് ഗുണകരമായത് എന്തെന്ന് അവിടുത്തേക്ക് അറിയാം, അവിടുന്ന് നമ്മോടു കരുണ കാണി ക്കും."

ശിഷ്യരുടെ ആവശ്യപ്രകാരം പ്രാർത്ഥന പഠിപ്പിക്കുമ്പോൾ, ഞങ്ങളുടെ പിതാവേ നിന്റെ രാജ്യം വരേണമേ എന്നാണ് പ്രാർത്ഥി ക്കുന്നത്. ദൈവരാജ്യത്തിന്റെ നീതിയും നിയമവും ഭൂമിയിൽ നടപ്പാ കണം എന്നാണ് ക്രിസ്തു പഠിപ്പിക്കുന്നത്. ദൈവരാജ്യം എപ്പോഴാണ് വരുന്നത് എന്ന ഫരിസേയരുടെ ചോദ്യത്തിന് ഉത്തരം കൊടുക്കു മ്പോൾ "ഇതാ ഇവിടെ, അതാ അവിടെയെന്നു ആരും പറയുകയുമി ല്ല. എന്തെന്നാൽ ദൈവരാജ്യം നിങ്ങളുടെ ഇടയിൽത്തന്നെയുണ്ട്" (ലൂക്കോസ് 17:21). ദൈവരാജ്യം നിങ്ങളുടെ ഇടയിൽ തന്നെയാണെന്ന് ക്രിസ്തു പറയുന്നു. നീയും ഞാനും സൃഷ്ടിച്ചെടുക്കേണ്ടതാണ് ഈ ദൈവരാജ്യം. അതിക്രമത്തിന്റെയും അരാജകത്വത്തിന്റേയും അടിമത്വ ത്തിന്റേയും ബലപ്രയോഗത്തിന്റേയും ഇരുണ്ടലോകത്തേക്ക് ഞാൻ നടക്കാൻ തുടങ്ങിയാൽ ദൈവത്തിന്റെ രാജ്യം ഇവിടെ എങ്ങനെ കട ന്നുവരും? നോമ്പിന്റെ പുണ്യങ്ങൾ പൂക്കുന്ന കാലത്തിൽ സ്നേഹ ത്തിന്റെ, സാഹോദര്യത്തിന്റെ, സുകൃതത്തിന്റെ, ശുശ്രൂഷയുടെ, സ്വാത ന്ത്ര്യത്തിന്റെ ദൈവരാജ്യം വരണമേ എന്ന് ഹൃദയപൂർവ്വം പ്രാർത്ഥിക്കാം.

●

www.malankaralibrary.com

# ഉപസംഹാരം

അവസാനിപ്പിക്കാം നമുക്ക് ഈ ചെറിയ ചിന്തകൾ. ഒരുവൻ ലോചനം തുറന്നു നോക്കുമ്പോൾ കാണുന്നതാണ് അവന്റെ ലോകം. 'പുണ്യങ്ങൾ പൂക്കുന്ന കാലം' എന്ന ഈ പുസ്തകം നോമ്പിന്റെ വസന്തകാലത്ത് എന്റെ ചെറിയ വൃത്തത്തിൽ കണ്ട കാഴ്ചകളാണ്. വലിയ ഉൾക്കാഴ്ചകളിലേക്ക് മിഴി തുറക്കുന്ന വഴിത്താരയായി തീരട്ടെ ഈ ചെറിയ ചിന്തകൾ.

ധർമ്മാധിഷ്ഠവും സമഗ്രവുമായിരിക്കണം നമ്മുടെ കാഴ്ചകളും കേൾവികളും എന്ന് എല്ലാ മതങ്ങളും പഠിപ്പിക്കും; എന്നാൽ അനുഷ്ഠാനങ്ങളിലേക്ക് വരുമ്പോൾ ചെറിയ ലോകത്തിലേക്ക് മതാനുയായികൾ ഉൾവലിയുന്നു. ശ്രീനാരായണ ഗുരു ആത്മോപ ദേശക ശതകത്തിൽ പറയുന്നു:

> പലമത സാരവുമേകമെന്നു പാരാ-
> തുലകിലൊരാനയിലന്ധരെന്നപോലെ
> പലവിധ യുക്തിപറഞ്ഞു പാമരന്മാ-
> രലവതു കണ്ടലയാതമർന്നിടേണം

ആനയെക്കണ്ട അന്ധന്മാർ ഓരോരുത്തരും പറയുന്നതിന് ഓരോ അധിഷ്ഠാനമുണ്ട്. ഒരാൾ ഗൗരവമായി കണ്ടതല്ല മറ്റെയാൾ എടുത്തത് എന്നു മാത്രം. ആനയെ സമഗ്രമായി കാണാതെ കാലുകണ്ട് ഇത് തൂണ്, കൊമ്പുകണ്ട് ഇത് കുന്തം ഇങ്ങനെ ഓരോ ഇതുകളിലേക്ക് ഭ്രമിച്ചു പോകുന്നു. ആനയെക്കണ്ട അന്ധന്മാരെപ്പോലെയാകാതെ സമഗ്രമായ കാഴ്ചകളും ഉൾക്കാഴ്ചകളും കരളിൽ കരകവിയുവാനായി നമ്മുടെ ലോകങ്ങൾ വിസ്തൃതമാകട്ടെയെന്നു പ്രാർത്ഥിക്കാം.

ഈ ചെറിയ ചിന്തകളിൽ കുറവുകളുണ്ടെങ്കിൽ എന്റെ പിഴ. ഉൾക്കണ്ണുകൾ തുറക്കപ്പെട്ടെങ്കിൽ എന്റെ ഗുരുക്കന്മാരുടെ കൃപാ കടാക്ഷം.

ആദരവോടെ,
നിർമ്മലാനന്ദ് ഒ.ഐ.സി.

www.malankaralibrary.com



# പുണ്യങ്ങൾ പൂക്കുന്ന കാലം

## നിർമ്മലാനന്ദ്

'പുണ്യങ്ങൾ പൂക്കുന്ന കാലം' തുടങ്ങി 'നിന്റെ രാജ്യം വരേണമേ' എന്നുവരെയുള്ള രചനകളിൽ ഒരു ധ്യാനസാധകന്റെ നിശബ്ദ സഞ്ചാരം ദർശിക്കുവാൻ കഴിഞ്ഞു. ബൈബിളിലെ ക്രിസ്തു വചനത്തെ അസാധാരണമായ കരവിരുതോടെ വിവരിച്ചിരിക്കുന്നു. വ്യത്യസ്ഥമായ വീക്ഷണവും ലളിതമായ ശൈലിയും ഈ ചെറുകൃതിക്ക് സാഹിത്യശോഭ വർദ്ധിപ്പിക്കുന്നു.

സ്വാമി ശിവസ്വരൂപാനന്ദ



**നിർമ്മലാനന്ദ്**

പത്തനംതിട്ട ജില്ലയിലെ വയലത്തലയിൽ തറവാട്. 2012-ൽ ബഥനി സന്ന്യാസസഭയിൽ പുരോഹിതനായി. പൂനയിലെ ജ്ഞാനദീപ വിദ്യാപീഠത്തിൽ നിന്ന് തത്ത്വശാസ്ത്രത്തിലും ദൈവശാസ്ത്രത്തിലും ഡിഗ്രിയും ചിന്മയ വിദ്യാപീഠത്തിൽ നിന്ന് ഭഗവത്ഗീതയിൽ ഡിപ്ലോമയും കരസ്ഥമാക്കി. കേരളത്തിലും പുറത്തും ജോലി നോക്കി. ഇപ്പോൾ ബഥനി ആശ്രമ നൊവിഷ്യേറ്റ് മാസ്റ്ററായും സുപ്പീരിയറായും സേവനം ചെയ്യുന്നു.

Bethany Publications
Kottayam - 6860 10
Phone: 0481 - 2578494
Website: www.bethanyashram.net
E-mail: bethanyashramgeneralate@gmail.com